മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി

دستورحیات _ ملیالم

# ദസ്തൂറെ ഹയാത്ത്

വിവർത്തനം:

**അബ്ദുശ്ശുക്കൂർ അൽഖാസിമി**

മുഫക്കിറുൽ ഇസ്‌ലാം ഫൗണ്ടേഷൻ
കോഴിക്കോട്

www.abulhasanalinadwi.org

title :
**DASTHURE HAYATHU (Malayalam)**
original: Dasthur-e-Hayathu (urdu)
author :moulana sayyid abul hasan ali nadvi
translator: Abdushakkoor al qasimi
publishers:
mufakkirul islam foundation, kozhikode
first edition : 2002 May
copies:2000
rights with the publishers
cover : colourplus
typesetting : *micro graphics*
printers :
price : rs. **55.00**

www.abulhasanalinadwi.org

# താളുകളിൽ


വിവർത്തകന്റെ വരികൾ. ........ 11
മുഫക്കിറുൽ ഇസ്‌ലാം ഒരു പരിചയം. ........ 15
മുഖവുര. ........ 19
1. ഇസ്‌ലാമിന്റെ സവിശേഷതകൾ. ........ 27
2. വിശ്വാസാദർശങ്ങൾ. ........ 51
ശരിയായ വിശ്വാസത്തിന്റെ സുപ്രധാന അവലംബം ........ 51
ഇസ്‌ലാമിലെ അടിസ്ഥാന വിശ്വാസങ്ങൾ ........ 55
തൗഹീദിന്റെയും ശിർക്കിന്റെയും യാഥാർത്ഥ്യം ........ 59
ശിർക്കിന്റെ പ്രകടനങ്ങളും ജാഹിലീ ആചാരങ്ങളും ........ 60
ആഗോള ശിർക്ക്-ജഹാലത്തുകളുടെ ഉന്മൂലനം ........ 61
വ്യക്തമായ ശിർക്കുകളെ നിസ്സാരവൽക്കരിക്കൽ ........ 63
ബിദ്അത്തും അതിന്റെ ദൂഷ്യഫലങ്ങളും ........ 63
ബിദ്അത്തുകൾക്കെതിരിൽ പ്രവാചക പിൻഗാമികളുടെ പോരാട്ടം ........ 65
3. ഇബാദത്ത് ........ 66
റസൂലുല്ലാഹി (സ)യുടെ നമസ്കാരം ........ 69
തിരുനബി (സ)യും ദാനധർമങ്ങളും ........ 75
നോമ്പും നബവീ മാതൃകയും ........ 77
തിരുനബി(സ)യുടെ ഹജ്ജ് ........ 79
4. ദിക്ർ-ദുആകൾ ........ 84
പ്രത്യേക സമയ-സന്ദർഭങ്ങളിലെ ദിക്ർ-ദുആകൾ ........ 84
പൊതുവായ ദിക്റുകൾ ........ 93
ശ്രേഷ്ഠമായ ദിക്റുകൾ ........ 93
സാരസമ്പൂർണമായ ദുആകൾ ........ 95
5. ജിഹാദ് ........ 99
ഇസ്‌ലാമിൽ ജിഹാദിന്റെ സ്ഥാനം ........ 99
ജിഹാദിന്റെ വിവിധ ഇനങ്ങൾ ........ 100
ജിഹാദ് നിയമമാക്കിയ ക്രമം ........ 100
ജിഹാദിന്റെ മഹത്വങ്ങളും മര്യാദകളും ........ 101
6. നബവീ തിരുഗുണങ്ങൾ ........ 105
മുഹമ്മദീയ നിയോഗത്തിന്റെ ലക്ഷ്യങ്ങൾ ........ 105
മാനവ നിർമിതിക്ക് ഒരു സർവകാല നിർമാണശാല ........ 107
റസൂലുല്ലാഹി (സ)യെക്കുറിച്ചുള്ള സാരസമ്പൂർണമായ വിശേഷണം ........ 108
തിരുസ്വഭാവം ഒറ്റനോട്ടത്തിൽ ........ 111
രൂപവും രീതിയും ........ 114


www.abulhasanalinadwi.org

7. ആത്മ സംസ്കരണം ............ 120
പരിശുദ്ധ ഖുർആൻ സൂക്തങ്ങൾ ............ 120
ഉദ്ദേശ്യശുദ്ധി ............ 120
സത്യസന്ധമായ തൗബ ............ 121
സഹനം, വിട്ടുവീഴ്ച, മാപ്പ് ............ 121
ധ്യാനം ............ 121
ഭയഭക്തി, വാക്കും പ്രവൃത്തിയും ശരിയാക്കൽ ............ 121
യഖീൻ, തവക്കുൽ ............ 121
അടിയുറപ്പ് ............ 121
കിതാബും സുന്നത്തും മുറുകെപ്പിടിക്കൽ ............ 122
അല്ലാഹുവിനെയും റസൂലിനെയും സ്നേഹിക്കൽ ............ 122
തഖ്‌വയിലും നന്മയിലും സഹകരണം ............ 122
ഇസ്ലാമിക സാഹോദര്യം ............ 122
വിശ്വസ്തത ............ 122
യോജിപ്പ്, രഞ്ജിപ്പ് ............ 122
വിനയം, മൃദുലത ............ 122
നബിചര്യ അനുകരിക്കുക ............ 123
ഭയം, പ്രതീക്ഷ ............ 123
വിരക്തി, തൃപ്തി ............ 123
ആത്മ ത്യാഗം ............ 123
അഹന്ത, നാശമുണ്ടാക്കൽ ............ 123
സത്സ്വഭാവം, ആത്മനിയന്ത്രണം ............ 123
സജ്ജന സഹവാസം ............ 124
മുസ്ലിംകളോടുള്ള കടമകൾ ............ 124
പുണ്യഹദീസുകൾ ............ 125
ഉദ്ദേശ്യശുദ്ധിയും പ്രതിഫലേച്ഛയും ............ 125
ഈമാനിന്റെ നിബന്ധനകൾ, യഥാർത്ഥ മുസ്ലിമിന്റെ ഗുണങ്ങൾ ............ 125
നബവീ അധ്യാപനങ്ങളിൽ അധിഷ്ഠിതമായ ഇസ്ലാമിക സമൂഹം ............ 126
സ്വർഗപ്രവേശത്തിന് തടസ്സമാകുന്ന നാശകരമായ സ്വഭാവ കർമങ്ങൾ ............ 127
സ്വഭാവശുദ്ധി, ഭയഭക്തി, ബുദ്ധിയുടെ പ്രേരണ ............ 127
8. ഇസ്ലാമിക സംസ്കാരം ............ 129
ഇസ്ലാമിക-പാശ്ചാത്യ സാംസ്കാരിക വൈരുധ്യങ്ങൾ ............ 129
ഉപസംഹാരം ............ 132
ചില അഭിപ്രായങ്ങൾ ............ 132
സൂചിക ............ 147

www.abulhasanalinadwi.org

# പ്രസാധകക്കുറിപ്പ്

അളവറ്റ ദയാലുവും മഹാകാരുണികനുമായ അല്ലാഹുവേ, നിന്റെ നാമത്തിൽ ഞങ്ങൾ തുടങ്ങുന്നു. സർവസ്തുതികളും നിനക്ക് മാത്രമാണ്. നീ സർവലോകങ്ങളുടേയും പരിപാലകനാണ്. ഞങ്ങളെ സൃഷ്ടിച്ചതും വളർത്തിയതും വിജ്ഞാനവും ശേഷികളും പ്രദാനം ചെയ്തതും എല്ലാം നീയാണ്. നീ വലിയ കരുണാമയനാണ്. നിന്റെ അനുഗ്രഹ ഔദാര്യങ്ങളെല്ലാം നിന്റെ കാരുണ്യത്തിന്റെ അടയാളങ്ങളാണ്. നീ പരലോകത്തിലെ വിചാരണാ ദിവസത്തിന്റെ ഉടമയുമാണ്. സൻമാർഗികളെ അവിടെ വച്ച് നീ ശാശ്വതമായി അനുഗ്രഹിക്കും. ദുർമാർഗികളെ ശിക്ഷിക്കും.

നാഥാ, ഞങ്ങൾ നിന്റെ അടിമകളാണ്. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നീ അല്ലാത്ത ഒന്നിനെയും ഞങ്ങൾ ആരാധിക്കുകയില്ല. ഈ ലോകത്തിന്റെയും പരലോകത്തിന്റെയും സർവകാരുണ്യങ്ങളിലും നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. ഞങ്ങളെ നീ സൻമാർഗത്തിലായി ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യേണമേ! ഞങ്ങളുടെ വിശ്വാസവും വാക്കും പ്രവർത്തനവും നേരായ വഴിയിലാക്കേണമേ! രക്ഷിതാവേ, നിന്റെ അനുഗ്രഹത്തിന് പാത്രീഭൂതരായ നബിമാരുടെയും സിദ്ദീഖ്-ശുഹദാഅ്-സാലിഹുകളുടെയും മാർഗത്തിലൂടെ ഞങ്ങളെ നീ നടത്തേണമേ! വിശിഷ്യാ, നബിമാരുടെ നായകനും അന്ത്യപ്രവാചകനുമായ തിരുനബി മുഹമ്മദ് മുസ്തഫാ (സ)യെ സ്നേഹിച്ചാദരിച്ച് അനുകരിക്കാൻ ഭാഗ്യം നൽകേണമേ! നിന്റെ ആയിരമായിരം സ്വലാത്ത്-സലാമുകൾ തിരുനബി (സ)യിലും ഇതര നബിമാരിലും നീ വർഷിക്കേണമേ!

റഹ്മാനെ, നിന്റെ കോപം ഇറങ്ങിയവരുടെയും വഴികെട്ടവരുടെയും ദുർഗുണങ്ങളിൽ നിന്നും ഞങ്ങളെ നീ കാത്ത് രക്ഷിക്കണമേ! മനുഷ്യരുടെ പരിപാലകനും ഉടമസ്ഥനും ആരാധ്യനുമായ അല്ലാഹുവേ, ഇഹലോകത്തും പരലോകത്തും നാശ നഷ്ടങ്ങളുണ്ടാക്കുന്ന സകല കാര്യങ്ങളിൽ നിന്നും ഞങ്ങൾ നിന്നോട് അഭയം തേടുന്നു. നീ സർവലോകപ

www.abulhasanalinadwi.org

രിപാലകനും ഉത്തമനും സഹായിയും ആകുന്നു. ഇസ്‌ലാം ഇഹപരലോകങ്ങളിലെ വിജയത്തിന്റെ രാജപാതയാണ്. സർവലോകസ്രഷ്ടാവായ അല്ലാഹുവാണ് അത് അവതരിപ്പിച്ചത്. ഇസ്‌ലാമിന്റെ സന്ദേശവാഹകരായി കാലാകാലങ്ങളിൽ നിരവധി നബിമാരെ അല്ലാഹു അയച്ചു. ഇവരിൽ അന്ത്യപ്രവാചകനാണ് തിരുനബി മുഹമ്മദുർറസൂലുല്ലാഹി (സ). ഇസ്‌ലാമിക സന്ദേശത്തിന്റെ അടിസ്ഥാനം പരിശുദ്ധ ഖുർആനും തിരുസുന്നത്തുമത്രെ. ഇവ രണ്ടും വിജ്ഞാനസാഗരങ്ങളാണ്. നിരവധി പണ്ഡിതപടുക്കൾ, ഇവ രണ്ടിനെയും അതത് കാലഘട്ടത്തിന് ഇണങ്ങിയ നിലയിൽ സമാഹരിച്ചിട്ടുണ്ട്. അതിൽ, പ്രധാനപ്പെട്ട ഒരു സമാഹാരമാണ്, മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വിയുടെ ദസ്തൂറെ ഹയാത്ത്. (അൽ അഖീദതു വസ്സുലൂക് ഫി ദൗഇൽ കീതാബി വസ്സുന്ന) എന്ന ഗ്രന്ഥം.

ഇസ്‌ലാമിന്റെ വിവേചന രേഖകളായ സവിശേഷതകൾ, അടിസ്ഥാനവിശ്വാസങ്ങൾ, ആരാധനാകർമങ്ങൾ, ഇലാഹീ സ്മരണ, സത്യത്തിന്റെ പരിശ്രമങ്ങൾ, പ്രവാചക തിരുഗുണങ്ങൾ ആത്മസംസ്കരണം, ഇസ്‌ലാമിലെ സംസ്കാരം എന്നീ പ്രധാന വിഷയങ്ങൾ അതിമനോഹരമായി ഇതിൽ അവതരിപ്പിച്ചിരിക്കുന്നു. നൂറ്റാണ്ടിന്റെ ഇതിഹാസമായ മൗലാനാ നദ്‌വിയുടെ ചിന്താ-പഠന പ്രവർത്തനങ്ങളുടെ രത്നച്ചുരുക്കം കൂടിയാണ് ഈ ഗ്രന്ഥം.

മൗലാനാ നദ്‌വിയുടെയും ഇതര പണ്ഡിത മഹത്തുക്കളുടെയും പ്രധാന രചനകൾ കൈരളിക്ക് സമർപ്പിക്കുക എന്ന ഉന്നതലക്ഷ്യത്തോടെ, തുടക്കം കുറിക്കപ്പെട്ട ഒരു എളിയ പ്രസ്ഥാനമാണ് മുഅസ്സസഃ മുഫക്കിരിൽ ഇസ്‌ലാം (മുഫക്കിറുൽ ഇസ്‌ലാം ഫൗണ്ടേഷൻ). അതിന്റെ രണ്ടാമത്തെ ഉപഹാരമാണിത്. ഈ ഗ്രന്ഥം ഈ സ്ഥാപനത്തിന്റെ അടിസ്ഥാനമാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അല്ലാഹുവാണ് ഉത്തമ സഹായി. ഏറ്റവും വലിയ പ്രതീക്ഷാകേന്ദ്രവും അവൻ തന്നെ.

ഡയറക്ടർ

# വിവർത്തകന്റെ വരികൾ

അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ, മൗലാനാ നദ്‌വിയുടെ ഗ്രന്ഥമായ 'ദസ്തൂറെ ഹയാത്ത്' വിവർത്തനം പൂർത്തീകരിക്കാൻ കഴിഞ്ഞു. സന്തോഷത്തിന്റെയും ഭയത്തിന്റെയും വിരുദ്ധ വികാരങ്ങൾ സംഗമിച്ച ഒരു നിമിഷമാണിത്. ഇസ്‌ലാമിന്റെ ഉത്തമസംഭാവനയായ മൗലാനാ നദ്‌വിയുടെ പ്രധാനപ്പെട്ട ഒരു രചന മലയാളത്തിന് സമർപ്പിക്കാൻ അല്ലാഹു വഴിയൊരുക്കിയതിലുള്ള സന്തോഷമാണ് ഒരു ഭാഗത്ത്. "രക്ഷിതാവേ, നിന്റെ അപാരമായ അനുഗ്രഹങ്ങൾക്ക് നന്ദി രേഖപ്പെടുത്താനും ആ അനുഗ്രഹങ്ങളെ നിനക്ക് പൊരുത്തമായ വഴിയിൽ ചെലവഴിക്കാനും നീ ഞങ്ങൾക്ക് സൗഭാഗ്യം നൽകേണമേ! നിന്റെ ഔദാര്യം കൊണ്ടുമാത്രം, ഇഹത്തിലും പരത്തിലും നിന്റെ ഇഷ്ടദാസൻമാരോടൊപ്പം ഞങ്ങളെ നീ ചേർക്കേണമേ!"

ഉന്നതനായ ഒരു പ്രതിഭയുടെ ഉജ്ജ്വലമായ ഒരു രചന ഒന്നുമില്ലാത്തവനും ഒന്നുമല്ലാത്തവനുമായ ഒരു അടിമ കൈകാര്യം ചെയ്തതിനെക്കുറിച്ച് ഓർക്കുമ്പോൾ ഉണ്ടാകുന്ന ഭയമാണ് മറു ഭാഗത്ത്. "നാഥാ-ഞങ്ങളുടെ മറവികളും തെറ്റുകുറ്റങ്ങളും നീ ഞങ്ങൾക്ക് മാപ്പാക്കിത്തരേണമേ. ഞങ്ങളുടെ കർമങ്ങൾക്ക് സ്വീകാര്യത നീ തരേണമേ!

നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായ മൗലാനാ നദ്‌വിയുടെ ഏറ്റവും ശ്രദ്ധേയവും പാരായണാർഹവുമായ ഒരു ഗ്രന്ഥമാണിത്. മൗലാനായുടെ വിവിധ രചനകളുടെ സന്ദേശം

www.abulhasanalinadwi.org

ഇതിൽ നിന്നും ഗ്രഹിക്കാൻ കഴിയുമെന്നതാണ് ഇതിന്റെ ഒരു പ്രത്യേകത. ഇതിലെ വിവിധ അടിക്കുറിപ്പുകളിൽ നിന്നും അത് ഗ്രഹിക്കാവുന്നതാണ്. വിനീതന്, ഇത് വിവർത്തനം ചെയ്യുമ്പോൾ ചില ഭാഗങ്ങളിൽ മൗലാനയുടെ ഇതര ഗ്രന്ഥങ്ങൾ വായിക്കേണ്ടതായും വന്നിട്ടുണ്ട്. ഉദാഹരണത്തിന്, ഒന്നാമത്തെ അധ്യായത്തിലെ നാലാമത്തെ പ്രത്യേകത വിവർത്തനം ചെയ്യാൻ 'അസ്സിറാഉബൈനൽ ഈമാനിവൽ മാദിയ്യ' എന്ന ഗ്രന്ഥം അവലംബിക്കേണ്ടിവന്നു. ചുരുക്കത്തിൽ, വെറും ആസ്വാദനത്തിന് മാത്രം വായിക്കാതെ, ഈ രചന നല്ല നിലയിൽ പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനും തീരുമാനമെടുത്തു കൊണ്ട് പാരായണം ആരംഭിക്കണമെന്നാണ് പ്രധാനമായും പറയാനുള്ളത്. ഇത്തരുണത്തിൽ, ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം ഹ്രസ്വമായി പരിചയപ്പെടുത്തുന്നത് ഉചിതമായിരിക്കും.

ആദ്യത്തെ വിഷയം മൗലാനയെക്കുറിച്ചുള്ള ലഘു പരിചയമാണ്. സംഭവബഹുലവും കർമനിരതവുമായ ആ മഹൽ ജീവിതം ഹ്രസ്വമായ വാക്കുകളിൽ പരിചയപ്പെടുത്തിയിരിക്കുന്നു. തുടർന്ന്, ഗ്രന്ഥം ആരംഭിക്കുകയായി. വിലയേറിയ മുഖവുരയാണ് ഒന്നാമത്തേത്. തർബിയത്ത് (സംസ്കരണ മേഖലയിൽ കഴിഞ്ഞകാലത്ത് വഴിവിളക്കുകളായി പ്രകാശിച്ച മഹദ് ഗ്രന്ഥങ്ങളെ സുന്ദരമായി അതിൽ പരിചയപ്പെടുത്തിയിരിക്കുന്നു. അവസാനമായി, പുതിയൊരു രചനയുടെ ആവശ്യകത വിവരിച്ചിരിക്കുന്നു. ശേഷം ഒന്നാം അധ്യായം ദീനുൽ ഇസ്‌ലാമിനെ ഇതര മത പ്രത്യയശാസ്ത്രങ്ങളിൽ നിന്നും വേർതിരിക്കുന്ന ഒമ്പത് പ്രധാന പ്രത്യേകതകളാണ് അതിന്റെ ഉള്ളടക്കം. മൗലാനയുടെ ആഴമേറിയ ഇസ്‌ലാമിക ചിന്ത അത് അനാവരണം ചെയ്യുന്നത്. അഹ്‌ലുസ്സുന്നതി വൽ ജമാഅത്തിന്റെ വിശ്വാസ വീക്ഷണങ്ങളാണ് രണ്ടാം അധ്യായം. തൗഹീദിനെയും സുന്നത്തിനെയും അതിൽ സുന്ദരമായി സമർത്ഥിച്ചിരിക്കുന്നു. മൂന്നാം അധ്യായം, ഇസ്‌ലാമിലെ നാല് ഇബാദത്തുകളാണ്. തിരുനബി (സ)യുടെ നമസ്കാരവും ദാനധർമങ്ങളും നോമ്പും ഹജ്ജും അതിൽ ദർശിക്കാൻ കഴിയും. ദിക്ർ-ദുആകളാണ് നാലാം അധ്യായം. പ്രത്യേക സന്ദർഭങ്ങളിലും പൊതുവായും അല്ലാഹുവിന്റെ സ്മരണയിലും പ്രാർത്ഥനയിലും കഴിഞ്ഞിരുന്ന ലോകനായകനെ അതിൽ പരിചയപ്പെടുത്തുന്നു. ഇന്ന് പലരും തെറ്റിദ്ധരിക്കു

www.abulhasanalinadwi.org

കയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന 'ജിഹാദാ'ണ് അഞ്ചാം അധ്യായം. ത്യാഗങ്ങളുടെ സ്ഥാനവും അതിന്റെ വിവിധ വികാരങ്ങളും അതിൽ പരാമർശിക്കുന്നു. ആറാം അധ്യായം, സ്വഭാവസംസ്കരണമാണ്. ലോകാനുഗ്രഹിയായ തിരുനബി (സ)യുടെ സ്വഭാവരീതികളും ജീവിത ശൈലികളും അതിൽ വിവരിച്ചിരിക്കുന്നു. ഇന്ന് നമുക്ക് നഷ്ടപ്പെട്ട പ്രവാചക പ്രേമം ശരിയായ നിലയിൽ ഉണ്ടാക്കിത്തരുന്ന ഒരു പ്രധാന രചനയാണിത്. ആത്മവിശുദ്ധിയും സ്വഭാവസംസ്കരണവും പ്രദാനം ചെയ്യാൻ പര്യാപ്തമായ ആയത്ത്-ഹദീസുകളുടെ അമൂല്യമായ സമാഹാരമാണ് ഏഴാം അധ്യായം. സമുന്നത സ്വഭാവഗുണങ്ങൾ ഹൃദയങ്ങളിൽ ഉണ്ടാക്കിയെടുക്കാൻ ശക്തിയുള്ള ഉദ്ബോധനങ്ങളാണ് അവയെല്ലാം. എട്ടാം അധ്യായം, ഇസ്ലാമിക സംസ്കാരത്തെക്കുറിച്ചാണ്. അത് ഉൾക്കൊള്ളേണ്ട ആവശ്യകതയും പാശ്ചാത്യ സംസ്കാരവുമായി അതിനുള്ള വൈരുധ്യവും അതിൽ വിവരിക്കുന്നു.

ഗ്രന്ഥത്തിന്റെ സത്തയാണ് ഉപസംഹാരം. ഒരു പുരുഷായുസ്സ് മുഴുവൻ സത്യത്തിന്റെ സംസ്ഥാപനത്തിനും അസത്യത്തിന്റെ വിപാടനത്തിനും വേണ്ടി ചെലവഴിച്ച ഒരു മഹാപുരുഷൻ, പ്രിയ സമുദായത്തോട് നടത്തിയ വസിയ്യത്തുകൾ-അന്ത്യോപദേശങ്ങൾ എന്ന് അതിനെക്കുറിച്ച് പറയേണ്ടതാണ്. പക്ഷേ, വിനയം നിറഞ്ഞ മൗലാന "ചില അനുഭവങ്ങൾ-അഭിപ്രായങ്ങൾ" എന്ന് അതിന് ശീർഷകം നൽകി. മൗലാനയുടെ വിശുദ്ധ മനസ്സിലെ വികാരവും ശബ്ദവുമാണ് ആ ഉപസംഹാരം. അതിലെ അവസാന വാക്കും മഹാനവർകളുടെ വികാരം വിതറിയ വിയോഗവും അതിന് തെളിവാണ്." റഹിമഹുല്ലാഹു റഹ്മത്തൻ വാസിഅഃ'' ഇതാണ് ഈ ഗ്രന്ഥം. ഇനി, അത് മാന്യഅനുവാചകർ അർഹിക്കുന്ന ഗൗരവത്തോടെ പഠിക്കുകയും പകർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക. അവസാനമായി, ഈ രചനയ്ക്ക് സഹായികളായ എല്ലാവർക്കും വേണ്ടി ദുആ ഇരക്കുന്നു. അല്ലാഹു അവരെ എല്ലാം അനുഗ്രഹിക്കട്ടെ! വിശിഷ്യാ, ഇതെഴുതാനുള്ള ബാഹ്യമായ അർഹതയെങ്കിലും നേടാൻ കാരണമായ പ്രിയപ്പെട്ട സ്ഥാപനമായ മദ്റസ ഹസനിയ്യയെ അല്ലാഹു ഉത്തരോത്തരം ഉയർത്തട്ടെ! അതിന്റെ സ്ഥാപകൻ ഹാജി ഹസൻ യഅ്ക്കൂബ് സേഠിന്റെ സ്മരണയ്ക്കായി, എളിയ സേവകൻ

www.abulhasanalinadwi.org

ഇതിനെ സമർപ്പിക്കുന്നു. അല്ലാഹു അദ്ദേഹത്തെ അനുഗ്രഹങ്ങൾ കൊണ്ടു പൊതിയട്ടെ! ജാരിയായ സദഖകൾ ചെയ്യാൻ നമ്മെയും സഹായിക്കട്ടെ! ആമീൻ.

**അബ്ദുശ്ശുക്കൂർ**

മദ്റസ ഹസനിയ്യ
കായംകുളം
ഹി. 1422 ശഅ്ബാൻ 3

www.abulhasanalinadwi.org

# മുഫക്കിറുൽ ഇസ്‌ലാം
# ഒരു പരിചയം

**ജനനവും വളർച്ചയും**

ഇന്ത്യയിലെ ഉത്തർപ്രദേശിൽ റായ്ബരേലി ജില്ലയിലെ തക്കിയാ കിലാൻ എന്ന ഗ്രാമത്തിൽ ഹി. 1333 മുഹർറം 6 (ക്രി. 1914) അല്ലാമാ ജനിച്ചു. ഖുർആൻ പഠനത്തോടെ വീട്ടിൽ വച്ച് പഠനം ആരംഭിച്ചു. തുടർന്ന് മക്തബയിൽ പ്രവേശിച്ച് ഫാരിസി-ഉർദു ഭാഷകളുടെ പ്രാരംഭം പഠിച്ചു. അല്ലാമ ഒൻപതു വയസ്സുള്ളപ്പോൾ ഹി. 1341 (ക്രി. 1923)ൽ പിതാവ് ദിവംഗതരായി. പിന്നീട് മഹതിയായ ഉമ്മയും ജ്യേഷ്ഠസഹോദരൻ ഡോ. അബ്ദുൽ അലി ഹസനിയും ശിക്ഷണം ഏറ്റെടുത്തു. സഹോദരൻ അന്ന് ദാറുൽ ഉലൂം ദേവ്ബന്ദ്, ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമാ എന്നിവിടങ്ങളിലെ പഠനത്തിനുശേഷം മെഡിക്കൽ കോളേജിൽ പഠിക്കുകയായിരുന്നു. അല്ലാമാ നദ്‌വിയുടെ വളർച്ചയുടെ പിന്നിലുള്ള പ്രധാന പങ്ക് സഹോദരനാണ്.

ശൈഖ് ഖലീൽ അൻസാരി യമാനിയിൽ നിന്നു 1924-ൽ അറബി പഠനം ആരംഭിച്ചു. 1930-ൽ ഡോ. തഖിയുദ്ദീൻ ഹിലാലി മറാകിശി നദ്‌വത്തുൽ ഉലമയിൽ വന്നപ്പോൾ മൗലാന വളരെയധികം പ്രയോജനപ്പെടുത്തി. പതിനാലാം വയസ്സിൽ ലഖ്നൗ യൂണിവേഴ്സിറ്റി അറബി സാഹിത്യവിഭാഗത്തിൽ ചേർന്നു, അറബിഭാഷയിൽ ബിരുദം നേടി. യൂണിവേഴ്സിറ്റി പഠനത്തിനിടയിൽ പ്രബോധനവും ഇസ്‌ലാമിക ചിന്തയുമായി ബന്ധപ്പെട്ട അതിപ്രധാനങ്ങളായ ഉർദു-അറബി ഗ്രന്ഥങ്ങൾ പാരായണം ചെയ്തു. ഇംഗ്ലീഷ് ചരിത്ര സാഹിത്യഗ്രന്ഥങ്ങൾ വായിക്കാൻ സാധിക്കുന്ന നിലയിൽ ഇംഗ്ലീഷ് ഭാഷയും പഠിച്ചു.

1929-ൽ ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമയിൽ ചേർന്നു. സഹീഹ് ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, തിർമിദി എന്നീ ഹദീസ് ഗ്രന്ഥങ്ങൾ പരിപൂർണമായും, തഫ്സീർ ബൈദാവി ഏതാനും ഭാഗങ്ങളും മുഹദ്ദിസ് ഹൈദർ ഹസൻ ഖാൻ തോൻകീയിൽ നിന്നു പഠിച്ചു.

www.abulhasanalinadwi.org

1932-ൽ ഖുർആനിന്റെ സമ്പൂർണ തഫ്സീർ, മുഫസ്സിർ അല്ലാമാ അഹ്മദ് അലി ലാഹുരിയിൽ നിന്ന് കരസ്ഥമാക്കി. ദാറുൽ ഉലൂം ദേവ്ബന്ദിൽ താമസിച്ച് അല്ലാമാ സയ്യിദ് ഹുസൈൻ അഹ്മദ് മദനിയുടെ ബുഖാരി-തിർമിദി ദർസുകളിൽ പങ്കെടുക്കുകയും തഫ്സീർ പഠിക്കുകയും ചെയ്തു. മൗലാനാ ഇഅ്സാസ് അലിയിൽ നിന്നു ഫിഖ്ഹും പഠിച്ചു.

**വൈജ്ഞാനിക പ്രബോധന ജീവിതം**

1934 മുതൽ ദർസ് ശൃംഖലയിൽ കണ്ണിയായി നദ്‌വത്തുൽ ഉലമയിൽ തഫ്സീർ-സാഹിത്യങ്ങളുടെ ഉസ്താദായി നിയമിതനായി. 1934-ൽ ഇന്ത്യയിലെ ദീനീകേന്ദ്രങ്ങൾ സന്ദർശിക്കുവാൻ യാത്ര തിരിച്ചു. ആരിഫ് ബില്ലാഹ് അല്ലാമാ അബ്ദുൽ ഖാദിർ റായ്പൂരിയെയും മഹാനായ ദാഈ ശൈഖ് മുഹമ്മദ് ഇൽയാസ് കാന്ധലവിയെയും ഈ യാത്രയിൽ കണ്ടെത്തി. ഇതൊരു വഴിത്തിരിവായിരുന്നു. അവരുടെ അന്ത്യം വരെ ഈ ബന്ധം നിലനിന്നു. ശൈഖ് റായ്പൂരി (റ)യിൽ നിന്നു ആത്മീയ ശിക്ഷണങ്ങൾ നേടി. ശൈഖ് ഇൽയാസി (റ)ന്റെ തബ്‌ലീഗ് പ്രവർത്തനവുമായി ബന്ധപ്പെട്ടു. ആ വഴിയിൽ ഇന്ത്യയ്ക്കകത്തും പുറത്തും നിരവധി നീണ്ട യാത്രകൾ നടത്തി.

1943-ൽ പൊതുജനങ്ങൾക്കും ഖുർആൻ ദർസ് ആരംഭിച്ചു. 1951-ൽ മനുഷ്യത്വ സന്ദേശപ്രവർത്തനത്തിന്(പയാമെ ഇൻസാനിയത്ത്) തുടക്കം കുറിച്ചു. നദ്‌വത്തുൽ ഉലമയിൽ 1959-ൽ ഇസ്‌ലാമിക പഠന-പ്രബോധന കേന്ദ്രം തുടങ്ങി. 1961-ൽ നദ്‌വത്തുൽ ഉലമയുടെ സെക്രട്ടറിയായി നിയമിതനായി. മരണം വരെ ആ സ്ഥാനത്ത് നിലനിന്നു. 1960-ൽ ദീനീ തഅ്ലീമിന്റെയും 1964-ൽ മുസ്‌ലിം മജ്‌ലിസ് മുശാവറയുടെയും 1972-ൽ മുസ്‌ലിം പേഴ്സണൽ ലോ ബോർഡിന്റെയും രൂപീകരണത്തിൽ മുഖ്യമായ പങ്ക് വഹിച്ചു.

1931-ൽ പതിനേഴാം വയസ്സിൽ ഇമാം സയ്യിദ് അഹ്മദ് ശഹീദിനെ കുറിച്ച് അറബിയിൽ ലേഖനം എഴുതി. അല്ലാമാ സയ്യിദ് റശീദ് രിദായുടെ 'അൽമനാർ' മാസിക (ഈജിപ്റ്റ്) പ്രസിദ്ധീകരിക്കപ്പെട്ടു. 1937-ൽ 'സീറത്ത് സയ്യിദ് അഹ്മദ് ശഹീദ്' എന്ന പേരിൽ ഉർദുവിൽ പ്രഥമ ഗ്രന്ഥം പ്രസിദ്ധീകരിച്ചു. ഇന്ത്യാ-പാക് ഉപഭൂഖണ്ഡത്തിൽ ഈ ഗ്രന്ഥം സ്വീകാര്യത വരിച്ചു. തുടർന്ന് അറബി രചനകളുടെ പരമ്പര ആരംഭിച്ചു. 1940-ൽ 'മുഖ്താറാതും' 1944-ൽ 'ഖസസുന്നബിയ്യും' രചിച്ചു. നിരവധി ഇന്ത്യൻ-അറബി സ്ഥാപനങ്ങളിൽ പഠിപ്പിക്കപ്പെടുന്ന ഗ്രന്ഥമാണിത്. 1944-ൽ സുപ്രസിദ്ധ ഗ്രന്ഥം 'മാദാ ഖസിറൽ ആലം ബി ഇൻഹിത്വാതിൽ മുസ്‌ലിമീൻ' രചിച്ചു. 1956-ൽ ഇസ്‌ലാമിക നവോത്ഥാന നായകരെക്കുറിച്ച് രചന ആരംഭിച്ചു. 'രിജാലുൽ ഫിക്‌രി വദ്ദഅ്‌വ' എന്ന പേരിൽ നാലു ഭാഗങ്ങളിലായി അത് ഇറങ്ങിയിട്ടുണ്ട്. 1958-ൽ 'ഖാദിയാനിസം' എന്ന ഗ്രന്ഥം എഴുതി. 'അസ്സി

www.abulhasanalinadwi.org

റാഉ ബൈനൽ ഫിക്റത്തിൽ ഇസ്‌ലാമിയ്യ വൽ ഗർബിയ്യ,' 'അർക്കാനുൽ അർബഅ', 'സീറത്തുന്നബവിയ്യ', 'അൽ അഖീദത്തു വസ്സുലുക്, 'മുർത്തദ' എന്നീ മഹൽ രചനകൾ 1965-1988 വർഷങ്ങൾക്കിടയിൽ പ്രസിദ്ധീകൃത മായി.

1932-ൽ 'അദ്ദിയാഅ്' അറബിമാസികയും 1940-ൽ 'അന്നദ്‌വ'-ഉർദു മാസിക നദ്‌വത്തുൽ ഉലമയിൽ നിന്നും പ്രസിദ്ധീകരിക്കുന്നതിൽ പങ്കുവ ഹിച്ചു. 1948-ൽ 'തഅ്മീർ' എന്ന ഉർദു മാസിക ഇറക്കി. ഉസ്താദ് അഹ്മദ് ഹസൻ സയ്യാത്തിന്റെ 'റിസാല', മുഹിയിദ്ദീൻ ഖത്തീബിന്റെ 'ഫത്ഹ്', 'ഡോ. മുസ്തഫസ്സിബാഇയുടെ 'ഹദാറത്തുൽ ഇസ്‌ലാം', സഈദ് റമദാന്റെ 'മുസ്‌ലിമൂൻ' എന്നീ അറബി മാസികകളിൽ സാഹിത്യ- പ്രബോധ-ചിന്താ പരമായ ലേഖനങ്ങൾ എഴുതി. 1962-ൽ നിദായ മില്ലത്ത് എന്ന പത്രത്തിന്റെ മേൽ നോട്ടം വഹിച്ചു. നദ്‌വത്തുൽ ഉലമയിൽ നിന്നും 1955 മുതൽ ഇറ ങ്ങുന്ന 'അൽബഅ്സുൽ ഇസ്‌ലാമി' (അറബി മാസിക), 1959 മുതൽ ഇറ ങ്ങുന്ന 'അർറാഇദ്' (അറബി ദ്വൈവാരിക), 1962 മുതൽ ഇറങ്ങുന്ന 'തഅ മീർ ഹയാത്ത്' (ഉർദു ദ്വൈവാരിക) എന്നിവയുടെ രക്ഷാധികാരിയായി രുന്നു.

**യാത്രകൾ**

തന്ത്രജ്ഞതയോടെ പ്രബോധനം നിർവഹിക്കാനും ഇസ്‌ലാമിന്റെ ശബ്ദം ഉയർത്താനും നിർമാണാത്മകപ്രവർത്തനം നടത്തുവാനും അല്ലാ ഹുവിന്റെ പാതയിൽ പാശ്ചാത്യ-പൗരസ്ത്യ നാടുകളിലായി പല പ്രാവശ്യം യാത്ര ചെയ്തു. 1935-ൽ ബോംബെയിൽ പോയി ദാദാ സാഹിബ് അംബേ ദ്കറെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. 1939-ൽ ലാഹോറിൽ വച്ച് അല്ലാമാ ഇഖ്ബാലിനെ കണ്ടു. 1947-ൽ ഹജ്ജിനും തബ്‌ലീഗിനും ഹിജാസിൽ പോയി. 1951-ൽ ഹിജാസ്, ഈജിപ്റ്റ്, സിറിയ, ഫലസ്തീൻ, ജോർദാൻ എന്നീ രാജ്യങ്ങളിൽ ദഅ്‌വത്ത് യാത്ര. 1956-ൽ തുർക്കിയിൽ ആദ്യ യാത്ര. റാബിത്തയുടെ സംഘത്തെ നയിച്ച് അഫ്ഗാൻ, ഇറാൻ, ഇറാഖ്, ലബ നോൻ യാത്ര. പാകിസ്ഥാനിലേക്ക് പല പ്രാവശ്യം. 1963-ൽ പ്രഥമ യൂറോപ്പ് യാത്ര. 1970-ൽ ബർമ. 1976-ൽ മൊറോക്കോ. 1977-ൽ അമേരിക്ക. 1985-ൽ ബെൽജിയം. 1987-ൽ മലേഷ്യ, 1993-ൽ താഷ്കെന്റ്, സമർഖന്ദ്, ബുഖാറ........

**ബഹുമതികൾ**

ഇസ്‌ലാമിക പ്രബോധനം, ഗ്രന്ഥരചന, അധ്യാപനം, പ്രഭാഷണം തുട ങ്ങിയ മേഖലകളിൽ അല്ലാമയുടെ വ്യക്തിത്വവും മഹത്വവും അംഗീകരി ക്കാനും ആദരിക്കാനും ആഗോള മുസ്‌ലിം സമൂഹവും രാഷ്ട്രങ്ങളും സർവഥാ മുന്നോട്ടു വന്നു. സിറിയ, ഈജിപ്റ്റ്, ജോർദാൻ മുതലായ അറബ് രാഷ്ട്രങ്ങൾ അല്ലാമയുടെ ആഴമേറിയ അറിവും ഇസ്‌ലാമിക ചിന്തയ്ക്ക് അദ്ദേഹം നൽകിയ സേവനങ്ങളും ആദരിച്ച് 1962-ൽ മദീനാ യൂണിവേ

www.abulhasanalinadwi.org

ഴ്സിറ്റി സ്ഥാപിക്കപ്പെട്ടതു മുതൽ അതിന്റെ കൂടിയാലോചനാ സമിതി അംഗമാക്കി. 1971-ൽ ആഗോള ഇസ്‌ലാമിക സർവകലാശാലകളുടെ പൊതുവേദി സ്ഥാപിക്കപ്പെട്ടു. അന്നു മുതൽ മരണം വരെ അതിലെ അംഗമായിരുന്നു. 1980-ൽ പ്രശസ്ത ഇസ്‌ലാമിക സേവനത്തിനുള്ള അംഗീകാരമായി ഫൈസൽ അവാർഡ്, 1981-ൽ കാശ്മീർ യൂണിവേഴ്സിറ്റി ഹോണററി ബിരുദം നൽകി ആദരിച്ചു, 1983-ൽ ലണ്ടനിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി ഇസ്‌ലാമിക പ്രബോധന രംഗത്ത് അദ്ദേഹം വഹിച്ച ധൈഷണിക നേതൃത്വം എന്നിവയെ അടിസ്ഥാനമാക്കി തുർക്കിയിലെ ഇസ്താംബൂളിൽ ഒരു സമ്മേളനം സംഘടിപ്പിക്കപ്പെട്ടു. 1998-ൽ യു.എ.ഇ. ഗവൺമെന്റ് പ്രശസ്ത ഇസ്‌ലാമിക വ്യക്തിത്വത്തിനുള്ള അവാർഡ് നൽകി ആദരിച്ചു.

**നേതൃത്വങ്ങൾ**

പൗരസ്ത്യരും പാശ്ചാത്യരും ഒരുപോലെ ആദരിച്ചിരുന്ന അതിഥിയായിരുന്നു അല്ലാമാ നദ്‌വി. കിഴക്കും പടിഞ്ഞാറും, ആധുനിക യുഗത്തിൽ നടന്നിട്ടുള്ള മുഴുവൻ ഇസ്‌ലാമിക ചലനങ്ങളിലും അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ടായിരുന്നു. ലോകവേദികളിൽ ഇത്രയധികം തിരക്കുപിടിച്ച ഒരു വിശ്വപണ്ഡിതനെ ഇരുപതാം നൂറ്റാണ്ടിൽ നദ്‌വിയെയല്ലാതെ കണ്ടെത്താൻ കഴിയില്ല.

ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള, അനേകം ഇസ്‌ലാമിക യൂണിവേഴ്സിറ്റികൾ, അറബിക് അക്കാഡമികൾ, ദഅ്‌വാ സെന്ററുകൾ തുടങ്ങിയവയുടെ സ്ഥാപകാംഗത്വവും നേതൃത്വവും അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. അവയിൽ ചിലത് താഴെകൊടുക്കുന്നു:

നദ്‌വത്തുൽ ഉലമാ റെക്ടർ റാബിത്വത്തുൽ ആലമിൽ ഇസ്‌ലാമി അധ്യക്ഷൻ. മജ്മഉൽ ഇസ്‌ലാമിയ്യിൽ ഇൽമി അധ്യക്ഷൻ. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി ഇസ്‌ലാമിക് വിഭാഗം തലവൻ, മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് ചെയർമാൻ, റാബിത്വത്തുൽ ആലമിൽ ഇസ്‌ലാമി സ്ഥാപക സമിതിയംഗം, ഈജിപ്റ്റിലെ കെയ്റോവിൽ ഇസ്‌ലാമിക പ്രബോധന പ്രവർത്തനത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ട മജ്‌ലിസുത്തഅ്സീസിൽ അഅ്ലൽ ആലമി അംഗം, മജ്മഉല്ലുഗത്തിൽ അറബിയ്യ ഡമാസ്കസ് അംഗം, മജ്മഉല്ലുഗത്തിൽ അറബിയ്യ കെയ്റോ, ജോർദാൻ മജ്മഉൽ മുൽകി ലിബുഹുസിൽ ഹദാറത്തിൽ ഇസ്‌ലാമിയ്യ അംഗം, റാബിത്വത്തു ജാമിയത്തിൽ ഇസ്‌ലാമിയ്യഃ റബാത്ത് അംഗം, മദീന മുനവ്വറയിലെ ഇസ്‌ലാമിക് യൂണിവേഴ്സിറ്റികളുടെ ഉന്നത കൂടിയാലോചനാ സമിതി അംഗം, പാക്കിസ്ഥാനിലെ ഇസ്‌ലാമിക് യൂണിവേഴ്സിറ്റികളുടെ കൂടിയാലോചനാ സമിതിയംഗം, ദാറുൽ ഉലൂം ദേവ്ബന്ദ് കൂടിയാലോചനാ സമിതിയംഗം.

www.abulhasanalinadwi.org

# മുഖവുര

**ഗതകാല തർബിയത്ത് ഗ്രന്ഥങ്ങളെക്കുറിച്ചുള്ള അവലോകനവും പുതിയ രചനയുടെ ആവശ്യകതയും**

ഇസ്‌ലാമിക അധ്യാപനങ്ങളുടെയും വിധിവിലക്കുകളുടെയും വിഷയത്തിലുള്ള രചനകൾക്ക് ഇസ്‌ലാമിന്റെ പ്രഥമ യുഗത്തോളം പ്രായമുണ്ട്. ഭരണ-സാംസ്കാരിക പുരോഗതികളുടെ ഫലമായി സ്വാഭാവികമായും മുസ്‌ലിംകളുടെ ജീവിതത്തിൽ വിശാലതയും വൈവിധ്യവും ഉണ്ടായിക്കൊണ്ടിരുന്നു. ഇസ്‌ലാമിക സമൂഹം പുതുപുത്തൻ അവസ്ഥകളെ നേരിട്ടു. നവംനവങ്ങളായ ബലഹീനതകളും ആവശ്യങ്ങളും ഉടലെടുത്തു. ഇവ ഗ്രഹിച്ച ചിന്തകരും തൂലികാകാരൻമാരും ആവശ്യാനുസരണം രചനകൾ തയ്യാറാക്കിക്കൊണ്ടിരുന്നു. അങ്ങനെ ഇസ്‌ലാമിക ഗ്രന്ഥശേഖരം വലുതും വിശാലവുമായിത്തീർന്നു. ഇക്കാലത്തുള്ള മുസ്‌ലിംകൾക്ക് അവ മുഴുവനും ശേഖരിക്കുന്ന കാര്യമിരിക്കട്ടെ, ഇഷ്ടപ്പെട്ടത് ഏതാണെന്ന് തീരുമാനിക്കാനോ ചുരുങ്ങിയ നിലയിൽ അവ പ്രയോജനപ്പെടുത്താൻപോലുമോ സാധ്യമല്ല. ഇക്കാരണത്താൽ സമുദായത്തിന്റെ പ്രശ്നങ്ങളുമായി ആഴമുള്ള ബന്ധവും, സമുദായത്തിന്റെ ശരിയും തെറ്റുമായ താൽപര്യങ്ങളെക്കുറിച്ച അഗാധവും വസ്തുനിഷ്ഠവുമായ വീക്ഷണവും, മുസ്‌ലിംകളുടെ ചിന്താപരമായ പ്രശ്നപരിഹാരങ്ങളെക്കുറിച്ച് ബോധവുമുള്ള വ്യക്തിത്വങ്ങൾക്ക്, ജീവിതപദ്ധതി എന്നോണം പഠിക്കാൻ തയ്യാറാവുന്ന ഹ്രസ്വവും സമഗ്രവുമായ ഒരു ഗ്രന്ഥത്തിന്റെ ആവശ്യകത അനുഭവപ്പെടാറുണ്ട്. എല്ലാകാലത്തും എവിടെയും ഉണ്ടാകാറുള്ള ഒരു മാനുഷിക ആവശ്യം മാത്രമാണിത്. സമ്പൂർണ നന്മയുടെയും ഐശ്വര്യങ്ങളുടെയും ഉറച്ച മനക്കരുത്തുകളുടെയും കാലഘട്ടമായിരുന്ന നബവീയുഗത്തിൽപ്പോലും ഇതിന് ഉദാഹരണങ്ങൾ ലഭ്യമാണ്. ഹദീസിൽ വന്നിരിക്കുന്നു: റസൂലുല്ലാഹി (സല്ലല്ലാഹു അലൈഹിവസല്ലം) യുടെ സന്നിധിയിൽ ഒരു അഅ്റാബി വന്ന് അപേക്ഷിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഇസ്‌ലാമിന്റെ വിശദമായ വിധി

www.abulhasanalinadwi.org

വിലക്കുകൾ ധാരാളമാണ്. എന്നെപ്പോലുള്ള സാധാരണക്കാർക്ക് അത് പഠിച്ച് പകർത്തുക പ്രയാസമാണ്. അതുകൊണ്ട് എനിക്ക് മുറുകെ പിടിക്കാൻ കഴിയുന്ന ഹ്രസ്വമായ ഒരു കാര്യം പറഞ്ഞ് തന്നാലും. സമുന്നത ഗുരുനാഥനായ റസൂലുല്ലാഹി(സ) അദ്ദേഹത്തിന്റെ അപേക്ഷ സശ്രദ്ധം ശ്രവിച്ചു. അദ്ദേഹത്തിന്റെ അപേക്ഷയെ മനക്കരുത്തില്ലായ്മയും സമ്പൂർണ വിജ്ഞാന സമ്പാദനത്തോടുള്ള അവഗണനയുമായി ചിത്രീകരിക്കുകയോ, ആക്ഷേപിക്കുകയോ ചെയ്യുന്നതിനു പകരം പരിപൂർണ സ്നേഹകാരുണ്യങ്ങളോടെ അവിടുന്ന് മറുപടി നൽകി: അല്ലാഹുവിന്റെ ദിക്ർ (സ്മരണ) കൊണ്ട് നിന്റെ നാവ് സദാ നനഞ്ഞുകൊള്ളട്ടെ! "സുഫ്യാനുബ്നു അബ്ദില്ലാ (റ) പറയുന്നു: ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, പിന്നീട് മറ്റാരോടും ചോദിക്കേണ്ട ആവശ്യം വരാത്തവിധം ഇസ്ലാമിനെക്കുറിച്ച് മുഖ്യമായ ഒരു കാര്യം എനിക്ക് പറഞ്ഞു തരിക.' റസൂലുല്ലാഹി(സ) അരുളി: ശരിക്കും മനസ്സിലാക്കി ഉറച്ച തീരുമാനത്തോടെ 'ഞാൻ അല്ലാഹുവിൽ വിശ്വസിച്ചു' എന്ന് പറയുക. പിന്നീട് അതിൽ അടിയുറച്ച് നിൽക്കുകയും ചെയ്യുക." ഇതും ഇത്തരം നിവേദനങ്ങളും ചില മഹാത്മാക്കൾക്ക് വലിയ പ്രേരണയും ആവേശവും പകർന്നു. അത്യാവശ്യമായ ദീനീ അറിവുകളും ദിനചര്യകളും സ്വഭാവരീതികളും വിവരിക്കുന്ന ഗ്രന്ഥങ്ങൾ അവർ രചിച്ചു. ഒരു സാധാരണ മുസ്ലിമിനെ സംബന്ധിച്ചിടത്തോളം വഴികാട്ടിയും വഴിവിളക്കുമായി ഉപയോഗിക്കാൻ പര്യാപ്തമായ ഗ്രന്ഥങ്ങൾ അവരിലൂടെ ഉദയം ചെയ്തു.

നമ്മുടെ അറിവിൽപെട്ടിടത്തോളം ഏറ്റവും ആദ്യമായി ഈ ആവശ്യം വളരെ പ്രാധാന്യത്തോടെ മനസ്സിലാക്കുകയും ഇതിന്റെ പൂർത്തീകരണത്തിന് ശക്തമായ ചുവടുവെയ്പ് നടത്തുകയും ചെയ്ത മഹാവ്യക്തിത്വമാണ് ഹുജ്ജത്തുൽ ഇസ്ലാം ഇമാം അബൂഹാമിദ് മുഹമ്മദുബ്നു മുഹമ്മദിൽ ഗസ്സാലി (ഹി. 505). പ്രസിദ്ധവും എക്കാലവും നിലനിൽക്കുന്നതുമായ 'ഇഹ്യാ ഉലൂമിദ്ദീൻ' അദ്ദേഹം രചിച്ചു. ദീനീ വിജ്ഞാനവും സംസ്കരണവും തേടുന്നവർക്ക് ഒരു ഉത്തമ ഗുരുനാഥനും ഒരളവോളം ഇസ്ലാമിക ഗ്രന്ഥാലയത്തിന്റെ രത്നച്ചുരുക്കവുമാണ് പ്രസ്തുത ഗ്രന്ഥം. വിശ്വാസം, കർമം, ആത്മശുദ്ധി, സ്വഭാവ സംസ്കരണം, ഉടമസ്ഥനുമായുള്ള ആത്മീയ ബന്ധം, അതു കരസ്ഥമാക്കാനുള്ള വഴികൾ മുതലായ കാര്യങ്ങൾ അദ്ദേഹം അതിൽ ചർച്ച ചെയ്യുന്നു.

നന്മകളുടെ മഹത്വങ്ങളും തിൻമകളുടെ കെടുതികളും വിളിച്ചറിയിക്കുന്ന നിരവധി ആയത്തുകളും ഹദീസുകളും, തത്വജ്ഞാനം അടങ്ങിയ ഉപദേശങ്ങളും, മനസ്സിൽ ഇളക്കം തട്ടുന്ന സംഭവങ്ങളും അതിൽ അദ്ദേഹം സമാഹരിച്ചു. തൽഫലമായി വിശ്വാസത്തിനും സൽക്കർമത്തിനും ആത്മവിശുദ്ധിക്കും പ്രേരകമായ ഒരു ഗ്രന്ഥമായി അത് രൂപാന്തരപ്പെട്ടു. അതിലെ

www.abulhasanalinadwi.org

ചില ഭാഗങ്ങളിൽ കാണപ്പെടുന്ന നിഗമനങ്ങളോടും ഹദീസ് പണ്ഡിതന്മാരുടെ അടുക്കൽ ബലഹീനമായ ഹദീസുകൾ തെളിവായി ഉദ്ധരിക്കുന്നതിനോടും മറ്റു ചില വിമർശനാത്മകമായ കാര്യങ്ങളോടും സൂക്ഷ്മദൃക്കുകളായ നിരൂപകർ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട് എന്നത് ശരിതന്നെ. പക്ഷേ, അതിന്റെ മഹത്വത്തെയും പ്രയോജനത്തെയും അവർ തുറന്നു സമ്മതിച്ചിട്ടുണ്ട് എന്ന കാര്യവും പ്രസ്താവ്യമാണ്. വിശിഷ്യാ, അല്ലാമാ ഇബ്നുൽജൗസി, ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ തുടങ്ങിയ വിമർശകരും ഇഹ്‌യാഇന്റെ പ്രാധാന്യവും മഹത്വവും വ്യക്തമായ നിലയിൽ അംഗീകരിക്കുകയുണ്ടായി. ഈ ഗ്രന്ഥത്തിനു ലഭിച്ച പൊതുവായ സ്വീകാര്യതയും വൈജ്ഞാനിക മേഖലയിൽ ഇതിനുള്ള സമുന്നത സ്ഥാനവും പ്രസിദ്ധിയും ഒരു ചരിത്രവസ്തുതയാണ്. മുസ്‌ലിം ലോകത്തിന്റെ മുക്കിലും മൂലയിലും പരമ്പരാഗതമായി ജനങ്ങൾ ഇതിനെ വഴിവെളിച്ചമായി കണ്ടുവരുന്നു.

ഇഹ്‌യാഇന്റെ വിഷയത്തിൽ ഇമാം ഗസ്സാലിക്ക് ശേഷമുള്ള പണ്ഡിതപടുക്കൾ കാണിച്ച താൽപര്യവും സ്മരണീയമാണ്. ഇഹ്‌യാഇലെ ചില കാര്യങ്ങൾ വിമർശിച്ച അല്ലാമാ ഇബ്നുൽജൗസി ഇഹ്‌യാഇന്റെ സംഗ്രഹവും പുതിയ ക്രോഡീകരണവും ആവശ്യമായി കണ്ടു. 'മിൻഹാജുൽ ഖാസിദീൻ' എന്ന പേരിൽ അദ്ദേഹം അതു തയ്യാറാക്കി. ഇതിന്റെ സംഗ്രഹം 'മുഖ്തസർ മിൻഹാജുൽ ഖാസിദീൻ' എന്ന പേരിൽ ഇബ്നു ഖുദാമാ മഖ്ദസി രചിച്ചു. ഹാഫിസ് സൈനുദ്ദീൻ ഇറാഖി 'അൽഫിയ' എന്ന പേരിൽ ഇഹ്‌യാഇലെ ഹദീസുകളെക്കുറിച്ച് ഉജ്ജ്വല നിരൂപണം നടത്തി. നിരവധി മഹാപണ്ഡിതർ ഇഹ്‌യാഇന്റെ വിവരണങ്ങൾ (ശുറൂഹ്) എഴുതി. ഇന്ത്യയുടെ അഭിമാനമായ അല്ലാമാ സയ്യിദ് മുർതദാ ബിൽഗ്രാമി (ഹി. 1205) 'ഇത്തിഹാഫു സാദാത്തിൽ മുത്തഖീൻ' എന്ന പേരിൽ 20 വാള്യങ്ങളിലായി ഒരു ശറഹ് രചിച്ചു. ഹദീസ്, ഫിഖ്ഹ്, തസവ്വുഫ് വിഷയങ്ങളിൽ ഒരു വിജ്ഞാനകോശം തന്നെയാണ് പ്രസ്തുത വ്യാഖ്യാനം. ഇഹ്‌യാഇനെ ആസ്പദിച്ചു കൊണ്ട് തസവ്വുഫ് മേഖലയിൽ ഒരു പ്രത്യേക ത്വരീഖത്തു തന്നെ നിലവിൽ വന്നു. ഗസ്സാലി ത്വരീഖത്ത് എന്ന പേരിലറിയപ്പെടുന്ന ആ ത്വരീഖത്ത് ഹദ്റമൗത്തിലും ചില അറബിനാടുകളിലും നിലവിലുണ്ടായിരുന്നു. ഇമാം ഗസ്സാലി ഇഹ്‌യാഇന്റെ ശൈലിയിൽ ഫാരിസീഭാഷയിൽ മറ്റൊരു ഗ്രന്ഥവും രചിച്ചു–'കീമിയാഉസ്സആദത്ത്.' അനറബികളുടെ ആവശ്യ- അവസ്ഥകളെ പരിഗണിച്ചുകൊണ്ട് ഇഹ്‌യാഇനെ അതിൽ സരളമായും സംഗ്രഹിച്ചും അവതരിപ്പിച്ചിരിക്കുന്നു. ഇപ്രകാരം ഇതേ വിഷയത്തിൽ 'ബിദായത്തുൽ ഹിദായ' എന്ന പേരിൽ വളരെ സംഗ്രഹമായ ഒരു രചനയും മഹാനവർകൾ സമർപ്പിച്ചു. പ്രസ്തുത ഗ്രന്ഥവും ലോകം മുഴുവൻ പ്രസിദ്ധമാണ്.

www.abulhasanalinadwi.org

ഇഹ്‌യാഇനു ശേഷം ഈ മേഖലയിൽ നടത്തപ്പെട്ട വിജയകരവും അനുഗൃഹീതവുമായ പരിശ്രമം ഇമാം അബ്ദുൽ ഖാദിർ ജീലാനി (ഹിജ്റ 561)യുടെ 'ഗുൻയതുത്ത്വാലിബീൻ' എന്ന ഗ്രന്ഥമാണ്. സമുദായത്തിലെ സർവ സ്വീകാര്യനായ ഒരു ആത്മീയ നായകൻ തന്റെ ശിഷ്യൻമാർക്കും പിൽക്കാലക്കാരായ ആത്മീയ സംസ്കരണദാഹികൾക്കും വേണ്ടി തയ്യാറാക്കിയ ഒരു അമൂല്യരചനയാണിത്. ഫർദുകൾ, സുന്നത്തുകൾ, ഇസ്‌ലാമിക മര്യാദകൾ, അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന മഹാ ദൃഷ്ടാന്തങ്ങൾ, ഖുർആൻ-ഹദീസുകളുടെ സത്ത, മുൻഗാമികളുടെ സ്വഭാവസവിശേഷതകൾ വരച്ചുകാട്ടുന്ന ഹൃദയ ഹാരിയായ സംഭവങ്ങൾ മുതലായവ ഇതിൽ സമാഹരിച്ചിരിക്കുന്നു. സമുന്നതനായ ഗ്രന്ഥകർത്താവിന്റെ സ്വന്തം അനുഭവങ്ങളും ഇടയിൽ ചേർത്തിട്ടുണ്ട്. ചർച്ചകളിലെല്ലാം തിരുസുന്നത്തിൽ അടിയുറച്ച ഹൻബലി മദ്ഹബുകാരനായ ഒരു മഹാപണ്ഡിതനെ നമുക്ക് കാണാൻ കഴിയും. നന്മ ഉപദേശിക്കുകയും തിന്മ തടയുകയും ചെയ്യുന്നതിന്റെ ആവശ്യകത, 'അഹ്‌ലുസ്സുന്നത്തി'ന്റെ വിശ്വാസങ്ങൾ ഇവ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കൂട്ടത്തിൽ ബഗ്ദാദിലാകെ കോളിളക്കം സൃഷ്ടിക്കുകയും മരിച്ച മനസ്സുകൾക്കു നവജീവൻ പകരുകയും ചെയ്ത പ്രഭാഷണ ഉദ്ബോധനങ്ങൾ അതിൽ ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. ഗ്രന്ഥാവസാനത്തിലെ വിഷയം ആത്മീയശിഷ്യരുടെ മര്യാദ- ഗുണങ്ങളുടേതാണ്. ഖുർആൻ-സുന്നത്ത് -മുൻഗാമികളുടെ വിശ്വാസം ഇവകളുടെ വെളിച്ചത്തിൽ ജീവിതത്തെ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നവർക്കെല്ലാം ഒരു വഴികാട്ടിയാണ് ഈ ഗ്രന്ഥം. ഏഷ്യൻ- ആഫ്രിക്കൻ ഭൂഖണ്ഡങ്ങളിലെ ലക്ഷോപലക്ഷം ജനങ്ങൾ ഈ ഗ്രന്ഥം പ്രയോജനപ്പെടുത്തുകയുണ്ടായി.

പിൽക്കാലത്ത് ഈ വിഷയത്തിൽ നടത്തപ്പെട്ട ഏറ്റവും വലുതും സ്വീകാര്യവും പ്രസിദ്ധവുമായ രചനയാണ് ഹാഫിസ് ഇബ്നുൽ ഖയ്യിം ജൗസിയ്യ (ഹിജ്റ 751)യുടെ 'സാദുൽ മആദ്.' നബിചര്യ, കർമശാസ്ത്രം, ആത്മസംസ്കരണം എന്നീ വിവിധങ്ങളായ ചർച്ചകൾ ഇതിൽ അടങ്ങിയിരിക്കുന്നു. ഈ ഗ്രന്ഥം സംസ്കരണ ശിക്ഷണമേഖലയിൽ ഇഹ്‌യാഇന്റെ തൊട്ടടുത്തും, ആധികാരികതയുടെ വിഷയത്തിൽ ഇഹ്‌യാഇനെക്കാൾ മികച്ചും നിൽക്കുന്നു. ഇസ്‌ലാമിക ഗ്രന്ഥാലയത്തിന്റെ നിറഞ്ഞ നദിയെ ഒരു കൂജയിൽ ഒതുക്കാൻ ഗ്രന്ഥകാരൻ ശ്രമിക്കുന്നതായി നമുക്ക് അനുഭവപ്പെടും. ഹദീസിലും ഫിഖ്ഹിലും സമുന്നത ഗുരുനാഥനായ ഈ ഗ്രന്ഥത്തെ നബിചര്യകളിൽ അതീവ തൽപരരായ പണ്ഡിതരും വിദ്യാർത്ഥികളും എന്നും മാറോടണച്ചുപിടിച്ചിരുന്നു. വിവിധ വിഷയങ്ങളിൽ ആഴവും പരപ്പുമുള്ള വിജ്ഞാന ഗവേഷണങ്ങളുടെ സത്തയാണ് ഈ ഗ്രന്ഥം.

www.abulhasanalinadwi.org

ഇതേ ഉദ്ദേശ്യം മുന്നിൽ വെച്ചുകൊണ്ട് മഹാനായ മുഹദ്ദിസും അറബിഭാഷയിൽ അഗ്രഗണ്യനുമായ അല്ലാമാ മജ്ദുദ്ദീൻ ഫൈറൂസാബാദീ (ഹിജ്റ 817) 'സഫറുസ്സആദ' എന്ന ഗ്രന്ഥം രചിച്ചു. റസൂലുല്ലാഹി (സ)യുടെ ഹ്രസ്വമായ ജീവിത ചരിത്രം, ആരാധനകൾ, ഇടപാടുകൾ, വിവിധ സുന്നത്തുകൾ, നബവീ സ്വഭാവഗുണങ്ങൾ, നബവീ ചികിത്സകൾ മുതലായവ ഇതിൽ അടങ്ങിയിരിക്കുന്നു. വ്യക്തിപരവും സാമൂഹികവുമായ മണ്ഡലങ്ങളിൽ നബിചര്യ അനുധാവനം ചെയ്യുവാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥം വഴികാട്ടിയാണ്. ഈ ഫാരിസിഗ്രന്ഥം അറബിയിലും വിവർത്തിതമായിട്ടുണ്ട്.

തർബിയത്തീ (ശിക്ഷണ)ശൈലിയിൽ എഴുതപ്പെട്ട മറ്റൊരു ഗ്രന്ഥമാണ് ഉജ്ജ്വല ഉദ്ബോധകനായിരുന്ന അല്ലാമാ മുഹമ്മദ് സമർഖൻദിയുടെ 'ശിർഅത്തുൽ ഇസ്‌ലാം.' തന്റെ അടുത്ത തലമുറകളും ഈ ഗ്രന്ഥം പ്രയോജനപ്പെടുത്തണമെന്ന ഉദ്ദേശ്യം ഗ്രന്ഥകാരനുണ്ടെന്ന് മനസ്സിലാകുന്നു. തിരുസുന്നത്തുകളുടെ വെളിച്ചത്തിൽ സ്ഥിരപ്പെട്ട ദീനീ വിശ്വാസങ്ങൾ ആവേശത്തോടെ അവതരിപ്പിച്ചിരിക്കുന്നു. കൂട്ടത്തിൽ സ്വന്തം അനുഭവങ്ങളും ചിന്താഫലങ്ങളും വിവരിച്ചിട്ടുണ്ട്. ഗ്രന്ഥകാരന്റെ ഉദ്ദേശ്യ ശുദ്ധിയും മഹത്വവും ഉള്ളതോടു കൂടി വിമർശനാത്മകമായ ചില കാര്യങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു.

കണക്കറ്റ ജനങ്ങൾ പ്രയോജനപ്പെടുത്തിയ സർവ സ്വീകാര്യമായ ഗ്രന്ഥങ്ങളിലൊന്നാണ് സമുന്നത ഹദീസ് വിശാരദനായ ഖാദീ സനാഉല്ലാഹ് പാനിപത്തി (ഹിജ്റ 1315)യുടെ 'മാലാബുദ്ദ മിൻഹു.' ഇതിൽ ആദ്യമായി അഹ്ലുസ്സുന്നഃയുടെ വിശ്വാസ വീക്ഷണങ്ങൾ വിശദമായി പരാമർശിക്കുന്നു. തുടർന്ന് നമസ്കാരത്തെക്കുറിച്ചുള്ള സമഗ്രമായ വിശദീകരണവും സകാത്ത്, നോമ്പ്, ഹജ്ജ് ഇവയെക്കുറിച്ചുള്ള ചുരുങ്ങിയ പരാമർശവുമാണ്. ധാരാളം ആവശ്യം വരുകയും ജനങ്ങൾ സാധാരണനിലയിൽ തെറ്റ് വരുത്തുകയും ചെയ്യുന്ന കാര്യങ്ങൾ പ്രത്യേകം സൂചിപ്പിച്ചിരിക്കുന്നു. തൗബ, വ്യക്തിപരവും സാമൂഹികവുമായ പാപങ്ങൾ, സഹകരണമര്യാദകൾ, നാട്ടിൽ സർവസാധാരണമായ പാപങ്ങൾ, ദുഃസ്വഭാവങ്ങൾ, അന്ധവിശ്വാസ-അനാചാരങ്ങൾ, നന്മ ഉപദേശിക്കേണ്ടതിന്റെ ആവശ്യകത, ആത്മശുദ്ധീകരണത്തിന്റെ വഴികൾ തുടങ്ങിയവ പ്രതിപാദിക്കുന്നു. എല്ലാ വിഷയങ്ങളും വളരെ ചുരുക്കിയും സമ്പൂർണവുമായി പരാമർശിക്കുന്നു. തിരക്കുള്ള മധ്യനിലക്കാരനായ ഒരു മുസ്‌ലിമിന് അത്യാവശ്യമായ കാര്യങ്ങളെല്ലാം ഇതിലുണ്ട് എന്നതാണ് ഇതിന്റെ പ്രത്യേകത. ഇക്കാരണത്താൽ ഇന്ത്യയിലെ ഫാരിസി സംസാരിക്കുന്ന മുസ്‌ലിം കുടുംബാംഗങ്ങളിൽ ഒരു നൂറ്റാണ്ടിലേറെക്കാലം ഈ ഗ്രന്ഥം പാഠ്യപുസ്തകമായി കാണപ്പെട്ടിരുന്നു.

www.abulhasanalinadwi.org

ഇപ്രകാരം ശക്തവും വിശാലവും ദൂരവ്യാപകവുമായ പ്രതിഫലനം സൃഷ്ടിച്ച ഒരു ഗ്രന്ഥമാണ് ഹിജ്റ പതിമൂന്നാം നൂറ്റാണ്ടിലെ മഹത്തായ ജിഹാദീ പ്രസ്ഥാനത്തിന്റെ നായകൻ സയ്യിദ് അഹ്മദ് ശഹീദ് (ഹി.1246)ന്റെ ഉദ്ബോധന സമാഹാരമായ 'സിറാതുൽ മുസ്തഖീം.' സയ്യിദിന്റെ പ്രധാന സഹകാരികളായ മൗലാനാ ഇസ്മാഈൽ ശഹീദ് (ഹിജ്റ 1246), മൗലാനാ അബ്ദുൽ ഹഖ് (ഹി 1243) എന്നിവർ ഫാരിസിഭാഷയിൽ ഇത് ക്രോഡീകരിച്ചു. സത്യസരണിയിൽ അടിയുറച്ച് നിൽക്കാൻ ആഗ്രഹിക്കുന്നവർക്ക് ഇത് വളരെ വ്യക്തമായ സന്ദേശങ്ങൾ നൽകുന്നു. ഐച്ഛിക (സുന്നത്ത്) ഇബാദത്തുകളിൽ അധികനേരം മുഴുകി സ്വന്തം കാര്യങ്ങൾ നോക്കുന്നതിനെക്കാൾ മഹത്തരം നിർബന്ധ(ഫർദ്) ഇബാദത്തുകൾ ശരിയായി അനുഷ്ഠിക്കുന്നതോടൊപ്പം സത്യത്തിന്റെ ഉയർച്ചക്കായി ത്യാഗപരിശ്രമങ്ങൾ നടത്തലാണെന്ന് ഈ ഗ്രന്ഥം സമർഥിക്കുന്നു. വിശ്വാസ ശുദ്ധീകരണം, തൗഹീദീ അധ്യാപനം, ശിർക്-ബിദ്അത്തുകളുടെ വിമർശനം എന്നിവ ഇതിന്റെ പ്രത്യേകതകളാണ്. വിശിഷ്യാ, സയ്യിദിന്റെ കാലക്കാരായ സൂഫികളിലും ആബിദുകളിലും പ്രചരിക്കുകയും ശീഈ സ്വാധീനത്താൽ മുസ്ലിം സമൂഹത്തിൽ വ്യാപകമാവുകയും അമുസ്ലിം സഹവാസം കാരണം സമുദായത്തിൽ പടർന്നു പിടിക്കുകയും ചെയ്തിരിക്കുന്ന അനാചാരങ്ങളിൽ നിന്നു അകന്നു കഴിയാൻ ഈ ഗ്രന്ഥം പ്രേരിപ്പിക്കുകയും ചികിത്സാമുറകൾ നിർദേശിക്കുകയും ചെയ്യുന്നു. തുടർന്ന് സ്വഭാവ ശുദ്ധീകരണത്തെയും മാനസിക ചികിൽസയെയും കുറിച്ച് വിവരിക്കുന്നു. ഇലാഹീ സാമീപ്യത്തിനും ഈമാനിക സമ്പൂർണതക്കും തടസ്സം നിൽക്കുന്ന പ്രവണതകളെയും അവയെ നിയന്ത്രിക്കാനുള്ള വഴികളും കാണിച്ചുതരുന്നു. ഇബാദത്തുകളിൽ പ്രേരണ പകരുന്നതോടൊപ്പം ദഅ്വത്ത് -ജിഹാദുകളുടെ തീപ്പൊരികളും ഊതിക്കത്തിക്കുന്നു എന്നതാണ് ഇതിന്റെ മറ്റൊരു പ്രത്യേകത.

ഇസ്ലാഹീ-തർബിയത്തീ (സംസ്കരണ-ശിക്ഷണ) മേഖലയിലെ പ്രധാന രചനകളിലൊന്നാണ് ഹകീമുൽ ഉമ്മത്ത് മൗലാനാ അശ്റഫ് അലി ഥാനവിയുടെ 'തഅ്ലീമുദ്ദീൻ.' നൂറ്റി നാല്പത്തിനാല് പുറങ്ങളുള്ള ഈ രചനയിൽ വിശ്വാസം, ആരാധന, ഇടപാട്, സഹകരണം, ആത്മ സംസ്കരണം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള മുഖ്യമായ അധ്യാപനങ്ങൾ അടങ്ങിയിരിക്കുന്നു. ഇതിനെക്കാൾ വിശദവും സമ്പൂർണവും സ്വീകാര്യവുമായ മറ്റൊരു രചനയും 'ബഹിശ്തി സേവർ' എന്ന പേരിൽ അദ്ദേഹം രചിച്ചിട്ടുണ്ട്. ദീനിന്റെ പൊതുവായ അധ്യാപന-ശിക്ഷണ- സംസ്കരണ-ശുദ്ധീകരണ മേഖലയിൽ വിപ്ലവകരമായ പങ്ക് വഹിച്ച ഒരു ഗ്രന്ഥമാണിത്. മുസ്ലിം ബാലികമാർക്കും സ്ത്രീകൾക്കും വേണ്ടി എഴുതപ്പെട്ട ഗ്രന്ഥമാണിതെങ്കിലും ദീനീ വിദ്യാർഥികൾക്കും പണ്ഡിതർക്കും ഇത് ഉപകാര

www.abulhasanalinadwi.org

പ്രദമാണ്. മധ്യനിലയിലുള്ള ഒരു മുഫ്തിയുടെയും ഉജ്ജ്വലനായ ഒരു വാഇളിന്റെയും ഗുണം ചെയ്യുന്ന ഈ ഗ്രന്ഥത്തിന് ലഭിച്ചതുപോലുള്ള പ്രചരണം മറ്റൊരു ഉർദുഗ്രന്ഥത്തിനും കാണാൻ കഴിയുകയില്ല.

ആധുനിക യുഗത്തിലെ നവ തലമുറയിൽ ഈ ആവശ്യം കൂടുതൽ വർധിച്ചിരിക്കുകയാണ്. എല്ലാ കാര്യങ്ങളും ചുരുങ്ങിയ നിലയിൽ മനസ്സിലാക്കാൻ എല്ലാവരും ആഗ്രഹിക്കുന്നു. സമയത്തിന്റെ വിലയെക്കുറിച്ചുള്ള ചിന്തയും അത് വേഗത്തിൽ സഞ്ചരിക്കുന്നുവെന്ന ബോധവും വളരെ അധികരിച്ചിരിക്കുന്നു. പ്രശ്ന സങ്കീർണവും സുദീർഘവും പരിശ്രമം ആവശ്യമായതും ആഴം നിറഞ്ഞതുമായ ഗ്രന്ഥങ്ങളിൽ നിന്നും ഒഴിഞ്ഞുമാറൽ ഇന്നത്തെ ഒരു പൊതു പതിവായി മാറിയിരിക്കുന്നു. മറുഭാഗത്ത് പുതുതലമുറയുടെ ബലഹീനതയും മനക്കരുത്തില്ലായ്മയും വളരെ ഏറിയിരിക്കുന്നു. പുരോഗതിയുടെ പിരിമുറുക്കങ്ങളും ജീവിതത്തിന്റെ അറ്റമില്ലാത്ത ആവശ്യങ്ങളും വായനാതൽപരരെപ്പോലും ചുരുക്കെഴുത്തിനെ ഇഷ്ടപ്പെടുന്നവരാക്കിത്തീർത്തിരിക്കുന്നു. ഈ യുഗത്തെ പലരും പരിചയപ്പെടുത്തുന്നത് തന്നെ, SANDWICH AGE എന്ന പേരിലാണ്. അതുകൊണ്ട് ഗതകാല ഗ്രന്ഥങ്ങളുടെ പകരം നിൽക്കുന്ന ഒരു പുതിയ രചനയുടെ ആവശ്യം കുറേ നാളുകളായി അനുഭവപ്പെട്ടുവരുന്നു. കാരണം, ഓരോ യുഗത്തിനും ഓരോ പ്രത്യേക ഭാഷാശൈലികൾ ഉണ്ടായിരിക്കും. അതിനെ അവഗണിച്ചുകൊണ്ട് ആ കാലഘട്ടക്കാർക്ക് വല്ലതും മനസ്സിലാക്കിക്കൊടുക്കുക പ്രയാസമാണ്. ഇപ്രകാരം ഓരോ യുഗത്തിനും പ്രത്യേകമായ മാനസികാവസ്ഥകളും പുതിയ രോഗങ്ങളും ബലഹീനതകളും വ്യാജവഴികളും പ്രത്യക്ഷപ്പെടാറുണ്ട്. ഇസ്ലാമിക സങ്കൽപങ്ങൾക്ക് പുതുപുത്തൻ അക്രമങ്ങളെ നേരിടേണ്ടി വരാറുമുണ്ട്. മഹാൻമാരായ പരിഷ്കർത്താക്കൾപോലും തങ്ങളുടെ പ്രവർത്തനങ്ങളിൽ ഈ കാര്യങ്ങൾ അവഗണിച്ചിട്ടില്ല. പ്രഥമ നൂറ്റാണ്ടുകളിൽ ഗ്രീക്ക് തത്വശാസ്ത്രം മുസ്ലിംകളെ വെല്ലുവിളിച്ചെങ്കിൽ ആധുനിക മുസ്ലിംകൾക്കുള്ള വെല്ലുവിളി പാശ്ചാത്യരുടെ രാഷ്ട്രീയ ശൈലികളും സാമൂഹിക-സാമ്പത്തിക പദ്ധതികളും ജീവിതരീതികളുമാണ്. എല്ലാ കാലഘട്ടത്തിലും തിളക്കത്തിൽ അൽപംപോലും വ്യത്യാസം വരാത്തതും സാഹചര്യങ്ങളുടെ വേലിയേറ്റം ചലനം സൃഷ്ടിക്കാത്തതുമായ രണ്ടേ രണ്ട് കാര്യങ്ങൾ മാത്രമേയുള്ളൂ. അതായത്, അല്ലാഹുവിന്റെ അന്തിമവും അമാനുഷിക ഗ്രന്ഥവുമായ ഖുർആനും തിരുനബി(സ)യുടെ സ്വഹീഹായ ഹദീസുകളും. ഇവയൊഴിച്ചുള്ളവയെല്ലാം മാറ്റത്തിന്റെ നിയമങ്ങളുമായി ബന്ധപ്പെട്ടതും കൂട്ടിക്കുറക്കലുകൾക്കും വിവരണ സംഗ്രഹങ്ങൾക്കും വിധേയമാക്കപ്പെടുന്നതുമാണ്.

ഈ കാലഘട്ടക്കാർക്ക് പ്രയോജനപ്രദവും ജീവിതസരണിയാക്കാൻ പര്യാപ്തവുമായ ഒരു ഗ്രന്ഥം തയ്യാറാക്കാൻ വിനീതന്റെ ചില ആത്മാർത്ഥ

www.abulhasanalinadwi.org

സുഹൃത്തുക്കൾ അഭിപ്രായപ്പെടാൻ, എന്നല്ല നിർബന്ധിക്കാൻ തുടങ്ങിയിട്ട് നാളുകളായി. എന്നാൽ ഈ വിഷയത്തിൽ തൂലിക ചലിപ്പിച്ചിട്ടുള്ള പൂർവസൂരികളുടെ സുവർണ്ണ പരമ്പരയിലേക്ക് വിനീതൻ കണ്ണോടിച്ചപ്പോൾ അവരുടെ സ്ഥാനസമുന്നതിയും നിഷ്കളങ്കതയും വൈജ്ഞാനിക മഹത്വവും വിനീതന്റെ അർഹതയില്ലായ്മയും ഈ വിഷയത്തിൽ തൂലിക ഉയർത്താൻ തടസ്സമായി. കൂട്ടത്തിൽ ഇതര രചനാ-വൈജ്ഞാനിക - യാത്രാ തിരക്കുകൾ ഇതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കാൻ അവസരം നൽകിയതുമില്ല. അവസാനം വ്യക്തിപരമായ അനുഭവങ്ങളും ആധുനിക ഇസ്‌ലാമിക ഗ്രന്ഥശേഖരത്തിലെ ഈ കുറവിനെക്കുറിച്ചുള്ള ബോധവും ഈ പ്രേരണക്ക് ശക്തിപകർന്നു. സ്വന്തം കഴിവനുസരിച്ച് ഈ ജോലി നിർവഹിക്കണമെന്ന ചിന്തയുണ്ടായി. എന്നല്ല ഈ ജോലി കൂടുതൽ പിന്തിക്കുന്നത് ഒരു സുപ്രധാന ദീനീ ബാധ്യതയിൽ വീഴ്ച വരുത്തുന്നതിന് തുല്യമാണെന്ന വിചാരവും, ഈ വീഴ്ചയെക്കുറിച്ച് വിചാരണ നേരിടേണ്ടി വന്നേക്കുമോ എന്ന ഭയവും അനുഭവപ്പെട്ടു. ഇക്കാരണത്താൽ അല്ലാഹുവിന്റെ മേൽ ഭരമേൽപിച്ചും നന്മ [illegible]ടിക്കൊണ്ടുള്ള നമസ്കാരവും ദുആയും നിർവഹിച്ചും ഈ ജോലി ആരംഭിച്ചു. വിവിധതരം തടസ്സങ്ങൾ ഉണ്ടായിട്ടും അല്ലാഹുവിന്റെ തൗഫീഖ് കൊണ്ട് മാത്രം പൂർണതയിൽ എത്തിച്ചേർന്നു. ഈ കൃതിയിൽ സ്വന്തം അനുഭവങ്ങളുടെ രത്നച്ചുരുക്കവും സമർപ്പിച്ചിട്ടുണ്ട്. പ്രബോധന-രചനകളുടെ കാർമിക അനുഭവങ്ങളും ഉമ്മത്തിലെ വിവിധ വിഭാഗങ്ങളുമായി നേരിട്ടുള്ള ബന്ധവുമാണ് അവയുടെ അടിസ്ഥാനം. വിനീതന്റെ കഴിഞ്ഞ രചനകളിൽ നിന്നും വിഷയവുമായി ബന്ധമുള്ള വാചകങ്ങൾ ഉദ്ധരിക്കാനും മടികാണിച്ചിട്ടില്ല. അല്ലാഹു ഗ്രന്ഥകാരന്നും കാർമികമായി പ്രയോജനപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെ പാരായണം ചെയ്യുന്നവർക്കും ഈ ഗ്രന്ഥംകൊണ്ട് പ്രയോജനം ചെയ്യുമാറാകട്ടെ. "എന്റെ തൗഫീഖുകളെല്ലാം അല്ലാഹുവിനെക്കൊണ്ട് മാത്രം. അവന്റെ മേൽ ഞാൻ ഭരമേൽപിക്കുന്നു. അവനിലേക്കാണ് എന്റെ മടക്കം."

ദാഇറ ശാഹ് അലമുല്ലാഹ്
റായ്ബറേലി
7-8-1402 ഹി.
31-5-1982 ക്രി.

അബുൽഹസൻ അലി നദ്‌വി

www.abulhasanalinadwi.org

ഒന്ന്

# ഇസ്‌ലാമിന്റെ സവിശേഷതകൾ

**ഈ** പ്രപഞ്ചത്തിലുള്ള സകല ജീവികൾക്കും ഒരു വിശേഷ പ്രകൃതിയും പ്രകടമായ പ്രത്യേകതയും ഉണ്ടായിരിക്കും. അതിലൂടെ അതിന്റെ വ്യക്തിത്വം രൂപപ്പെടുന്നതും മറ്റുള്ളവയിൽ നിന്നു വേർതിരിയുന്നതുമാണ്. വ്യക്തികൾ, സംഘങ്ങൾ, സമുദായങ്ങൾ, സമൂഹങ്ങൾ, മതങ്ങൾ, തത്വശാസ്ത്രങ്ങൾ ഇവക്കെല്ലാം ഈ നിയമം ബാധകമാണ്. ഇവയിൽ ചില വ്യക്തമായ പ്രത്യേകതകളും ചിഹ്നങ്ങളും കാണപ്പെടാറുണ്ട്. ഇത്തരുണത്തിൽ ഇസ്‌ലാമിന്റെ വിവേചന രേഖകളും അതിന്റെ വ്യക്തിത്വത്തിന്റെ പ്രത്യേകതകളും എന്താണെന്ന് ദീനിന്റെ ഇതര അധ്യാപനങ്ങൾ പഠിക്കുന്നതിന് മുമ്പ് നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്. എന്നാൽ മാത്രമേ ഈ ദീനിനെ സമ്പൂർണമായി പ്രയോജനപ്പെടുത്താനും അതിന്റെ നിറത്തിൽ നിന്നും നിറം സിദ്ധിക്കാനും സാധിക്കുകയുള്ളൂ.

ആദ്യമായി ഒരു യാഥാർത്ഥ്യം നാം മനസ്സിലാക്കുക. അതായത് വിജ്ഞാനവിശാരദർ, നിയമപണ്ഡിതർ, തത്വശാസ്ത്രജ്ഞർ, പരസ്പരം മൽസരിക്കുന്ന അധികാരികൾ, സാങ്കൽപിക കുതിരകൾ പായിക്കുന്ന തത്വജ്ഞാനികൾ, ഭാഗ്യാന്വേഷികളായ രാഷ്ട്രീയ നേതാക്കൾ, രാഷ്ട്രനായകർ എന്നിവരിലൂടെയല്ല ഈ ദീൻ ലഭിച്ചത്. അല്ലാഹുവിന്റെ വഹ്‌യ് (ബോധനം) സിദ്ധിച്ച ആദരണീയരായ നബിമാരാണ് ഈ ദീൻ നമ്മിലേക്കെത്താനുള്ള മാധ്യമം. അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി (സ)യിലൂടെ ആ പരമ്പരയ്ക്ക് പരിസമാപ്തി കുറിക്കപ്പെട്ടു. ഹജ്ജത്തുൽ വിദാഇന്റെ സന്ദർഭത്തിൽ അറഫായിൽവെച്ച് ഈ ആയത്ത് അവതരിച്ചു: "ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു."[1] റസൂലുല്ലാഹി(സ)യെ കുറിച്ച് അല്ലാഹു പരിചയപ്പെടുത്തുന്നു: "അദ്ദേഹം

www.abulhasanalinadwi.org

തന്നിഷ്ടപ്രകാരം സംസാരിക്കുന്നില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശ മായി നൽകപ്പെടുന്ന ഒരു ഉദ്ബോധനം മാത്രമാണ്." [2] ഈ വസ്തുത മന സ്സിൽവെച്ചുകൊണ്ട്, ഇവിടെ വിവരിക്കുന്ന ഇസ്ലാമിന്റെ സവിശേഷതകൾ ശ്രദ്ധിക്കുക.

1. ഈ ദീനിന്റെ പ്രഥമ പ്രത്യേകത, വിശ്വാസം ശരിയാക്കാനുള്ള ശക്ത മായ നിർദേശമാണ്. ആദം (അ) മുതൽ അന്ത്യപ്രവാചകൻ മുഹമ്മദ് മുസ്തഫാ (സ) വരെയുള്ള മുഴുവൻ നബിമാരും അവർക്ക് വഹ്യിലൂടെ ലഭിച്ച ഒരു നിർണിത വിശ്വാസത്തിലേക്ക് അനുയായികളെ ക്ഷണിച്ചു. ഇതി നെതിരിൽ യാതൊരു വിധ വിട്ടുവീഴ്ച്ചയ്ക്കും അവർ തയ്യാറായില്ല. അവ രുടെ വീക്ഷണത്തിൽ എത്ര വലിയ മഹത്വമുള്ളവരാണെങ്കിലും ഈ വിശ്വാസം സ്വീകരിക്കുന്നത് വരെ അവന് യാതൊരു സ്ഥാനവും മാനവും ഇല്ലതന്നെ. പ്രവാചക പ്രവീണരുടെയും അവരുടെ അധ്യാപനമൊഴിച്ചു ള്ളതിനെ ആധാരമാക്കിയ ഇതര നേതാക്കളുടെയും ഇടയിലുള്ള പ്രധാന പ്പെട്ട വിവേചനരേഖയാണിത്. [3]

എല്ലാവിധ തിരിമറികളിൽ നിന്നും സുരക്ഷിതവും ലോകാവസാനം വരെ നിലനിൽക്കുന്നതുമായ ഏക ഗ്രന്ഥമാണ് പരിശുദ്ധ ഖുർആൻ. ചരി ത്രപരമായും വൈജ്ഞാനികമായും അവലംബിക്കാനും എല്ലാ യുഗത്തിലും പ്രയോജനപ്പെടുത്താനും കഴിയുന്ന ഒരേയൊരു ജീവിതചരിത്രമാണ് റസൂ ലുല്ലാഹി(സ)യുടെ മഹച്ചരിതം. ഇവ രണ്ടും ഉപരിസൂചിത യാഥാർത്ഥ്യ ത്തിന് നിരവധി തെളിവുകൾ നമുക്ക് നൽകുന്നുണ്ട്. ഇവിടെ അതിൽ ഏതാനും മാതൃകകൾ ഉദ്ധരിക്കുന്നു.

സഹനശീലനും ആർദ്രഹൃദയനുമെന്ന് ഖുർആൻ പരിചയപ്പെടുത്തി യിട്ടുള്ള ഖലീലുല്ലാഹി ഇബ്റാഹീം (അ) ന്റെയും സഹകാരികളുടെയും പ്രകൃതിയും സ്വഭാവവും വീക്ഷണവും ഖുർആൻ ഇപ്രകാരം വിവരിക്കുന്നു: "നിങ്ങൾക്ക് ഇബ്റാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്ത മമായ ഒരു മാതൃകയുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: 'നിങ്ങളുമായും അല്ലാഹുവിന് പുറമേ നിങ്ങൾ ആരാ ധിക്കുന്നവയുമായുമുള്ള ബന്ധത്തിൽനിന്നും തീർച്ചയായും ഞങ്ങൾ ഒഴി വായവരാകുന്നു. നിങ്ങളിൽ നിന്നും ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് വരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളുമായി ശത്രുതയും വിദ്വേഷവും പ്രകടമാകുകയും ചെയ്തിരിക്കുന്നു.'"[4]

മയവും വിട്ടുവീഴ്ച്ചയും മുറുകെപ്പിടിക്കണമെന്നും വിശ്വാസ- ആരാ ധനകളുടെ വിഷയത്തിൽ ശത്രുത സൃഷ്ടിക്കരുതെന്നും ഇസ്ലാമിന് ശക്തി ലഭിച്ച് അവസ്ഥ ശാന്തമാകുന്നത് വരെ ഈ പ്രശ്നങ്ങൾ മാറ്റിവെക്കണ മെന്നും സാഹചര്യം പ്രേരിപ്പിച്ചിരുന്ന ഒരു ഘട്ടത്തിൽ മക്കാമുകർറമയിൽ

www.abulhasanalinadwi.org

ഈ അധ്യായം അവതരിച്ചു: "പ്രവാചകരേ, നിഷേധികളോട് പറയുക: നിഷേധികളേ, നിങ്ങൾ ആരാധിക്കുന്ന വിഗ്രഹങ്ങളെ ഞാൻ ആരാധിക്കുന്നതല്ല. ഞാൻ ആരാധിക്കുന്ന ഏക ഇലാഹിനെ നിങ്ങളും ആരാധിക്കുന്നില്ല. വീണ്ടും പറയട്ടെ, നിങ്ങളുടെ ആരാധ്യരെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിക്കുന്നവനെ നിങ്ങളും ആരാധിക്കുന്നില്ല. നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതം."[5]

ആർക്കെങ്കിലും മുന്നിൽ വിശ്വാസകാര്യത്തിൽ വിട്ടുവീഴ്ച്ച കൈക്കൊള്ളാമായിരുന്നെങ്കിൽ അതിനേറ്റം അർഹതപ്പെട്ടവർ റസൂലുല്ലാഹി(സ)യുടെ പിതൃവ്യൻ അബൂത്വാലിബായിരുന്നു. കാരണം, ജീവിതം മുഴുവൻ റസൂലുല്ലാഹി(സ)ക്ക് വേണ്ടി നെഞ്ചുവിരിച്ച് ജീവനും സമ്പത്തും ത്യാഗം ചെയ്ത വ്യക്തിയാണ് അദ്ദേഹം. എന്നാൽ സഹീഹായ നിവേദനങ്ങളിൽ വന്നിരിക്കുന്നു; അബൂത്വാലിബിന്റെ മരണനേരം അബൂജഹ്ലും ഇബ്നു അബീഉമയ്യയും അവിടെയിരിക്കവേ റസൂലുല്ലാഹി(സ) അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് പറഞ്ഞു: "പിതൃവ്യരേ, 'ലാഇലാഹ ഇല്ലല്ലാഹ്' പറഞ്ഞാലും, ഞാൻ അല്ലാഹുവിങ്കൽ താങ്കൾക്ക് അനുകൂലമായി സാക്ഷ്യം രേഖപ്പെടുത്തുന്നതാണ്." ഉടനെ അബൂജഹ്ലും ഇബ്നു അബീ ഉമയ്യയും പറഞ്ഞു: അബൂത്വാലിബേ, നിങ്ങൾ അബ്ദുൽ മുത്തലിബിന്റെ മതത്തിൽനിന്നും മുഖം തിരിക്കുകയാണോ അപ്പോൾ, "ഞാൻ അബ്ദുൽ മുത്തലിബിന്റെ മാർഗത്തിൽ തന്നെയാണ്" എന്ന് പറഞ്ഞുകൊണ്ട് അബൂത്വാലിബ് അന്ത്യശ്വാസം വലിച്ചു.[6]

ആഇശ(റ) എന്ന വ്യക്തി വിവരിക്കുന്നു: ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ഇബ്നു ജദ്ആൻ കുടുംബബന്ധം വളരെ ചേർത്തിരുന്നു. പട്ടിണിപ്പാവങ്ങൾക്ക് ആഹാരം നൽകിയിരുന്നു. അത് അദ്ദേഹത്തിന് വല്ല പ്രയോജനവും ചെയ്യുമോ? റസൂലുല്ലാഹി (സ) അരുളി: ഇല്ല, അദ്ദേഹത്തിന് അതുകൊണ്ട് ഒരു ഗുണവും ലഭിക്കുന്നതല്ല. കാരണം, "രക്ഷിതാവേ, പ്രതിഫല ദിവസത്തിൽ എന്റെ പാപങ്ങൾ മാപ്പാക്കേണമേ" എന്ന് ഒരിക്കൽപോലും അദ്ദേഹം പറഞ്ഞിട്ടില്ല."[7]

ഇതിനെക്കാൾ കൂടുതൽ കാര്യം വ്യക്തമാക്കുന്ന മറ്റൊരു നിവേദനം ആഇശ(റ) തന്നെ വിവരിക്കുന്നു: റസൂലുല്ലാഹി(സ) ബദ്റിലേക്ക് പോകവേ ഹർറത്തുൽ വബ്റ എന്ന സ്ഥലത്തെത്തിയപ്പോൾ ധീരതയിൽ വളരെ പ്രസിദ്ധനായ ഒരു വ്യക്തി റസൂലുല്ലാഹി (സ) യെ സമീപിച്ചു. ഇതു കണ്ട് സഹാബാക്കൾ അത്യധികം സന്തോഷിച്ചു. (കാരണം, മുന്നൂറിൽപരം പേരുള്ള ഈ സംഘത്തിൽ യുദ്ധ നിപുണനായ ഒരാൾ കൂടി വന്നുചേരുന്നത് വലിയ കാര്യമായിരുന്നു.) എന്നാൽ തന്നെക്കൂടി സൈന്യത്തിൽ ഉൾപ്പെടുത്തണമെന്ന് അദ്ദേഹം അപേക്ഷിച്ചപ്പോൾ റസൂലുല്ലാഹി(സ) ചോദിച്ചു: "നിങ്ങൾ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നുണ്ടോ"?

www.abulhasanalinadwi.org

അദ്ദേഹം പറഞ്ഞു: "ഇല്ല". റസൂലുല്ലാഹി (സ) അരുളി: "മടങ്ങിപ്പോകുക. ഞാൻ മുശ്‌രിക്കുകളിൽ നിന്നും സഹായം സ്വീകരിക്കുകയില്ല". ആഇശ(റ) പറയുന്നു: അദ്ദേഹം തിരിച്ചുപോയി. ഞങ്ങൾ ശജറ എന്ന സ്ഥലത്തെത്തിയപ്പോൾ അയാൾ വീണ്ടും വന്ന് തന്റെ അപേക്ഷ മുന്നിൽ വെച്ചു. റസൂലുല്ലാഹി (സ) ആദ്യത്തെപ്പോലെ തന്നെ പ്രതികരിച്ചപ്പോൾ അദ്ദേഹം മടങ്ങിപ്പോയി. ബൈദാഅ് എന്ന സ്ഥലത്തെത്തിയപ്പോൾ വീണ്ടും വന്ന് തന്നെ സൈന്യത്തിലെടുക്കണമെന്ന് അപേക്ഷിച്ചു. റസൂലുല്ലാഹി(സ) ചോദിച്ചു: "നീ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നുണ്ടോ?" "അദ്ദേഹം പറഞ്ഞു: "അതേ, വിശ്വസിക്കുന്നു." അപ്പോൾ റസൂലുല്ലാഹി(സ) അരുളി: എന്നാൽ കൂട്ടത്തിൽ സഞ്ചരിച്ചുകൊള്ളുക."[1]

2. ആദരണീയ നബിമാരുടെ പ്രബോധനപോരാട്ടങ്ങളുടെ യഥാർത്ഥ പ്രേരകവും ലക്ഷ്യവും അല്ലാഹുവിന്റെ പൊരുത്തവും പ്രീതിയും മാത്രമായിരിക്കും എന്നതാണ് രണ്ടാമത്തെ പ്രത്യേകത. ഈ സമുന്നത ലക്ഷ്യമല്ലാതെ മറ്റെല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളും വെട്ടിനുറുക്കിക്കളയുന്ന മൂർച്ചയേറിയ ഒരു വാളാണിത്. ഭൗതിക വസ്തുക്കളിലുള്ള ആഗ്രഹം, അധികാരനേതൃത്വത്തിലുള്ള മോഹം, ഉന്നതിക്കും അന്തസ്സിനുമുള്ള താൽപര്യം, സ്ഥാനമാനങ്ങളിലുള്ള ആർത്തി, പണത്തിലും പണ്ടത്തിലും സുഖാഡംബരങ്ങളിലുമുള്ള പ്രതീക്ഷ, കോപ പ്രതികാരങ്ങളോടുള്ള ആവേശം, ജാഹിലീ പക്ഷപാതിത്വത്തിന്റെ വികാരം-ഇവയൊന്നും അവരുടെ ത്യാഗപരിശ്രമങ്ങളുടെ പ്രേരകമായിരുന്നില്ല.

ത്വാഇഫിൽവെച്ച് റസൂലുല്ലാഹി(സ) ചെയ്ത ദുആയിൽ ഈ യാഥാർത്ഥ്യം ഏറ്റവും നന്നായി തിളങ്ങിക്കാണുന്നുണ്ട്. പ്രവാചക വര്യന്മാരിൽ ആരുടെയും ചരിത്രത്തിൽ എവിടെയും കാണപ്പെടാത്ത പരുഷവും മൃഗീയവുമായ ഒരു സമീപനം ത്വാഇഫ് നിവാസികൾ സ്വീകരിച്ചു. റസൂലുല്ലാഹി(സ) യാത്ര ചെയ്ത് അവിടെചെന്ന ലക്ഷ്യം ബാഹ്യമായി പൂർത്തിയായില്ല. അവിടത്തുകാരിൽ ഒരാൾപോലും ഇസ്‌ലാം സ്വീകരിച്ചില്ല. അത്യന്തം സങ്കീർണതയുടെയും മാനസിക സംഘർഷത്തിന്റെ അവസ്ഥയിൽ തിരുനബി(സ)യിൽ നിന്ന് ഉതിർന്നു വീണ വചനങ്ങൾ ഇതായിരുന്നു: "അല്ലാഹുവേ എന്റെ ബലഹീനതയെയും തന്ത്രക്കുറവിനെയും ജനങ്ങളുടെ മുന്നിൽ കേവലനാകുന്നതിനെയും ഞാൻ നിന്നോട് പരാതിപ്പെടുന്നു. നീ ഏറ്റവും വലിയ കാരുണ്യവാനാണ്. ബലഹീനരുടെ പരിപാലകനാണ്. എന്റെ നാഥനാണ്. നീ എന്നെ ആരിലേക്കാണ് ഏൽപിക്കുന്നത്, എന്നോട് പരുഷമായി പെരുമാറുന്ന അന്യനിലേക്കോ അതോ, എന്റെ മേൽ അധികാരം ചെലുത്തുന്ന ശത്രുവിലേക്കോ?"

ഇത്രയും പറഞ്ഞശേഷം സർവശക്തനായ അല്ലാഹുവിന്റെ പരിപാലനത്തിൽ പാകപ്പെട്ട നബവീ പ്രകൃതി ഇപ്രകാരം പൂർണമായി വെട്ടി

www.abulhasanalinadwi.org

ത്തിളങ്ങി: "അല്ലാഹുവേ, എന്റെ മേൽ നിന്റെ കോപം ഉണ്ടായിട്ടില്ലെങ്കിൽ ഞാൻ ഇതിനെയൊന്നും പ്രശ്നമാക്കുന്നില്ല. നീ എനിക്ക് നൽകുന്ന സൗഖ്യ-സമാധാനങ്ങൾ എന്നെ സംബന്ധിച്ചിടത്തോളം വളരെ വിശാലമാണ്.'"[9]

ദൃഢചിത്തതയുടെ മകുടോദാഹരണമായ നൂഹി(അ)നെ നോക്കൂ. തൊള്ളായിരത്തി അമ്പത് വർഷമാണ് അദ്ദേഹം സമൂഹത്തിനിടയിൽ താമസിച്ചത്.[10] ഈ സുദീർഘ കാലയളവു മുഴുവനും തികഞ്ഞ ജാഗ്രതയോടെ പരിശ്രമത്തിൽ മുഴുകി. ജനങ്ങളെ സത്യത്തിലേക്ക് ക്ഷണിക്കാൻ സകല ശൈലികളും സ്വീകരിച്ചു. അദ്ദേഹം തന്നെ പറയുന്നു: "രക്ഷിതാവേ, ഞാൻ എന്റെ സമുഹത്തെ രാവും പകലും സത്യത്തിലേക്ക് ക്ഷണിച്ചു."[11] "ശേഷം ഞാൻ അവരെ വ്യക്തമായ നിലയിൽ ക്ഷണിച്ചു. രഹസ്യമായും പരസ്യമായും കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കാൻ പരിശ്രമിച്ചു."[12] എന്നാൽ സുദീർഘവും ത്യാഗനിർഭരവുമായ ഈ പരിശ്രമങ്ങളുടെ പരിണിതഫലം എന്തായിരുന്നു? വളരെ കുറഞ്ഞ ആളുകൾ മാത്രമേ അദ്ദേഹത്തെ വിശ്വസിച്ചുള്ളൂ.[13] പക്ഷേ നൂഹ്(അ) ഇതിനെക്കുറിച്ച് പരാതിപ്പെടുകയോ മനസ്സ് തളരുകയോ ചെയ്തില്ല. അദ്ദേഹം തന്റെ പരിശ്രമത്തെ നിഷ്ഫലമായി കണ്ടില്ല. അല്ലാഹുവിങ്കൽ അദ്ദേഹത്തിനുള്ള സ്ഥാനവും സാമീപ്യവും ദൃഢചിത്തതയുടെ പദവിയും അൽപം കുറഞ്ഞതുമില്ല. മറിച്ച്, അല്ലാഹു അദ്ദേഹത്തെ തൃപ്തിപ്പെട്ടു. അദ്ദേഹവും അല്ലാഹുവിൽ സംതൃപ്തനായി. സത്യത്തിന്റെ സന്ദേശങ്ങൾ അടിമകൾക്ക് എത്തിച്ചുകൊടുത്തു. സത്യസരണിയിൽ പരിശ്രമിക്കേണ്ടതുപോലെ പരിശ്രമിച്ചു. അതിന് അദ്ദേഹത്തിന് നൽകിയ ഒരു സമ്മാനത്തെ അല്ലാഹു ഖുർആനിൽ വിവരിക്കുന്നു: "അദ്ദേഹത്തിന്റെ സന്തതികളെ നാം ഭൂമിയിൽ നിലനിൽക്കുന്നവരാക്കുകയും പിൽക്കാലത്ത് വന്നവരിൽ അദ്ദേഹത്തെപ്പറ്റിയുള്ള സൽകീർത്തി നാം അവശേഷിപ്പിക്കുകയും ചെയ്തു. ലോകരിൽ നൂഹിന് സമാധാനം! തീർച്ചയായും അപ്രകാരമാണ് നാം സത്‌വൃത്തന്മാർക്ക് പ്രതിഫലം നൽകുന്നത്. തീർച്ചയായും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസൻമാരുടെ കൂട്ടത്തിലായിരുന്നു."[14]

ദഅ്‌വത്ത്-ജിഹാദുകളുടെ പാതയിൽ പരിശ്രമിക്കുന്നവർക്ക് ഖുർആൻ നൽകുന്ന സന്ദേശമിതാണ്: "ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപ്പെടുത്തിക്കൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്കനുകൂലമായിരിക്കും."[15]

എന്നാൽ, മുസ്‌ലിംകളുടെ ശക്തിയെയും സ്ഥാനത്തെയും കുറിച്ച് ചിന്തിക്കുകയും ശ്രദ്ധിക്കുകയും വേണ്ടെന്ന് ഈ പറഞ്ഞതിന് അർത്ഥം കാണരുത്. ഈ സങ്കൽപം അനിസ്‌ലാമികവും സന്യാസത്തിന്റെ പ്രകട

www.abulhasanalinadwi.org

നവുമാണ്. അല്ലാഹുവിന്റെ വിധിവിലക്കുകൾ നടപ്പിലാക്കാനും ദഅ്വത്തിന്റെ മാർഗത്തിലുണ്ടാകുന്ന തടസ്സങ്ങളെ ദൂരീകരിക്കാനും ലോകത്ത് നിന്ന് അക്രമ-അനീതികളുടെയും അസത്യത്തിന്റെയും തീ കെടുത്താനും അത് അത്യാവശ്യമാണ്. മാതൃകാപരമായ ഇസ്‌ലാമിക ജീവിതത്തിനും മാന്യതയുള്ള ഇസ്‌ലാമിക സമൂഹത്തിനും അനിവാര്യമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ അതു പ്രയോജനപ്രദവുമാണ്. അല്ലാഹു അവന്റെ അനുഗ്രഹവും ഔദാര്യവും അനുസ്മരിച്ചു കൊണ്ട് വിവരിക്കുന്നു: "നിങ്ങളിൽ നിന്നും വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് അധികാരം നൽകിയതുപോലെ തന്നെ തീർച്ചയായും അവൻ അവർക്ക് അധികാരം നൽകുകയും അവൻ തൃപ്തിപ്പെട്ടുകൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിനുശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് അവർ യാതൊന്നും പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ."[16] മറ്റൊരിടത്ത് പ്രസ്താവിക്കുന്നു: "കുഴപ്പമില്ലാതാവുകയും ദീൻ മുഴുവൻ അല്ലാഹുവിന് വേണ്ടിയാകുന്നത് വരെയും നിങ്ങൾ അവരോട് യുദ്ധം ചെയ്യുക."[17] വേറൊരിടത്ത് അരുളുന്നു: "ഭൂമിയിൽ നാം സ്വാധീനം നൽകിയാൽ അവർ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും സദാചാരം സ്വീകരിക്കാൻ കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്നവരത്രെ. കാര്യങ്ങളുടെ പര്യവസാനം അല്ലാഹുവിനാകുന്നു."[18]

ഈ ആയത്തുകളിൽ സത്യവിശ്വാസികൾക്ക് ശക്തിയും സ്ഥാനവും ഔന്നത്യവും അന്തസ്സും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. പക്ഷേ, ഈമാനിക ഗുണങ്ങളാണ് അതിന്റെ മാനദണ്ഡമെന്നും ആത്യന്തിക ലക്ഷ്യം പടച്ചതമ്പുരാന്റെ പൊരുത്തമായിരിക്കണമെന്നും അന്തസ്സും അധികാരവും അതിനുള്ള പരിശ്രമവും ആയിരിക്കരുതെന്നും വ്യക്തമാക്കിയിട്ടുണ്ട്. കാരണം, ശക്തിയും സ്ഥാനവും ഉദ്ദേശ്യലക്ഷ്യങ്ങളല്ല. ഈമാനിക ഗുണങ്ങളുടെ പരിണിതഫലവും അല്ലാഹുവിന്റെ അനുഗ്രഹവുമാണ്. അല്ലാഹു അറിയിക്കുന്നു: "നിങ്ങൾ ദൗർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതൻമാർ." [19]

അല്ലാഹു അടിമയിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള സുപ്രധാന കാര്യം നിഷ്കളങ്കമായ മനസ്സാണ്. അല്ലാഹുവിങ്കൽ ഏറ്റവും പ്രയോജനം നൽകുന്നത് അത് തന്നെയാണ്. അല്ലാഹു അരുളുന്നു: "കുറ്റമറ്റ ഹൃദയവുമായി

www.abulhasanalinadwi.org

അല്ലാഹുവിങ്കൽ ചെന്നവർക്ക് ഒഴികെ സ്വത്തോ സന്താനമോ പ്രയോജനപ്പെടാത്ത ദിവസം."[20] ഇബ്റാഹീമി(അ)നെ അല്ലാഹു ഇപ്രകാരം പ്രശംസിക്കുന്നു: "ഇബ്റാഹീം നിഷ്കളങ്കമായ ഹൃദയത്തോടു കൂടി തന്റെ രക്ഷിതാവിങ്കൽ വന്ന സന്ദർഭം."[21] ചുരുക്കത്തിൽ നിഷ്കളങ്കമായ മനസ്സിനെ നാശമാക്കുകയും അല്ലാഹുവിനോടുള്ള സ്നേഹത്തെ ഇല്ലാതാക്കുകയും ചെയ്യുന്ന സകലവിധ ഭൗതിക വിഗ്രഹങ്ങളെയും വളരെയധികം സൂക്ഷിക്കുകയും എന്ത് വിലകൊടുത്തും അതിൽനിന്നു രക്ഷപ്പെടുകയും ചെയ്യേണ്ടതാണ്. അല്ലാഹു അരുളുന്നു: "തന്റെ തന്നിഷ്ടത്തെ തന്റെ ദൈവമാക്കി മാറ്റിയവനെ നീ കണ്ടുവോ?"[22] റസൂലുല്ലാഹി(സ) അരുളി: "പിശാച് മനുഷ്യന്റെ ധമനികളിൽ രക്തംപോലെ സഞ്ചരിക്കുന്നു."[23]

3. ആദരണീയ നബിമാർ (അലൈഹിമുസ്സലാം) തങ്ങൾ കൊണ്ടുവന്ന സന്ദേശത്തിന്റെയും ജീവിതവ്യവസ്ഥിതിയുടെയും വിഷയത്തിൽ തികഞ്ഞ രോഷവും ജാഗ്രതയും പുലർത്തിയിരുന്നു എന്നതാണ് ഇസ്ലാമിന്റെ മൂന്നാമത്തെ പ്രത്യേകത. സത്യസന്ദേശത്തിൽ വല്ല ഭേദഗതിയും വരുത്തിയാൽ സന്ദേശം സ്വീകരിക്കപ്പെടുകയും വിജയിക്കുകയും ചെയ്യുമെന്ന് തോന്നിയാലും ശരി, അതിൽ യാതൊരുവിധ കൂട്ടിക്കുറച്ചിലുകൾക്കും അവർ തയ്യാറായിരുന്നില്ല. ശരീഅത്തിന്റെ വിഷയത്തിൽ യാതൊരു മാറ്റത്തിനും വിട്ടുവീഴ്ചക്കും നീക്കുപോക്കിനും അവരുടെ മുന്നിൽ സാധ്യതപോലുമില്ലായിരുന്നു. അല്ലാഹു അന്ത്യപ്രവാചകനെ സംബോധന ചെയ്തുകൊണ്ട് പ്രഖ്യാപിക്കുന്നു: "അതിനാൽ നീ കൽപിക്കപ്പെടുന്നതെന്തോ അത് ഉറക്കെ പ്രഖ്യാപിക്കുക. ബഹുദൈവ വാദികളിൽ നിന്ന് തിരിഞ്ഞു കളയുകയും ചെയ്യുക."[24] മറ്റൊരിടത്ത് ഉപദേശിക്കുന്നു: "ഓ റസൂലേ, നിന്റെ രക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടത് ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുക. അങ്ങനെ ചെയ്യാത്തപക്ഷം നീ നിന്റെ ദൗത്യം നിറവേറ്റിയിട്ടില്ല. ജനങ്ങളിൽനിന്ന് അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്"[25] വേറൊരിടത്ത് അറിയിക്കുന്നു: "നീ വഴങ്ങിക്കൊടുത്തിരുന്നെങ്കിൽ അവരും വഴങ്ങിത്തരാമെന്നവർ ആഗ്രഹിക്കുന്നു."[26]

തൗഹീദിന്റെ വിഷയത്തിൽ മാത്രമല്ല, ഇസ്ലാമിന്റെ അടിസ്ഥാനപരമായ മുഴുവൻ വിശ്വാസകർമങ്ങളിലും വിട്ടുവീഴ്ചയുടെ സമീപനം റസൂലുല്ലാഹി (സ) സ്വീകരിച്ചിട്ടില്ല. യഥാർത്ഥ ബോധമുള്ളവരും കർമധീരരുമെന്ന് സ്വയം പരിചയപ്പെടുത്തുന്ന രാഷ്ട്രീയ നേതാക്കളുടെ എല്ലാ കാലത്തെയും സ്ഥലത്തെയും അവസ്ഥ ഇതിനു വിരുദ്ധമാണ്. ത്വാഇഫ് ഇസ്ലാമിന് കീഴടങ്ങിയപ്പോൾ ഖുറൈശികൾക്ക് ശേഷം അറേബ്യയിലെ പ്രമുഖസ്ഥാനം വഹിച്ചിരുന്ന സഖീഫ് ഗോത്രം ഇസ്ലാം സ്വീകരിച്ചു. തുടർന്ന് അവരുടെ ഒരു പ്രതിനിധി സംഘം റസൂലുല്ലാഹി (സ)യെ സമീപിച്ച് കൊണ്ട് അപേക്ഷിച്ചു: "മക്ക കഴിഞ്ഞാൽ ത്വാഇഫിന് ഏറ്റം പ്രാധാന്യം

www.abulhasanalinadwi.org

കൽപിക്കപ്പെടാൻ കാരണമായി കണ്ടിരുന്ന ലാത്ത എന്ന വിഗ്രഹം മൂന്ന് വർഷം കൂടി അവിടെ നിലനിൽക്കാൻ അനുവദിക്കണം. ഇതര വിഗ്രഹങ്ങളെപ്പോലെ അതിനെ തകർക്കരുത്." റസൂലുല്ലാഹി(സ) വ്യക്തമായി അതു നിരാകരിച്ചു. അവർ രണ്ട് വർഷത്തേക്കും പിന്നെ ഒരു വർഷത്തേക്കും ഇളവു ചോദിച്ചു. പക്ഷേ, റസൂലുല്ലാഹി(സ) ശക്തമായി നിരാകരിച്ചു. അവസാനം ഒരു മാസത്തെ ഇളവ് അവർ അപേക്ഷിച്ചു. റസൂലുല്ലാഹി(സ) അതു സ്വീകരിക്കുന്നതിനു പകരം ത്വാഇഫിൽ ബന്ധുക്കളുണ്ടായിരുന്ന അബൂസുഫ്യാനെയും, സഖീഫ് ഗോത്രക്കാരനായ മുഗീറത്തിനെയും അവിടേക്കയച്ച് വിഗ്രഹം തകർക്കാൻ കൽപിച്ചു. തുടർന്ന് തങ്ങളുടെ നമസ്കാരം ഒഴിവാക്കിത്തരണമെന്ന് ത്വാഇഫിലെ സംഘം അപേക്ഷിച്ചു. റസൂലുല്ലാഹി(സ) അരുളി: "നമസ്കാരമില്ലാത്ത ദീനിൽ യാതൊരു നൻമയുമില്ല." ശേഷം അവർ നാട്ടിലേക്ക് മടങ്ങിപ്പോയി. അബൂസുഫ്യാനും മുഗീറത്തും കൂട്ടത്തിൽപ്പോയി ലാത്തയെ തകർത്തുകളഞ്ഞു. അങ്ങനെ ത്വാഇഫ് നിവാസികളെല്ലാം ഇസ്‌ലാം സ്വീകരിച്ചു." "

പ്രബോധനത്തിന്റെ ആത്മാവിനോടും പ്രവാചകത്വത്തിന്റെ പ്രകൃതിയോടും പൊരുത്തപ്പെടുന്ന ശൈലിയും വാചകങ്ങളും മാത്രമേ പ്രവാചകൻമാർ അവരുടെ പ്രബോധനങ്ങളിൽ ഉപയോഗിച്ചിരുന്നുള്ളൂ. അതായത് അവർ വളരെ വ്യക്തമായി പരലോകത്തെക്കുറിച്ച് ഉണർത്തിയിരുന്നു. സ്വർഗീയ രസാനുഭൂതികളിൽ ആശ ജനിപ്പിച്ചിരുന്നു. നരകശിക്ഷയുടെ ഭയാനതകളെക്കുറിച്ച് വിരട്ടിയിരുന്നു. കൺമുമ്പിലുള്ളത് പോലെ സ്വർഗ-നരകങ്ങൾ വരച്ചുകാട്ടിയിരുന്നു. ബുദ്ധിപരമായ രേഖകളും പ്രയോജന പ്രത്യേകതകളും വിവരിക്കുന്നതിനു പകരം അദൃശ്യമായതിൽ വിശ്വാസമുണ്ടാക്കിയെടുക്കാൻ ജനങ്ങളോട് ആവശ്യപ്പെട്ടിരുന്നു. അവരുടെ കാലത്തും ഭൗതിക തത്വശാസ്ത്രങ്ങളും വീക്ഷണങ്ങളും ഉണ്ടായിരുന്നു. ആ കാലങ്ങളിലും ചില വിഭാഗങ്ങളിൽ പ്രത്യേക വിവരണശൈലി കാണപ്പെട്ടിരുന്നു. നബിമാർക്ക് അത് അജ്ഞാതവുമല്ലായിരുന്നു. ജനങ്ങളുടെ തത്വശാസ്ത്രങ്ങളും ശൈലികളുമാണ് അവർക്കിടയിൽ പ്രചാരത്തിലുള്ളത് എന്നും അവർക്കറിയാമായിരുന്നു. ഇതെല്ലാമായിരുന്നിട്ടും ജനങ്ങളെ തങ്ങളിലേക്കടുപ്പിക്കാൻ അവർ അതുപയോഗിച്ചില്ല. മറിച്ച്, അല്ലാഹുവിലും അവന്റെ വിശേഷണങ്ങളിലും മലക്കുകളിലും നൻമ-തിൻമകളുടെ വിധികളിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കാൻ അവർ ജനങ്ങളെ വ്യക്തമായി ക്ഷണിച്ചുകൊണ്ടിരുന്നു. വിശ്വസിച്ചാൽ പാരത്രികവിജയവും അല്ലാഹുവിന്റെ പ്രീതിയും ലഭിക്കുമെന്ന്, യാതൊരു ക്ഷമാപണവും ഇടയാട്ടവും നടത്താതെ അവർ സദാ പ്രഖ്യാപിച്ചുകൊണ്ടിരുന്നു.

പ്രബോധന വിഷയത്തിലുള്ള ഉപരിസൂചിത പ്രവാചക പ്രകൃതിക്കും ശൈലിക്കും ഉത്തമ ഉദാഹരണമാണ് രണ്ടാമത്തെ അഖബാ ഉടമ്പടി. യസ്

www.abulhasanalinadwi.org

രിബിൽ നിന്നും ഹജ്ജിനുവേണ്ടി മക്കാമുകർറമയിൽ എത്തിയ എഴുപത്തിമൂന്ന് പുരുഷന്മാരും രണ്ട് സ്ത്രീകളുമടങ്ങുന്ന ഒരു സംഘം അഖബക്കരികിലുള്ള ഒരു മലഞ്ചരിവിൽ ഒരുമിച്ചു കൂടി. അന്നുവരെ മുസ്ലിമാകാതിരുന്ന തങ്ങളുടെ പിതൃവ്യൻ അബ്ബാസിനോടൊപ്പം റസൂലുല്ലാഹി (സ) അവിടെയെത്തി. ഖുർആൻ പാരായണം നടത്തുകയും ഏകനായ അല്ലാഹുവിലേക്ക് അവരെ ക്ഷണിക്കുകയും, ഇസ്ലാം സ്വീകരണത്തിന് പ്രേരിപ്പിക്കുകയും ചെയ്തു. തുടർന്ന് ഇപ്രകാരം അരുളി: "നിങ്ങളുടെ കുടുംബക്കാരെ സംരക്ഷിക്കുന്നത് പോലെ നിങ്ങൾ എന്നെ ശ്രദ്ധിക്കുമെന്ന് ഞാൻ നിങ്ങളെക്കൊണ്ട് പ്രതിജ്ഞ ചെയ്യിപ്പിക്കുന്നു." ഞങ്ങളെ ഉപേക്ഷിച്ച് സ്വന്തം സമൂഹത്തിലേക്ക് തിരിച്ചു പോകുകയില്ലായെന്ന് റസൂലുല്ലാഹി(സ) കരാർ ചെയ്യണമെന്ന് അവരും അപേക്ഷിച്ചു. ഈ പ്രതിജ്ഞാ-കരാറുകളുടെ ദൂരവ്യാപകവും അപകടകരവുമായ പരിണിതഫലങ്ങളെ അവർ നന്നായി ഗ്രഹിച്ചിരുന്നു. പരിസരത്തുള്ള ഗോത്രങ്ങളെന്നല്ല മുഴുവൻ അറേബ്യയും ശത്രുക്കളായിത്തീരുമെന്ന് അവർ മനസ്സിലാക്കിയിരുന്നു. അവരിലെ അനുഭവസമ്പന്നനായ ഒരംഗം (അബ്ബാസുബ്നു ഉബാദാ അൻസാരി) ഈ അപകടങ്ങളെക്കുറിച്ച് ഉണർത്തുകയും ചെയ്തു. എന്നാൽ അവരെല്ലാവരും ഏക സ്വരത്തിൽ പറഞ്ഞു: "ഞങ്ങളുടെ സാമ്പത്തിക നഷ്ടവും ജീവിതനാശവും സഹിച്ചും ഞങ്ങൾ റസൂലുല്ലാഹി(സ)യെ സ്വീകരിക്കും." പിന്നെ റസൂലുല്ലാഹി (സ) യോട് അവർ ചോദിച്ചു: "ഞങ്ങൾ ഞങ്ങളുടെ വാഗ്ദാനം പൂർത്തീകരിച്ചാൽ ഞങ്ങൾക്ക് എന്ത് ലഭിക്കും?" വളരെ സങ്കീർണമായ ഒരു ചോദ്യമാണിത്. തിരുനബി(സ)യുടെ സ്ഥാനത്ത് ഒരു രാഷ്ട്രീയ നേതാവോ സാമുദായിക നായകനോ ആയിരുന്നുവെങ്കിൽ ഇതിന് ഇപ്രകാരം മറുപടി പറയുമായിരുന്നു: "തകർന്നടിഞ്ഞു കിടക്കുന്ന നിങ്ങളുടെ അവസ്ഥ നന്നായിത്തീരും. ഒരു സാധാരണ ഗോത്രത്തിൽ നിന്നും ഉയർന്ന് അറേബ്യ മുഴുവൻ മാനിക്കുന്ന ഒരു ജനസമൂഹമായി നിങ്ങൾ മാറും. നിങ്ങൾ ഒരു വൻ ശക്തിയായി ഉരുത്തിരിയും." ഈ മറുപടി സാങ്കൽപികമോ അവിശ്വസനീയമോ അല്ലായിരുന്നുതാനും. മറിച്ച്, ഇതിന്റെ സാധ്യതയും സ്വീകാര്യതയും വിളിച്ചറിയിക്കുന്ന എല്ലാവിധ അടയാള-ലക്ഷണങ്ങളും കാണപ്പെട്ടിരുന്നു. യസ്രിബുകാരിൽ തന്നെയുള്ള ഒരാൾ ഇതിന് മുമ്പുള്ള സംഗമത്തിൽ ഇപ്രകാരം പറയുകയും ചെയ്തിരുന്നു: "ഞങ്ങളുടെ സമൂഹത്തിൽ കാണപ്പെടുന്നതുപോലുള്ള ശത്രുത മറ്റൊരിടത്തും കാണില്ല. അല്ലാഹു തങ്ങൾ താങ്കളിലൂടെ അവരെ ഏകോപിപ്പിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു....." പക്ഷേ, റസൂലുല്ലാഹി(സ) അവരുടെ ഉപരിസൂചിത ചോദ്യത്തിന് മറുപടിയായി ഇത്രമാത്രം അരുളി: "സ്വർഗം." അവർ പറഞ്ഞു: "അവിടത്തെ അനുഗൃഹീത ഹസ്തം നീട്ടിയാലും." റസൂലുല്ലാഹി(സ) തന്റെ തിരുകരം നീട്ടി ബൈഅത്ത് ചെയ്തു."

www.abulhasanalinadwi.org

ഇതേ പ്രവാചക പ്രകൃതിയുടെ കാരണത്താൽ തന്നെ ശരീഅത്തിന്റെ ഒരു വിധിവിലക്കുകളിലും യാതൊരുവിധ ഭേദഗതികളും റസൂലുല്ലാഹി (സ) സമ്മതിച്ചിരുന്നില്ല. ആരുടെയെങ്കിലും ശുപാർശയും സമ്മർദവും കാരണം നിയമം മാറ്റിയിരുന്നില്ല. അടുത്തവരിലും അകന്നവരിലും എല്ലാവരിലും അല്ലാഹുവിന്റെ നിയമം നടപ്പിലാക്കിയിരുന്നു. മോഷണക്കുറ്റം പ്രകടമായ ബനൂമഖ്സൂം ഗോത്രത്തിലെ ഒരു സ്ത്രീയുടെ വിഷയത്തിൽ റസൂലുല്ലാഹി(സ)യുടെ പ്രത്യേക വാൽസല്യം കരസ്ഥമാക്കിയിരുന്ന ഉസാമാ(റ) ശുപാർശ ചെയ്തപ്പോൾ റസൂലുല്ലാഹി(സ) കോപത്തോടെ പ്രതികരിച്ചു: "അല്ലാഹു നിശ്ചയിച്ചു തന്ന ശിക്ഷാ നടപടിയിൽ നീ ശുപാർശ ചെയ്യുകയാണോ?" ശേഷം നടത്തിയ പ്രഭാഷണം ഇപ്രകാരമാണ്: "ജനങ്ങളേ, നിങ്ങൾക്ക് മുമ്പുള്ള സമുദായങ്ങൾ, ഉയർന്ന കുടുംബക്കാരാരെങ്കിലും മോഷണം നടത്തിയാൽ അവരെ വിട്ടയയ്ക്കുകയും താഴ്ന്നവരാരെങ്കിലും മോഷ്ടിച്ചാൽ അവരുടെ മേൽ ശിക്ഷാനടപടി കൈക്കൊള്ളുകയും ചെയ്യുമായിരുന്നു. ഇതാണ് അവരുടെ നാശകാരണം. അല്ലാഹുവിൽ സത്യം, മുഹമ്മദിന്റെ മകൾ ഫാത്തിമ മോഷ്ടിച്ചാൽ ഞാൻ അവളുടെ കൈവെട്ടുന്നതിലും വീഴ്ച്ച വരുത്തുന്നതല്ല."[29]

ദീനീ പ്രമാണങ്ങളിലുള്ള ഈ രോഷം നബിമാരുടെ സഹകാരികളിലും പിൻഗാമികളിലും കാണപ്പെട്ടിരുന്നു. അവരും ഭൗതികമായ വിജയപരാജയങ്ങളെയും ലാഭനഷ്ടങ്ങളെയും അവഗണിച്ചു കൊണ്ട് ഖുർആനികാധ്യാപനങ്ങളും ശരീഅത്ത് വിധികളും ഇസ്ലാമിക തത്വങ്ങളും സംരക്ഷിച്ചു. ചരിത്രത്തിൽ നിന്നും ഇതിനുള്ള സുന്ദരമായ ഒരു മാതൃക കാണുക: അൽ ജഫ്നാ രാജവംശത്തിൽപ്പെട്ട ജബ്‌ല ഗസ്സാനി എന്ന രാജാവ് അൽഗസ്സാൻ ഗോത്രത്തിലെ അഞ്ഞൂറ് പേരോടൊപ്പം മദീനാ മുനവ്വറയിൽ എത്തി. അദ്ദേഹം മദീനയിൽ പ്രവേശിച്ചപ്പോൾ അവിടത്തെ ഭവനങ്ങളിൽ കഴിയുന്ന ഒരൊറ്റ സ്ത്രീകളും അദ്ദേഹത്തിന്റെ മിന്നിത്തിളങ്ങുന്ന ആഡംബരവസ്ത്രങ്ങൾ നോക്കാൻ പുറത്തേക്ക് വന്നില്ല. തുടർന്ന് ഖലീഫാ ഉമർ ഹജ്ജിനു പുറപ്പെട്ടപ്പോൾ ജബലയും കൂട്ടത്തിൽ കൂടി. കഅ്ബാ ശരീഫ് ത്വവാഫ് ചെയ്തുകൊണ്ടിരുന്നപ്പോൾ തറയിൽ ഇഴയുന്ന ജബലുടെ മുണ്ടിൽ ബനൂഫസാറാ ഗോത്രത്തിൽപ്പെട്ട ഒരാൾ ചവിട്ടി. ഉടനെ അയാളുടെ മുണ്ട് അഴിഞ്ഞു. ജബല കൈ ഉയർത്തി ഫസാരിയുടെ മൂക്കിൽ ശക്തമായൊരു ഇടികൊടുത്തു. ഫസാരി ഉമർ (റ)ന്റെയടുക്കൽ പരാതി പറഞ്ഞു. ഉമർ(റ) ജബലയെ വിളിച്ചുവരുത്തി. എന്താണ് സംഭവമെന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു: "ഇയാളെന്റെ മുണ്ടഴിക്കാൻ ശ്രമിച്ചു. കഅ്ബയിലല്ലായിരുന്നുവെങ്കിൽ ഞാൻ അയാളുടെ നെറ്റി വാള് കൊണ്ട് വെട്ടുമായിരുന്നു." ഉമർ(റ) പ്രസ്താവിച്ചു: "നിങ്ങൾ അടിച്ചുവെന്ന കാര്യം സമ്മതിച്ചുകഴിഞ്ഞു. ഇനി ഒന്നുകിൽ നിങ്ങൾ അദ്ദേഹത്തിനെ കൊണ്ട് മാപ്പ്

www.abulhasanalinadwi.org

ചെയ്യിക്കുക. അല്ലെങ്കിൽ പ്രതികാരം ചെയ്യാൻ ഞാൻ അനുവദിക്കും." അദ്ദേഹം ചോദിച്ചു: "എന്ത് പ്രതികാരം?" ഉമർ(റ) അരുളി: "നിങ്ങൾ അദ്ദേഹത്തെ അടിച്ചത് പോലെ അദ്ദേഹം നിങ്ങളുടെ മൂക്കിൽ അടിക്കും." ജബല അദ്ഭുതപ്പെട്ടുകൊണ്ട് ചോദിച്ചു: "അതെങ്ങനെ നടക്കാനാണ്?" അയാൾ ഒരു സാധാരണക്കാരൻ. ഞാനാകട്ടെ എന്റെ രാജ്യത്തെ രാജാവ്." ഉമർ(റ) പ്രതിവചിച്ചു: "ഇസ്ലാം നിങ്ങൾ രണ്ട് പേരെയും തുല്യരാക്കിയിരിക്കുന്നു. ഇനി തഖ്‌വ കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും നിങ്ങൾക്ക് അദ്ദേഹത്തെക്കാൾ ശ്രേഷ്ഠനാവുക സാധ്യമല്ല." ജബഃല പറഞ്ഞു: 'ഇസ്ലാമിൽ പ്രവേശിച്ചാൽ മുമ്പത്തെക്കാൾ വലിയ അന്തസ്സും പരിഗണനയും ലഭിക്കുമെന്നാണ് ഞാൻ വിചാരിച്ചത്.' ഉമർ(റ) അരുളി: "ഈ സംസാരം നിർത്തുക. ഒന്നുകിൽ മാപ്പ് ചെയ്യിക്കുക. അല്ലെങ്കിൽ പ്രതികാര നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുക." ഉമറി(റ) ന്റെ ഗൗരവം കണ്ടപ്പോൾ ജബല പറഞ്ഞു: 'ഇന്ന് രാത്രി ഒന്ന് ആലോചിക്കാൻ എനിക്ക് അവസരം നൽകണം.' ഉമർ(റ) ഇളവുകൊടുത്തു. രാത്രിയുടെ ഇരുളിൽ മറ്റാരും അറിയാതെ ജബല തന്റെ കുതിരകളേയും ഒട്ടകങ്ങളേയും നയിച്ച് സിറിയയിലേക്ക് നാട് കടന്നു. രാവിലെ മക്കയിൽ അയാളുടെ ഒരടയാളവും ഇല്ലായിരുന്നു.

കുറേ കാലത്തിന് ശേഷം അയാളുടെ കൊട്ടാരം സന്ദർശിച്ച ഉസാമ കനാനി(റ) ജബലയുടെ രാജകീയ സുഖാഡംബരങ്ങൾ വിവരിച്ചപ്പോൾ ഉമർ(റ) പ്രതികരിച്ചു: "ജബല ഭാഗ്യഹീനനാണ്! ആഖിറത്തിന് പകരമായി അയാൾ ദുൻയാവ് വാങ്ങി. അയാളുടെ കച്ചവടം നഷ്ടം തന്നെ!!"[30]

നബിമാർ പ്രബോധനപാതയിൽ തന്ത്രജ്ഞത മുറുകെ പിടിക്കുകയും ജനങ്ങളുടെ ബുദ്ധിക്കും ബോധത്തിനും അനുസരിച്ച് ഉപദേശിക്കുകയും ചെയ്തിരുന്നില്ല എന്ന് ഇതിന് അർത്ഥമില്ല. ഇത്തരം ഒരാശയം ഖുർആനിക നിർദേശങ്ങൾക്കും നബിചരിത്രത്തിലെ നൂറ് കണക്കിന് സംഭവങ്ങൾക്കും വിരുദ്ധമാണ്. അല്ലാഹു അറിയിക്കുന്നു: "ഒരു സത്യദൂതനെയും തന്റെ ജനതയ്ക്ക് കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുന്നതിന് വേണ്ടി അവരുടെ ഭാഷയിൽ സംസാരിക്കുന്നവരായിട്ടല്ലാതെ നാം അയച്ചിട്ടില്ല."[31] ഈ ആയത്തിലെ 'ഭാഷ' എന്നതിന്റെ ഉദ്ദേശ്യം വെറും വാചകങ്ങൾ മാത്രമല്ല. സംസാരശൈലി, ബോധനമാർഗം ഇതിനെയെല്ലാം ഇത് ഉൾക്കൊള്ളുന്നു. യൂസുഫ്(അ) ജയിലിൽ വെച്ച്, രണ്ടു സുഹൃത്തുക്കളോട് നടത്തിയ ഉപദേശവും ഇബ്റാഹീം (അ), മൂസാ(അ) ഇരുവരും അതത് കാലത്തെ സമൂഹത്തോടും ഭരണാധികാരികളോടും നടത്തിയ ഭാഷണങ്ങളിലും ഇതിന്റെ ഹൃദ്യമനോഹരമായ മാതൃകകൾ ദർശിക്കാൻ കഴിയും.[32]

മറുഭാഗത്ത് അല്ലാഹു തആല, അന്ത്യപ്രവാചകനെയും തങ്ങളിലൂടെ മുഴുവൻ ഖുർആൻ അനുവാചകരെയും ഇസ്ലാമിക പ്രബോധകരെയും ഉപദേശിക്കുന്നു:"യുക്തി ദീക്ഷയോടു കൂടിയും സദുപദേശം മുഖേനയും

www.abulhasanalinadwi.org

നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിക്കുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക"[33] (അന്നഹ്ൽ 125). സഹാബികളെ പ്രബോധനപാതയിൽ അയക്കുമ്പോൾ മയവും കരുണയും മുറുകെപ്പിടിക്കാനും ലാളിത്യവും എളുപ്പവും ഉണ്ടാക്കിത്തീർക്കാനും സുവാർത്തകൾ അറിയിക്കാനും റസൂലുല്ലാഹി(സ) ഉപദേശിച്ചിരുന്നു. മുആദുബ്നു ജബലി(റ)നെയും അബൂമൂസൽ അശ്അരി (റ)യെയും യമനിലേക്കയച്ചപ്പോൾ അവിടന്ന് ഉപദേശിച്ചു: "എളുപ്പം ഉണ്ടാക്കുക, കടുപ്പം കാട്ടരുത്. സുവാർത്ത അറിയിക്കണം, വെറുപ്പിക്കരുത്." കൂടാതെ, റസൂലുല്ലാഹി(സ)യെ അല്ലാഹു അറിയിക്കുന്നു: "നബിയേ, അല്ലാഹുവിൽ നിന്നുള്ള കാരുണ്യംകൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീയൊരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റും നിന്ന് അവർ പിരിഞ്ഞു പോയ്ക്കളയുമായിരുന്നു."[34] റസൂലുല്ലാഹി(സ) സഹാബാക്കളെ സദാ ഉണർത്തിയിരുന്നു:"നിങ്ങളുടെ നിയോഗലക്ഷ്യം എളുപ്പമുണ്ടാക്കലാണ്, പ്രയാസങ്ങൾ സൃഷ്ടിക്കലല്ല"[35] (ബുഖാരി). ഈ വിഷയത്തിലുള്ള വചനങ്ങൾ അനവധിയാണ്. [36]

ഇതര നബിമാരുടെ ശൈലിയും ഇതുതന്നെയായിരുന്നു. നിരവധി നബിമാരെ സംയുക്തമായി വിവരിച്ചശേഷം അല്ലാഹു പ്രസ്താവിക്കുന്നു: "നാം വേദവും വിജ്ഞാനവും പ്രവാചകത്വവും നൽകിയിട്ടുള്ളവരത്രേ അവർ."[37]

എന്നാൽ ഈ എളുപ്പത്തിന്റെയും ക്രമീകരണത്തിന്റെയും ലാളിത്യത്തിന്റെയും ബന്ധം ശാഖാപരമായ വിഷയങ്ങളുമായി മാത്രമായിരുന്നു. ഇസ്ലാമിക വിശ്വാസങ്ങൾക്കും അടിസ്ഥാന തത്വങ്ങൾക്കും അതുമായി ഒരു ബന്ധവുമില്ല. വിശ്വാസകാര്യങ്ങളിലും അല്ലാഹുവിന്റെ നിയമാതിർത്തികളിലും എല്ലാ നബിവര്യൻമാരും ഇരുമ്പിനെക്കാൾ കടുപ്പമുള്ളവരും പർവതത്തെക്കാൾ ഉറച്ചവരുമായിരുന്നു.

4. പ്രവാചകപ്രവീണരുടെ പ്രബോധനത്തിന്റെ പ്രത്യേകതകളിൽ പ്രധാനപ്പെട്ട ഒന്നാണ്, പരലോക ജീവിതവും അതിൽ വിജയം വരിക്കലും അവരുടെ ഏറ്റവും വലിയ പ്രേരകമായി മനസ്സിലാക്കൽ. ഇതിനെക്കുറിച്ച് അവർ ധാരാളമായി ചിന്തിക്കുകയും അധികമായി അനുസ്മരിക്കുകയും ചെയ്തിരുന്നു. തൽഫലമായി ഇതവരുടെ ചിന്തയുടെ ശ്രദ്ധാബിന്ദുവും കർമരംഗങ്ങളുടെ അച്ചുതണ്ടുമായി തീർന്നിരുന്നു. സംശുദ്ധ മനസ്സോടെ അവിടെ സംഭവങ്ങളും വാചകങ്ങളും പഠനം നടത്തിയാൽ, 'ആഖിറത്ത്'(പരലോകം) ആണ് അവരുടെ മുഖ്യലക്ഷ്യം എന്ന് സ്പഷ്ടമായി മനസ്സിലാക്കാം. അവരെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായൊരു യാഥാർത്ഥ്യമാണത്. അതിനെക്കുറിച്ചുള്ള ഉറപ്പ് അവരുടെ മനസ്സിലും മസ്തിഷ്കത്തിലും നിറഞ്ഞുനിന്നിരുന്നു. സത്യവിശ്വാസികളും സൽക്കർമി

www.abulhasanalinadwi.org

കളുമായ ദാസൻമാർക്ക് അല്ലാഹു പരലോകത്തിൽ നിശ്ചയിച്ചിട്ടുള്ള അനുഗ്രഹങ്ങളെയും നിഷേധികൾക്കും പാപികൾക്കും തീരുമാനിച്ചിട്ടുള്ള ശിക്ഷകളെയും കുറിച്ചുള്ള നിരന്തരമായ വിചാരമാണ് അവരുടെ പരിശ്രമങ്ങളുടെ യഥാർത്ഥ പ്രേരകം. ജനങ്ങളുടെ വിശ്വാസം ശരിയാക്കാനും ജീവിതം നന്നാക്കാനും ഉടമയുമായുള്ള ബന്ധം നേരെയാക്കാനും അവർ പരിശ്രമിച്ചത് ഇതിനാലാണ്. ഈ ചിന്ത അവരെ സദാ അസ്വസ്ഥരാക്കിയിരുന്നു. അവരുടെ രാവുകളിലെ ഉറക്കവും പകലിലെ സമാധാനവും ഈ ചിന്ത ഇല്ലാതാക്കിക്കളഞ്ഞു. ഇതിന് അവരുടെ ജീവിതം മുഴുവൻ തെളിവാണ്.

ഉദാഹരണത്തിന് റസൂലുല്ലാഹി (സ) യുടെ ജീവിതം തന്നെ എടുക്കുക. ഇബ്നു മസ്ഊദ് (റ) പറയുന്നു: "ഒരിക്കൽ റസൂലുല്ലാഹി (സ) ഒരു പായയിൽ കിടക്കുകയായിരുന്നു. പായയുടെ അടയാളം പുണ്യശരീരത്തിൽ പതിഞ്ഞിരുന്നു. ഞാൻ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഇതിന് മുകളിൽ ഒരു വിരിപ്പ് വിരിക്കാൻ അനുവദിച്ചാലും." റസൂലുല്ലാഹി(സ) അരുളി: 'എനിക്ക് ഈ ലോകവുമായി എന്ത് ബന്ധം? ഒരു സവാരിക്കാരൻ ഒരു വൃക്ഷത്തണലിൽ അൽപനേരം വിശ്രമിച്ചശേഷം യാത്രയായതു പോലെയാണ് എന്റെയും ഈ ലോകത്തിന്റെയും ഉപമ."[38] ഉമർ(റ) വിവരിക്കുന്നു: "ഞാൻ റസൂലുല്ലാഹി(സ)യുടെ അരികിൽ ചെന്നപ്പോൾ അവിടുന്ന് ഒരു കീറപ്പായയിൽ ഇരിക്കുന്നതായി കണ്ടു. പുണ്യശരീരത്തിൽ അതിന്റെ പാടുകൾ പതിഞ്ഞിരിക്കുന്നു. തോലുകൊണ്ട് ഉണ്ടാക്കപ്പെട്ട് ഈന്തപ്പനക്കുരു നിറയ്ക്കപ്പെട്ട ഒരു തലയിണയും ഉണ്ടായിരുന്നു. റസൂലുല്ലാഹി(സ) അതിലേക്ക് ചാരി ഇരുന്നു. ഞാൻ ചുറ്റുഭാഗവും നോക്കി. അല്ലാഹുവിൽ സത്യം, മൂന്ന് തോൽ കഷണങ്ങളല്ലാതെ മറ്റൊന്നും അവിടെ കാണാൻ കഴിഞ്ഞില്ല. ഞാൻ പറഞ്ഞു അല്ലാഹുവിന്റെ ദൂതരേ, നയനാകർഷകമായ ഒന്നും തന്നെ ഞാനിവിടെ കാണുന്നില്ല. അങ്ങയുടെ അനുയായികൾക്ക് വിശാലത നൽകപ്പെടാൻ ദുആ ഇരന്നാലും. അല്ലാഹുവിനെ ആരാധിക്കാത്ത റോമക്കാർക്കും ഇറാനികൾക്കും ധാരാളമായി ഭൗതിക അനുഗ്രഹങ്ങൾ നൽകപ്പെട്ടിട്ടുണ്ടല്ലോ. റസൂലുല്ലാഹി(സ) ഇത് കേട്ടയുടനെ എഴുന്നേറ്റിരുന്ന് കൊണ്ട് അരുളി: 'ഉമറേ, നിങ്ങൾ ഇപ്പോഴും ഇങ്ങനെയാണോ ചിന്തിക്കുന്നത്. അനുഗ്രഹത്തിന്റെ ഓഹരികൾ മുഴുവൻ ഇഹലോകത്ത് തന്നെ നൽകപ്പെട്ട ജനങ്ങളാണവർ."[39] (ബുഖാരി)

നബവീ മദ്റസയിൽ ശിക്ഷണ-ശീലനങ്ങൾക്ക് സൗഭാഗ്യം സിദ്ധിച്ച സഹാബത്തിന്റെ അവസ്ഥയും ഇതുതന്നെയായിരുന്നു. പരലോക ജീവിതം അവരുടെ ചിന്തയിൽ സദാ നിറഞ്ഞു നിന്നിരുന്നു. അതിനെ ഒരിക്കലും അവർ അവഗണിച്ചിരുന്നില്ല. അതിനു പകരം മറ്റൊന്നും അവർ സ്വീകരിച്ചിരുന്നതുമില്ല. ഈ ഒരു വിശ്വാസ-ബോധത്തോടെയാണ് അവർ ജനങ്ങളെ പരലോക വിശ്വാസത്തിലേക്ക് ക്ഷണിച്ചിരുന്നത്."[40]

www.abulhasanalinadwi.org

ഇന്ന് ചിലർ, പരലോകവിശ്വാസത്തെ വളരെ നല്ലനിലയിൽ സ്ഥാപി ക്കാറുണ്ട്. അതിലൂടെ, മനുഷ്യജീവിതത്തിൽ വരുന്ന നന്മകളെയും പ്രയോ ജനങ്ങളെയും വിവരിക്കാറുമുണ്ട്. മനുഷ്യന്റെ സാമൂഹ്യജീവിതം നന്നാ ക്കിത്തീർക്കാനുള്ള ഒരു ഉത്തമ മാർഗമാണ് പരലോകവിശ്വാസം എന്ന് അവരുടെ വിവരണം ശ്രദ്ധിക്കുന്നവർക്കെല്ലാം മനസ്സിലാകും. ഒരുനിലയ്ക്ക് നോക്കുമ്പോൾ ഇവരുടെ ശൈലി തീർച്ചയായും പ്രോത്സാഹിപ്പിക്കപ്പെടേ ണ്ടതാണ്. പക്ഷേ, പ്രവാചകവര്യന്മാരുടെയും അവരുടെ യഥാർത്ഥ പിൻഗാ മികളുടെയും ചിന്താ-കർമ രീതികളിൽനിന്നും അത് വളരെ വിഭിന്നമാണ്. കാരണം, പരലോകത്തെക്കുറിച്ചുള്ള ഉറച്ചവിശ്വാസവും നിരന്തര ബോധവും അതിയായ താൽപര്യവുമാണ് നബവീമാർഗം. മറ്റുള്ളവരുടെ വഴിയാകട്ടെ, പരലോകത്തിന് ഒരു നിയമത്തിന്റെ സ്ഥാനം മാത്രം നൽകുന്ന ബാഹ്യ മായ രൂപം മാത്രമാണ്. ഒന്നാമത്തെ മാർഗത്തിലുള്ള പ്രബോധനത്തിൽ, വലിയ ശക്തിയും രസാനുഭൂതിയും ആവേശവും ഉണ്ടായിരിക്കും. രണ്ടാ മത്തെ വഴിയിലാകട്ടെ, സാമൂഹ്യ നന്മയ്ക്കാവശ്യമായ അളവിൽ മാത്രം അത് അനുസ്മരിക്കപ്പെടുന്നതാണ്. രണ്ടിനുമിടയിൽ വലിയ അന്തരമുണ്ട്.

5. അഞ്ചാമത്തെ പ്രത്യേകത ഇതാണ്: അല്ലാഹുവാണ് യഥാർത്ഥ അധികാരി എന്നതിൽ യാതൊരു സംശയവുമില്ല. നിയമ നിർമാണാധികാരം അല്ലാഹുവിന് മാത്രമാണ്. അല്ലാഹു അറിയിക്കുന്നു: "അല്ലാഹുവല്ലാത്ത മറ്റാർക്കും അധികാരമില്ല."[41] നിഷേധികളെക്കുറിച്ച് ഒരിടത്ത് ചോദിക്കുന്നു: "അല്ലാഹു കൽപിക്കാത്ത കാര്യങ്ങളെ മതമായി സ്ഥിരപ്പെടുത്താൻ യോഗ്യ തയുള്ള പങ്കാളികൾ അവർക്കുണ്ടോ?"[42] എന്നാൽ അല്ലാഹു പരമാധികാരി യായതോടു കൂടി സ്രഷ്ടാവും ഉടമസ്ഥനും കൂടിയാണ്. ഇത്തരുണത്തിൽ ഒരു ഭരണാധികാരിയോട് ഭരണീയർക്കും ഒരു രാജാവിനോട് പ്രജകൾക്കും ഉണ്ടാകേണ്ട ബന്ധത്തേക്കാൾ വളരെ ആഴവും പരപ്പും സൂക്ഷ്മവും സുശ ക്തവുമായ ബന്ധമാണ് സ്രഷ്ടാവും ഉടമസ്ഥനുമായ അല്ലാഹുവിനോട് സൃഷ്ടികളും അടിമകളുമായ മനുഷ്യർക്ക് ഉണ്ടാകേണ്ടത്. പരിശുദ്ധ ഖുർ ആനിൽ അല്ലാഹുവിന്റെ വിശുദ്ധനാമങ്ങളും തിരുഗുണങ്ങളും വളരെ വിശ ദമായും ഹൃദ്യമനോഹരമായും വന്നിട്ടുണ്ട്.[43] അല്ലാഹുവിനെ പരമാധികാ രിയായി വിശ്വസിക്കലും അവന്റെ പരമാധികാരത്തിൽ മറ്റാരെയും പങ്കു കാരാക്കാതിരിക്കലും മാത്രമല്ല ഈ വിശദീകരണത്തിന്റെ ഉദ്ദേശ്യം. പ്രത്യുത, ഖുർആനിൽ നിറഞ്ഞുകിടക്കുന്ന ഇലാഹീ തിരുഗുണങ്ങളും, അല്ലാഹുവിനെ സ്നേഹിക്കാനും അവനെ നിരന്തരം സ്മരിക്കാനുമുള്ള ആഹ്വാനങ്ങളും ശ്രദ്ധിച്ചാൽ ഒരു കാര്യം വ്യക്തമാകും. അല്ലാഹുവിനോ ടുള്ള സ്നേഹാനുരാഗം മനസ്സിലും മസ്തിഷ്കത്തിലും അരച്ച് അലിയി ക്കൽ ദാസന്റെ കടമയാകുന്നു. അവന്റെ പ്രീതിയുടെ പാതയിൽ ജീവൻ അർപ്പിക്കുക. സദാ അവന്റെ സ്തുതികീർത്തനങ്ങളുടെ ഗീതം ആലപി

www.abulhasanalinadwi.org

ക്കുക, അവന്റെ നാമം ഉരുവിട്ടുകൊണ്ടിരിക്കുക, അവനെക്കുറിച്ചുള്ള ധ്യാനം മനസ്സിന്റെ അടിത്തട്ടിൽ ഉറപ്പിക്കുക, അവന്റെ ഭയത്താൽ വിറച്ചു കൊണ്ടിരിക്കുക, അവന് മുന്നിൽ യാചനയുടെ കരങ്ങൾ നീട്ടി വിരിച്ച് അവന്റെ സൗന്ദര്യ-ഗാംഭീര്യങ്ങളിൽ ദൃഷ്ടി പതിപ്പിക്കുക, അവന്റെ പാത യിൽ സർവവും അർപ്പിക്കുക, എന്തിനേറെ തലയറുക്കപ്പെടാൻ കൊതി ക്കുക ഇതെല്ലാമാണ് അവയുടെ ലക്ഷ്യം.

6. ഈ ചർച്ചയിൽ പ്രത്യേകം പരാമർശിക്കേണ്ട മറ്റൊരു പ്രത്യേകത യിതാണ്: അല്ലാഹുവിന്റെ സമ്പൂർണദാസരും ആദരണീയ ദൂതരുമാണ് പ്രവാചകവര്യൻമാർ (അലൈഹിമുസ്സലാം). അവരുടെ നായകനാണ് അന്ത്യപ്രവാചകനായ മുഹമ്മദുർറസൂലുല്ലാഹി (സല്ലല്ലാഹു അലൈഹി വസല്ലം). അവരും അനുയായികളും തമ്മിലുള്ള ബന്ധം പോസ്റ്റുമാനും കത്ത് കൈപ്പറ്റുന്നയാളും തമ്മിലുള്ള ബന്ധം പോലെയല്ല. കത്ത് എത്തിച്ച് കഴിഞ്ഞാൽ അവർ തമ്മിലുള്ള ബന്ധം കഴിഞ്ഞു. അത് ലഭിച്ചശേഷം അവർ സർവതന്ത്രസ്വതന്ത്രരാണ്. ഇപ്രകാരം, യാദൃഛികവും നിയമപര വുമായുള്ള ബന്ധം നബിമാരോട് പുലർത്തുന്ന അനുയായികൾക്ക് നബി യുടെ മഹച്ചരിതം, ജീവിതരീതി, സ്വഭാവം, അഭിരുചി, കുടുംബജീവിതം, വ്യക്തിപരമായ അവസ്ഥകൾ ഇവയോട് ഒരു താൽപര്യവും കാണില്ല. തികച്ചും തെറ്റും അടിസ്ഥാനരഹിതവും ന്യൂനതയുള്ളതുമായ ഒരു ബന്ധ മാണിത്. നുബുവ്വത്തിന്റെയും നബിമാരുടെയും സമുന്നത സ്ഥാനത്തെ ക്കുറിച്ച് വിവരമില്ലാത്തവരിൽ മാത്രം കാണപ്പെടുന്നതാണ് ഈ ധാരണ. ഇക്കാലത്ത് സുന്നത്തുകളുടെ സ്ഥാനം ഗ്രഹിക്കാതിരിക്കുകയും ഹദീസി നെയും അതിന്റെ പ്രാമാണികതയെയും നിഷേധിക്കുകയും ചെയ്യുന്ന വിഭാ ഗത്തിൽ ഈ സങ്കൽപം പ്രചരിച്ചിരിക്കുന്നു. മതത്തെക്കുറിച്ചുള്ള ക്രൈസ്തവ സങ്കൽപങ്ങളുടെയും പാശ്ചാത്യ ചിന്താരീതികളുടെയും സ്വാധീനമാണ് അവരുടെ തെറ്റിന്റെ ഉറവിടം. യഥാർത്ഥത്തിൽ പ്രവാചക വര്യന്മാർ മുഴുവൻ മാനവരാശിക്കും സമ്പൂർണമായ മാതൃകയും സമുന്ന തരായ വഴികാട്ടിയുമാണ്. സ്വഭാവ ചിന്താരീതികളിലും സ്വീകാര്യ-അസ്വീ കാര്യങ്ങളിലും പരിപൂർണവും അന്തിമവുമായ അളവുകോലാണ്. അല്ലാ ഹുവിന്റെ അനുഗ്രഹ-ഔദാര്യങ്ങൾ വർഷിക്കുന്ന കേന്ദ്രസ്ഥാനമാണ്. അവ രുടെ സ്വഭാവ-പതിവുകളും ജീവിതശൈലികളുമെല്ലാം അല്ലാഹുവിങ്കൽ പ്രിയങ്കരമാണ്. മനുഷ്യരുടെ പലതരത്തിലുള്ള ജീവിതരീതികളിലും സ്വഭാ വങ്ങളിലും പതിവുകളിലും അല്ലാഹുവിങ്കൽ പ്രിയങ്കരമായത് നബിമാ രുടെ ജീവിതരീതിയും സ്വഭാവവും പതിവും മാത്രമാണ്. അവർ തിരഞ്ഞെ ടുത്ത പാത അല്ലാഹുവിങ്കൽ സ്വീകാര്യവും സ്ഥാനവുമുള്ള പാതയാണ്. നബിമാരുടെ പാദസ്പർശമേറ്റു എന്ന ഒറ്റക്കാരണത്താൽ ആ പാതയുമായി ബന്ധമുള്ള സകലകാര്യങ്ങളും അല്ലാഹുവിങ്കൽ പ്രിയങ്കരമായിത്തീരുന്നു.

www.abulhasanalinadwi.org

അവരുടെ ജീവിത-സ്വഭാവങ്ങളുമായി അടുക്കുന്നത് അല്ലാഹുവിന്റെ സ്നേഹവും-പ്രീതിയും നേടിയെടുക്കാനുള്ള എളുപ്പവും അടുത്തതുമായ വഴിയാണ്. കാരണം, സുഹൃത്തിന്റെ സുഹൃത്തും സുഹൃത്താണ്. അന്ത്യ പ്രവാചകൻ തിരുനബി (സ) യിലൂടെ അല്ലാഹു ഒരു പ്രഖ്യാപനം നടത്തുന്നത് കാണുക: "നബിയേ പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രേ."[44] മറുഭാഗത്ത് അക്രമത്തിന് കച്ചകെട്ടിയിറങ്ങുകയും നിഷേധം തിരഞ്ഞെടുക്കുകയും ചെയ്തവരിലേക്ക് മാനസികമായി ചായുന്നതും അവരുടെ ജീവിതശൈലിക്ക് മുൻഗണന നൽകുന്നതും അവരുമായി അകത്തോ, പുറത്തോ സാദൃശ്യത പ്രാപിക്കുന്നതും അല്ലാഹുവിന്റെ കോപത്തെ ഇളക്കിവിടുകയും അവനിൽനിന്ന് അടിമയെ അകറ്റിമാറ്റുകയും ചെയ്യുന്നതാണ്. അല്ലാഹു ഉണർത്തുന്നു: "അക്രമം പ്രവർത്തിച്ചവരുടെ പക്ഷത്തേക്ക് നിങ്ങൾ ചായരുത്. എങ്കിൽ നരകം നിങ്ങളെ സ്പർശിക്കുന്നതാണ്. അല്ലാഹുവിന് പുറമേ നിങ്ങൾക്ക് രക്ഷാധികാരികളേയില്ല. പിന്നീട് നിങ്ങൾ സഹായിക്കപ്പെടുന്നതല്ല."[45]

പ്രവാചകന്മാരുടെ ജീവിതരീതികൾ സന്മാർഗത്തിന്റെ വിളക്കുകളാണ്. അത് പഠിക്കാനും പകർത്താനും ഇസ്‌ലാം പ്രേരിപ്പിക്കുന്നു. അതിലൂടെ പ്രവാചകന്മാരുടെ നിറം മനുഷ്യരിൽ ഉണ്ടായിത്തീരും. ഈ നിറത്തെക്കുറിച്ച് അല്ലാഹു പ്രഖ്യാപിക്കുന്നു:

"പറയുക: ഞങ്ങൾ അല്ലാഹുവിന്റെ നിറം തിരഞ്ഞെടുത്തിരിക്കുന്നു. അല്ലാഹുവിന്റെ നിറത്തെക്കാൾ ഉത്തമമായ നിറം ആർക്കാണുള്ളത്? ഞങ്ങൾ അവനെ മാത്രം ആരാധിക്കുന്നവരാകുന്നു."[46]

പ്രവാചകന്മാരുടെ സ്വഭാവരീതികളും പതിവുകളും മഹത്തരമായി വിശേഷിപ്പിക്കപ്പെടാനുള്ള കാരണം ഇതാണ്. അവരുടെ വഴി സത്യവിശ്വാസികളുടെ വഴിയും പ്രകൃതിയുടെ പ്രേരകത്തിന്റെ പൂർത്തീകരണവുമാണെന്നും അതിനെതിരായ വഴികളെ വിവരമില്ലാത്തവരുടെ വഴിയും സംശുദ്ധ പ്രകൃതിയിൽ നിന്നുള്ള വ്യതിചലനവും ആണെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. കാരണം, ഒന്നാമത്തെ വഴി അല്ലാഹുവിന്റെ പ്രിയംകരരായ പ്രവാചകന്മാരുടെ പാതയാണ്. മറ്റുള്ളവയാകട്ടെ, സന്മാർഗത്തിന്റെ പ്രകാശം കൈവശമില്ലാത്ത ജനങ്ങളുടെ വഴിയാണ്.[47]

നബിമാരുടെ കൂട്ടത്തിൽ. റസൂലുല്ലാഹി(സ) യുടെ വിശുദ്ധ വ്യക്തിത്വത്തിന്റെ വിഷയത്തിൽ ഇക്കാര്യം കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. തിരുനബി(സ)യുടെ വ്യക്തിത്വവുമായുള്ള ബന്ധം ഒരിക്കലും നിയമപരമായ ബന്ധം മാത്രമാകാൻ പാടില്ല. സ്വന്തം ജീവൻ, സമ്പത്ത്, ബന്ധുമിത്രാദി

www.abulhasanalinadwi.org

കൾ ഇവരോടുള്ള സ്നേഹത്തെക്കാൾ ഉയർന്നു നിൽക്കുന്ന ആഴം നിറഞ്ഞ നിരന്തര സ്നേഹവും ആത്മീയ- വൈകാരിക ബന്ധവും ഉണ്ടായിരിക്കൽ അത്യാവശ്യമാണ്. സ്വഹീഹായ ഹദീസിൽ വന്നിരിക്കുന്നു: "നിങ്ങളുടെ മക്കളെക്കാളും മാതാപിതാക്കളെക്കാളും സർവജനങ്ങളെക്കാളും ഞാൻ നിങ്ങൾക്ക് പ്രിയങ്കരനായിത്തീരുന്നത് വരെ നിങ്ങളിലാരും മുഅ്മിനാകുന്നതല്ല"[48] മറ്റൊരു ഹദീസിൽ വന്നിരിക്കുന്നു: "നിങ്ങളെക്കാളും നിങ്ങൾക്ക് ഞാൻ പ്രിയങ്കരനാകുന്നത് വരെ നിങ്ങൾ മുഅ്മിനാകുന്നതല്ല."[49]

ഈ വിശുദ്ധ സ്നേഹത്തിന്റെ ഉറവിടങ്ങളെ ഉണക്കുകയോ ബലഹീനമാക്കുകയോ ചെയ്യുന്ന എല്ലാ മാധ്യമങ്ങളിൽ നിന്നും സുരക്ഷിതരായിരിക്കൽ അത്യാവശ്യമാണ്. വികാര-സ്നേഹങ്ങളിൽ തളർച്ചയും, സുന്നത്തിലുള്ള താൽപര്യക്കുറവും ഉണ്ടാക്കുന്ന കാര്യങ്ങളെ നന്നായി സൂക്ഷിക്കണം. "തിരുനബി(സ) യഥാർത്ഥ വഴികാട്ടിയും അന്ത്യപ്രവാചകനും ഏക നായകനും ആണ്" എന്ന വിശ്വാസത്തിൽ സംശയം ജനിപ്പിക്കുകയും, പ്രവാചക മഹച്ചരിതങ്ങളും പുണ്യഹദീസുകളും പാരായണം ചെയ്യുന്നതിൽ നിന്നും ശ്രദ്ധ തിരിക്കുകയും ചെയ്യുന്ന മുഴുവൻ പ്രവണതകളെയും കരുതിയിരിക്കണം. അൽ അഹ്സാബ്, അൽ ഹുജുറാത്ത്, അൽ ഫത്ഹ് മുതലായ സൂറത്തുകൾ ശ്രദ്ധയോടെ പഠിക്കുകയും അത്തഹിയ്യാത്തിലും ജനാസ നമസ്കാരത്തിലും 'സ്വലാത്ത്' ഘടകമാക്കിയതിൽ ഉറ്റാലോചിക്കുകയും സ്വലാത്തിനെക്കുറിച്ച് ഖുർആനിൽ വന്ന പ്രേരണയെയും ഹദീസുകളിൽ ധാരാളമായി പറയപ്പെടുന്ന മഹത്വങ്ങളെയും കുറിച്ച് പരിചിന്തനം നടത്തുകയും ചെയ്താൽ വളരെ എളുപ്പത്തിൽ ഒരു കാര്യം മനസ്സിലാകും. ബാഹ്യമായ അനുസരണക്ക് മാത്രം പ്രേരകമാകുന്ന നിയമപരമായ ബന്ധത്തെക്കാൾ ഉപരിയായ ഒരു ബന്ധം റസൂലുല്ലാഹി (സ)യുമായി മുസ്ലിംകൾക്ക് അത്യാവശ്യമാണ്. അതേ, തിരുനബി(സ) യോട് മര്യാദയും ആദരവും സ്നേഹവും നന്ദിയും സമ്മിശ്രമായ ഒരു വികാരം നമുക്കാവശ്യമാണ്. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും അതിന്റെ ഉറവ പൊട്ടണം. അത് മജ്ജയിലും മാംസത്തിലും നാഡിയിലും ഞരമ്പിലും കലരണം. ഇത്തരം അനുരാഗം നിറഞ്ഞ ആദരവും ആദരവ് കലർന്ന അനുരാഗവുമാണ് ഖുർആനിലെ ഈ ആയത്തിന്റെ ആശയം: "അല്ലാഹുവിന്റെ ദൂതനെ നിങ്ങൾ സഹായിക്കുകയും, ആദരിക്കുകയും ചെയ്യുക." [50]

ഇതിന് ജീവനുള്ള ഉദാഹരണങ്ങൾ സഹാബത്തിന്റെ ചരിത്രത്തിൽ ദർശിക്കാൻ കഴിയും. സൈദുബ്നു ദസനയെ കൊലക്കളത്തിലേക്ക് കൊണ്ടു പോകവേ അബൂസുഫ്യാൻ ചോദിച്ചു: " നിങ്ങളുടെ സ്ഥാനത്ത് മുഹമ്മദ് ആയിരിക്കാനും നിങ്ങൾ വീട്ടിൽ സുരക്ഷിതനായിരിക്കാനും ഇഷ്ടപ്പെടുന്നുവോ?" സൈദ് (റ) പ്രതിവചിച്ചു: "അല്ലാഹുവിൽ സത്യം. തിരുനബി (സ) ഇപ്പോൾ ഉള്ള സ്ഥലത്ത് വെച്ച് തന്നെ അവിടുത്തെ കാലിൽ

www.abulhasanalinadwi.org

ഒരു മുള്ള് തറക്കുന്നതും ഞാൻ വീട്ടിൽ സസുഖം കഴിയുന്നതും എനിക്ക് സഹിക്കാൻ കഴിയില്ല."[51] ബനൂദീനാറിലെ ഒരു മുസ്‌ലിം വനിതയുടെ ഭർത്താവും പിതാവും സഹോദരനും ഉഹുദ് യുദ്ധത്തിൽ ശഹീദായി. ഈ വാർത്ത അവരെ അറിയിക്കപ്പെട്ടപ്പോൾ അവർ ഉടനെ തന്നെ ചോദിച്ചു: "റസൂലുല്ലാഹി(സ) യുടെ അവസ്ഥ എന്താണെന്ന് എനിക്ക് പറഞ്ഞുതരുക." റസൂലുല്ലാഹി(സ) സന്തോഷത്തിലാണെന്ന് പറഞ്ഞപ്പോൾ തങ്ങളെ കാണിച്ചുതരാൻ അവർ ആവശ്യപ്പെട്ടു. അങ്ങനെ അനുഗൃഹീത വദനം ദർശിച്ച് അവർ പറഞ്ഞു: "അവിടന്ന് ഉണ്ടായിരിക്കുമ്പോൾ എല്ലാ നാശനഷ്ടങ്ങളും എനിക്ക് നിസ്സാരമാണ്."[52] ഉഹുദ് യുദ്ധത്തിൽ അബൂദുജാന(റ) റസൂലുല്ലാഹി(സ)യുടെ മുന്നിൽ പരിച കണക്കെ നിന്ന് അക്രമങ്ങൾ ഏറ്റുവാങ്ങി.[53] റസൂലുല്ലാഹി (സ)യെ തൊട്ടു പ്രതിരോധിച്ച അബൂ തൽഹ(റ)യുടെ കൈക്ക് വെട്ടേറ്റു. അതിന്റെ ചലനശേഷി തീർത്തും നഷ്ടപ്പെട്ടു. സഹാബത്തിന്റെ ഇത്തരം സ്നേഹാദരങ്ങൾ കണ്ടതിനാൽ അന്നുവരെ മുസ്‌ലിമാകാതിരുന്ന അബൂ സുഫ്‌യാൻ പറഞ്ഞു: "മുഹമ്മദിന്റെ കൂട്ടുകാർ മുഹമ്മദിനെ സ്നേഹിക്കുന്നത് പോലെ ആരും ആരെയും സ്നേഹിക്കുന്നത് ഞാൻ കണ്ടിട്ടില്ല." ഖുറൈശികളോട് അവരുടെ ദൂതനായിരുന്ന ഉർവാ പറഞ്ഞു: "അല്ലാഹുവിൽ സത്യം, ഞാൻ കിസ്‌റയുടെയും കൈസറിന്റെയും ദർബാറിൽ പോയിട്ടുണ്ട്. മുഹമ്മദിന്റെ കൂട്ടുകാർ അദ്ദേഹത്തെ ആദരിക്കുന്നത് പോലെ ഒരു രാജാവും ആദരിക്കപ്പെടുന്നത് ഞാൻ കണ്ടിട്ടില്ല."

ദീനിന്റെ യഥാർത്ഥ ആത്മാവ് ഉൾക്കൊണ്ട അടിയുറച്ച പണ്ഡിതർക്കും നവോത്ഥാന നായകർക്കും പ്രവാചക പ്രേമത്തിന്റെ വലിയൊരംശം നൽകപ്പെട്ടിരുന്നു. അവരിലൂടെ ദീനിനും സമുദായത്തിനും പുത്തനുണർവും നവോന്മേഷവും ലഭ്യമായി. ശരീഅത്തിന്റെ നിയമമര്യാദകൾക്കനുസൃതമായും സഹാബത്തിന്റെ മാതൃക അനുധാവനം ചെയ്തുകൊണ്ടുമുള്ള ഈ പരിശുദ്ധ സ്നേഹാനുരാഗം കൂടാതെ പ്രവാചകചര്യ പൂർണമായി പിൻപറ്റാനും ശരീഅത്തിലടിയുറച്ച് നിൽക്കാനും സ്വന്തം അവസ്ഥയെ നന്നായി നിരൂപണം ചെയ്യാനും എളുപ്പത്തിലും പ്രയാസത്തിലും ഉൽസാഹത്തിലും വെറുപ്പിന്റെ സന്ദർഭത്തിലും എല്ലാ അവസ്ഥയിലും അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കാനും സാധിക്കുകയില്ല. പല തരത്തിലുള്ള മാനസികരോഗങ്ങൾക്കുള്ള ചികിത്സയും അകവും പുറവും നന്നാക്കാനുള്ള ശക്തമായ സിദ്ധൗഷധവുമാണിത്. സ്നേഹത്തിന്റെ ഒരു തിരമാല ഉയർന്നാൽ മുഴുവൻ ചണ്ടികളും ചെളികളും അത് ഒഴുക്കിക്കളയും. നാഡി ഞരമ്പുകളും ശരീരവും ഹൃദയവും അത് ശുദ്ധീകരിക്കും. "പൂവനത്തിൽ പുലർക്കാലത്ത് ചാറ്റൽമഴയുണ്ടായാൽ അതെന്തൊരു രസമാണ്?" ഹാ. അല്ലാഹുവിനോടും റസൂലിനോടുമുള്ള അദമ്യമായ സ്നേഹത്താൽ ഒരിക്കൽ ആളിക്കത്തുന്ന അഗ്നിയായിരുന്നു

www.abulhasanalinadwi.org

മുസൽമാൻ. അതവർക്കില്ലാതായപ്പോൾ ഇന്നവർ ഉണങ്ങിവരണ്ട മരവും നനഞ്ഞുറച്ച ചാരക്കൂമ്പാരവുമായി മാറിയിരിക്കുന്നു !! "പ്രേമത്തിന്റെ അഗ്നി യണഞ്ഞു. ഇരുൾ വ്യാപകമായി ഇപ്പോൾ മുസൽമാനില്ല. ചാരക്കൂമ്പാരം മാത്രം."

7. ഈ ദീനിന്റെ സമ്പൂർണതയും സർവ കാലികതയുമാണ് മറ്റൊരു പ്രത്യേകത. ഇഹലോകവിജയത്തിനും പരലോക മോക്ഷത്തിനും നിദാന മായ വിശ്വാസകർമങ്ങൾ സമ്പൂർണമായി അധ്യാപനം നൽകപ്പെട്ടു കഴിഞ്ഞു. അല്ലാഹു അരുളുന്നു: "മുഹമ്മദ് നിങ്ങളുടെ പുരുഷന്മാരിൽ ഒരാ ളുടെയും പിതാവല്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതരും പ്രവാചക ന്മാരിൽ അവസാനത്തെയാളുമാകുന്നു. അല്ലാഹു ഏത് കാര്യത്തെക്കുറിച്ചും അറിവുള്ളവനാകുന്നു." [55]

സുവ്യക്തമായ അറബിയിൽ ഖുർആൻ സ്പഷ്ടമായി പ്രഖ്യാപി ക്കുന്നു: ഇസ്ലാം അതിന്റെ സമ്പൂർണത പ്രാപിച്ചുകഴിഞ്ഞു. ലോകാവ സാനം വരെയുള്ള മാനുഷികാവശ്യങ്ങൾ പൂർത്തീകരിക്കാനും നിരന്തരം നിലനിൽക്കാനുമുള്ള യോഗ്യതയുടെ സ്ഥാനത്തെത്തിയിരിക്കുന്നു. "ഇന്ന് നാം നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റുകയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ നാം നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു." [56]

ഹിജ്റ പത്തിൽ ഹജ്ജത്തുൽ വിദാഇന്റെ സന്ദർഭത്തിൽ അറഫാ ത്തിലാണ് ഈ ആയത്ത് അവതരിച്ചത്. ഗതകാല മതങ്ങളെക്കുറിച്ച് പഠനം നടത്തിയിരുന്ന ബുദ്ധിമാൻമാരായിരുന്ന ചില യഹൂദി പണ്ഡിതർ ഇത് കേട്ടപ്പോൾ മുസ്ലിംകൾക്ക് മാത്രം നൽകപ്പെട്ട അന്തസ്സും മറ്റൊരു മത ത്തിനും പങ്കില്ലാത്ത ഇസ്ലാമിന്റെ മാത്രം പ്രത്യേകതയും ആണ് ഇതെന്ന് ഗ്രഹിച്ചു. അവർ, അമീറുൽ മുഅ്മിനീൻ ഉമറി(റ)നോട് പറഞ്ഞു: "ഈ ആയത്ത് ഞങ്ങളുടെ വിഷയത്തിൽ ഇറങ്ങിയിരുന്നുവെങ്കിൽ ആ ദിവസം ഞങ്ങൾ പെരുന്നാളായി ആഘോഷിക്കുമായിരുന്നു. ഇത് കേട്ട് ഉമർ(റ) പ്രതിവചിച്ചു: "ഈ ആയത്ത് എവിടെ, എപ്പോൾ ഇറങ്ങിയെന്ന് എനിക്ക് നന്നായറിയാം. അത് അറഫാ ദിവസമായിരുന്നു." [57]

റസൂലുല്ലാഹി(സ)യിലൂടെയുള്ള പ്രവാചകത്വ പരിസമാപ്തി മാനവ രാശിയുടെ മേൽ അല്ലാഹു ചെയ്ത മഹത്തായ ഒരു കാരുണ്യമാണ്. ശക്തി യിലും പ്രായത്തിലും വളർച്ചയിലും മാനവികത പൂർണത പ്രാപിച്ചു എന്ന പ്രഖ്യാപനവുമാണ്. നൂറ്റാണ്ടുകളായി അവർ കഴിഞ്ഞുകൊണ്ടിരുന്ന ഇടു ങ്ങിയ മേഖലയിൽ നിന്നും ഇപ്പോൾ അവർ പുറത്തിറങ്ങി. വിജ്ഞാനം. സംസ്കാരം, സഹകരണം, പരിചയം, ആഗോള ഏകത്വം, പ്രപഞ്ചത്തെ കീഴ ടക്കൽ എന്നിവകളുടെ അതിവിശാലമായ മണ്ഡലങ്ങളിലേക്ക് അവർ

www.abulhasanalinadwi.org

പ്രവേശിച്ചു. പ്രകൃതിപരമായ തടസ്സങ്ങൾക്കും ഭൂമിശാസ്ത്രപരമായ വിഭജനങ്ങൾക്കും ഒറ്റപ്പെട്ടുകഴിയാനുള്ള താൽപര്യങ്ങൾക്കും നിയന്ത്രണം വന്നു. സ്വദേശം, സ്വദേശി എന്നതിനുപകരം പ്രപഞ്ചം, മാനവികത, ആഗോള സത്യദർശനം, സംയുക്തമായ വിജ്ഞാനം എന്നിവകളുമായി അവർ ബന്ധപ്പെട്ടു. പ്രകൃതിദത്തമായ കഴിവുകളും മാധ്യമങ്ങളും വിശ്വാസമുള്ള ബുദ്ധിയും സംശുദ്ധമായ മനസ്സും സംയുക്തമായ പരിശ്രമവും മുഖേന വിശാലമായ കർമ മണ്ഡലങ്ങളിലേക്ക് അവർ പ്രവേശിച്ചു.

കഴിഞ്ഞ കാലഘട്ടത്തിൽ പ്രവാചകത്വത്തിന് പരിസമാപ്തി കുറിക്കപ്പെടാത്ത കാരണത്താൽ സത്യവും അസത്യവും കൂടികലരുന്ന അവസ്ഥ സംജാതമായിരുന്നു. തെറ്റായ നിലയിൽ ഇടക്കിടെ പലരും പ്രവാചകത്വവാദമുന്നയിച്ച് ജനങ്ങളെ അസത്യത്തിലേക്ക്ക്ഷണിച്ചു കൊണ്ടിരുന്നു. തദ്ഫലമായി ഗതകാല സമുദായങ്ങൾക്ക് വലിയ പരീക്ഷണങ്ങൾ നേരിടേണ്ടിവന്നു. യഹൂദ-ക്രൈസ്തവലോകത്ത് ഇത്തരം പ്രവാചകത്വവാദികളുടെ വേലിയേറ്റം ഒരു ഫാഷനായി മാറി. ഈ പ്രശ്നത്തിന്റെ വ്യാപകത കാരണം അവരുടെ ചിന്തയും ശേഷിയും ഗുണകരമായ മറ്റൊരു കാര്യത്തിലേക്കും തിരിയാതെ, ഇതിലേക്ക് മാത്രം തിരിഞ്ഞു. അവർക്കിടയിൽ ഇത് വലിയ ഭിന്നതയും അസ്വസ്ഥതയും പിരിമുറുക്കവും സൃഷ്ടിച്ചു.[58]

പ്രവാചകത്വ പരിസമാപ്തിയിലൂടെ മനുഷ്യശേഷിയും ശക്തിയും ഈ അപകടത്തിൽ നിന്നും സുരക്ഷിതമായി. ഇനി പുതിയൊരു പ്രവാചകൻ വരാനില്ലാത്തതിനാൽ ഒരു പുത്തൻ പ്രവാചകത്വവാദിയെക്കുറിച്ച് അയാൾ സത്യസന്ധനോ വ്യാജനോ എന്ന് പഠിച്ചും ചിന്തിച്ചും മനുഷ്യന്റെ പരിമിതമായ ആരോഗ്യവും സമയവും കളയേണ്ടതില്ല. പുതിയൊരു സന്ദേശത്തിനായി ഇടക്കിടെ ഇനി ആകാശത്തിലേക്ക് ദൃഷ്ടി പായിക്കേണ്ട ആവശ്യവുമില്ല. അതിനു പകരം മഹത്തായ കഴിവുകൾ അന്തിമമായ സത്യസന്ദേശം പ്രപഞ്ചത്തിൽ പ്രചരിപ്പിക്കാൻ ചെലവഴിക്കുക. ചുരുക്കത്തിൽ ചിന്തയെ ശിഥിലമാക്കുകയും ഐക്യം തകർത്തെറിയുകയും ചെയ്യാൻ സാധ്യതയുള്ള വലിയൊരു പരീക്ഷണത്തിൽനിന്ന് പ്രവാചക പരിസമാപ്തിയിലൂടെ മുസ്‌ലിം ഉമ്മത്ത് രക്ഷപ്പെട്ടിരിക്കുകയാണ്. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഈ ഉമ്മത്തിന് നാശകരമായ ഗൂഢാലോചനകളെ തിരിച്ചറിയാനും നേരിടാനും സാധിക്കും. വിശ്വാസ- കർമങ്ങളുടെ ഏകത്വം സംരക്ഷിക്കാൻ കഴിയും. കാരണം, ഈ സമുദായത്തിന് ഒരു ആത്മീയകേന്ദ്രവും ആഗോളതലത്തിൽ ഒരു സാംസ്കാരിക-വൈകാരിക അടിത്തറയും ഖണ്ഡിതമായ ഒരസ്തിത്വവും ഉണ്ട്. ഇവയുമായി ഈ സമുദായം ആഴത്തിൽ ശക്തമായി ബന്ധപ്പെട്ടിരിക്കുന്നു. അതിൽനിന്നും തങ്ങളുടെ ഉത്തരവാദിത്വം മനസ്സിലാക്കാൻ കഴിയും. നാശത്തിന്റെയും തിന്മയുടെയും വിപാടനത്തിനും സത്യത്തിന്റെയും നന്മയുടെയും സംസ്ഥാപന

www.abulhasanalinadwi.org

ത്തിനും സത്യദീനിലേക്കുള്ള പ്രബോധനത്തിനും അവരെ ഉണർത്തുകയും ഉൽസുകരാക്കുകയും ചെയ്യുന്നു. അതുകൊണ്ട് മുസ്‌ലിം ഉമ്മത്തിന് ഇനി പുതിയൊരു നബിയുടെയോ മഅ്സൂം(പാപസുരക്ഷിതൻ) ആയ ഒരു ഇമാം പ്രത്യക്ഷപ്പെടേണ്ടതിന്റെയോ യാതൊരാവശ്യവുമില്ല. ഇസ്‌ലാമിന്റെ നവ ജാഗരണത്തിനും ദീനീ ത്യാഗപരിശ്രമങ്ങൾക്കും നിയമത്തിനും ബുദ്ധിക്കും നിരക്കാത്ത വ്യക്തിത്വത്തെ അവലംബിക്കേണ്ട സാഹചര്യവുമില്ല. "നമ്മുടെ മേലും മുഴുവൻ മാനവരാശിയുടെ മേലും അല്ലാഹു ചെയ്ത വലിയൊരു ഔദാര്യമാണിത്. പക്ഷേ, അധികം ജനങ്ങളും നന്ദിരേഖപ്പെടുത്തുന്നില്ല."

8. ഈ ദീനിന്റെ യാഥാർത്ഥ്യം നവജീവനോടെ എക്കാലവും നില നിൽക്കുന്നു എന്നതാണ് മറ്റൊരു പ്രത്യേകത. ലോകാവസാനം വരെ സുര ക്ഷിതമായും സുഗ്രാഹ്യമായും നിലനിൽക്കുന്ന ഗ്രന്ഥമാണ് പരിശുദ്ധ ഖുർ ആൻ. അതിന്റെ അനുയായികൾ പൊതുവായ നിലയിൽ ദുർമാർഗത്തിലും വിവരക്കേടിലും വഞ്ചനയിലും ഗൂഢാലോചനയിലും ഒരിക്കലും അകപ്പെ ടുകയില്ല. ധാരാളം സമുദായങ്ങൾ ചരിത്രത്തിന്റെ വിവിധ ദശകളിൽ ഇത്തരം കുഴപ്പങ്ങളിൽ കുടുങ്ങിയിട്ടുണ്ട്. ക്രൈസ്തവലോകം അവരുടെ പ്രഥമ ഘട്ടത്തിൽതന്നെ വലിയ വഴികേടിന് ഇരയായി. പരിശുദ്ധ ഖുർആ നിൽ നിന്നും ഏറ്റവും കൂടുതൽ പാരായണം ചെയ്യപ്പെടുന്ന 'സൂറത്തുൽ ഫാതിഹ'യിൽ 'ദാല്ലീൻ' (വഴികെട്ടവർ) എന്ന പദപ്രയോഗത്തിൽ അവരെ സ്മരിച്ചതിന്റെ രഹസ്യവും ഇത് തന്നെയാണ്. ക്രൈസ്തവതയുടെ ചരിത്രം വസ്തുനിഷ്ഠമായി പഠിച്ചവർ ഖുർആനിന്റെ അമാനുഷികത പ്രകടമാ ക്കുന്ന ഈ പ്രസ്താവന സമ്മതിക്കുന്നതാണ്. ഈസാനബി(അ) പ്രബോ ധനം ചെയ്ത പാതയിൽനിന്നും ക്രൈസ്തവ ബാല്യ ദശയിൽതന്നെ തെറ്റു കയും നേരെ എതിർദിശയിൽ സഞ്ചാരം ആരംഭിക്കുകയും ചെയ്തു. ഒരു ക്രൈസ്തവപണ്ഡിതനായ ഏണെസ്റ്റ് ഡി ബെൻസൺ (Ernest De Bunsen) എഴുതുന്നു: "ബൈബിളിൽ നാം കാണുന്ന വിശ്വാസത്തിലേക്കും ജീവിത ത്തിലേക്കും മഹാനായ യേശു ഒരിക്കലും വാചാ-കർമണാ ക്ഷണിച്ചിട്ടില്ല. ക്രൈസ്തവരുടെയും യഹൂദ-മുസ്‌ലിംകളുടെയും ഇടയിൽ ഇന്ന് നില നിൽക്കുന്ന ഭിന്നതയുടെ ഉത്തരവാദിത്വം യേശുവിനല്ല. മറിച്ച്, മതവിരുദ്ധ നായ പോളിന്റെ കുതന്ത്രങ്ങളാണിവ. ഏസാനി (Essenio) മതത്തിന്റെ പ്രചാ രകനായിരുന്ന സ്റ്റീഫനെ അനുകരിച്ചു കൊണ്ട്, നിരവധി ആചാര-വിശ്വാ സങ്ങൾ യേശുവിലേക്ക് പോൾ ചേർത്തു പറഞ്ഞു. ഇന്ന് ബൈബിളിൽ കാണപ്പെടുന്ന പരസ്പരവിരുദ്ധമായ സംഭവങ്ങളും യേശുവിനെ വളരെ ഉയർത്തിക്കാട്ടിക്കൊണ്ടുള്ള ചിത്രീകരണങ്ങളും പോളിന്റെ സൃഷ്ടികളാണ്. യേശുവിന് അതുമായി ഒരു ബന്ധവുമില്ല. പോളും അദ്ദേഹത്തിന് ശേഷം വന്ന പുരോഹിതന്മാരുമാണ് നിലവിലുള്ള ക്രൈസ്തവ വിശ്വാസങ്ങളും കർമങ്ങളും സ്ഥാപിച്ചത്. അവയെ പതിനെട്ട് നൂറ്റാണ്ടുകളായി ഓർത്തോ

www.abulhasanalinadwi.org

ഡക്സ് ക്രൈസ്തവലോകം മുറുകെ പിടിച്ചുവരുന്നു''[59]

എന്നാൽ ഇസ്‌ലാമിന്റെയും അതിന്റെ അടിസ്ഥാന ശിലയായ ഖുർആനിന്റെയും കാര്യം ഇങ്ങനെയല്ല. അതിന്റെ സംരക്ഷണം അല്ലാഹുതന്നെ ഏറ്റെടുത്തിരിക്കുന്നു. അല്ലാഹു അരുളുന്നു: "തീർച്ചയായും ഈ ഉപദേശം നാമാണ് അവതരിപ്പിച്ചത്. നാം തന്നെ അതിനെ സംരക്ഷിക്കുന്നതാണ്."[60] ഖുർആനിന്റെ വചനങ്ങൾ പോലെത്തന്നെ, അതിന്റെ യഥാർത്ഥ ആശയവും വ്യാഖ്യാനവും അതനുസരിച്ചുള്ള വിശ്വാസവും ജീവിതവും സംരക്ഷിക്കപ്പെടുമെന്ന് ഈ പ്രഖ്യാപനത്തിൽ അടങ്ങിയിട്ടുണ്ട്. ആശയം ഗ്രാഹ്യമല്ലാത്തതും സന്ദേശം തള്ളപ്പെട്ടതുമായ ഒരു ഗ്രന്ഥം സംരക്ഷിക്കപ്പെടുന്നതുകൊണ്ട് ഒരു ഗുണവുമില്ലല്ലോ. മറ്റൊരിടത്ത് പ്രസ്താവിക്കുന്നു: "തീർച്ചയായും അതിന്റെ (ഖുർആന്റെ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം ഓതിത്തന്നാൽ ആ ഓതലിനെ താങ്കൾ പിൻതുടരുക. പിന്നീട് അത് വിവരിച്ച് തരലും നമ്മുടെ ബാധ്യതയാകുന്നു." [61]

വഴികേടിന്റെയും അജ്ഞതയുടെയും ഇരുളുകൾ ആഴത്തിലും വിശാലമായും പരന്നതും ലോകചരിത്രത്തിൽ ഏതാനും ഹ്രസ്വമായ ഇടവേളകളിൽ മാത്രം പ്രാവർത്തികവുമായ മതത്തിന് യാതൊരു വിശ്വാസ്യതയുമില്ല. സുദീർഘവും മെച്ചവുമായ കാലാവസ്ഥ ലഭിച്ചിട്ടും ഫലം നൽകാത്ത വൃക്ഷം, വേര് ഭൂമിയിൽ ഉറച്ചതും ശിഖിരങ്ങൾ ഉയർന്നതുമായ ഫലവൃക്ഷമല്ല. മറുഭാഗത്ത് ഈ സമുദായം സ്വന്തം ദീനനുസരിച്ച് ജീവിക്കാൻ മാത്രം ഉത്തരവാദപ്പെട്ട ഒരു സമുദായമല്ല. ലോകം മുഴുവൻ സത്യം പ്രചരിപ്പിക്കാനും, അത് മനസ്സിലാക്കിക്കൊടുക്കാനും അതിലേക്ക് ജനങ്ങളെ ക്ഷണിക്കാനും സ്വയം നന്മയുടെ മാതൃകാ പുരുഷന്മാരാകാനും നിയോഗിക്കപ്പെട്ട സത്യദീനിന്റെ വാഹകരാണ്. അതുകൊണ്ട് ഇവർ ഒരിക്കലും വഴികേടിൽ യോജിക്കുകയില്ല. ഇടക്കിടെ ഉണ്ടാകുന്ന തിൻമകളും നാശങ്ങളും, വിലപിടിച്ച രത്നത്തിന്റെ മേൽ പതിക്കുന്ന പൊടിപടലങ്ങൾ പോലെയാണ്. പരിശുദ്ധ ഖുർആനും അതിൽനിന്നുദ്ഭവിക്കുന്ന വിജ്ഞാനങ്ങളും കൊണ്ട് അതു കഴുകി വൃത്തിയാക്കപ്പെട്ടുകൊണ്ടിരിക്കും. ഈ [illegible]സ്ഥാനത്തിലും ഈ സമുദായത്തിൽ ഖുർആൻ ഗ്രാഹ്യവും സന്ദേ[illegible]രം നിലനിൽക്കൽ അത്യാവശ്യമാണ്. ഓരോ യുഗങ്ങളിലും [illegible]ത്വം നൽകുന്ന നവോത്ഥാന നായകർ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതിന് ഇസ്‌ലാമിക ചരിത്രം സാക്ഷിയാണ്.[62]

9. ഇസ്‌ലാമിന് അനുകൂലമായ ഒരു സന്തുലിത അന്തരീക്ഷം ആവശ്യമുണ്ട് എന്നതാണ് അവസാനത്തെ കാര്യം. കാരണം, ഇസ്‌ലാം സജീവമായ ഒരു മനുഷ്യ[illegible] സ്തിഷ്കത്തിന്റെ മൂലയിലോ ഗ്രന്ഥാലയങ്ങളുടെ അകത്തളങ്ങളിലോ [illegible]. വിശ്വാസം, കർമ്മം.

www.abulhasanalinadwi.org

സ്വഭാവം, സഹകരണം, സ്നേഹം, വികാരം, ചിന്ത, അഭിരുചി ഇവയെല്ലാം ഒരേ സമയം ഇസ്‌ലാം ഉൾക്കൊണ്ടിരുന്നു. ഇസ്‌ലാം മനുഷ്യനെ പുതിയൊരു മൂശയിൽ വാർത്തെടുക്കുന്നു. ജീവിതത്തിൽ പുതുനിറം പ്രദാനം ചെയ്യുന്നു. അതുകൊണ്ടാണ് അല്ലാഹു ഖുർആനിൽ ഇസ്‌ലാമിനെ 'സിബ്ഗത്തുല്ലാഹ്' (അല്ലാഹുവിന്റെ നിറം) എന്ന് അനുസ്മരിച്ചത്. ഒരു പ്രത്യേക നിറവും മണവും വിവേചനരീതികളുമാണ് അതുകൊണ്ടുള്ള വിവക്ഷ. ഇതര മതങ്ങളുമായിട്ട് ഇസ്‌ലാമിനെ തട്ടിച്ച് നോക്കുമ്പോൾ വളരെ (sensitive) ആയ മതമാണ് ഇസ്‌ലാം എന്ന് മനസ്സിലാക്കാൻ കഴിയും. അതിന് നിർണിതമായ അതിർത്തികളുണ്ട്. ഒരു മുസ്‌ലിമിനും അതുമുറിച്ച് കടക്കാൻ അനുവാദമില്ല. മതഭ്രഷ്ടനെ ഇസ്‌ലാം നിർവചിക്കുകയും നിന്ദിക്കുകയും ചെയ്തിട്ടുള്ളതു പോലെ വേറൊരു മതത്തിലും കാണുകയില്ല.

റസൂലുല്ലാഹി(സ)യുടെ മഹച്ചരിതവും വിശ്വാസ-ആരാധനകൾ മുതൽ സ്വഭാവ- രീതികൾ, വികാര-ആഗ്രഹങ്ങൾ വരെയുള്ള തിരുസുന്നത്തുകളും, ഇസ്‌ലാമിന് ഉചിതവും അനുയോജ്യവുമായ ചുറ്റുവട്ടവും അന്തരീക്ഷവും സൃഷ്ടിക്കും. അതിലൂടെ ഈ വിശുദ്ധ വൃക്ഷം വേരുറച്ച് വളരുകയും ഇലകളും ഫലങ്ങളും കായ്ക്കുകയും ചെയ്യും. ജീവിതത്തിൽ ആവശ്യമായ മുഴുവൻ മഹൽ ഗുണങ്ങളുടെ ആകത്തുകയാണ് ദീൻ. മനുഷ്യന്റെ വളർച്ചയും ചലനവും സുഖസന്തോഷങ്ങളും ദുഃഖ-വെറുപ്പുകളും അതിൽ ചിലതാണ്. തിരുനബി(സ)യുടെ ജീവിതവുമായി അവ താദാത്മ്യം പ്രാപിക്കുന്നത് വരെ അത് ദീനാകുകയില്ല. അതിന്റെ സുന്ദരമായ ശേഖരമാണ് പുണ്യഹദീസ്. പരിശുദ്ധ ഖുർആനിന്റെ സംരക്ഷണത്തോടൊപ്പം ഖുർആൻ വാഹകന്റെ ജീവിതാവസ്ഥകളും അല്ലാഹു സുരക്ഷിതമാക്കിയിരിക്കുന്നു. അതിലൂടെ, ആ സുന്ദരജീവിതത്തിന്റെ പ്രഭാകിരണങ്ങൾ പിൻതലമുറകൾക്കു ലഭിച്ചുകൊണ്ടിരിക്കുന്നു. നന്മയും തിന്മയും സുന്നത്തും ബിദ്അത്തും ഇസ്‌ലാമും ജാഹിലിയ്യത്തും ഓരോ യുഗത്തിലും ഉലമാ മഹത്തുക്കൾ തിരിച്ചറിഞ്ഞത് അതിന്റെ വെളിച്ചത്തിലാണ്. അത് ദീനിന്റെ വായുമാപിനി (Barometer) ആണ്. അതിലൂടെ ഓരോ കാലഘട്ടത്തിലെയും മുസ്‌ലിം സമൂഹത്തിന്റെ ഇസ്‌ലാമിക വിശ്വാസ-കർമങ്ങളിൽ നിന്നുള്ള അകൽച്ച അവർ അളന്നു മനസ്സിലാക്കി തെറ്റുകൾ തിരുത്തി. നന്മയിലേക്ക് ക്ഷണിച്ചു. ഇസ്‌ലാമിക നവോത്ഥാന-പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും ഉറവിടം ഹദീസ് സമാഹാരങ്ങളുടെ പഠനവും അധ്യാപനവും പ്രചാരണവുമായിരുന്നു. ഇതിന്റെ വെളിച്ചത്തിൽ മഹാത്മാക്കൾ ശിർക്ക്- ബിദ്അത്തുകളെയും ജാഹിലീ ആചാരങ്ങളെയും എതിർത്തു. നാശത്തിന്റെയും വഴികേടുകളുടെയും ശക്തികളെ നേരിട്ടു. ആവശ്യമായ സന്ദർഭങ്ങളിലെല്ലാം ജീവൻമരണ പോരാട്ടത്തിന് അവർ രംഗത്തിറങ്ങി. ഇവരുടെയെല്ലാം പ്രേരകം ഹദീസുമായുള്ള ബന്ധമായിരുന്നു എന്നതിന് ചരിത്രം സാക്ഷി

www.abulhasanalinadwi.org

യാണ്. സമുദായത്തിന് ഹദീസുമായുള്ള ബന്ധം കുറയുകയും ഇതര വിജ്ഞാനശാഖകളുമായുള്ള ബന്ധം കൂടുകയും ചെയ്തപ്പോഴെല്ലാം, മഹാത്മാക്കൾ നിലനിൽക്കെ തന്നെ സമുദായത്തിൽ പുതുപുത്തൻ ആചാരങ്ങളും ഇതര മതങ്ങളുടെ സ്വാധീനങ്ങളും തലപൊക്കുകയുണ്ടായി. ഒരുവേള മുസ്‌ലിം സമുദായം ജാഹിലിയ്യത്തിന്റെ മറ്റൊരു പതിപ്പായി മാറിയോ എന്ന ആശങ്കയുണ്ടാകത്തക്കവണ്ണം അവസ്ഥകൾ സങ്കീർണമാകുകയും ചെയ്തു. ചുരുക്കത്തിൽ, ഇസ്‌ലാമിക അന്തരീക്ഷവും പ്രകൃതിയും സൃഷ്ടിക്കുന്നതിലും സംരക്ഷിക്കുന്നതിലും ഹദീസിന്റെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്.[63]

ദീനുൽ ഇസ്‌ലാമിന്റെ വ്യക്തിത്വം രൂപപ്പെടുകയും നിലനിൽക്കുകയും ഇതര മത തത്വശാസ്ത്രങ്ങളിൽനിന്ന് വേർതിരിയുകയും ചെയ്യാൻ ആവശ്യമായ പ്രത്യേക ഗുണങ്ങളും വിവേചന രേഖകളുമാണ് മേൽപറഞ്ഞത്. ഇവയെ മനസ്സിലാക്കലും, ഇവയുടെ വിഷയത്തിൽ തികഞ്ഞ ഗൗരവവും വീര്യവും പുലർത്തലും ഓരോ മുസ്‌ലിമിനും നിർബന്ധമാണ്. കാരണം, ഇവയിലൂടെ ഓരോ യുഗത്തിലും സത്യാസത്യങ്ങളുടെ കലർപ്പുകളിൽ നിന്ന് രക്ഷപ്പെട്ട് സത്യസരണിയിൽ ഉറച്ചു നിൽക്കാൻ സാധിക്കും. കൂടാതെ ഈ സത്യദീനിന്റെ സേവന-സംരക്ഷണങ്ങളുടെ യോഗ്യതയും ഭാഗ്യവും കരഗതമാക്കാനും കഴിയും. "അല്ലാഹു അവനുദ്ദേശിച്ചവരെ സൻമാർഗത്തിലേക്ക് നയിക്കുന്നു".

www.abulhasanalinadwi.org

രണ്ട്

# വിശ്വാസാദർശങ്ങൾ

**ശരിയായ വിശ്വാസത്തിന്റെ സുപ്രധാന അവലംബം**

പ്രവാചക വര്യൻമാരിലൂടെ മനുഷ്യർക്ക് ലഭിച്ച അറിവുകളിൽ ഏറ്റവും പ്രധാനപ്പെട്ട അറിവ് അല്ലാഹുവിന്റെ അസ്തിത്വത്തെയും വിശേഷണങ്ങളെയും കുറിച്ചുള്ള അറിവാണ്. നബിമാരുമായി മാത്രം ബന്ധപ്പെട്ട ഒരറിവാണ് ഇത്. കാരണം, ഈ അറിവിന്റെ മാധ്യമങ്ങൾ പോകട്ടെ ബാലവിജ്ഞാനങ്ങൾപോലും മനുഷ്യന്റെ പക്കലില്ല. മനുഷ്യബുദ്ധിക്കും യുക്തിക്കും യാതൊരു സ്ഥാനവുമില്ലാത്ത ഒരു വിഷയമാണിത്. കാരണം, അല്ലാഹുവിന് സദൃശനും തുല്യനുമായി ആരുമില്ല. സർവ്വവിധ സാദൃശ്യങ്ങളിൽ നിന്നും അവൻ പരിശുദ്ധനാണ്. മനുഷ്യന് പരിചയവും ഇണക്കവും ഉള്ളതും ഭൗതികലോകത്ത് പ്രയോജനപ്പെടുത്തുന്നതുമായ മനുഷ്യന്റെ ചിന്താ- സങ്കൽപങ്ങൾക്കെല്ലാം അതീതനാണ് അല്ലാഹു. ഇത് ബുദ്ധിയുടെ കുതിരയെ ഓടിക്കുകയും മാപനങ്ങളുടെ പട്ടങ്ങൾ പറപ്പിക്കുകയും ചെയ്യാൻ പറ്റിയ ഒരു മേഖലയല്ല.

മനുഷ്യവിജയവുമായി ബന്ധപ്പെട്ടു കിടക്കുന്ന മഹത്തരമായ അറിവാണിത്. കാരണം, വിശ്വാസ-കർമ്മങ്ങളുടെയും സ്വഭാവ-നാഗരികതകളുടെയും അടിസ്ഥാനം ഇതാണ്. ഇതിലൂടെ മനുഷ്യൻ തന്റെ യാഥാർത്ഥ്യവും പ്രപഞ്ചത്തിന്റെ രഹസ്യവും ജീവിതത്തിന്റെ സ്ഥാനവും മനസ്സിലാക്കുന്നു. സഹജീവികളുമായുള്ള ബന്ധം ശരിയാക്കുകയും ജീവിതപാത തീരുമാനിക്കുകയും പരിപൂർണ ഉറപ്പോടും ഉൾക്കാഴ്ചയോടും വ്യക്തതയോടും കൂടി തന്റെ ലക്ഷ്യം തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

ഇക്കാരണത്താൽ, എല്ലാ സമൂഹവിഭാഗങ്ങളും ഈ അറിവിന് പ്രഥമ പരിഗണന നൽകി. നീതിയും ലക്ഷ്യബോധവും അന്ത്യത്തെക്കുറിച്ച ചിന്തയും ഉള്ളവരെല്ലാം ഇതിനോട് വലിയ താൽപര്യം കാണിച്ചു. ഇതിനെക്കുറിച്ച് അറിവില്ലാതിരിക്കലും അറിവില്ലായ്മ നടിക്കലും ഏറ്റവും വലിയ ഭാഗ്യക്കേടും കാലാകാല ശിക്ഷയ്ക്കും കാരണമാണ്.

www.abulhasanalinadwi.org

ഈ അറിവിന്റെ വിഷയത്തിൽ കഴിഞ്ഞകാലത്ത് ജനങ്ങൾ രണ്ട് വിഭാഗമായിരുന്നു. ഒന്ന്, ഈ വിഷയത്തിൽ നബിമാരെ അവലംബിച്ചവർ. കാരണം, അവരെ അല്ലാഹു പ്രവാചകത്വംകൊണ്ട് അനുഗ്രഹിച്ചിരിക്കുന്നു. ശരിയായ ജ്ഞാനം നൽകി. സ്രഷ്ടാവിനെയും അവന്റെ അസ്തിത്വ- വിശേഷണങ്ങളെയും പ്രതീക്ഷയുടെ പാതയെയും മനസ്സിലാക്കിക്കൊടുക്കാൻ സ്രഷ്ടാവിന്റെയും സൃഷ്ടികളുടെയും ഇടയിൽ മാധ്യമമാക്കി. സമുന്നതമായ വിശ്വാസവും പ്രകാശവും പ്രത്യേകമായി നൽകി. ആ സംഘത്തിലെ ഒരു വ്യക്തിത്വമായ ഇബ്റാഹീം (അ)നെക്കുറിച്ച് അല്ലാഹു പറയുന്നു: "അപ്രകാരം ഇബ്റാഹീമിന് നാം ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യ രഹസ്യങ്ങൾ കാണിച്ചു കൊടുക്കുന്നു. അദ്ദേഹം ദൃഢബോധ്യമുള്ള കൂട്ടത്തിലായിരിക്കാൻ വേണ്ടിയും കൂടിയാണത്."[1] അദ്ദേഹത്തിന്റെ സമുദായം അല്ലാഹുവിന്റെ അസ്തിത്വ-വിശേഷണങ്ങളെക്കുറിച്ച് രേഖയൊന്നുമില്ലാതെ തർക്കവിതർക്കങ്ങൾ നടത്തിയപ്പോൾ അദ്ദേഹം പ്രതികരിച്ചു: "അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങൾ എന്നോട് തർക്കിക്കുകയാണോ? അവനാകട്ടെ എന്നെ നേർവഴിയിലാക്കിയിരിക്കയാണ്."[2] ചുരുക്കത്തിൽ അവർ പ്രവാചകൻമാരുടെ തുണിത്തുമ്പിനെ മുറുകെ പിടിച്ചു. അതോടൊപ്പം അവരിലൂടെ ലഭിച്ച അടിസ്ഥാന വിശ്വാസ-വിജ്ഞാനങ്ങളുടെ വെളിച്ചത്തിൽ ആകാശഭൂമികളിലും ദൃഷ്ടാന്തങ്ങളിലും ചിന്തിക്കുകയും വിശുദ്ധ ഗ്രന്ഥത്തിൽ ഉറ്റാലോചിക്കുകയും ചെയ്തു. സൽപ്രവർത്തനങ്ങളുടെയും സ്വഭാവ ശുദ്ധീകരണത്തിന്റെയും ആത്മസംസ്കരണത്തിന്റെയും പാതയിലൂടെ സഞ്ചരിച്ചു. അവർ ബുദ്ധി കൈവെടിഞ്ഞില്ല. അതിനെ ശരിയായ വഴിയിൽ ചെലവഴിച്ചുവെന്ന് മാത്രം. അതിലൂടെ അവർ ശരിയായ പ്രയോജനം കരഗതമാക്കി. നബിമാരുടെ അധ്യാപനങ്ങൾക്കും സംശുദ്ധമായ ചിന്തയ്ക്കും ഇടയിൽ സമ്പൂർണമായ യോജിപ്പുണ്ടെന്നും ഒന്നു മറ്റൊന്നിനെ ശരിവയ്ക്കുന്നുവെന്നും അവർ മനസ്സിലാക്കി. "ഇതിലൂടെ അവരുടെ വിശ്വാസത്തിലും അനുസരണയിലും വർധനവ് ഉണ്ടായിക്കൊണ്ടിരുന്നു."[3] രണ്ട്, മറ്റൊരു വിഭാഗം തങ്ങളുടെ ബുദ്ധിയും അറിവും അനുഭവവും മാത്രം പൂർണമായി അവലംബിച്ച് ബുദ്ധിയുടെ കടിഞ്ഞാൺ സ്വതന്ത്രമാക്കി. ഊഹങ്ങളുടെ കുതിരകളെ പായിച്ചു. ഗവേഷണമുറി (ലബോറട്ടറി) യിൽ വല്ല വസ്തുവിനെയും കുറിച്ച് പഠനം നടത്തുന്നത് പോലെ അല്ലാഹുവിന്റെ അസ്തിത്വ-വിശേഷണങ്ങളെ അവർ സ്വതന്ത്രമായി ഗ്രഹിക്കാൻ ശ്രമിച്ചു. അല്ലാഹുവിനെക്കുറിച്ച് "അവൻ ഇങ്ങനെയാണ്, അങ്ങനെയല്ല" എന്നീ തീരുമാനങ്ങൾ ധൈര്യത്തോടെ പറയാൻ തുടങ്ങി. "അവൻ ഇങ്ങനെയാണ്" എന്നതിനെക്കാൾ വളരെ കൂടുതലായി അവർ പറഞ്ഞത് "അവൻ ഇങ്ങനെയല്ല" എന്നാണ്. സത്യത്തിന്റെ പ്രകാശം നഷ്ടപ്പെട്ടാൽ 'ആണ്' എന്നു പറയുന്നതിനേക്കാൾ എളുപ്പം 'അല്ല' എന്ന് പറയുന്നതി

www.abulhasanalinadwi.org

നാണ്. 'അല്ല' എന്ന നിഷേധാത്മക രീതിയുടെമേൽ ഒരു മതമോ സംസ്കാരമോ ജീവിതപദ്ധതിയോ ഉറച്ചിരിക്കുന്നതല്ല. ബുദ്ധിക്ക് പ്രാപിക്കാൻ കഴിയാത്ത കാര്യങ്ങളെക്കുറിച്ച് 'കണ്ണിൽ കണ്ടതും കാതിൽ കേട്ടതും' മാത്രമേ അംഗീകരിക്കുകയുള്ളൂ എന്ന വാദം നബിമാരുടെ ശൈലിയല്ല. അങ്ങനെ ഊഹ-സങ്കൽപങ്ങളും പരസ്പര വൈരുധ്യങ്ങളും മാത്രമായ കുറേ കാര്യങ്ങൾ അവർ ദൈവശാസ്ത്രം എന്ന പേരിൽ പടച്ചുണ്ടാക്കി.

ഈ വിഭാഗത്തിന്റെ മുൻപന്തിയിൽ നിൽക്കുന്നത് ഗ്രീക്കു തത്വശാസ്ത്രജ്ഞൻമാരാണ്. ബുദ്ധികൂർമതയിലും ശാസ്ത്ര നിഗമനത്തിലും കവിതാവിജ്ഞാനങ്ങളിലും അവർ പ്രസിദ്ധരായിരുന്നു എന്നത് ശരി തന്നെ. പക്ഷേ, ദൈവശാസ്ത്രവുമായി അവർക്ക് വിദൂരബന്ധം പോലുമില്ലായിരുന്നു. അലക്ഷ്യമായി അവർ പടപൊരുതി. മുള്ളും ചില്ലും നിറഞ്ഞ വഴിയിലൂടെ അവർ സഞ്ചരിച്ചു. അതിലൂടെ നാശങ്ങൾ മാത്രം നിറഞ്ഞ, രക്ഷാമാർഗം അടഞ്ഞ ഒരു കൊടും വനത്തിൽ അവർ ചെന്നുപെട്ടു. ഖുർആനിന്റെ ശൈലിയിൽ പറഞ്ഞാൽ ഇരുൾ മുറ്റിയ സമുദ്രത്തിൽ അവർ മുങ്ങിത്തപ്പി. "അല്ലെങ്കിൽ, ആഴക്കടലിലെ ഇരുട്ടുകൾ പോലെയാകുന്നു (അവരുടെ പ്രവർത്തനങ്ങളുടെ ഉപമ). തിരമാല അതിനെ (കടലിനെ) പൊതിയുന്നു. അതിനു മീതെ വീണ്ടും തിരമാല. അതിനുമീതെ കാർമേഘം. അങ്ങനെ ഒന്നിനു മീതെ മറ്റൊന്നായി അനേകം ഇരുട്ടുകൾ. അവന്റെ കൈ പുറത്തേക്ക് നീട്ടിയാൽ അതുപോലും അവൻ കാണുമാറായില്ല. അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ അവന് യാതൊരു പ്രകാശവുമില്ല."[1] അവരുടെ പക്കൽ സന്മാർഗത്തിന്റെ പ്രകാശമോ മാർഗദർശകന്റെ സാന്നിധ്യമോ യഥാർത്ഥ അനുഭവസമ്പത്തുകളോ ഇല്ലായിരുന്നു. അറിവില്ലാത്ത ഒരു കാര്യത്തെ ശരിയായി അറിയുന്നതിലേക്ക് നയിക്കുന്ന അടിസ്ഥാനപരമായ അറിവുകളുടെ ബാലപാഠങ്ങൾ പോലും അവർക്കറിയില്ലായിരുന്നു. ഇതോടൊപ്പം, പഴകി ദ്രവിച്ച അവരുടെ സിരകളിൽ ബഹുദൈവാരാധന കുത്തി നിറക്കപ്പെട്ടിരുന്നു. അവരുടെ കവിതാസാഹിത്യങ്ങളിൽ സമൃദ്ധമായ കള്ളക്കഥകൾ അവരുടെ മജ്ജയിലും മാംസത്തിലും കലർന്നിരുന്നു. നക്ഷത്രങ്ങളെക്കുറിച്ച് പരമ്പരാഗതമായി ബഹുദൈവ വിശ്വാസങ്ങൾ പുലർത്തിയിരുന്നു. അങ്ങനെ, തത്വശാസ്ത്രവും ബഹുദൈവവിശ്വാസവും അവരുടെ ദൈവശാസ്ത്രത്തിൽ കൂടിക്കലർന്നു. അവരുടെ ഊഹാപോഹങ്ങൾക്ക് അവർ സുന്ദരവസ്ത്രം ധരിപ്പിക്കുകയും ആകർഷകമായ പേര് നൽകുകയും ചെയ്തു. പ്രത്യേകമായ വേദാന്തത്തിലും വിഗ്രഹാരാധനകളിലും പ്രസിദ്ധരായ ഇന്ത്യ ഒഴിച്ചുള്ള മുഴുവൻ രാഷ്ട്രങ്ങളും പൊതുവിൽ ഗ്രീക്കു തത്വശാസ്ത്രത്തെ അന്ധമായി അനുകരിച്ചു. അവരുടെ കണ്ടുപിടിത്തങ്ങളെ മുഴുവൻ അംഗീകൃത വസ്തുതകളായി സ്വീകരിച്ചു. ഇമാം ഗസ്സാലിയുടെ മഹത്തായ രചന 'തഹാഫുത്തുൽ ഫലാസിഫ'യിലും

www.abulhasanalinadwi.org

അല്ലാമാ ഇബ്നുഖൽദൂനിന്റെ ഉജ്ജ്വല ഗ്രന്ഥമായ 'മുഖദ്ദിമ'യിലും ഇക്കാര്യം വിവരിക്കപ്പെട്ടിട്ടുണ്ട്.

പണ്ടു മുതൽക്കേ തങ്ങളുടെ സത്യമത ദർശനങ്ങളെ കളഞ്ഞ് കുളിച്ച സമുദായങ്ങളിൽ നിന്നും ഇത്തരം ഒരു സമീപനം ഉണ്ടാകുന്നതിൽ അദ്ഭുതമില്ല. അന്തിമ സന്ദേശമായ മുഹമ്മദീ രിസാലത്തും അസത്യത്തിന്റെ ലാഞ്ഛനപോലും ഉണ്ടായിട്ടില്ലാത്ത വിശുദ്ധ ഖുർആനുമായി ബന്ധമുള്ള നിരവധി മുസ്ലിം പണ്ഡിതരുടെ അവസ്ഥയിലാണ് അദ്ഭുതം. അതെ, ഗതകാല പണ്ഡിതരിൽ വലിയൊരു വിഭാഗം (ഇറാനിയൻ പണ്ഡിതൻമാരായിരുന്നു അവരിൽ കൂടുതലും.) ഗ്രീക്ക് തത്വശാസ്ത്രത്തെ അതേപടി അംഗീകരിച്ചു. വാചകക്കസർത്തുകൾ കൊണ്ട് മാത്രം സമർത്ഥിച്ചിട്ടുള്ള ഊഹാപോഹങ്ങളെ ഖണ്ഡിതമായ യാഥാർത്ഥ്യങ്ങളായി അവർ വിശ്വസിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അതിൽ പഠന-ഗവേഷണങ്ങൾ നടത്താൻ ആരംഭിച്ചു. അവരിൽ പലരും ഇസ്ലാമിനോടുള്ള സ്നേഹം കൊണ്ടോ തങ്ങളുടെ ബലഹീനത നിമിത്തമോ ഖുർആനിക സൂക്തങ്ങളെ അതിനൊപ്പിച്ച് വ്യാഖ്യാനിക്കാൻ പരിശ്രമിച്ചു. ഗ്രീക്ക് തത്വശാസ്ത്രത്തിന്റെ 'സ്ഥിരപ്പെട്ട യാഥാർത്ഥ്യങ്ങളു'മായി താദാത്മ്യം പ്രാപിക്കാൻ അർത്ഥശൂന്യമായ ദുർവ്യാഖ്യാനങ്ങൾ നടത്തി. അല്ലാഹുവിന്റെ വിശുദ്ധ വിശേഷണങ്ങളിലാണ് അവർക്ക് കൂടുതൽ തെറ്റുകൾ പിണഞ്ഞത്. പല വിശേഷണങ്ങളിലും നാശകരമായ പരിണിതഫലങ്ങളുണ്ടെന്ന് ധരിച്ച അവർ ആ വിശേഷണങ്ങളെയെല്ലാം നിഷേധിച്ചു. ആ വിശേഷണങ്ങൾ അല്ലാഹുവിന്റെ വിഷയത്തിലാകുമ്പോൾ അന്യൂനമായിരിക്കും എന്ന് അവർ മനസ്സിലാക്കിയില്ല. അവരിൽ ചിലരാകട്ടെ, അല്ലാഹുവിന്റെ മുഴുവൻ വിശേഷണങ്ങളെയും നിഷേധിച്ചു. തമ്മിൽ ഭേദപ്പെട്ടവരാകട്ടെ, അല്ലാഹുവിൽ നിഷ്ക്രിയത്വം സ്ഥിരപ്പെടുന്ന രീതിയിൽ അവന്റെ വിശേഷണങ്ങളെ വിശദീകരിച്ചു.

തുടർന്നുള്ള പലരും ഇതേ പാതയിലൂടെ സഞ്ചരിച്ചു. ഇസ്ലാമിക വിശ്വാസശാസ്ത്രം (ഇൽമുൽകലാം) ഈ നിലയിൽ പ്രചരിച്ചുകൊണ്ടിരുന്നു. ഇത്തരുണത്തിൽ പരിശുദ്ധ ഖുർആനിനും തിരുസുന്നത്തിനും മുൻഗാമികളുടെ വിശ്വാസങ്ങൾക്കും അനുസൃതമായി ഇസ്ലാമിക വിശ്വാസങ്ങളെ സ്ഥാപിക്കുകയും തത്വശാസ്ത്രങ്ങളുടെ നന്മ-തിന്മകളെക്കുറിച്ച് സ്വതന്ത്രമായ നിരൂപണം ചെയ്യുകയും യഥാർത്ഥ്യങ്ങളുടെ തുലാസിൽ തൂക്കുകയും ചെയ്യൽ അത്യാന്താപേക്ഷിതമായിത്തീർന്നു. അതിന്, സ്വതന്ത്ര ചിന്തകരും ഈമാനുള്ള വിപ്ലവകാരികളും തിന്മ തകർത്ത് നന്മ സ്ഥാപിക്കാൻ ശേഷിയുള്ളവരും കിതാബ്-സുന്നത്തുകളിലുള്ള ആഴമേറിയ അറിവും തത്വശാസ്ത്രവിഷയങ്ങളെക്കുറിച്ച് സൂക്ഷ്മമായ വീക്ഷണവും സംഗമിച്ചവരുമായ പണ്ഡിതർ ആവശ്യമായിരുന്നു. ഖുർആനിൽ

www.abulhasanalinadwi.org

പറഞ്ഞ കാര്യങ്ങളിൽ യാതൊരു വിധ തിരിമറികളും ദുർവ്യാഖ്യാനവും നടത്താതെ വിശ്വസിക്കുകയും അതിനെ തെളിവും ബുദ്ധിയും ശരി വയ്ക്കുന്ന നിലയിൽ വിവരിക്കുകയും ചെയ്യുന്ന പണ്ഡിതരെ കാലം തേടി. ഈ ആവശ്യത്തെ പൂർത്തീകരിച്ചു കൊണ്ടും "പരിധി ലംഘകരുടെ തിരിമറികളും അസത്യവാഹകരുടെ കുതന്ത്രങ്ങളും വിവരമില്ലാത്തവരുടെ ദുർവ്യാഖ്യാനങ്ങളും വിപാടനം ചെയ്യുന്ന നീതിമാൻമാരായ വിജ്ഞാന വാഹകർ എല്ലാകാലത്തും ഉണ്ടാകും"[5] എന്ന തിരുവചനം അന്വർത്ഥമാക്കിക്കൊണ്ടും നിരവധി പണ്ഡിത മഹത്തുക്കൾ രംഗത്തിറങ്ങി. അവരിൽ പ്രസിദ്ധരാണ്, ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ ഹർമാനി (ഹി. 728), അദ്ദേഹത്തിന്റെ ഉന്നതശിഷ്യൻ അല്ലാമാ ഇബ്നുൽ ഖയ്യിം ജൗസിയ്യ (ഹി. 791), ഹകീമുൽ ഇസ്‌ലാം ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവി (ഹി. 1176). ഇവരും ഇവരെപ്പോലുള്ള മറ്റ് മഹാത്മാക്കളും ഇസ്‌ലാമിക വിശ്വാസങ്ങളെ ശരിയും സുന്ദരവുമായി വിവരിച്ചു. തീവ്രതയിൽ നിന്നും ജീർണതയിൽ നിന്നും സംരക്ഷിച്ചു. വിശുദ്ധവചനങ്ങൾ, ബുദ്ധി, നിയമം, തത്വജ്ഞാനം ഇവയെ പരസ്പരം കൂട്ടിയിണക്കി. നമ്മുടെ സ്ഥാപനങ്ങളിൽ പഠിപ്പിക്കപ്പെടുന്ന പല ഗ്രന്ഥങ്ങളെക്കാളും പഠനാർഹമാണ് അവരുടെ രചനകൾ. ഇതിൽ പ്രത്യേകം സ്മരണീയമാണ്. ഇമാം ശാഹ് വലിയ്യുല്ലാഹി (റ) യുടെ 'അൽ അഖീറത്തുൽ ഹസന' എന്ന വളരെ ചെറുതെങ്കിലും, വലിയ ആഴവും പരപ്പുമുള്ള ഗ്രന്ഥം. ഇസ്‌ലാമിക വിശ്വാസത്തിന്റെ രത്നച്ചുരുക്കം അതിൽ ഉജ്ജ്വലമായി സമാഹരിച്ചിരിക്കുന്നു. അതുകൊണ്ട്, 'അഖീദത്തുത്തഹാവി' മുതലായ ആധികാരിക ഗ്രന്ഥങ്ങളിൽ നിന്നുള്ള വളരെ കുറഞ്ഞ ഏതാനും കാര്യങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് പ്രസ്തുത ഗ്രന്ഥം അതേപടി ഇവിടെ ഉദ്ധരിക്കുകയാണ്.

## ഇസ്‌ലാമിലെ അടിസ്ഥാന വിശ്വാസങ്ങൾ

ഈ ലോകത്തിന് ഒരു സ്രഷ്ടാവുണ്ട്. അവൻ പണ്ടുമുതൽക്കേ ഉള്ളവനും എന്നെന്നും നിലനിൽക്കുന്നവനുമാണ്. അവനുണ്ടെന്നത് ഖണ്ഡിതവും, അവൻ ഇല്ല എന്നത് അസംഭവ്യവുമാണ്. സമ്പൂർണമായ സകല ഗുണങ്ങളും അവനിലുണ്ട്. എല്ലാവിധ ന്യൂനതകളിൽ നിന്നും അവൻ പരമ പരിശുദ്ധനാണ്. എല്ലാ കാര്യങ്ങളിലും അവന് കഴിവുണ്ട്. അവന്റെ തീരുമാനപ്രകാരമാണ് എന്തും നടക്കുന്നത്. അവൻ ജീവനുള്ളവനാണ്. എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്. അവനോട് സദൃശനായോ എതിരായോ തത്തുല്യനായോ ആരുമില്ല. അവനെപ്പോലെ ആരുമില്ല തന്നെ. അവന് ഒരു സഹായിയുമില്ല. സർവ സൃഷ്ടികളുടെയും സൃഷ്ടിയിലും ചരാചരങ്ങളുടെ നിയന്ത്രണത്തിലും അവന് ഒരു പങ്കുകാരനുമില്ല. ഇബാദത്ത് അഥവാ, അത്യുന്നതമായ ബഹുമാനാദരവുകൾ അവന് മാത്രം അവകാശപ്പെട്ടതാണ്. അതിൽ ആർക്കും പങ്കില്ല. രോഗികൾക്ക് ശമനം നൽകു

www.abulhasanalinadwi.org

ന്നതും സൃഷ്ടികൾക്ക് ആഹാരം കൊടുക്കുന്നതും അവരുടെ പ്രയാസങ്ങൾ ദൂരീകരിക്കുന്നതും അല്ലാഹു മാത്രമാണ്. അവൻ ഒരു കാര്യം ഉദ്ദേശിച്ചാൽ, “ആകൂ” എന്ന് പറഞ്ഞാലുടൻ അതുണ്ടായിത്തീരുന്നതാണ്.

അല്ലാഹു ആരുടെയും രൂപത്തിൽ അവതരിക്കുകയില്ല. അവൻ ആരുടെയും അംശം ആകുകയുമില്ല. അല്ലാഹുവും അവന്റെ അടിസ്ഥാനവിശേഷണങ്ങളും പുതുതായി ഉണ്ടായതല്ല. അവന് പ്രത്യേക സ്ഥാനമോ ഭാഗമോ നിർണിതമല്ല. ഖിയാമത്ത് നാളിൽ, സത്യവിശ്വാസികൾ അല്ലാഹുവിനെ ദർശിക്കുന്നതാണ്. അല്ലാഹു വിചാരിച്ചത് നടക്കും. ഉദ്ദേശിക്കാത്തതൊന്നും ഉണ്ടാകുകയുമില്ല. അവൻ ധന്യനാണ്. ആരിലേക്കും ആവശ്യക്കാരനല്ല. അവന്റെ മേൽ ആരുടെയും അധികാരം നടക്കുകയില്ല. അവന്റെ നടപടികളെക്കുറിച്ച് അവനോട് ചോദ്യം ചെയ്യപ്പെടുന്നതല്ല. ആരെങ്കിലും വല്ലതും നിർബന്ധമാക്കിയാൽ അത് അവന് നിർബന്ധമാകുന്നതല്ല. തൻസീഹ് അല്ലാഹുവിന്റെ പ്രത്യേക വിശേഷണമാണ്. അല്ലാഹു അല്ലാതെ പരമാധികാരിയായി ആരുമില്ല.

നല്ലതും ചീത്തയുമായ സർവവും അല്ലാഹുവിന്റെ തീരുമാനപ്രകാരമാണ് നടക്കുന്നത്. ലോകത്ത് നടക്കുന്ന സർവകാര്യങ്ങളും അവന് നന്നായി അറിയാം. മലക്കുകളിൽ അല്ലാഹുവുമായി വളരെ അടുത്ത മലക്കുകളും മനുഷ്യരുടെ കർമങ്ങൾ രേഖപ്പെടുത്താനും അവരെ നന്മയിലേക്കു ക്ഷണിക്കാനും സൃഷ്ടിക്കപ്പെട്ട മലക്കുകളുമുണ്ട്. പിശാചുക്കളും അല്ലാഹുവിന്റെ സൃഷ്ടികളാണ്. അവ മനുഷ്യനെ തിന്മയിലേക്ക് പ്രേരിപ്പിക്കുന്നു. ജിന്നുകളും അല്ലാഹുവിന്റെ സൃഷ്ടികൾ തന്നെ.

അല്ലാഹുവിന്റെ കലാം (ഭാഷണം) ആണ് പരിശുദ്ധ ഖുർആൻ. അതിന്റെ വാചകവും ആശയവും എല്ലാം അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. അത് സമ്പൂർണവും കൂട്ടിക്കുറക്കലുകളിൽ നിന്നും സുരക്ഷിതവുമാണ്. അതിൽ കൂട്ടിക്കുറക്കലുകളും തിരിമറികളും നടന്നിട്ടുണ്ടെന്ന് വാദിക്കുന്നവൻ മുസ്‌ലിമല്ല.

അല്ലാഹുവിന് അനുയോജ്യമല്ലാത്ത വിശേഷണങ്ങൾ അവനിലേക്ക് ചേർത്ത് പറയലും അവന്റെ വിശേഷണങ്ങൾ അവന് ഇണങ്ങാത്ത നിലയിൽ വ്യാഖ്യാനിക്കലും അനുവദനീയമല്ല.

ശരീരത്തോടെ മനുഷ്യൻ പരലോകത്തിൽ പുനരുത്ഥാനം നടത്തപ്പെടുന്നതാണ്. അവിടെ വിചാരണയും ശിക്ഷാപ്രതിഫലങ്ങളും ഉണ്ടാകുന്നതാണ്. ഇതെല്ലാം സത്യം തന്നെ. സിറാത്ത് എന്നൊരു പാലം ഖുർആൻ-ഹദീസിലൂടെ സ്ഥിരപ്പെട്ടിട്ടുണ്ട്. സ്വർഗവും നരകവും സത്യമാണ്. അവ രണ്ടും പടയ്ക്കപ്പെട്ടു കഴിഞ്ഞു. വൻ പാപം ചെയ്ത മുസ്‌ലിംകൾ എന്നുമെന്നും നരകത്തിൽ കിടക്കുന്നതല്ല. അല്ലാഹു അനുവദിക്കുന്നവർക്ക്

www.abulhasanalinadwi.org

ശുപാർശചെയ്യാൻ അനുവാദമുണ്ടാകുന്നതാണ്. വൻ പാപം ചെയ്ത അനുയായികൾക്കു വേണ്ടി റസൂലുല്ലാഹി (സ) ശുപാർശ ചെയ്യുന്നതും സ്വീകരിക്കപ്പെടുന്നതുമാണ്. ദുർമാർഗിക്ക് ഖബർ ശിക്ഷയുണ്ടാകും. സത്യവിശ്വാസിക്ക് ഖബർ ജീവിതം സുഖാനന്ദ പ്രദമായിരിക്കും. മരണാനന്തരം മുൻകർ, നകീർ എന്നീ മലക്കുകളുടെ ചോദ്യമുണ്ടാകും. ഇതെല്ലാം സത്യം തന്നെ.

സൻമാർഗ ദർശനത്തിന് സൃഷ്ടികളിലേക്ക് നബി വര്യൻമാരെ അയച്ചിട്ടുണ്ട് എന്നത് സത്യമാണ്. അവരിലൂടെ അല്ലാഹു അവന്റെ അടിമകളോട് പലതും കൽപിക്കുന്നതും ചിലത് തടയുന്നതുമാണ്. ഇതര മനുഷ്യരിൽ കാണപ്പെടാത്ത ചില മഹൽഗുണങ്ങൾ അവർക്ക് നൽകപ്പെട്ടിട്ടുണ്ട്. അത് മുഖേന അവർ നബിവര്യൻമാരാണെന്ന് വ്യക്തമാകുന്നതാണ്. അമാനുഷിക കാര്യങ്ങൾ അതിൽപ്പെട്ടതാണ്. അതിന് മുഅ്ജിസാത്ത് എന്നു പറയപ്പെടുന്നു. സംശുദ്ധ പ്രകൃതി, ഉൽകൃഷ്ട സ്വഭാവം മുതലായവ അതിൽപ്പെട്ടതാണ്. കുഫ്ർ (സത്യനിഷേധം), വൻ പാപങ്ങൾ, അവയിൽ ഉറച്ചുനിൽക്കൽ ഇവയിൽനിന്നും നബിവര്യൻമാർ സുരക്ഷിതരാണ്.

മുഹമ്മദുർറസൂലുല്ലാഹി (സ) അന്ത്യപ്രവാചകനാണ്. തങ്ങൾക്ക് ശേഷം ഒരു നബിയും ഉണ്ടാകുന്നതല്ല. തങ്ങളുടെ ബോധനം മുഴുവൻ മനുഷ്യർക്കും ജിന്നുകൾക്കുമുള്ളതാണ്. ഈ വിഷയത്തിലും ഇതുപോലുള്ള വിഷയത്തിലും ഇതുപോലെ ഇതര പ്രത്യേകതകളിലും തിരുനബി (സ) മറ്റെല്ലാ നബിമാരെക്കാളും സമുന്നതനാണ്. തിരുനബി (സ)യുടെ രിസാല(നബിത്വം)ത്തിൽ വിശ്വസിക്കാത്ത ഒരു മതവും സത്യമല്ല. സത്യമതം ഇസ്ലാം മാത്രമാണ്. അതൊഴിച്ചുള്ള ഒരു മതവും അല്ലാഹുവിങ്കൽ സ്വീകാര്യമല്ല. പരലോക മോക്ഷത്തിനുള്ള മാധ്യമവുമല്ല." മിഅ്റാജ് സംഭവം സത്യമാണ്. തിരുനബി (സ) ഉണർന്നിരിക്കുന്ന നിലയിൽ ബൈത്തുൽ മുഖദ്ദസിലേക്കും അവിടെ നിന്നു അല്ലാഹു വിചാരിച്ച സ്ഥലങ്ങളിലേക്കും രാപ്രയാണം നടത്തുകയുണ്ടായി.

അല്ലാഹുവിനെ മനസ്സിലാക്കേണ്ടതുപോലെ മനസ്സിലാക്കുകയും ഈമാനിൽ ഔന്നത്യം പ്രാപിക്കുകയും ചെയ്ത സത്യവിശ്വാസികളാണ് ഔലിയാഅ്. അവരിലൂടെ അദ്ഭുത കാര്യങ്ങൾ സംഭവിക്കുമെന്നത് സത്യം തന്നെ. അല്ലാഹു വിചാരിച്ചവർക്ക് അവന്റെ വിശിഷ്ടമായ അനുഗ്രഹം അവൻ കനിഞ്ഞരുളുന്നു. വിലായത്ത്, മുജാഹദ, ജിഹാദുകളുടെ എത്ര ഉന്നതസ്ഥാനം അവർ പ്രാപിച്ചാലും ശരി ശരീഅത്തിന്റെ കൽപനകൾ അവർക്കും ബാധകമാണ്. ശരിയായ ബുദ്ധിയും ബോധവും ഉള്ളിടത്തോളം ഹറാമോ പാപമോ ആയ ഒരു കാര്യവും അവർക്ക് അനുവദനീയമാകുന്നതല്ല. വിലായത്തിനെക്കാൾ എല്ലാ വിഷയത്തിലും ഉന്നതമാണ് നുബുവ്വത്ത്. ഒരു വലിയ്യ് എത്ര ഉന്നതനാണെങ്കിലും ശരി സാധാരണക്കാരനായ ഒരു സ്വഹാബിയുടെ സ്ഥാനം പോലും പ്രാപിക്കുന്നതല്ല. പ്രതിഫലത്തിന്റെ

www.abulhasanalinadwi.org

ആധിക്യത്തിലും സ്വീകാര്യതയുടെ മുൻഗണനയിലും ഔലിയാഇനെക്കാളും ഉന്നതരാണ് സ്വഹാബത്തുൽ കിറാം.

ബഹുമാന്യ നബിമാർ (അലൈഹിമുസ്സലാം)ക്ക് ശേഷം ഏറ്റം ഉന്നത സൃഷ്ടികളും സത്യവിശ്വാസികളുമാണ് ബഹുമാന്യ സഹാബത്ത് (റദിയല്ലാഹു അൻഹും). സ്വർഗംകൊണ്ട് സുവാർത്ത അറിയിക്കപ്പെട്ട പത്ത് മഹാത്മാക്കൾ സ്വർഗവാസികളാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. തിരുനബി(സ)യുടെ പത്നിമാരും സന്താനങ്ങളും ഉൾപ്പെട്ട അഹ്ലുബൈത്തിനെ ഞങ്ങൾ ആദരിക്കുകയും സ്നേഹിക്കുകയും അവരുടെ സമുന്നത സ്ഥാനം സമ്മതിച്ച് പറയുകയും ചെയ്യുന്നു. ഇപ്രകാരം, ബദ്റിലും റിദ്‌വാൻ ബൈഅത്തിലും പങ്കെടുത്ത മഹാത്മാക്കളുടെ സ്ഥാനസമുന്നതിയും ഞങ്ങൾ അംഗീകരിക്കുന്നു. മുഴുവൻ സഹാബികളും നീതിമാൻമാരാണെന്നാണ് അഹ്ലുസ്സുന്നത്തിന്റെ വിശ്വാസം. അവർ പാപമുക്തരാണെന്ന് വാദമില്ല. അവർക്കിടയിൽ ഉണ്ടായ ഭിന്നതകളുടെയും പ്രശ്നങ്ങളുടെയും വിഷയത്തിൽ അഹ്ലുസ്സുന്ന നിശബ്ദതയും സൂക്ഷ്മതയും പുലർത്തുന്നു.

അബൂബക്ർ സിദ്ദീഖ് (റ) തിരുനബി (സ)ക്ക് ശേഷം സത്യസന്ധനായ നായകനും ഖലീഫ (ഉത്തമാധികാരി)യുമായിരുന്നു. ഉമർ (റ), ഉസ്മാൻ (റ), അലി (റ) എന്നിവരാണ് തുടർന്നുള്ളവർ. തിരുനബി(സ)യുടെ പാതയിൽ പൂർണമായി ഉറച്ചുനിന്ന മഹാത്മാക്കളാണ് അവർ. അബൂബക്ർ സിദ്ദീഖ് (റ), ഉമറുൽഫാറൂഖ്(റ) ഇരുവരും മുസ്‌ലിം സമുദായത്തിലെ അത്യുന്നതരാണ്. ബഹുമാന്യ സഹാബത്തിനെ നല്ല നിലയിൽ മാത്രം ഞങ്ങൾ സ്മരിക്കുന്നു. അവർ ഞങ്ങളുടെ നായകരും നേതാക്കളുമാണ്. അവരെ ആക്ഷേപിക്കലും വിമർശിക്കലും ഹറാമാണ്. അവരെ ആദരിക്കൽ നിർബന്ധവുമാണ്. അഹ്ലുൽ ഖിബ്‌ല'യിൽപെട്ട ആരെയും ഞങ്ങൾ കാഫിറാക്കുകയില്ല. എന്നാൽ അല്ലാഹുവിന്റെ സൃഷ്ടികർതൃത്വത്തെ നിഷേധിക്കുകയോ അല്ലാഹു അല്ലാത്തവരെ ആരാധിക്കുകയോ പരലോകം, നബി മുതലായ ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങളിൽ വല്ലതും നിരാകരിക്കുകയോ ചെയ്താൽ അവൻ കാഫിറാണ്. പാപമാണെന്ന് സ്ഥിരപ്പെട്ട ഒരു കാര്യത്തെ അനുവദനീയമാക്കലും ശരീഅത്തിനെ പരിഹസിക്കലും, ശറഇൗ വിധി വിലക്കുകളെ ആക്ഷേപിക്കലും കുഫ്റാണ്. നാശങ്ങൾക്ക് കാരണമാകാതിരിക്കുകയും അംഗീകരിക്കാൻ സാധ്യതയുണ്ടായിരിക്കുകയും ചെയ്താൽ, നന്മ ഉപദേശിക്കലും തിന്മ തടയലും നിർബന്ധമാണ്. എല്ലാ നബി-മുർസലുകളിലും അവരുടെ മേൽ അവതരിച്ച സർവഗ്രന്ഥങ്ങളിലും ഞങ്ങൾ വിശ്വസിക്കുന്നു. നബിമാർക്കിടയിൽ, ഞങ്ങൾ വിവേചനം കാട്ടുന്നതല്ല. നാക്ക് കൊണ്ട് സമ്മതിക്കുകയും മനസാ സത്യമായി അംഗീകരിക്കുകയും ചെയ്യുന്നതിനാണ് 'ഈമാൻ' എന്നു പറയുന്നത്. സൃഷ്ടികളുടെ കർമങ്ങൾ സൃഷ്ടിക്കുന്നത് അല്ലാഹുവാണ്. മനു

www.abulhasanalinadwi.org

ഷ്യൻ നന്മയും തിന്മയും സമ്പാദിക്കുന്നു. ഖിയാമത്തിന്റെ അടയാളങ്ങളായി തിരുനബി (സ) അറിയിച്ച കാര്യങ്ങളെല്ലാം സത്യമായി ഞങ്ങൾ അംഗീകരിക്കുന്നു. ഐക്യവും യോജിപ്പുമാണ് സത്യവും പ്രതിഫലാർഹവുമായ കാര്യം-വഴികേടും ശിക്ഷ ക്ഷണിച്ചുവരുത്തുന്നതുമാണ് ഭിന്നതയും അകൽച്ചയും.

## തൗഹീദിന്റെയും ശിർക്കിന്റെയും യാഥാർത്ഥ്യം

വിശ്വാസം ശരിയാക്കലാണ് അടിമത്തത്തിന്റെ അടിസ്ഥാനം. വിശ്വാസത്തിൽ വല്ല നാശവും സംഭവിച്ചാൽ ആരാധനകൾ ഒന്നും തന്നെ സ്വീകാര്യമാകുന്നതല്ല. കർമങ്ങളൊന്നും ശരിയാകുന്നതുമല്ല. വിശ്വാസം ശരിയായാൽ ചെറിയ കർമം വലുതും സ്വീകാര്യവും ആയിത്തീരുന്നതാണ്. അതുകൊണ്ട്, വിശ്വാസം ശരിയാക്കാൻ പരിശ്രമിക്കൽ ഒരു അടിമയുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ്. അത് അവന്റെ അന്തിമവും അതുല്യവുമായ ലക്ഷ്യമായിരിക്കണം. ഒരു നിമിഷംപോലും അതിൽ പിന്താൻ പാടില്ല.[8]

റസൂലുല്ലാഹി (സ) യുടെ കാലത്തുണ്ടായിരുന്ന നിഷേധികൾ അവരുടെ ദൈവങ്ങളെ അല്ലാഹുവിന് തുല്യമായി കണ്ടിരുന്നില്ല എന്ന് സംശുദ്ധ മനസ്സോടെ ഖുർആൻ പഠിച്ചാൽ മനസ്സിലാക്കാൻ കഴിയും. അവരുടെ ദൈവങ്ങളും അല്ലാഹുവും കഴിവിലും ശക്തിയിലും ഒരേ തട്ടിലാണ് എന്ന് അവർ ഒരിക്കലും വാദിച്ചിട്ടില്ല. അവർ അല്ലാഹുവിന്റെ സൃഷ്ടികളും ദാസന്മാരുമാണെന്ന് അവർ അംഗീകരിച്ചിരുന്നു. ആവശ്യഘട്ടങ്ങളിൽ ദൈവങ്ങളെ വിളിച്ച് പ്രാർത്ഥിക്കുകയും അവർക്ക് നേർച്ചകൾ നേരുകയും അവരെ ദൈവികശുപാർശകരും പ്രയാസം ദൂരീകരിക്കുന്നവരുമായി വിശ്വസിക്കുകയും ചെയ്തിരുന്നു എന്നതാണ് അവരുടെ ശിർക്ക്. അതുകൊണ്ട് അവർ അവരുടെ ദൈവങ്ങളോട് അനുവർത്തിച്ചിരുന്ന സമീപനം ഇന്നും ആരെങ്കിലും ആരോടെങ്കിലും സ്വീകരിച്ചാൽ അവരും ജാഹിലീ യുഗത്തിലെ മുശ്രിക്കുകളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല.

ശൈഖുൽ ഇസ്‌ലാം ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവി എഴുതുന്നു: "തൗഹീദിന് നാല് സ്ഥാനങ്ങളുണ്ട്. ഒന്ന് അല്ലാഹു ഉണ്ടെന്ന് വിശ്വസിക്കൽ. രണ്ട് ആകാശഭൂമികളും സകല ചരാചരങ്ങളും സൃഷ്ടിച്ചത് അല്ലാഹുവാണെന്ന് മനസ്സിലാക്കൽ. ഈ രണ്ട് കാര്യങ്ങളെക്കുറിച്ച് വേദഗ്രന്ഥങ്ങൾ അധികമായി ചർച്ച ചെയ്തില്ല. അറേബ്യൻ മുശ്രിക്കുകൾക്കും യഹൂദ- ക്രൈസ്തവർക്കും ഇവ രണ്ടിലും ഭിന്നതയുമില്ല. ഇവ രണ്ടും അവർ അംഗീകരിച്ചിരുന്നതായി ഖുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. മൂന്ന്, സകല ചരാചരങ്ങളെയും നിയന്ത്രിക്കുന്നത് അല്ലാഹു മാത്രമാണെന്ന് അംഗീകരിക്കൽ. നാല്, അല്ലാഹുവല്ലാത്തവരാരെയും ആരാധനയ്ക്ക് അർഹരായി കാണാതിരിക്കൽ. പരസ്പരം ബന്ധപ്പെട്ട ഈ രണ്ട്

www.abulhasanalinadwi.org

ഘടകങ്ങളെ ക്കുറിച്ച് ഖുർആൻ സവിശദം ചർച്ച ചെയ്തിരിക്കുന്നു. നിഷേധികളുടെ സംശയങ്ങൾക്ക് ശക്തിയുക്തമായ മറുപടി നൽകിയിരിക്കുന്നു.[9]"

അല്ലാഹുവുമായി യാതൊരു വ്യത്യാസവുമില്ലാത്ത നിലയിൽ തത്തുല്യസ്ഥാനം ഒരാൾക്ക് നൽകൽ മാത്രമല്ല ശിർക്കെന്നും, അല്ലാഹുവിനോടു മാത്രം അനുവർത്തിക്കേണ്ട ഒരു കാര്യം മറ്റ് വല്ലവരോടും പുലർത്തുന്നതും ശിർക്കാണെന്നും ഇത് വ്യക്തമാക്കുന്നു. ആർക്കെങ്കിലും സുജൂദ് ചെയ്യുക, അവരുടെ പേരിൽ മൃഗത്തെ അറുക്കുക, നേർച്ച നേരുക, പ്രയാസഘട്ടങ്ങളിൽ അവരെ വിളിച്ച് പ്രാർത്ഥിക്കുക, അവർ എല്ലായിടത്തും ഉള്ളവരെന്നും കാണുന്നവരുമാണെന്നും വിശ്വസിക്കുക, അവർക്ക് കാര്യനിർവഹണ ശക്തി ഉണ്ടെന്ന് വിശ്വസിക്കുക-ഇതെല്ലാം ശിർക്കാണ്. ഇത് ചെയ്യപ്പെടുന്നവരെക്കുറിച്ച് അവർ അല്ലാഹുവിനെക്കാൾ താഴ്ന്നവരാണെന്ന് വിശ്വസിച്ചാലും ശരി. ഈ വിഷയങ്ങളിൽ നബിമാർ, ഔലിയാഅ്, ജിന്ന്, ശൈത്താൻ ഇവയ്ക്കിടയിൽ ഒരു വ്യത്യാസവുമില്ല. ഇവരിലാരിലോടെങ്കിലും 'അടിമത്തത്തിന്റെ ചിഹ്നങ്ങളിൽ' ഒന്ന് പ്രവർത്തിച്ചാൽ മനുഷ്യൻ മുശ്‌രിക്കായി തീരും. വിഗ്രഹാരാധകർ വിഗ്രഹങ്ങളുടെ വിഷയത്തിൽ കാണിക്കുന്നത് പോലെ യഹൂദ-ക്രൈസ്തവർ അവരുടെ പുരോഹിതരോട് അനുവർത്തിച്ചതിനെ. മുശ്‌രിക്കുകളെ വിമർശിക്കുന്നത് പോലെ ഖുർ ആൻ വിമർശിക്കാൻ കാരണം ഇത് തന്നെയാണ്. അല്ലാഹു പ്രഖ്യാപിക്കുന്നു: "അവരുടെ പണ്ഡിതരെയും പുരോഹിതരെയും മസീഹുബ്നുമർയമിനെയും അവർ, അല്ലാഹുവിനെ കൂടാതെയുള്ള ദൈവങ്ങളാക്കി. ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നാണ് അവരോട് കൽപിക്കപ്പെട്ടിരുന്നത്. ആരാധനയ്ക്കർഹൻ അവനല്ലാതെ ആരുമില്ല. അവർ പങ്കു ചേർക്കുന്ന കാര്യങ്ങളിൽ നിന്നും അല്ലാഹു പരിശുദ്ധനത്രെ."[10]

## ശിർക്കിന്റെ പ്രകടനങ്ങളും ജാഹിലീ ആചാരങ്ങളും

പൊതുവായി ഈ തത്വം മനസ്സിലാക്കിയ ശേഷം നമുക്കിടയിലെ രോഗ സ്ഥാനങ്ങളിലേക്ക് നാം നോക്കുക. ശരിയായ ഇസ്‌ലാമികജ്ഞാനത്തിന്റെയും പ്രബോധനത്തിന്റെയും അഭാവവും അന്യരുടെ സമ്മർദങ്ങളും കാരണമായി വിവരമില്ലാത്തവരിൽ കടന്നുകൂടിയ അത്തരം കുഴപ്പങ്ങളെ തിരിച്ചറിയലും ചികിൽസിക്കലും അത്യാവശ്യമാണ്.

സർവ വ്യാപകമായ സമ്പൂർണ അറിവും കൈകാര്യ ശക്തിയും അല്ലാഹുവിന്റെ പ്രത്യേകതയാണ്. അത് മറ്റാർക്കെങ്കിലും ഉണ്ടെന്ന് വിശ്വസിക്കൽ വലിയ തെറ്റാണ്. റുകൂഅ്, സുജൂദ്, നോമ്പ്, കഅ്ബയോടുള്ളത് പോലുള്ള പെരുമാറ്റം, നേർച്ച, ബലി എന്നീ ആരാധനകൾ മറ്റാർക്കെങ്കിലും ചെയ്യുന്നത് ശിർക്കിന്റെ പ്രകടനമാകുന്നു. അടിമത്തത്തിന്റെയും അത്യന്തം താഴ്മയുടെയും ചിഹ്നങ്ങളായ ആദരവിന്റെ ശൈലികൾ അല്ലാഹുവിനോട് മാത്രമേ പാടുള്ളൂ. അദൃശ്യജ്ഞാനം അല്ലാഹുവിനുമാത്രമുള്ളതാകുന്നു.

www.abulhasanalinadwi.org

മനസ്സിൽ മറഞ്ഞ കാര്യങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എല്ലാ സമയത്തും അല്ലാഹു അല്ലാത്ത ആർക്കും അറിവില്ല. ശുപാർശ സ്വീകരിക്കുക, സ്ഥാന മാനങ്ങളുള്ളവരെ തൃപ്തിപ്പെടുത്തുക എന്നീ വിഷയങ്ങളിൽ ഭൗതിക ഭര ണാധികാരികളോട് അല്ലാഹുവിനെ തുലനം ചെയ്യാൻ പാടില്ല. ചെറുതും വലുതുമായ മുഴുവൻ പ്രശ്നങ്ങളിലും അവരിലേക്കൊന്നും തിരിയാതെ അല്ലാഹുവിലേക്ക് മാത്രം തിരിയുക.

അടുത്തവരുടെ സഹായസഹകരണങ്ങൾ ആവശ്യമായ രാജാക്കന്മാ രുമായി അല്ലാഹുവിന് ഒരു ബന്ധവുമില്ല. അല്ലാഹുവല്ലാത്ത ആർക്കും ഒരു തരത്തിലുമുള്ള സുജൂദും അനുവദനീയമല്ല. മറ്റൊരു സ്ഥാനത്തെയും കഅ്ബയെപ്പോലെ ആദരിക്കാൻ പാടില്ല. മഹാന്മാരുടെ പേരിൽ മൃഗങ്ങളെ നേർച്ച നേരലും അവയെ ആദരിക്കലും അവയിലൂടെ അവരുമായുള്ള അടുപ്പം ആഗ്രഹിക്കലും ഹറാമാണ്. നക്ഷത്രങ്ങളിലും രാശികളിലും പ്രതി ഫലന ശക്തിയുണ്ടെന്ന് വിശ്വസിക്കുന്നത് ശിർക്കാണ്. ജ്യോത്സ്യൻമാർ, നക്ഷത്രഫലങ്ങൾ, ഭാവിപ്രവചനക്കാർ ഇവരെ അവലംബിക്കുന്നത് കുഫ്റാണ്. പേരുകൾ വെയ്ക്കുന്നതിലും തൗഹീദിന്റെ ചിഹ്നങ്ങൾ പ്രക ടിപ്പിക്കൽ അത്യാവശ്യമാണ്. അനിസ്ലാമിക വിശ്വാസങ്ങൾ തോന്നിപ്പി ക്കുന്ന നാമങ്ങൾ ഉപേക്ഷിക്കേണ്ടതാണ്. അല്ലാഹു അല്ലാത്തവരുടെ നാമ ത്തിലുള്ള സത്യം ശിർക്കാണ്. അല്ലാഹു അല്ലാത്തവരുടെ പേരിൽ നേർച്ച നേരൽ നിഷിദ്ധമാണ്. വിഗ്രഹം ഉണ്ടായിരിക്കുകയോ, ജാഹിലീ ആചാര ങ്ങൾ നടക്കുകയോ ചെയ്ത സ്ഥലത്ത് ബലിയറുക്കാൻ പാടില്ല. റസൂലു ല്ലാഹി(സ)യെ ആദരിക്കാതിരിക്കുന്നതും ക്രിസ്ത്യാനികളെപ്പോലെ പരി ധിവിട്ട് ആദരിക്കുന്നതും മഹാൻമാരുടെ ചിത്രങ്ങൾ ബഹുമാനിക്കുന്നതും സൂക്ഷിക്കേണ്ടതാണ്."

## ആഗോള ശിർക്ക്-ജഹാലത്തുകളുടെ ഉൻമൂലനം

എന്നും എങ്ങും നബിമാരുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം അല്ലാഹുവിലുള്ള വിശ്വാസം ശരിയാക്കലായിരുന്നു. സ്രഷ്ടാവിനും സൃഷ്ടി കൾക്കും ഇടയിലുള്ള ബന്ധം നന്നാക്കാൻ അവർ പരിശ്രമിച്ചു. അല്ലാഹു വിനെ മാത്രം ആരാധിക്കുന്നതിലേക്ക് അവർ ക്ഷണിച്ചു. നന്മ തിന്മകളെല്ലാം അവന്റെ പക്കൽ നിന്നാണ് എന്നും പ്രാർത്ഥന, അപേക്ഷകളെല്ലാം അവ നോട് മാത്രമേ പാടുള്ളൂ എന്നും അവർ പഠിപ്പിച്ചു. വിഗ്രഹപൂജ, മരിച്ച വരും ജീവിക്കുന്നവരുമായ മഹാത്മാക്കളെ ആരാധിക്കൽ എന്നീ നിലക ളിൽ ഓരോ യുഗങ്ങളിലും വ്യാപിച്ചിരുന്ന ബഹുദൈവാരാധനകളെ അവർ ശക്തമായി ആക്രമിച്ചു. അല്ലാഹു അവർക്ക് അളവറ്റ ആദരവിനെയും ആരാ ധ്യതയുടെയും സ്ഥാനവും പ്രത്യേക വിഷയങ്ങളിൽ കൈകാര്യകർതൃ ത്വവും നൽകിയിട്ടുണ്ടെന്നും അവരുടെ ശുപാർശകൾ നിരുപാധികമായി സ്വീകരിക്കുമെന്നുമായിരുന്നു ജാഹിലീ വിശ്വാസം. പ്രത്യേക പ്രവിശ്യക

www.abulhasanalinadwi.org

ളിലേക്ക് ഗവർണർമാരെ അയച്ച് അവിടത്തെ കാര്യങ്ങൾ അവരെ ഏൽപിച്ച രാജാവിനെപ്പോലെ അവർ അല്ലാഹുവിനെ സങ്കൽപിച്ചു. അങ്ങനെ ഓരോ യുഗത്തിലും ബഹുദൈവാരാധന വ്യാപകമായി.[12]

ഈ ബഹുദൈവരാധനയ്ക്കും വിഗ്രഹപൂജയ്ക്കും എതിരിൽ ശക്തിയുക്തം പോരാടി ജനങ്ങളെ ആ മാലിന്യത്തിൽ നിന്നും രക്ഷിക്കലായിരുന്നു ഓരോ യുഗത്തിലും സത്യദൂതൻമാരുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. അവരുടെ പ്രബോധനത്തിന്റെ അടിസ്ഥാനവും ത്യാഗപരിശ്രമങ്ങളുടെ ലക്ഷ്യവും അവരുടെ കർമങ്ങളുടെ അച്ചുതണ്ടും ഇത് തന്നെയായിരുന്നുവെന്ന് ഖുർആൻ വളരെ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ഗതകാല വേദങ്ങളുടെ സത്യസന്ദേശത്തിന്റെ സമാഹാരമായ പരിശുദ്ധ ഖുർആൻ ചിലയിടങ്ങളിൽ പൊതുവായി പ്രഖ്യാപിക്കുന്നു: "ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല." [13] വേറെ ചില സ്ഥലങ്ങളിൽ ഓരോ നബിമാരുടെയും പേരുകളും സംഭവങ്ങളും പ്രത്യേകം പരാമർശിച്ചു കൊണ്ട് വിവരിക്കുന്നു: "അല്ലാഹുവിനെ മാത്രം നിങ്ങൾ ആരാധിക്കുക, അവനല്ലാതെ നിങ്ങൾക്ക് ഒരു ആരാധ്യനുമില്ല എന്നതായിരുന്നു അവരുടെ ഒന്നാമത്തെ ഉപദേശം."[14]

അല്ലാഹു അല്ലാത്തവരെ ആരാധ്യരാക്കുക, അവർക്ക് മുന്നിൽ വിനയവണക്കങ്ങൾ പ്രകടിപ്പിക്കുക, അവർക്ക് സാഷ്ടാംഗം ചെയ്യുക, അവരോട് സഹായം അഭ്യർത്ഥിക്കുക, അവരുടെ പേരിൽ നേർച്ച നേരുക എന്നീ കാര്യങ്ങൾ കാലപ്പഴക്കമേറിയതും വളരെ കടുപ്പമുള്ളതുമായ ആഗോള ജാഹിലിയ്യത്താണ്. എല്ലാ സ്ഥലത്തും കാലത്തും ഇത് കാണാൻ കഴിയും. മാനവചരിത്രങ്ങൾ വ്യത്യസ്ത ഘട്ടങ്ങൾ പിന്നിടുകയും സാംസ്കാരിക-നാഗരിക-രാഷ്ട്രീയ മേഖലകളിൽ വമ്പിച്ച പരിവർത്തനങ്ങൾ സംഭവിക്കുകയും ചെയ്തെങ്കിലും മഹാനാശകരമായ ഈ രോഗം മാനവകുലത്തെ പിൻതുടർന്നുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ ശാപവും കോപവും ഇത് ക്ഷണിച്ചു വരുത്തും. മനുഷ്യരുടെ ആത്മീയ-സാമൂഹ്യ പുരോഗതികൾ ഇത് നശിപ്പിക്കും. മനുഷ്യത്വത്തിന്റെ സമുന്നതസ്ഥാനത്തു നിന്നും മനുഷ്യനെ നിന്ദ്യതയുടെ ഭയാനകമായ ചളിക്കുണ്ടിലേക്ക് മുഖം കുത്തിമറിച്ചിടും. അതുകൊണ്ട് തന്നെ, ഇസ്‌ലാമിക നവോത്ഥാന-പ്രബോധന പ്രവർത്തനങ്ങളുടെയെല്ലാം അടിസ്ഥാനഘടകവും പ്രവാചകത്വത്തിന്റെ നിരന്തരമായ അനന്തരസ്വത്തുമാണ് ശിർക്കിന്റെ വിപാടനം. "അദ്ദേഹത്തിന്റെ (ഇബ്റാഹീം[അ]) പിൻഗാമികൾ (സത്യത്തിലേക്ക്) മടങ്ങേണ്ടതിനായി അതിനെ (ആ പ്രഖ്യാപനത്തെ) അദ്ദേഹം അവർക്കിടയിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെയ്തു."[15]

www.abulhasanalinadwi.org

പരിഷ്കർത്താക്കളും ത്യാഗിവര്യൻമാരും പ്രബോധകരുമായ മുഴുവൻ മഹാത്മാക്കളുടെയും ആഗോളവും നിത്യനിരന്തരവുമായ ചിഹ്നവും ഇത് തന്നെ.

## വ്യക്തമായ ശിർക്കുകളെ നിസ്സാരവൽക്കരിക്കൽ

പ്രബോധനത്തിന്റെ നവനൂതനങ്ങളായ ആവശ്യങ്ങൾക്കും കാലഘട്ടത്തിന്റെ സങ്കീർണമായ അവസ്ഥകൾക്കും ഇടയിൽ 'വ്യക്തമായ ശിർക്കു' കളുടെ ഗുരുതരമായ പ്രശ്നം നിസ്സാരവൽക്കരിക്കപ്പെടാൻ പാടില്ല.

ദഅ്വത്ത്-ജിഹാദുകളുടെ വിഷയങ്ങളിൽ ഇതിന് അപ്രധാനമായ സ്ഥാനം ചിലർ നൽകിക്കാണുന്നു. ഇന്നത്തെ രാഷ്ട്രീയ വ്യവസ്ഥിതികളെ അംഗീകരിക്കലും, അല്ലാഹുവല്ലാത്തവരെ ആരാധിക്കലും ഒരുപോലെയാണെന്ന് ചിലർ പറയുന്നു. അതുപോലെ ശിർക്കെന്നാൽ പഴയകാര്യമാണ്, അതിന്റെ കാലം കഴിഞ്ഞു എന്നും മറ്റുചിലർ വാദിക്കുന്നു. ഇത്തരം വീക്ഷണങ്ങൾ അനുഭവങ്ങൾക്കും വസ്തുതകൾക്കും വിരുദ്ധമാണ്. കാരണം, വ്യക്തമായ ബഹുദൈവാരാധനകൾ ഇന്നും പരസ്യമായി നടക്കുന്നുണ്ട്. നിരവധി സമുദായങ്ങളും രാഷ്ട്രങ്ങളും എന്തിനേറെ, ധാരാളം മുസ്ലിം നാമധാരികളും വ്യക്തമായ ശിർക്കിൽ കുടുങ്ങിക്കിടക്കുകയാണ്. കൂടാതെ ഈ കാഴ്ചപ്പാടുകൾ, നബിമാരുടെ പരിശുദ്ധ പ്രബോധന ത്യാഗങ്ങളെ നിന്ദിക്കലും സർവകാലത്തേക്കും മാർഗദർശനമായ ഖുർആനിന്റെ വിശുദ്ധിയിൽ സംശയിക്കലുമാണ്. അല്ലാഹു തൃപ്തിപ്പെടുകയും സ്വീകരിക്കുകയും പിന്തുണയ്ക്കുകയും വിജയിപ്പിക്കുകയും ചെയ്ത മാർഗം നബിമാരുടെ മാർഗം മാത്രമാണ് എന്ന വിശ്വാസത്തിൽ കളങ്കം വരുത്തലുമാണ്.

## ബിദ്അത്തും അതിന്റെ ദൂഷ്യഫലങ്ങളും

അല്ലാഹുവും റസൂലും ദീനിൽപ്പെടുത്താത്തതും കൽപിക്കാത്തതുമായ ഒരു കാര്യം ദീനിൽ പ്രചരിപ്പിക്കുകയും അത് ദീനിന്റെ ഒരു ഭാഗമാണെന്ന് വിശ്വസിക്കുകയും ശരീഅത്ത് നിയമങ്ങൾ അനുകരിക്കുന്നതുപോലെ അതിന്റെ നിർമിത നിയമ-മര്യാദകൾ പാലിക്കുകയും അവയിലൂടെ പ്രതിഫലം കാംക്ഷിക്കുകയും ചെയ്യുന്നതിനെ ബിദ്അത്ത് (അനാചാരം) എന്നു പറയപ്പെടുന്നു. അല്ലാഹുവിന്റെ മതത്തിനുള്ളിൽ മനുഷ്യന്റെ മതം സൃഷ്ടിക്കലും രാഷ്ട്രത്തിനകത്ത് മറ്റൊരു രാഷ്ട്രം സ്ഥാപിക്കലുമാണ് ബിദ്അത്ത്. അതിന്റെ നിയമ-രീതികളും മര്യാദ-ശൈലികളും ചിലപ്പോൾ അല്ലാഹുവിന്റെ ശരീഅത്തിന് തുല്യം നിൽക്കുന്നു. മറ്റുചിലപ്പോൾ പ്രാധാന്യത്തിലും ആദരവിലും അതിനെ കവച്ച് കടക്കുകയും ചെയ്യുന്നു. ദീനും ശരീഅത്തും സമ്പൂർണമായി, ഫർദുകളും സുന്നത്തുകളും പുണ്യങ്ങളും നിർണിതമായി, ഇനി പുതിയ നാണയങ്ങളൊന്നും വിലപ്പോവില്ല എന്ന മഹത്തായ യാഥാർത്ഥ്യത്തിനു നേരെയുള്ള വെല്ലുവിളിയാണ് ബിദ്അത്ത്. അതുകൊണ്ട് എല്ലാ ബിദ്അത്തുകളും തള്ളപ്പെടേണ്ടതാണ്. ഇമാം മാലി

www.abulhasanalinadwi.org

കി(റ)ന്റെ വാചകങ്ങൾ എത്രയോ ശരിയാണ്: "ദീനിൽ ബിദ്അത്തുകൾ പടച്ചുണ്ടാക്കുകയും അതിനെ നല്ലതായി കാണുകയും ചെയ്യുന്നവൻ, മുഹമ്മദ് നബി(സ) സന്ദേശങ്ങൾ എത്തിച്ചുതരുന്നതിൽ വഞ്ചന കാണിച്ചുവെന്ന് വാദിക്കുന്നവനാണ്. കാരണം, "ഇന്നേ ദിവസം നിങ്ങളുടെ മതത്തെ ഞാൻ പൂർത്തീകരിച്ചു" എന്ന് അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നു. ആകയാൽ, പ്രവാചക കാലത്ത് ദീനല്ലാത്ത കാര്യം ഇന്നും ദീനാകുന്നതല്ല."[16]

ഇസ്‌ലാമിന്റെ ലാളിത്യവും സർവകാല യോഗ്യതയും ഇസ്‌ലാമിന്റെ മാത്രം പ്രത്യേകതയാണ്. കാരണം, ഇസ്‌ലാമിനെ അവതരിപ്പിച്ചവൻ മനുഷ്യന്റെ സ്രഷ്ടാവും കൂടിയാണ്. മനുഷ്യന്റെ ആവശ്യങ്ങളും പ്രകൃതിയും ശക്തിയും ദൗർബല്യങ്ങളും അവന് നന്നായി അറിയാം. "സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു."[17] അതുകൊണ്ട് അല്ലാഹു ഇറക്കിയ ദർശനത്തിൽ ഇതെല്ലാം പരിഗണിക്കപ്പെട്ടു. എന്നാൽ മനുഷ്യൻ തന്നെ മതസ്ഥാപകനായാൽ ഇത് പരിഗണിക്കുക സാധ്യമല്ല. കൂടാതെ ബിദ്അത്തുകളുടെ വേലിയേറ്റവും ഇടയ്ക്കിടെയുള്ള കൂട്ടിച്ചേർക്കലുകളും ഉണ്ടായതിൽ പിന്നെ ദീൻ വളരെ പ്രയാസകരവും സങ്കീർണവും കുരുക്ക് പിടിച്ചതും ഭാരം കൂടിയതുമായിത്തീരും. അവസാനം ജനങ്ങൾ. അതിന്റെ ഹാരത്തെ ചങ്ങലയായിക്കണ്ട് കഴുത്തിൽ നിന്നും ഊരിയെറിയുന്നതാണ്. "അല്ലാഹു നിങ്ങൾക്ക് ദീനിൽ യാതൊരു പ്രയാസവും വെച്ചിട്ടില്ല"[18] എന്ന പ്രഖ്യാപനത്തിലടങ്ങിയ അനുഗ്രഹം മനുഷ്യന് അന്യമാകും. ബിദ്അത്തുകൾ സ്വതന്ത്രമായി അഴിഞ്ഞാടുന്ന പ്രദേശങ്ങളിലെ ഇബാദത്തിലേക്കും, ഫർദ്- സുന്നത്തുകളിലേക്കും ചെറുതായൊന്ന് നോക്കിയാൽ ഇതിനു ധാരാളം മാതൃകകൾ കാണാൻ കഴിയും.

സമ്പൂർണ യോജിപ്പും ആഗോള ഏകത്വവും ഇസ്‌ലാമിന്റെ ഒരു പ്രത്യേകതയാണ്. ഒരു കാലത്തും സ്ഥലത്തും ഇസ്‌ലാമിക നിയമങ്ങൾക്ക് മാറ്റമില്ല. ലോകത്തിന്റെ ഒരറ്റത്ത് നിന്നും മറ്റൊരറ്റത്തേക്ക് പോകുന്ന ഒരു മുസ്‌ലിമിന് ദീനീകാര്യങ്ങൾ ചെയ്യാൻ യാതൊരു പ്രയാസവും നേരിടുന്നതല്ല. പ്രാദേശിക നിർദേശങ്ങളെയോ വഴികാട്ടിയെയോ ആവശ്യം വരില്ല. എന്നാൽ ബിദ്അത്തിന്റെ അവസ്ഥ ഇതല്ല. അവക്കിടയിൽ യാതൊരു യോജിപ്പുമില്ല. പ്രാദേശികമായ രൂപഭേദങ്ങളും ശൈലീ വ്യത്യാസങ്ങളും അതിൽ കാണപ്പെടും. സാമൂഹ്യമോ വ്യക്തിപരമോ ആയ താൽപര്യങ്ങൾ അതിൽ കൂടിക്കലരുന്നതാണ്. ചില ബിദ്അത്തുകളിൽ രാജ്യത്തിന്റെയും നാടിന്റെയും കാര്യം ഇരിക്കട്ടെ, വീടുകളുടെ പോലും വൈരുധ്യം കാണപ്പെടുന്നതാണ്. നിത്യനിരന്തരമായ ഈ കാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ്, ബിദ്അത്തുകളിൽ നിന്നും അകന്ന് കഴിയാനും സുന്നത്തുകളിൽ അടിയുറച്ച് നിൽക്കാനും റസൂലുല്ലാഹി(സ) ശക്തമായി ഉദ്ബോധിപ്പിച്ചത്. ഒരിക്കൽ അരുളി: "നമ്മുടെ ദീനിൽ ഇല്ലാത്ത വല്ല കാര്യവും ആരെങ്കിലും

www.abulhasanalinadwi.org

ഉണ്ടാക്കിത്തീർത്താൽ അത് തള്ളപ്പെടേണ്ടതാണ്."[19] മറ്റൊരിക്കൽ പ്രസ്താവിച്ചു: "ബിദ്അത്തുകളെ സദാ സൂക്ഷിക്കുക. കാരണം, ബിദ്അത്തുകളെല്ലാം വഴികേടാണ്. വഴികേടുകളെല്ലാം നരകത്തിലെത്തുന്നതാണ്." [20] വേറൊരിക്കൽ ഉണർത്തി: "ഒരു സമൂഹം ഒരു ബിദ്അത്ത് പടച്ചുണ്ടാക്കിയാൽ അതിനനുസൃതമായ ഒരു സുന്നത്ത് തീർച്ചയായും ഉയർത്തപ്പെടുന്നതാണ്."[21]

**ബിദ്അത്തുകൾക്കെതിരിൽ പ്രവാചക പിൻഗാമികളുടെ പോരാട്ടം**

മഹാൻമാരായ സഹാബത്തും തുടർന്നു വന്ന ദീനീനായകരും ഇസ്ലാമിക പണ്ഡിതരും എല്ലാ പരിഷ്കർത്താക്കളും റബ്ബാനി ഉലമാക്കളും അതത് കാലങ്ങളിലെ ബിദ്അത്തുകൾക്കെതിരിൽ രംഗത്തിറങ്ങി. ഭൗതിക വക്താക്കൾക്ക് ധാരാളം ഭൗതികലാഭങ്ങൾ നേടാൻ കഴിയുന്നു എന്നതിനാൽ ബിദ്അത്തുകളിൽ എക്കാലത്തും ഒരു തരം ആകർഷണ ശക്തി കാണപ്പെടാറുണ്ട്. ഖുർആൻ അതിന്റെ അമാനുഷിക ശൈലിയിൽ ഇക്കാര്യം ഇപ്രകാരം വിവരിക്കുന്നു: "സത്യവിശ്വാസികളേ, പണ്ഡിതന്മാരിലും പുരോഹിതന്മാരിലുംപെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും, അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (അവരെ) തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും നിക്ഷേപമാക്കി വെക്കുകയും, അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി 'സന്തോഷവാർത്ത' അറിയിക്കുക."[22] ഇക്കാരണത്താൽ, സമൂഹത്തിനിടയിൽ ബിദ്അത്തുകൾ വേരോടാതിരിക്കാനും പ്രചരിക്കാതിരിക്കാനും വേണ്ടി ആ മഹാത്മാക്കൾ ജീവൻമരണപോരാട്ടങ്ങൾ നടത്തി. ഈ വഴിയിൽ അവർക്ക് ധാരാളം പ്രയാസ-പ്രശ്നങ്ങൾ നേരിടേണ്ടി വന്നു. പക്ഷേ, ശരീഅത്തിനെ ·തിരിമറികളിൽ നിന്നു രക്ഷിക്കാനുള്ള ജിഹാദായി അവർ ഇതിനെ കണ്ടു. സുന്നത്തിന്റെ ഈ കർമഭടന്മാരെ, അതത് കാലത്തുള്ള പൊതുജനങ്ങളും അവരെപ്പോലുള്ള പ്രധാനികളും 'ഉൽപ്പതിഷ്ണു, ഇസ്ലാം വിരുദ്ധൻ, തീവ്രവാദി, വഹാബി മുതലായ പേരുകൾ നൽകി പരിഹസിച്ചു. പക്ഷേ, അതൊന്നും അവർ കാര്യമാക്കിയില്ല. ശരീരം, നാക്ക്, തൂലിക മുതലായവയിലൂടെ അവർ പോരാട്ടം തുടർന്നു. തൽഫലമായി, പല ബിദ്അത്തുകളും ചില ചരിത്ര ഗ്രന്ഥങ്ങളിൽ മാത്രം അവശേഷിക്കുന്ന നിലയിൽ തുടച്ചു മാറ്റപ്പെട്ടു. അവശേഷിക്കുന്ന ബിദ്അത്തുകൾക്കെതിരിൽ റബ്ബാനിയായ ഉലമാക്കൾ ഇന്നും അടരാടിക്കൊണ്ടിരിക്കുന്നു. അല്ലാഹു പറയുന്നത് സത്യം തന്നെ: "സത്യവിശ്വാസികളുടെ കൂട്ടത്തിൽ ചില പുരുഷന്മാരുണ്ട്. ഏതു കാര്യത്തിൽ അവർ അല്ലാഹുവിനോട് ഉടമ്പടി ചെയ്യുമോ, അതിൽ അവർ സത്യസന്ധത പുലർത്തി. അങ്ങനെ അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ നിറവേറ്റി. അവരിൽ ചിലർ (അത്) കാത്തിരിക്കുന്നു. അവർ (ഉടമ്പടിക്ക്) യാതൊരു വിധ മാറ്റവും വരുത്തിയിട്ടില്ല."[1]

www.abulhasanalinadwi.org

മൂന്ന്

# ഇബാദത്ത്

വിശ്വാസങ്ങൾക്ക് ശേഷം ഇസ്ലാമിൽ ഏറ്റവും പ്രാധാന്യം കൽപിക്കപ്പെട്ടിരിക്കുന്ന കാര്യം ഇബാദത്തുകളാണ്. മനുഷ്യസൃഷ്ടിപ്പിന്റെ ഒന്നാമത്തെ ലക്ഷ്യവും ഇത് തന്നെയാണ്. അല്ലാഹു അറിയിക്കുന്നു:

"എന്നെ ആരാധിക്കുവാൻ വേണ്ടി മാത്രമാണ് ജിന്നുകളെയും മനുഷ്യരെയും ഞാൻ സൃഷ്ടിച്ചിട്ടുള്ളത്."[1] മുഴുവൻ നബിമാരും അതത് കാലങ്ങളിൽ ഇക്കാര്യം പ്രബോധനം ചെയ്തു. എന്നാൽ റസൂലുല്ലാഹി (സ) ഇതിനെ സർവസമ്പൂർണമായ നിലയിൽ പഠിപ്പിച്ചു. റസൂലുല്ലാഹി (സ) ഈ വിഷയത്തിൽ പുലർത്തിയിരുന്ന ശ്രദ്ധയും ഗൗരവവും വിവരണാതീതമാണ്. നിരവധി ആയത്ത്-ഹദീസുകളിൽ ഇതിനെക്കുറിച്ച് വാഴ്ത്തിപ്പറയുകയും മഹത്വങ്ങൾ വിവരിക്കുകയും, ഈ വിഷയത്തിൽ മത്സരിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇതിൽ ശ്രദ്ധയുള്ളവരെ പ്രശംസിക്കുകയും അശ്രദ്ധ കാട്ടുന്നവരെ വിമർശിക്കുകയും ചെയ്തിരിക്കുന്നു.[2] ഉദാഹരണത്തിന്, ഒരു ആയത്തിൽ അല്ലാഹു സത്യ വിശ്വാസികളെ വർണിക്കുന്നത് കാണുക:

"അവർക്ക് നാം ഭൂമിയിൽ സ്വാധീനം നൽകിയാൽ അവർ നമസ്കാരം നിർവഹിക്കുകയും സകാത്ത് കൊടുക്കുകയും നല്ലത് കൽപിക്കുകയും ചീത്ത വിരോധിക്കുകയും ചെയ്യും."[3] ഈ ആയത്തിൽ ദീനീ പരിശ്രമത്തെയും ഇസ്ലാമിക ഭരണത്തെയും മാധ്യമമായി വിവരിക്കുകയും ഇബാദത്തിന്റെ തലവനായ നമസ്കാരത്തെ ലക്ഷ്യവും ഫലവുമായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

ഇപ്രകാരം ഖുർആൻ, ചെറുതായെങ്കിലും പഠനവിധേയമാക്കിയാൽ ഒരു കാര്യം മനസ്സിലാക്കുവാൻ കഴിയും. അല്ലാഹുവുമായുള്ള ശക്തമായ ബന്ധവും അവനോടുള്ള നിരന്തരമായ അടിമത്തവും നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നീ നാല് ഇബാദത്തുകളും അടിമയുടെ പരമപ്രധാ

www.abulhasanalinadwi.org

നമായ ബാധ്യതകളാണ്. ഇവയെക്കുറിച്ച് ഖിയാമത്ത് നാളിൽ ചോദ്യം ഉണ്ടാകും. ഇവയിലുള്ള അശ്രദ്ധ നിത്യ ദുഃഖത്തിന് കാരണമാണ്. ഖുർആനിൽ ഒരിടത്ത് നരകവാസികളുമായുള്ള സംസാരം ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: "നരകവാസികളോട് ചോദിക്കപ്പെടും; നിങ്ങളെ നരകത്തിൽ പ്രവേശിപ്പിച്ചതെന്താണ്? അവർ പറയും: ഞങ്ങൾ നമസ്കരിച്ചിരുന്നില്ല. ഞങ്ങൾ പാവങ്ങൾക്ക് ഭക്ഷണം കൊടുത്തിരുന്നുമില്ല. ദുർവൃത്തികളിൽ നിരതരായവരുടെ കൂട്ടത്തിൽ ഞങ്ങളും നിരതരായിരുന്നു. പ്രതിഫലദിനത്തെ ഞങ്ങൾ നിഷേധിക്കുകയും ചെയ്തിരുന്നു. അങ്ങനെയാണ് ഉറപ്പായ മരണം ഞങ്ങളെ സമീപിച്ചത്."[4]

മറ്റൊരിടത്ത് നിഷേധികളെ വർണിക്കുന്നു: "അപ്പോഴവൻ സത്യത്തെ അംഗീകരിക്കുകയോ നമസ്കരിക്കുകയോ ചെയ്തിട്ടില്ല. പക്ഷേ, അവൻ നിഷേധിക്കുകയും തിരിഞ്ഞ് കളയുകയുമാണ് ചെയ്തിട്ടുള്ളത്. തന്നെയുമല്ല അവൻ തന്റെ കുടുംബത്തിലേക്ക് ദുരഭിമാനം നടിച്ചു കൊണ്ട് പോകുകയും ചെയ്തു"[5]

ദീനിന്റെ മുഴുവൻ അധ്യാപനങ്ങൾക്കും ഇടയിൽ ഇബാദത്തിന് കേന്ദ്ര സ്ഥാനമാണുള്ളതെന്നും ഇസ്‌ലാമിക ഭരണ നിർമാണം, മാനവപുരോഗമന പ്രവർത്തനം മുതലായ കാര്യങ്ങൾക്ക് രണ്ടാം സ്ഥാനമാണുള്ളതെന്നും ഇവ ഇബാദത്തുകൾക്കുള്ള മാധ്യമങ്ങളാണെന്നും ഈ ആയത്തുകൾ മനസ്സിലാക്കിത്തരുന്നു.

ഈ ഇബാദത്തുകളിൽ ഏറ്റവും പ്രധാനപ്പെട്ടത് നമസ്കാരമാണ്. ഇത് ദീനിന്റെ നടുത്തൂണും ഒരു മുസ്‌ലിമിനും കാഫിറിനും ഇടയിലുള്ള വിവേചന രേഖയുമാണ്. അല്ലാഹു അരുളുന്നു:

"അവനെ സൂക്ഷിക്കുകയും നമസ്കാരം നിർവഹിക്കുകയും ചെയ്യുവിൻ. ബഹുദൈവാരാധകരിൽ പെട്ടു പോകരുത്."[6]

ജാബിർ (റ) നിവേദനം ചെയ്യുന്നു: റസൂലുല്ലാഹി (സ) അരുളി: ഈമാനിന്റെയും കുഫ്റിന്റെയും ഇടയിലുള്ള വിവേചന രേഖ നമസ്കാരം ഉപേക്ഷിക്കലാണ്."[7]

നമസ്കാരം മോക്ഷത്തിന്റെ മാർഗവും, ഈമാനിന്റെ സംരക്ഷകനുമാണ്. ഹിദായത്ത്-തഖ്‌വകളുടെ അടിസ്ഥാന തത്വവും നമസ്കാരം തന്നെ.[8]

സ്വതന്ത്രന്നും അടിമക്കും പണക്കാരന്നും പാവപ്പെട്ടവന്നും രോഗിക്കും ആരോഗ്യവാന്നും യാത്രികന്നും താമസക്കാരന്നും എല്ലാ അവസ്ഥയിലും നമസ്കാരം നിർബന്ധമാണ്. പ്രായപൂർത്തിയും ബോധവുമുള്ള ഒരാളെയും അതിൽ നിന്ന് ഒഴിവാക്കപ്പെടുന്നതല്ല. റസൂലുല്ലാഹി (സ) യോട് അല്ലാഹു കൽപിക്കുന്നു:

"യഖീൻ (ഉറപ്പായ കാര്യം) താങ്കൾക്കെത്തും വരെ താങ്കളുടെ നാഥനെ ആരാധിക്കുകയും ചെയ്യുക."[9]

www.abulhasanalinadwi.org

മത്സ്യത്തിന് വെള്ളത്തിനുള്ളത് പോലുള്ള സ്ഥാനമാണ് സത്യവിശ്വാസികൾക്ക് നമസ്കാരത്തിനുള്ളത്. നമസ്കാരം അവന്റെ അഭയസ്ഥാനവും രക്ഷാകേന്ദ്രവുമാണ്.[10] നമസ്കാരം യാഥാർത്ഥ്യമായിത്തീർന്നാൽ അല്ലാഹു അല്ലാത്തവർക്കുള്ള അടിമത്ത ആരാധനകളുമായും വിവരം കെട്ട പാപപങ്കിലമായ ജീവിതവുമായും അവന് യാതൊരു ബന്ധവും ഉണ്ടാകുന്നതല്ല. കാരണം അല്ലാഹു അരുളുന്നു:

"നമസ്കാരം നിഷിദ്ധവും നീചവുമായ കർമങ്ങളിൽ നിന്നു തടയുന്നു."[11] ഇരുമ്പോ മരമോ കൊണ്ടുണ്ടാക്കപ്പെട്ട ഉറച്ചതും പരിമിതമായതുമായ ഒരു സാധനത്തെപ്പോലെ ഒന്നല്ല നമസ്കാരം. വളരെ വലുതും വിശാലവുമായ ഒരു മൈതാനമാണത്. ഓരോ നമസ്കാരത്തിലൂടെയും ഒരവസ്ഥയിൽ നിന്ന് അടുത്ത അവസ്ഥയിലേക്കും പുരോഗതിയിൽ നിന്ന് പൂർണതയിലേക്കും അവിടെ നിന്നു സങ്കൽപാതീതമായ സ്ഥാനങ്ങളിലേക്കും അടിമക്ക് ചെന്നെത്താൻ കഴിയും. അല്ലാഹുവുമായുള്ള അടുപ്പം, ശക്തമായ ബന്ധം എന്നിവയ്ക്ക് നമസ്കാരം ഉപകരിക്കുന്നതു പോലെ മറ്റൊരു ആരാധനയും ഉപയുക്തമല്ല. ബുദ്ധിമാൻമാരുടെ ബുദ്ധിക്കും തത്വജ്ഞാനികളുടെ ചിന്തക്കും എത്തിച്ചേരാൻ കഴിയാത്ത ഈമാൻ, യഖീൻ, മഅ്രിഫത്ത് മുതലായ മഹത് സ്ഥാനങ്ങളിലേക്ക് ഓരോ യുഗത്തിലേയും മഹാത്മാക്കൾ എത്തിച്ചേർന്നത് നമസ്കാരത്തിൽ കൂടിയാണ്. പ്രവാചകത്വത്തിന്റെ ഉത്തമ ഉപഹാരമാണ് നമസ്കാരം. അതിന്റെ അകവും പുറവും നിയമരീതികളും സമുദായത്തിൽ നിരന്തരമായി സൂക്ഷിക്കപ്പെട്ടു വരുന്നു.

റസൂലുല്ലാഹി (സ)യുടെ ഏറ്റവും പ്രിയങ്കരമായ ഇബാദത്ത് നമസ്കാരമായിരുന്നു. അത് മുഖേന അവിടന്ന് സമാധാനവും സ്വസ്ഥതയും അനുഭവിച്ചിരുന്നു. ഒരിക്കൽ അവിടുന്ന് അരുളി: "എന്റെ കൺകുളിർമ നമസ്കാരത്തിലാണ്."[12] മറ്റൊരിക്കൽ മുഅദ്ദിൻ ബിലാലി(റ) നോട് നിർദേശിച്ചു: "ബിലാലേ, നമസ്കാരത്തിന് ഇഖാമത്ത് കൊടുക്കുക. നമുക്ക് അതിലൂടെ സമാധാനം പകരുക."[13] ഹുദൈഫ (റ) പ്രസ്താവിക്കുന്നു: "റസൂലുല്ലാഹി (സ)ക്ക് എന്തെങ്കിലും ആവശ്യമുണ്ടായാൽ നമസ്കാരത്തിലേക്ക് തിരിയുമായിരുന്നു."[14] റസൂലുല്ലാ..ഹി (സ) യുടെ നമസ്കാരം ഇഹ്സാൻ എന്ന മഹൽ ഗുണത്തിന്റെ സമുന്നതവും സമ്പൂർണവുമായ മാതൃകയായിരുന്നു. ഇഹ്സാൻ എന്താണ് എന്ന ചോദ്യത്തിന് റസൂലുല്ലാഹി (സ) അരുളി: "അല്ലാഹുവിനെ കാണുന്നതു പോലെ നീ അവനെ ആരാധിക്കുക. കാരണം, നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്."[15] ഇത്തരം നമസ്കാരമാണ് ഓരോ മുസ്ലിമിൽ നിന്നും ആഗ്രഹിക്കപ്പെടുന്നത്. കാരണം, റസൂലുല്ലാഹി (സ) മുഴുവൻ കാര്യങ്ങളിലും വിശിഷ്യാ, നമസ്കാരത്തിൽ പിൻപറ്റാൻ ഓരോ മുസ്ലിമും കൽപിക്കപ്പെട്ടിരിക്കുന്നു. റസൂലുല്ലാഹി (സ) അരുളി: "ഞാൻ നമസ്കരിക്കുന്നതു പോലെ നിങ്ങളും നമസ്കരിക്കുക."[16] അതുകൊണ്ട് റസൂലുല്ലാഹി (സ)യുടെ നമസ്കാരത്തിന്റെ ഒരു ഏകദേശരൂപം ഇവിടെ അനുവാചകസമക്ഷം സമർപ്പിക്കുകയാണ്.[17]

www.abulhasanalinadwi.org

**റസൂലുല്ലാഹി (സ)യുടെ നമസ്കാരം**

ആദ്യമായി നല്ല നിലയിൽ വുദു എടുത്തിരുന്നു. കാരണം, അല്ലാഹുവുമായുള്ള അടിമയുടെ രഹസ്യസംഭാഷണത്തിനുള്ള തയ്യാറെടുപ്പാണിത്. വുദുവിൽ മിസ്വാക്ക് (ദന്തശുദ്ധി) നടത്തുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ അരുളി: "സമുദായത്തിന്റെ പ്രയാസത്തെക്കുറിച്ചുള്ള ചിന്ത ഇല്ലായിരുന്നുവെങ്കിൽ എല്ലാ നമസ്കാരത്തിന് മുമ്പും മിസ്വാക്ക് ചെയ്യുവാൻ ഞാൻ അവരോട് കൽപിക്കുമായിരുന്നു."[15]

ശേഷം നമസ്കരിക്കുവാൻ നിന്നു കൊണ്ട് 'അല്ലാഹു അക്ബർ' എന്ന് തക്ബീർ ചൊല്ലുമായിരുന്നു. തക്ബീറിനോടൊപ്പം കൈവിരലുകൾ വിരിച്ച് ഖിബ്‌ലക്ക് അഭിമുഖമായി ഉയർത്തിയിരുന്നു. തുടർന്ന് ഇടത് കൈയിന്റെ മേൽ വലത് കൈ വച്ച് കെട്ടുമായിരുന്നു. ഫർദ് നമസ്കാരങ്ങളിൽ സാധാരണ ഇപ്രകാരം ദുആ ഓതിയിരുന്നു:

سُبْحَانَكَ اللّٰهُمَّ وَبِحَمْدِكَ وَتَبَارَكَ اسْمُكَ وَتَعَالَى جَدُّكَ وَلَا إِلٰهَ غَيْرُكَ

(അല്ലാഹുവേ, നിന്റെ വിശുദ്ധിയും സ്തുതിയും ഞാൻ വിവരിക്കുന്നു. നിന്റെ നാമം അനുഗൃഹീതം, നിന്റെ മഹത്വം സമുന്നതം, നീയല്ലാതെ ഒരു ആരാധ്യനുമില്ല.)

സുന്നത്ത് നമസ്കാരങ്ങളിലും തഹജ്ജുദുകളിലും മറ്റു ദുആകളും ചെയ്തിരുന്നു. ഉദാഹരണമായി:

اَللّٰهُمَّ بَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ اَللّٰهُمَّ اغْسِلْنِي مِنْ خَطَايَايَ بِالْمَاءِ وَالثَّلْجِ وَالْبَرَدِ، اَللّٰهُمَّ نَقِّنِي مِنَ الذُّنُوبِ وَالْخَطَايَا كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنَ الدَّنَسِ

(അല്ലാഹുവേ, ഉദയാസ്തമയ സ്ഥാനങ്ങൾക്കിടയിൽ നീ ദൂരമാക്കിയത് പോലെ എന്റെയും എന്റെ തെറ്റുകളുടെയും ഇടയിൽ നീ ദൂരം ഉണ്ടാക്കേണമേ. അല്ലാഹുവേ, എന്റെ പാപത്തിൽ നിന്ന് വെള്ളവും ആലിപ്പഴവും ഉപയോഗിച്ച് എന്നെ കഴുകി ശുദ്ധിയാക്കേണമേ. അല്ലാഹുവേ അഴുക്കിൽ നിന്നു വെള്ള വസ്ത്രം വൃത്തിയാക്കപ്പെടുന്നത് പോലെ എന്നെ എന്റെ പാപത്തിൽ നിന്ന് നീ വൃത്തിയാക്കേണമേ.)

പിന്നീട് അഊദുവും ബിസ്മിയും ഓതി സൂറത്തുൽ ഫാത്തിഹ പാരായണം ചെയ്യുമായിരുന്നു. തങ്ങളുടെ പാരായണം ശുദ്ധവും ഓരോ വാചകങ്ങളും വേർതിരിച്ച് കൊണ്ടുള്ളതുമായിരുന്നു. ഓരോ ആയത്തിന്റെയും അവസാനം നീട്ടിനിറുത്തിയിരുന്നു. ഫാത്തിഹയിൽ നിന്നും വിരമിച്ചാൽ ആമീൻ പറഞ്ഞിരുന്നു. തക്ബീറിനും ഫാത്തിഹക്കും ഇടയിലും ഫാത്തി

www.abulhasanalinadwi.org

ഹക്ക് ശേഷവും തങ്ങൾ അൽപം നിശ്ശബ്ദത പാലിച്ചിരുന്നു. ശേഷം സൂറത്ത് പാരായണം ചെയ്തിരുന്നു. ചിലപ്പോൾ വലിയ സൂറത്ത്. യാത്ര യുടെയും മറ്റും ആവശ്യം നേരിട്ടാൽ ചെറിയ സൂറത്തും ഓതിയിരുന്നു. അധികം വലുതോ വളരെ ചെറുതോ അല്ലാത്ത മധ്യമായ സൂറത്താണ് സാധാരണ ഓതിയിരുന്നത്. സുബ്ഹി നമസ്കാരത്തിൽ അറുപത് മുതൽ നൂറ് വരെയുള്ള ആയത്തുകൾ ഓതിയിരുന്നു. യാത്രയിലുള്ള സുബ്ഹി യിൽ ഇദാസുൽസിലത്, അൽ ഫലഖ്, അന്നാസ് എന്നിവ ഓതിയതായി വന്നിട്ടുണ്ട്. ജുമുഅയുടെ സുബ്ഹിയിൽ അസ്സജദ, അദ്ദഹ്ർ എന്നീ സൂറ ത്തുകൾ ഓതിയിരുന്നു. പെരുന്നാൾ, ജുമുഅ പോലുള്ള വലിയ ജമാഅ ത്തുകളിൽ ഖാഫ്, അൽ ഖമർ, അൽ അഅ്ലാ, അൽ ഗാശിയ എന്നിവ ഓതിയിരുന്നു. ളുഹ്റിൽ പലപ്പോഴും ദീർഘമായി ഓതിയിരുന്നു. അസ്റിൽ ളുഹ്റിന്റെ പകുതി ഓതിയിരുന്നു. മഗ്രിബിൽ ചിലപ്പോൾ ദീർഘമായി ഓതിയിരുന്നെങ്കിലും അധികവും ചെറിയ സൂറത്തുകൾ തിരഞ്ഞെടുത്തി രുന്നു. ഇശാഇൽ മധ്യമായ സൂറത്ത് ഓതുകയും അത് ഇഷ്ടപ്പെടുകയും ചെയ്തിരുന്നു. ഒരിക്കൽ മുആദ് (റ) ഇശാ നമസ്കാരത്തിൽ സൂറത്തുൽ ബഖറ പാരായണം ചെയ്തപ്പോൾ 'നീ ജനങ്ങളെ കുഴപ്പത്തിൽ അകപ്പെ ടുത്തുകയാണോ' എന്ന് ചോദിച്ച് ശകാരിക്കുകയുണ്ടായി. ജുമുഅ നമ സ്കാരത്തിൽ സാധാരണയായി അൽ ജുമുഅ, അൽ മുനാഫിഖൂൻ, അൽ അഅ്ലാ, അൽ ഗാശിയ എന്നീ സൂറത്തുകൾ ഓതുമായിരുന്നു. ജുമുഅ യിലും പെരുന്നാൾ നമസ്കാരത്തിലും ഒഴികെ മറ്റൊരു നമസ്കാരത്തിലും സൂറത്തുകളൊന്നും നിജമാക്കിയിരുന്നില്ല. എല്ലാ നമസ്കാരങ്ങളിലും ആദ്യത്തെ റക്അത്തിനെക്കാൾ രണ്ടാമത്തെ റക്അത്ത് നീളുമായിരുന്നു. സുബ്ഹിലാണ് ദീർഘമായി ഓതിയിരുന്നത്.

റുകൂഅ് ചെയ്യുമ്പോൾ കൈപ്പത്തികൾ കാൽമുട്ടുകളിൽ പിടിക്കുന്നത് പോലെ വെക്കുമായിരുന്നു. കൈകൾ പാർശ്വങ്ങളിൽ നിന്നും അകത്തിയി രുന്നു. മുതുക് വിരിച്ച് നേരെ നിൽക്കും. റുകൂഇലും സുജൂദിലും പത്ത് പ്രാവശ്യത്തോളം തസ്ബീഹ് ചൊല്ലുമായിരുന്നു. നമസ്കാരത്തിൽ അച്ച ടക്കവും സമാധാനവും നിലനിർത്തിയിരുന്നു. റുകൂഇൽ നിന്നുയരുമ്പോൾ 'സമിഅല്ലാഹു ലിമൻ ഹമിദഹു' എന്ന് പറയും. തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദിലേക്ക് പോകും. ആദ്യമായി കാൽമുട്ട് വെക്കും. ശേഷം നെറ്റിയും മൂക്കും ഭൂമിയിൽ അമർത്തും. കക്ഷത്തിന്റെ വെളുപ്പ് കാണത്തക്ക നില യിൽ പാർശ്വങ്ങൾ അകറ്റി വെക്കും. കൈകൾ തോളിനും നെറ്റിക്കും നേരെ യായിരിക്കും. കാൽ വിരലുകൾ ഖിബ്‌ലയിലേക്ക് തിരിച്ച് വെക്കും. സുന്നത്തു നമസ്കാരങ്ങളിൽ അധികമായി ദുആ ഇരക്കുമായിരുന്നു. ശേഷം തക്ബീർ ചൊല്ലിക്കൊണ്ട് എഴുന്നേറ്റിരിക്കും. കൈകൾ തുടക്ക് മീതെവെച്ചുകൊണ്ട് ദുആ ഇരക്കും:

www.abulhasanalinadwi.org

اَللّٰهُمَّ اغْفِرْلِى ، وَارْحَمْنِى ، وَاجْبُرْنِى ، وَاهْدِنِى وَارْزُقْنِى

(അല്ലാഹുവേ, എനിക്ക് നീ പൊറുത്ത് തരേണമേ, എന്നെ അനുഗ്രഹിക്കേണമേ, എന്റെ പ്രശ്നങ്ങൾ പരിഹരിക്കേണമേ, എനിക്ക് സന്മാർഗം കനിയേണമേ, എനിക്ക് ആഹാരം നൽകേണമേ). എഴുന്നേൽക്കുമ്പോൾ കാലിന്റെ മുൻഭാഗങ്ങളിലും മുട്ടിലും ആസ്പദിച്ചു കൊണ്ട് എഴുന്നേൽക്കുമായിരുന്നു. നിന്നുകഴിഞ്ഞാൽ ഖുർആൻ പാരായണം ആരംഭിച്ചിരുന്നു. രണ്ടാമത്തെ റക്അത്തിലും ആദ്യത്തെ റക്അത്തിൽ പ്രവർത്തിച്ചതു പോലെ പ്രവർത്തിച്ചിരുന്നു. അത്തഹിയ്യാത്തിൽ ഇരിക്കുമ്പോൾ വലതു കൈയിലെ ചൂണ്ടുവിരൽ അൽപം ഉയർത്തിയിരുന്നു. അത്തഹിയ്യാത്തിൽ ഇപ്രകാരം ഓതാൻ സ്വഹാബത്തിനെ പഠിപ്പിക്കുകയുണ്ടായി:"

اَلتَّحِيَّاتُ لِلّٰهِ وَالصَّلَوَاتُ وَالطَّيِّبَاتُ السَّلَامُ عَلَيْكَ اَيُّهَا النَّبِيُّ وَرَحْمَةُ اللّٰهِ وَبَرَكَاتُهُ ، اَلسَّلَامُ عَلَيْنَا وَعَلَى عِبَادِ اللّٰهِ الصَّالِحِينَ اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

(എല്ലാ തിരുമുൽക്കാഴ്ചകളും ആരാധനാ ധർമങ്ങളും അല്ലാഹുവിന് വേണ്ടിയാകുന്നു. അല്ലയോ നബിയേ, അങ്ങയുടെ മേൽ അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും ഐശ്വര്യങ്ങളും ഉണ്ടാകട്ടെ! നമ്മുടെ മേലും അല്ലാഹുവിന്റെ സൽക്കർമികളായ ദാസൻമാരുടെമേലും രക്ഷയുണ്ടാകട്ടെ! ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്നും മുഹമ്മദ് (സ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

അവസാനത്തെ അത്തഹിയ്യാത്തിൽ ഇതിന് ശേഷം സ്വലാത്ത് ചൊല്ലുവാനും ദുആ ഇരക്കുവാനും പഠിപ്പിച്ചു. ദുആയിൽ ചിലത് ഇപ്രകാരമാണ്:

اَللّٰهُمَّ اِنِّى اَعُوذُ بِكَ مِنْ عَذَابِ الْقَبْرِ ، وَاَعُوذُ بِكَ مِنْ فِتْنَةِ الدَّجَّالِ ، وَاَعُوذُ بِكَ مِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ، اَللّٰهُمَّ اِنِّى اَعُوذُ بِكَ مِنَ الْمَاْثَمِ وَالْمَغْرَمِ

(അല്ലാഹുവേ, ഖബ്ർ ശിക്ഷയിൽ നിന്നും ദജ്ജാലിന്റെ പരീക്ഷണത്തിൽ നിന്നും ജീവിതത്തിന്റെയും മരണത്തിന്റെയും പരീക്ഷണത്തിൽ നിന്നും പാപത്തിന്റെയും കടത്തിന്റെയും ഭാരത്തിൽ നിന്നും നിന്നോട് ഞാൻ കാവലിരക്കുന്നു.)

اَللّٰهُمَّ اِنِّى ظَلَمْتُ نَفْسِى ظُلْمًا كَثِيرًا وَلَا يَغْفِرُ الذُّنُوبَ اِلَّا اَنْتَ فَاغْفِرْلِى مَغْفِرَةً مِنْ عِنْدِكَ وَارْحَمْنِى اِنَّكَ اَنْتَ الْغَفُورُ الرَّحِيمُ

www.abulhasanalinadwi.org

(അല്ലാഹുവേ, എന്നോട് ഞാൻ ധാരാളം അതിക്രമങ്ങൾ പ്രവർത്തിച്ചു. പാപം പൊറുക്കുവാൻ നീയല്ലാതെ ആരുമില്ല. നീ പ്രത്യേകമായ പൊരുത്തം എനിക്ക് നൽകുകയും എന്നെ അനുഗ്രഹിക്കുകയും ചെയ്യണമേ, നീ വളരെയധികം പൊറുക്കുന്നവനും കാരുണ്യവാനുമാണ്.)

വേറെ ദുആകളും സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്. ശേഷം 'അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ്' എന്ന് പറഞ്ഞ് വലത്തോട്ടും ഇടത്തോട്ടും സലാം വീട്ടും. പിന്നീട് വലത് ഭാഗത്തോട്ടോ ഇടത് ഭാഗത്തോട്ടോ തിരിഞ്ഞിരുന്ന് മൂന്ന് പ്രാവശ്യം ഇസ്തിഗ്ഫാർ ചൊല്ലും. തുടർന്ന് ഈ ദുആകൾ ചൊല്ലും:

اَللّٰهُمَّ اَنْتَ السَّلَامُ وَمِنْكَ السَّلَامُ تَبَارَكْتَ يَاذَاالْجَلَالِ وَالْاِكْرَامِ

لَا اِلٰهَ اِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلٰى كُلِّ شَيْءٍ قَدِيْرٌ ، اَللّٰهُمَّ لَا مَانِعَ لِمَا اَعْطَيْتَ وَلَا مُعْطِيَ لِمَا مَنَعْتَ وَلَا يَنْفَعُ ذَاالْجَدِّ مِنْكَ الْجَدُّ

لَا اِلٰهَ اِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلٰى كُلِّ شَيْءٍ قَدِيْرٌ لَا حَوْلَ وَلَا قُوَّةَ اِلَّا بِاللّٰهِ

لَا اِلٰهَ اِلَّا اللّٰهُ ، لَا نَعْبُدُ اِلَّا اِيَّاهُ لَهُ النِّعْمَةُ وَلَهُ الْفَضْلُ وَلَهُ الثَّنَاءُ الْحَسَنُ لَا اِلٰهَ اِلَّا اللّٰهُ وَلَا نَعْبُدُ اِلَّا اِيَّاهُ مُخْلِصِيْنَ لَهُ الدِّيْنَ وَلَوْ كَرِهَ الْكَافِرُوْنَ

സുബ്ഹാനല്ലാഹ്, അൽഹംദു ലില്ലാഹ്, അല്ലാഹു അക്ബർ എന്നിവ മുപ്പത്തിമൂന്ന് പ്രാവശ്യം പറയുന്നതും ലാഇലാഹ ഇല്ലല്ലാഹ് വഹ്ദഹു ലാ ശരീക ലഹു ലഹുൽ മുൽക്കു വലഹുൽ ഹംദു യുഹ്‌യീ വയുമീത്തു വഹുവ അലാകുല്ലി ശൈഇൻ ഖദീർ' എന്ന് പറഞ്ഞ് നൂറ് തികയ്ക്കുന്നതും സുന്നത്തായി പഠിപ്പിച്ചു തന്നു. മറ്റൊരു നിവേദനത്തിൽ, അല്ലാഹു അക്ബർ മുപ്പത്തിനാല് പ്രാവശ്യം പറയണമെന്നും വന്നിട്ടുണ്ട്.

നാട്ടിൽ താമസിക്കുമ്പോഴെല്ലാം പന്ത്രണ്ട് റക്അത്ത് സുന്നത്ത് നമസ്കാരം പതിവാക്കിയിരുന്നു. ളുഹ്റിന് മുമ്പ് നാല്, ളുഹ്റിന് ശേഷം രണ്ട്. മഗ്‌രിബിന് ശേഷം രണ്ട് ഇശാക്ക് ശേഷം രണ്ട്; സുബ്ഹിക്ക് മുൻപ് രണ്ട്. സുന്നത്തുകൾ അധികവും വീട്ടിൽ നമസ്കരിച്ചിരുന്നു. ചെയ്യുന്ന കാര്യങ്ങൾ പതിവായി ചെയ്യാൻ തങ്ങൾ ശ്രദ്ധിച്ചിരുന്നു. ഇതിൽ ഏറ്റവും

www.abulhasanalinadwi.org

പ്രാധാന്യം കൽപിച്ചിരുന്നത് സുബ്ഹിക്ക് മുമ്പുള്ള രണ്ട് റക്അത്തിനാണ്. ഇതും വിത്ർ നമസ്കാരവും നാട്ടിലും യാത്രയിലും നിഷ്ഠയോടെ അനുഷ്ഠിച്ചിരുന്നു. സുന്നത്തുകളിൽ ഏറ്റവും പ്രാധാന്യം, വിത്ർ നമസ്കാരത്തിനാണ്. സുബ്ഹിയുടെ സുന്നത്തിന് ശേഷം വലത് ഭാഗം ചരിഞ്ഞ് അൽപം വിശ്രമിച്ചിരുന്നു. ജമാഅത്ത് നമസ്കാരത്തിന് വളരെ പ്രാധാന്യം കൽപിക്കുകയും പ്രേരണ നൽകുകയും ചെയ്തിരുന്നു. ഒരിക്കൽ നബി തങ്ങൾ അരുളി: "ഒറ്റക്കുള്ള നമസ്കാരത്തേക്കാൾ ജമാഅത്ത് നമസ്കാരത്തിന് ഇരുപത്തി ഏഴിരട്ടി പ്രതിഫലം ഉണ്ട്. സഹാബത്ത് ജമാഅത്ത് നമസ്കാരത്തിൽ വളരെയധികം ശ്രദ്ധിച്ചിരുന്നു. ഇബ്നു മസ്ഊദ് (റ) വിവരിക്കുന്നു: "അറിയപ്പെട്ട മുനാഫിഖുകൾ ഒഴിച്ച് മറ്റാരും ജമാഅത്ത് മുടക്കിയിരുന്നില്ല. കഴിവില്ലാത്തവരും രണ്ട് പേരുടെ സഹായത്തോടെ സഫ്ഫിൽ വന്ന് നിന്നിരുന്നു."[20]

നാട്ടിലും യാത്രയിലും തഹജ്ജുദ് നമസ്കാരം മുടക്കിയിരുന്നില്ല. ഉറക്കമോ മറ്റ് പ്രയാസമോ കാരണം നമസ്കരിക്കുവാൻ സാധിച്ചില്ലെങ്കിൽ പകലിൽ പന്ത്രണ്ട് റക്അത്ത് നമസ്കരിക്കുമായിരുന്നു. രാത്രി വിത്റിനോടൊപ്പം പതിനൊന്നോ പതിമൂന്നോ റക്അത്ത് നമസ്കരിച്ചിരുന്നു. തഹജ്ജുദ്-വിത്റുകളുടെ പതിവുകൾ വ്യത്യസ്തമായിരുന്നു. വിത്റിൽ ഖുനൂത്തും ഓതിയിരുന്നു. രാത്രി നമസ്കാരങ്ങളിൽ ഉറക്കെയും ചിലപ്പോൾ പതുക്കെയും ഓതിയിരുന്നു. ചിലപ്പോൾ നീട്ടിയും ചുരുക്കിയും നമസ്കരിച്ചിരുന്നു. രാത്രിയുടെ അന്ത്യത്തിലാണ് അധികവും വിത്ർ നമസ്കരിച്ചിരുന്നത്. യാത്രയിൽ രാവും പകലും വാഹനത്തിന്റെ മുകളിൽ ഇരുന്ന് കൊണ്ട് യാത്രാദിശയിലേക്ക് തന്നെ തിരിഞ്ഞ് സുന്നത്ത് നമസ്കരിച്ചിരുന്നു. റുകൂഅ്-സുജൂദുകൾ സൂചനയിലൂടെ നിർവഹിച്ചിരുന്നു.

റസൂലുല്ലാഹി (സ)ക്കും സഹാബത്തിനും വലിയ വല്ല അനുഗ്രഹം ഉണ്ടാകുകയോ അവരെ തൊട്ട് ഒരു നാശം ദൂരീകരിക്കപ്പെടുകയോ ചെയ്താൽ ശുക്റിന്റെ (നന്ദിയുടെ) സുജൂദ് ചെയ്യുമായിരുന്നു. സുജൂദിന്റെ ആയത്തുകൾ ഓതിയാൽ തിലാവത്തിന്റെ സുജൂദ് നിർവഹിച്ചിരുന്നു.

വെള്ളിയാഴ്ച ദിവസത്തെ പ്രത്യേകം ആദരിച്ചിരുന്നു. ഇതര ദിവസങ്ങളിൽ ചെയ്യാത്ത ചില ഇബാദത്തുകൾ അന്ന് പ്രത്യേകം അനുഷ്ഠിച്ചിരുന്നു. അന്നത്തെ ദിവസം കുളിക്കലും സുഗന്ധം പൂശലും നേരത്തെ പള്ളിയിലേക്ക് പോകലും സുന്നത്തായി പ്രഖ്യാപിച്ചു. അന്നേദിവസം സൂറത്തുൽ കഹ്ഫ് പാരായണം ചെയ്തിരുന്നു. കഴിയുന്നത്ര നല്ല വസ്ത്രം ധരിച്ചിരുന്നു. അബൂ അയ്യൂബ് (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി അരുളി: "വെള്ളിയാഴ്ച ദിവസം കുളിക്കുക. സുഗന്ധമുണ്ടെങ്കിൽ പൂശുക. കഴിയുന്നത്ര നല്ല വസ്ത്രം ധരിക്കുക. ശേഷം സമാധാന ഗാംഭീര്യത്തോടു കൂടി മസ്ജിദിലേക്ക് പോകുക. ഉദ്ദേശ്യമുണ്ടെങ്കിൽ സുന്നത്തുകൾ നമസ്കരിക്കുക. ആരെയും ശല്യപ്പെടുത്താതിരിക്കുക. ഇമാം മിമ്പറിലെത്തിയത് മുതൽ നമസ്കാരം തീരുന്നത് വരെ നിശ്ശബ്ദത പാലിക്കുക. (ശ്രദ്ധയോടെ

www.abulhasanalinadwi.org

ഖുത്ബ ശ്രവിക്കുക). എന്നാൽ അടുത്ത ജുമുഅ വരെയുള്ള പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്."[21] ദുആ സ്വീകരിക്കപ്പെടുന്ന ഒരു സമയം ജുമുഅ ദിവസത്തിലുണ്ട്. അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) അരുളി: "വെള്ളിയാഴ്ച ദിവസം ഒരു സമയമുണ്ട്. ആ സമയത്ത് ഒരു മുസ്ലിം നമസ്കരിച്ചു കൊണ്ട് അല്ലാഹുവിനോട് വല്ലതും ചോദിച്ചാൽ തീർച്ചയായും അല്ലാഹു അവന് അത് കനിഞ്ഞരുളുന്നതാണ്."[22] ഈ സമയം അസ്റിന് ശേഷമുള്ള സമയമാണ് എന്നാണ് ഇമാം അഹ്മദ് അടക്കമുള്ള അധിക മഹാന്മാരുടെയും അഭിപ്രായം. ജുമുഅഃയിൽ ഖുത്ബ ചുരുക്കി, നമസ്കാരം നീട്ടിയിരുന്നു. ദിക്ർ അധികരിപ്പിക്കുകയും ആശയ സമ്പൂർണമായ വാക്കുകൾ പറയുകയും ചെയ്തിരുന്നു. ഇസ്ലാമിന്റെ അടിസ്ഥാന തത്വങ്ങളും വിധിവിലക്കുകളും ഖുത്ബയിലൂടെ പഠിപ്പിച്ചിരുന്നു. ഇടക്ക് ആവശ്യം വന്നാൽ നേരിട്ട് തന്നെ കൽപിക്കുകയും തടയുകയും ചെയ്തിരുന്നു. കയ്യിൽ വാളും മറ്റും പിടിച്ചിരുന്നില്ല. എന്നാൽ മിമ്പറുണ്ടാക്കുന്നതിന് മുമ്പ് വടിയിലോ അമ്പിലോ ഊന്നി നിന്ന് ഖുത്ബ ഓതുമായിരുന്നു. ഒന്നാം ഖുത്ബ കഴിഞ്ഞ് അല്പനേരം ഇരിക്കുമായിരുന്നു. തുടർന്ന് രണ്ടാം ഖുത്ബ നടത്തും. രണ്ടാം ഖുത്ബ കഴിഞ്ഞാലുടൻ ബിലാൽ (റ) ഇഖാമത്ത് കൊടുത്തിരുന്നു.

പെരുന്നാൾ നമസ്കാരങ്ങൾ ഈദ് ഗാഹിലാണ് നിർവഹിച്ചിരുന്നത്. ഒരു പ്രാവശ്യം മാത്രം മഴ കാരണം മസ്ജിദിൽ നമസ്കരിച്ചു. പെരുന്നാളുകളിൽ സുന്ദരമായ വസ്ത്രം ധരിച്ചിരുന്നു.

ഈദുൽ ഫിത്റിൽ (ചെറിയ പെരുന്നാൾ) ഈദ്ഗാഹിലേക്ക് പോകുന്നതിന് മുമ്പ് ഒറ്റയായ എണ്ണത്തിൽ ഈന്തപ്പഴം കഴിച്ചിരുന്നു. ബലിപെരുന്നാളിൽ ഈദ്ഗാഹിൽ നിന്നും മടങ്ങുന്നത് വരെ ഒന്നും കഴിച്ചിരുന്നില്ല. ആദ്യമായി ബലിയുടെ ഇറച്ചി ഭക്ഷിച്ചിരുന്നു. പെരുന്നാളുകളിൽ കുളിച്ചിരുന്നു. ഈദ്ഗാഹിലെത്തിയ ഉടനെ, ബാങ്കും ഇഖാമത്തും ഇല്ലാതെ നമസ്കാരം ആരംഭിച്ചിരുന്നു. ഈദ്ഗാഹിൽ വെച്ച് പെരുന്നാൾ നമസ്കാരത്തിന് മുമ്പും പിമ്പും ഒന്നും നമസ്കരിച്ചിരുന്നില്ല. പെരുന്നാൾ നമസ്കാരത്തിൽ തക്ബീറുകൾ കൂടുതൽ പറഞ്ഞിരുന്നു. നമസ്കാരം കഴിഞ്ഞ ഉടനെ ജനങ്ങളെ സംബോധന ചെയ്തു കൊണ്ട് ഉപദേശിക്കുമായിരുന്നു. തദവസരം ആവശ്യം വന്നാൽ പ്രത്യേക കൽപനകൾ നൽകുകയും സൈന്യത്തെ യാത്രയയക്കുകയും ചെയ്യുമായിരുന്നു. ശേഷം സ്ത്രീകളുടെ അരികിലെത്തി അവരെ പ്രത്യേകം ഉപദേശിക്കുമായിരുന്നു. അവർ ധാരാളമായി ദാനധർമങ്ങൾ ചെയ്തിരുന്നു. പെരുന്നാൾ ഖുത്ബകളിൽ ധാരാളമായി തക്ബീർ ചൊല്ലുമായിരുന്നു. ഒരു വഴിയിലൂടെ പോകുകയും മറ്റൊരു വഴിയിലൂടെ മടങ്ങുകയും ചെയ്തിരുന്നു.

റസൂലുല്ലാഹി (സ) ഒരു പ്രാവശ്യം സൂര്യഗ്രഹണ നമസ്കാരം നിർവഹിച്ചു. മകൻ ഇബ്റാഹീം (റ) മരിച്ച ദിവസമായിരുന്നു അത്. തദവസരം പ്രതിഫലനാത്മകമായ ഒരു പ്രഭാഷണം നടത്തി. തെറ്റായ ധാരണകൾ

www.abulhasanalinadwi.org

പരസ്യമായി ഖണ്ഡിച്ചു കൊണ്ടരുളി: "സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ നിന്നുള്ള രണ്ട് ദൃഷ്ടാന്തങ്ങൾ മാത്രമാണ്. ആരുടെയെങ്കിലും ജനനവും മരണവും കാരണമായി അവയ്ക്ക് ഗ്രഹണം ഉണ്ടാകുന്നതല്ല. ഇത്തരം സംഭവങ്ങൾ കണ്ടാൽ അല്ലാഹുവിനോട് ദുആ ഇരക്കുകയും അവനെ മഹത്വപ്പെടുത്തുകയും നമസ്കരിക്കുകയും ദാനധർമങ്ങൾ നൽകുകയും ചെയ്യുക." മഴയെ തേടിയുള്ള നമസ്കാരവും പല രീതിയിൽ സ്ഥിരപ്പെട്ടിട്ടുണ്ട്."[23]

മയ്യിത്തിന്റെ വിഷയത്തിൽ റസൂലുല്ലാഹി (സ)യുടെ ചര്യ ഇതര മതങ്ങളിൽ നിന്നു തീർത്തും വ്യത്യസ്തമായിരുന്നു. അല്ലാഹുവിന്റെ അടിമകളാണെന്ന പരസ്യപ്രഖ്യാപനം, മയ്യിത്തിന് വേണ്ടി ദുആ ഇരന്ന് അതുമായുള്ള ഉത്തമ ബന്ധത്തിന്റെ പ്രകടനം എന്നീ രണ്ട് കാര്യങ്ങളാണ് മയ്യിത്ത് നമസ്കാരത്തിന്റെ പ്രത്യേകത. അണിയായി നിന്ന് കൈകെട്ടും. അല്ലാഹുവിനെ സ്തുതിക്കുകയും മയ്യിത്തിന് വേണ്ടി ദുആ ഇരക്കുകയും ചെയ്യും. ഇതാണ് മയ്യിത്ത് നമസ്കാരം. ഖബ്ർസ്ഥാനിൽ പോകുമ്പോൾ ഖബറാളികൾക്ക് വേണ്ടി ദുആ ചെയ്യുകയും പാപമോചനത്തിന് വേണ്ടിയും കാരുണ്യത്തിന് വേണ്ടിയും ദുആ ഇരക്കുകയും ചെയ്തിരുന്നു. ഖബ്റാളികൾക്ക് ഇപ്രകാരം സലാം പറയാൻ കൽപിക്കുമായിരുന്നു:

اَلسَّلَامُ عَلَيْكُمْ اَهْلَ الدِّيَارِ مِنَ الْمُؤْمِنِيْنَ وَالْمُسْلِمِيْنَ وَاِنَّا اِنْشَاءَ اللهُ بِكُمْ لَاحِقُوْنَ نَسْاَلُ اللهَ لَنَا وَلَكُمُ الْعَافِيَةَ

(ഖബ്റുകളിൽ കഴിയുന്ന സത്യവിശ്വാസികളേ, നിങ്ങൾക്ക് രക്ഷയുണ്ടാകട്ടെ. ഇൻശാഅല്ലാഹ് ഞങ്ങൾ നിങ്ങളോടൊപ്പം വന്ന് ചേരുന്നതാണ്. ഞങ്ങൾക്കും നിങ്ങൾക്കും സൗഖ്യം കനിഞ്ഞരുളുവാൻ അല്ലാഹുവിനോട് ഇരക്കുന്നു.)

### തിരുനബി (സ)യും ദാനധർമങ്ങളും

റസൂലുല്ലാഹി (സ) അല്ലാഹുവിന്റെ മഹിത മഹത്വങ്ങൾ സദാ മനസ്സിൽ പ്രതിഷ്ഠിക്കുകയും അല്ലാഹുവിന്റെ പ്രിയങ്കരസ്വഭാവം ഉൾക്കൊള്ളുകയും പരലോക ചിന്ത സദാ നിലനിർത്തുകയും ചെയ്തിരുന്നു. ഈ ഒരു നിലയിൽ തന്നെയാണ് റസൂലുല്ലാഹി (സ) സമ്പത്തുമായി ബന്ധപ്പെട്ടിരുന്നത്. കുടുംബത്തിന്റെ സാമ്പത്തിക കാര്യങ്ങളിലും ഇതേ ശൈലി മുറുകെ പിടിച്ചു. റസൂലുല്ലാഹി (സ) നിത്യമായി ദുആ ചെയ്തിരുന്ന ഏതാനും വാചകങ്ങൾ ശ്രദ്ധിക്കുക: "അല്ലാഹുവേ, യഥാർത്ഥ ജീവിതം പരലോക ജീവിതം തന്നെയാണ്."[24] ഒരു ദിവസം വയറ് നിറക്കുവാനും ഒരു ദിവസം വിശന്ന് കഴിയുവാനുമാണ് എന്റെ ആഗ്രഹം."[25] "അല്ലാഹുവേ, മുഹമ്മദ് കുടുംബത്തിന്റെ ആഹാരം അത്യാവശ്യത്തിനുള്ളത് മാത്രം ആക്കണമേ."[26]

www.abulhasanalinadwi.org

ആവശ്യം കഴിഞ്ഞിട്ടുള്ളതും സകാത്തിന്റെ മിച്ചവും അല്പനേരം പോലും മിച്ചം വെച്ചു കൊണ്ടിരിക്കുവാൻ റസൂലുല്ലാഹി (സ) ഇഷ്ടപ്പെട്ടി രുന്നില്ല. ആഇശ (റ) വിവരിക്കുന്നു: "റസൂലുല്ലാഹി (സ) യുടെ വിയോഗ രോഗസമയത്ത് എന്റെ പക്കൽ ആറ് അല്ലെങ്കിൽ ഏഴ് ദീനാറുകൾ ഉണ്ടാ യിരുന്നു. അത് ദാനം ചെയ്യുവാൻ എന്നോട് കല്പിച്ചെങ്കിലും രോഗത്തിന്റെ പ്രയാസം കാരണം എനിക്കവസരം കിട്ടിയില്ല. പിന്നീട് അതിനെക്കുറിച്ച് തിരക്കിയപ്പോൾ ഞാൻ കാര്യം പറഞ്ഞു. റസൂലുല്ലാഹി (സ) അത് വാങ്ങി കൈയിൽ വെച്ചു കൊണ്ടരുളി: ഇത് കൈയിലുള്ള അവസ്ഥയിൽ ഒരു നബി അല്ലാഹുവിനെ എങ്ങനെയായിരിക്കും കണ്ടു മുട്ടുക?"[27]

ഒരു ഹദീസിൽ റസൂലുല്ലാഹി (സ) അരുളി: "വാഹനം കൂടുതലുള്ള വർ വാഹനമില്ലാത്തവർക്ക് കൊടുത്തു കൊള്ളട്ടെ. സാധനം കൂടുതലു ള്ളവർ സാധനം ഇല്ലാത്തവർക്ക് കൊടുത്തുകൊള്ളട്ടെ."[28]

ദാന ധർമങ്ങളുടെ വിഷയത്തിൽ റസൂലുല്ലാഹി (സ) യുടെ തിരുച ര്യയെ വിവരിച്ചു കൊണ്ട് അല്ലാമാ ഇബ്നുൽ ഖയ്യിം എഴുതുന്നു: "റസൂ ലുല്ലാഹി (സ) വളരെ കൂടുതലായി ദാനം ചെയ്തിരുന്നു. അല്ലാഹു തനിക്ക് നൽകിയ ഒരു വസ്തുവിനെക്കുറിച്ചും അത് കൂടിയെന്നോ കുറഞ്ഞെന്നോ ചിന്തിച്ചിരുന്നില്ല. ആരെങ്കിലും വല്ലതും ചോദിച്ചാൽ കൈയിലുള്ളത് നൽകി യിരുന്നു. കുറവിനെയും ദാരിദ്ര്യത്തെയും ഭയപ്പെടാതെ ധർമം ചെയ്തി രുന്നു. ദാനം ഏറ്റവും പ്രിയങ്കരമായ കാര്യമായിരുന്നു. വാങ്ങിയ ആളിനേ ക്കാളും തങ്ങൾ സന്തോഷിച്ചിരുന്നു. തങ്ങളുടെ കരങ്ങൾ ധർമങ്ങളുടെ വസന്തമായിരുന്നു. ആവശ്യക്കാർക്ക് മുൻഗണന നൽകിയിരുന്നു. ചില പ്പോൾ വസ്ത്രത്തിലും ആഹാരത്തിലും സ്വയം ത്യാഗം ചെയ്തിരുന്നു. വ്യത്യസ്ത രീതികളിൽ ആയിരുന്നു ദാനധർമം. സംഭാവന, ദാനം, ഉപ ഹാരം ഈ നിലകളിൽ പലപ്പോഴും നൽകുമായിരുന്നു. ചിലപ്പോൾ ഒരു സാധനം വാങ്ങി സാധനവും വിലയും നൽകുമായിരുന്നു. ജാബിറി(റ)ന് ഇപ്രകാരം സംഭവിച്ചിട്ടുണ്ട്. മറ്റു ചിലപ്പോൾ ഒരു സാധനം കടം വാങ്ങി അതിനേക്കാൾ അധികരിച്ചതും വലുതും ശ്രേഷ്ഠമായതുമായ സാധനം തിരിച്ചു നൽകിയിരുന്നു. വേറെ ചിലപ്പോൾ ഒരു സാധനം വാങ്ങി കൂടു തൽ വില നൽകിയിരുന്നു. ചില സന്ദർഭങ്ങളിൽ ഉപഹാരം സ്വീകരിച്ച് അതിന്റെ പലയിരട്ടി തിരികെ നൽകിയിരുന്നു. ചുരുക്കത്തിൽ, സാധ്യമായ രീതികളിലെല്ലാം ദാനം നൽകുകയും ഉപഹാരത്തിന്റെയും ബന്ധുത്വം അടു പ്പിക്കുന്നതിന്റെയും നൂതനശൈലികൾ ഉണ്ടാക്കുകയും ചെയ്തിരുന്നു."

സകാത്തി(നിർബന്ധ ദാനം) ന്റെ വിഷയത്തിൽ ഇസ്ലാമിക ശരീ അത്ത് സർവ സമ്പൂർണമാണ്. അതിന്റെ സമയം, നിർബന്ധമാകുന്ന അളവ്, കൊടുക്കേണ്ട ഓഹരി, കൊടുക്കുന്നയാളുടെ ഗുണം, വാങ്ങുന്ന യാളുടെ വിശേഷണങ്ങൾ എന്നിവയിലെ നബിചര്യ അത്യന്തം സന്തുലി തമാണ്. ഒരു ഭാഗത്ത് സമ്പന്നരുടെ അവസ്ഥയും മറുഭാഗത്ത് സാധുക്ക ളുടെ പ്രയോജനവും ഇസ്ലാമിലെ സകാത്ത് വ്യവസ്ഥയിൽ പരിഗണിക്ക

www.abulhasanalinadwi.org

പ്പെട്ടിരിക്കുന്നു. സമ്പത്തിനെയും സമ്പന്നരെയും ശുദ്ധീകരിക്കുകയും അവരുടെ മേൽ പലതരം അനുഗ്രഹങ്ങൾ വർഷിപ്പിക്കുകയും ചെയ്യാനുള്ള പ്രധാനമായ മാർഗമാണ് ഇസ്‌ലാമിലെ സകാത്ത്.[29] സകാത്ത് പിരിക്കപ്പെട്ട നാട്ടിലുള്ള പട്ടിണിപ്പാവങ്ങളിൽ തന്നെ വിതരണം ചെയ്യലാണ് പ്രവാചകചര്യ. മിച്ചം വരുന്നത് പ്രവാചക സന്നിധിയിൽ കൊണ്ടു വരികയും റസൂലുല്ലാഹി (സ) വിതരണം നടത്തുകയും ചെയ്യുമായിരുന്നു. മൃഗം, കൃഷി, തോട്ടം എന്നീ വസ്തുക്കളുടെ ഉടമസ്ഥരിലേക്ക് സകാത്ത് പിരിക്കുവാൻ ആളുകളെ അയച്ചിരുന്നു. ഉയർന്നത് ചോദിച്ചു വാങ്ങാതെ മധ്യ നിലയിലുള്ളത് ആവശ്യപ്പെട്ടിരുന്നു. റമദാൻ നോമ്പിനോടനുബന്ധിച്ച് ഫിത്വ്ർ സകാത്തു നിർബന്ധമാക്കി. പെരുന്നാൾ നമസ്കാരത്തിന് മുമ്പ് തന്നെ അത് വിതരണം ചെയ്തിരുന്നു.

**നോമ്പും നബവീ മാതൃകയും**

ഹിജ്റ രണ്ടാം വർഷം നോമ്പ് നിർബന്ധമാക്കപ്പെട്ടു. തുടർന്ന് റസൂലുല്ലാഹി (സ) ഒമ്പത് റമദാനുകളിൽ നോമ്പനുഷ്ഠിച്ചു. നോമ്പിന്റെ വിഷയത്തിൽ നബിചര്യ സർവ സമ്പൂർണവും സരളവും നോമ്പിന്റെ ലക്ഷ്യങ്ങളായ മാനസിക ശുദ്ധി കൈവരിക്കുവാനും അടിമത്തം പ്രകടിപ്പിക്കുവാനുമുള്ള ശക്തമായ മാധ്യമവുമാണ്. റമദാൻ മാസത്തിൽ റസൂലുല്ലാഹി (സ) വ്യത്യസ്ത ഇബാദത്തുകൾ അനുഷ്ഠിച്ചിരുന്നു. ജിബ്‌രീൽ (അ) വന്ന് ഖുർആൻ പാരായണം ചെയ്തിരുന്നു. തദവസരം ശക്തമായ കാറ്റിന്റെ വേഗതയിൽ റസൂലുല്ലാഹി (സ) ദാനധർമങ്ങൾ ചെയ്തിരുന്നു. റമദാൻ അല്ലാത്ത മാസങ്ങളിലും ചിലപ്പോൾ തുടർച്ചയായി നോമ്പനുഷ്ഠിച്ചിരുന്നു. പുലർകാലത്ത് അത്താഴം കഴിക്കുവാൻ പ്രേരിപ്പിച്ചിരുന്നു. അതിനെ സുന്നത്തായി പ്രഖ്യാപിച്ചു കൊണ്ടരുളി: "അത്താഴം കഴിക്കുക. അതിൽ ഐശ്വര്യമുണ്ട്."[30] മറ്റൊരിക്കൽ അരുളി: "അത്താഴം കഴിക്കലാണ് നമ്മുടെയും വേദക്കാരുടെയും നോമ്പുകൾക്കിടയിലുള്ള വ്യത്യാസം."[31] നോമ്പ് തുറക്കുന്നതിൽ ധൃതി കാട്ടിയിരുന്നു. അത് പിന്തിപ്പിക്കുന്നത് നാശകരവും തീവ്രവാദികളായ വേദക്കാരുടെ പ്രത്യേകതയുമാണെന്ന് പ്രസ്താവിച്ചു. ഒരിക്കൽ അരുളി: "നോമ്പ് തുറക്കുന്നതിന് ധൃതി കാണിക്കുന്നിടത്തോളം ദീൻ ജയം വരിച്ചു കൊണ്ടിരിക്കും. കാരണം, യഹൂദ-ക്രൈസ്തവർ അതിനെ പിന്തിപ്പിക്കുന്നു.[32] അത്താഴം വളരെ പിന്തിച്ച് കഴിച്ചിരുന്നു.

നമസ്കാരത്തിന് മുമ്പ് തന്നെ നോമ്പ് മുറിച്ചിരുന്നു. ഈത്തപ്പഴമോ അതില്ലെങ്കിൽ കാരക്കയോ, അതുമല്ലെങ്കിൽ വെള്ളമോ കഴിച്ചിരുന്നു. നോമ്പ് തുറക്കുമ്പോൾ ഇപ്രകാരം ദുആ ചെയ്തിരുന്നു:

اَللّٰهُمَّ لَكَ صُمْتُ وَعَلَى رِزْقِكَ اَفْطَرْتُ

(അല്ലാഹുവേ, നിനക്ക് വേണ്ടി നോമ്പനുഷ്ഠിച്ചു. നിന്റെ ആഹാരം കൊണ്ട് തന്നെ നോമ്പ് തുറക്കുകയും ചെയ്യുന്നു.)

www.abulhasanalinadwi.org

ذَهَبَ الظَمَأُ وَابْتَلَّتِ الْعُرُوقُ وَثَبَتَ الأَجْرُ إِنْشَاءَ اللهُ تَعَالَى

(ദാഹം ശമിച്ചു, ഞരമ്പ് തണുത്തു. ഇൻശാ അല്ലാഹ്, പ്രതിഫലം സ്ഥിരപ്പെടുകയും ചെയ്തു.)[33]

റസൂലുല്ലാഹി (സ) റമദാൻ മാസത്തിൽ യാത്ര ചെയ്തിട്ടുണ്ട്. ചിലപ്പോൾ നോമ്പനുഷ്ഠിച്ചു. മറ്റു ചിലപ്പോൾ നോമ്പുപേക്ഷിച്ചു. സഹാബത്തിന് രണ്ടിലും ഇഷ്ടം നൽകി. യുദ്ധത്തിന്റെ വേളയിൽ നോമ്പ് ഉപേക്ഷിക്കാൻ കൽപിച്ചിരുന്നു. സമുന്നത യുദ്ധമായ ബദ്റും മക്കം ഫത്ഹും സംഭവിച്ചത് റമദാൻ മാസത്തിലാണ്.

റസൂലുല്ലാഹി (സ) മൂന്ന് ദിവസം തറാവീഹ് നമസ്കരിച്ചു. വിവരമറിഞ്ഞ് ധാരാളം ആളുകൾ തടിച്ചു കൂടി. നാലാം ദിവസം മസ്ജിദ് നിറഞ്ഞ് കവിഞ്ഞു. അന്ന് രാത്രി സുബ്ഹി നമസ്കാരം വരെ വീട്ടിൽ നിന്നും ഇറങ്ങിയില്ല. സുബ്ഹി നമസ്കാരാനന്തരം പ്രസ്താവിച്ചു: "നിങ്ങൾ വന്ന് കൂടിയത് ഞാൻ അറിഞ്ഞു. പക്ഷേ, ഈ സുന്നത്ത് നമസ്കാരം ഫർദ് ആക്കപ്പെടുമെന്നും പിന്നീട് അത് നിങ്ങൾക്ക് അനുഷ്ഠിക്കുവാൻ ബുദ്ധിമുട്ടാകുമെന്നും ഞാൻ ഭയന്നു. റസൂലുല്ലാഹി (സ)യുടെ വിയോഗം വരെ ഈ അവസ്ഥ നിലനിന്നു."[34] തിരുനബി (സ)യുടെ വിയോഗത്തിന് ശേഷം ബഹുമാന്യ സഹാബത്ത് തറാവീഹ് നമസ്കാരത്തിൽ ശ്രദ്ധ പുലർത്തി. അങ്ങനെ അത് അഹ്ലുസ്സുന്നത്തിന്റെ ചിഹ്നമായിത്തീർന്നു.[35]

റസൂലുല്ലാഹി (സ) സുന്നത്ത് നോമ്പ് അധികമായി അനുഷ്ഠിച്ചിരുന്നു. ചിലപ്പോൾ നിരന്തരം അനുഷ്ഠിച്ചിരുന്നു. ഉപേക്ഷിച്ചാൽ ഇനി അനുഷ്ഠിക്കുകയില്ല എന്ന് തോന്നും വിധം ഉപേക്ഷിച്ചിരുന്നു. റമദാനല്ലാത്ത ഒരു മാസവും പൂർണമായി നോമ്പനുഷ്ഠിച്ചിട്ടില്ല. ശഅ്ബാനിലാണ് ഏറ്റവും കൂടുതൽ നോമ്പനുഷ്ഠിച്ചിരുന്നത്. വ്യാഴാഴ്ചയും തിങ്കളാഴ്ചയും നോമ്പനുഷ്ഠിക്കുവാൻ ശ്രദ്ധിച്ചിരുന്നു. ഇബ്നു അബ്ബാസ് (റ) പറയുന്നു: റസൂലുല്ലാഹി (സ) നാട്ടിലും യാത്രയിലും പതിമൂന്ന്, പതിനാല്, പതിനഞ്ച് ദിവസങ്ങളിലെ നോമ്പ് ഉപേക്ഷിച്ചിരുന്നില്ല"[36] മറ്റുള്ളവരെയും അതിന് പ്രേരിപ്പിച്ചിരുന്നു. മുഹർറം പത്തിലെ നോമ്പിനെ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. യഹൂദ-ക്രൈസ്തവരും അന്ന് നോമ്പനുഷ്ഠിക്കുന്നു എന്നറിഞ്ഞപ്പോൾ അരുളി: "അടുത്ത വർഷം ഒമ്പതിനും കൂടി നോമ്പനുഷ്ഠിക്കുന്നതാണ്." അറഫാ ദിവസം (ദുൽഹജ്ജ് ഒമ്പത്) നോമ്പനുഷ്ഠിച്ചിരുന്നില്ല. ഇടതടവില്ലാതെ നോമ്പനുഷ്ഠിക്കുന്നത് നബിചര്യ അല്ല. റസൂലുല്ലാഹി (സ) അരുളി: "അല്ലാഹുവിന് ഏറ്റവും പ്രിയങ്കരം ദാവൂദ് (അ)ന്റെ നോമ്പാണ്. അദ്ദേഹം ഒരു ദിവസം നോമ്പനുഷ്ഠിക്കുകയും അടുത്ത ദിവസം നോമ്പുപേക്ഷിക്കുകയും ചെയ്തിരുന്നു."[37]

ചിലപ്പോൾ വീട്ടിൽപ്പോയി ആഹാരം വല്ലതും ഉണ്ടോ എന്ന് ചോദിക്കും. ഇല്ലായെന്ന് മറുപടി ഉണ്ടായാൽ. 'ശരി. ഞാൻ ഇന്ന് നോമ്പനുഷ്ഠിക്കുന്നു' എന്നരുളുമായിരുന്നു.

www.abulhasanalinadwi.org

വിയോഗം വരെ റമദാൻ അവസാന പത്തിൽ റസൂലുല്ലാഹി (സ) ഇഅ്തികാഫ് അനുഷ്ഠിച്ചിരുന്നു. ഒരിക്കൽ അതിന് സാധിക്കാതെ വന്ന പ്പോൾ ശവ്വാൽ മാസം അത് ഖദാഅ് വീട്ടി. വിയോഗം സംഭവിച്ച വർഷ ത്തിൽ ഇരുപത് ദിവസം ഇഅ്തികാഫ് അനുഷ്ഠിച്ചു. പ്രസ്തുത വർഷം രണ്ട് തവണ ജിബ്രീൽ (അ) ഖുർആൻ പാരായണം ചെയ്ത് കേൾപ്പിക്കു കയുണ്ടായി.[38]

**തിരുനബി (സ) യുടെ ഹജ്ജ്**

ഹിജ്റക്ക് ശേഷം റസൂലുല്ലാഹി (സ) ഒരു ഹജ്ജ് മാത്രമേ ചെയ്തി ട്ടുള്ളൂ എന്നതിൽ ആർക്കും ഭിന്നാഭിപ്രായമില്ല. അതാണ് ഹജ്ജതുൽ വിദാ അ്.

ഹി. പത്തിലാണ് പ്രസ്തുത ഹജ്ജ് നിർവഹിക്കുന്നത്. ഹജ്ജ് ഫർദാ ക്കപ്പെട്ടത് ഹിജ്റ ഒമ്പതിലാണെന്നും പത്തിലാണെന്നും അഭിപ്രായമുണ്ട്. ഹിജ്റക്ക് ശേഷം നാല് ഉംറകൾ ചെയ്യുകയുണ്ടായി. അതെല്ലാം ദുൽഖഅ്ദ് മാസത്തിലായിരുന്നു. ഇവിടെ തിരുനബി (സ)യുടെ ഹജ്ജിന്റെ ഹ്രസ്വ മായ വിവരണം കൊടുക്കുന്നു:

ഹിജ്റ പത്താം വർഷം ഹജ്ജ് ചെയ്യുവാൻ നബി (സ) തീരുമാനിച്ചു. ഇക്കാര്യം ജനങ്ങളെ അറിയിച്ചു. വിവരമറിഞ്ഞവർ ഹജ്ജ് യാത്രക്ക് ഒരു ക്കങ്ങൾ ആരംഭിച്ചു.

വാർത്ത മദീനക്ക് പുറത്തും പരന്നു. ജനങ്ങൾ കൂട്ടം കൂട്ടമായി മദീ നയിലെത്തി. ദുൽഖഅ്ദ് ഇരുപത്തഞ്ച് ശനിയാഴ്ച യാത്ര ആരംഭിച്ചു. ആദ്യം ളുഹ്റിന് മുമ്പ് ഒരു പ്രഭാഷണം നടത്തി. അതിൽ ഇഹ്റാമിന്റെ നിർബന്ധങ്ങളും സുന്നത്തുകളും വിവരിച്ചു. തുടർന്ന് ളുഹ്റ് നാല് റക്അത്ത് നമസ്കരിച്ചു. ചുറ്റു ഭാഗത്തും കണ്ണെത്താത്ത ദൂരത്തിൽ ജന ങ്ങൾ പരന്ന് യാത്ര ചെയ്തു. ശേഷം

لَبَّيْكَ اَللّٰهُمَّ لَبَّيْكَ لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ اِنَّ الحَمْدَ وَالنِّعْمَةَ لَكَ

وَالمُلْكَ لاَ شَرِيكَ لَكَ

എന്ന് തൽബിയ്യത്ത് ചൊല്ലിക്കൊണ്ട് യാത്ര ചെയ്തു. ജനങ്ങൾ ആവേശം കൊണ്ട് തൽബിയ്യത്ത് കൂട്ടുകയും കുറക്കുകയും ചെയ്തുകൊണ്ടിരുന്നു. നബി (സ) ആരെയും വിമർശിക്കാതെ സാധാരണ തൽബിയ്യത്ത് ചൊല്ലി ക്കൊണ്ടിരുന്നു. അറൂജ് എന്ന സ്ഥലത്തെത്തിയപ്പോൾ അവിടെ തമ്പടിച്ചു. തിരുനബി (സ) യുടെയും അബൂബക്ർ സിദ്ദീഖി (റ)ന്റെയും ഒട്ടകം ഒന്നു തന്നെയായിരുന്നു. അവിടെ നിന്നും തിരിച്ച് അബവാഅ്, ഉസ്ഫാൻ, സരീഫ് എന്നിവിടങ്ങളിൽ ഇറങ്ങിത്താമസിച്ചു. അവസാനം ദീത്വുവായിൽ എത്തി. അവിടെ രാത്രി താമസിച്ചു. അന്ന് ദുൽഹിജ്ജ നാല് ശനിയാഴ്ച ദിവസമാ യിരുന്നു. സുബ്ഹി നമസ്കാരാനന്തരം കുളിച്ചു. തുടർന്ന് മക്കയിലേക്ക്

www.abulhasanalinadwi.org

പ്രവേശിച്ചു. നേരെ വിശുദ്ധ ഹറമിലേക്ക് നീങ്ങി. പൂർവാഹ്ന സമയത്ത് ഹറമിനടുത്തെത്തി. കഅ്ബാശരീഫ് കണ്ട മാത്രയിൽ കരങ്ങൾ ഉയർത്തി തക്ബീർ ചൊല്ലി, ഈ ദുആ ചെയ്തു:

اَللّٰهُمَّ زِدْ بَيْتَكَ هٰذَا تَشْرِيفًا وَتَعْظِيمًا وَتَكْرِيمًا وَمَهَابَةً

(അല്ലാഹുവേ, നിന്റെ ഈ ഭവനത്തിന് അന്തസ്സും ആദരവും മഹത്വവും ബഹുമാനവും ഗാംഭീര്യവും ഏറ്റി ഏറ്റിക്കൊണ്ടിരിക്കണമേ. അല്ലാഹുവേ, നീയാണ് രക്ഷ, നിന്നിൽ നിന്നാണ് രക്ഷ. നാഥാ, ഞങ്ങളെ രക്ഷയോടെ നീ ജീവിപ്പിക്കേണമേ.)

ഹറമിൽ പ്രവേശിച്ച ശേഷം നേരെ കഅ്ബയുടെ ഭാഗത്തേക്ക് നീങ്ങി. ഹജറുൽ അസ്‌വദിനെ സമീപിച്ചു. തിക്കും തിരക്കും കൂടാതെ അതിനെ ചുംബിച്ചു. തുടർന്ന് ത്വവാഫിന് വേണ്ടി ഹജറിന്റെ വലതുഭാഗത്തേക്ക് കഅ്ബയെ ഇടതു ഭാഗത്താക്കി നടന്നു. ആദ്യത്തെ മൂന്ന് ചുറ്റലിൽ റമൽ നടത്തം നടന്നു. അതായത്, ചുവടുകൾ അടുപ്പിച്ച് വേഗതയിൽ നടന്നു. മേൽമുണ്ടിന്റെ മധ്യഭാഗം ഒരു തോളിന്റെ താഴെയും അടുത്ത രണ്ടറ്റം മറ്റേ തോളിന്റെ മുകളിലുമിട്ടു. ഹജറുൽ അസ്‌വദിന്റെ അരികിലൂടെ നടന്നു പോകുമ്പോൾ അതിലേക്ക് വടിയുയർത്തി ചുംബിക്കുന്നത് പോലെ ആംഗ്യം കാണിച്ചിരുന്നു. ത്വവാഫ് കഴിഞ്ഞപ്പോൾ മഖാമു ഇബ്റാഹീമിന്റെ പിന്നിലേക്ക് വന്നു. "മഖാമു ഇബ്റാഹീമിനെ നമസ്കാരസ്ഥലമാക്കുവിൻ"[39] എന്ന ആയത്ത് പാരായണം ചെയ്തു. തുടർന്ന് രണ്ട് റക്അത്ത് നമസ്കരിച്ചു. ശേഷം ഹജറുൽ അസ്‌വദിനടുത്തേക്ക് പോയി. അതിനെ ചുംബിച്ചുകൊണ്ട് മലയുടെ ഭാഗത്തുള്ള വാതിലിലൂടെ സഫായിലേക്ക് നടന്നു. അവിടെ എത്തിയപ്പോൾ അരുളി: "നിശ്ചയമായും സഫയും മർവയും അല്ലാഹുവിന്റെ ചിഹ്നങ്ങളാണ്. അല്ലാഹു ആദ്യം പറഞ്ഞതിനെക്കൊണ്ട് ഞാൻ ആരംഭിക്കുന്നു. ശേഷം കഅ്ബയെ കാണുന്ന നിലയിൽ സഫയുടെ മുകളിലേക്ക് കയറി. തുടർന്ന് കഅ്ബയെ അഭിമുഖീകരിച്ച് അല്ലാഹുവിനെ ഇപ്രകാരം പ്രകീർത്തിച്ചു:

لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الْأَحْزَابَ وَحْدَهُ

ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ എന്നീ നാല് ദിവസങ്ങൾ മക്കാമുകർറമയിൽ താമസിച്ചു. വ്യാഴാഴ്ച, പൂർവാഹ്ന സമയമായപ്പോൾ കൂട്ടത്തിലുള്ളവരോടൊപ്പം മിനായിലേക്ക് പോയി. ളുഹ്ർ, അസ്ർ മിനായിൽ നമസ്കരിച്ചു. അവിടെ രാത്രി കഴിച്ചുകൂട്ടി. അതു വെള്ളിയാഴ്ച രാവായിരുന്നു. സൂര്യോദയത്തിന് ശേഷം അറഫയിലേക്ക് തിരിച്ചു. അറഫയ്ക്കടുത്തുള്ള നമിറയിൽ ഒരു കൂടാരം പണിതിരുന്നു. അവിടെ ഇറങ്ങി. മധ്യാഹ്നത്തിന്

www.abulhasanalinadwi.org

ശേഷം ഖസ്‌വാഅ് ഒട്ടകത്തിൽ കയറി അറഫയിൽ പ്രവേശിച്ചു. വാഹനത്തിൽ ഇരുന്ന് കൊണ്ട് സമുന്നതമായ ഒരു പ്രഭാഷണം നടത്തി. ഇസ്‌ലാമിന്റെ അടിസ്ഥാനപ്രമാണങ്ങളെ അതിൽ സ്ഥാപിച്ചു. ശിർക്കിന്റെയും ജാഹിലിയ്യത്തിന്റെയും അടിത്തറകൾ തകർത്തു. മുഴുവൻ ദർശനങ്ങളും ആദരണീയമായിക്കാണുന്ന മാനവരക്തവും സമ്പത്തും അഭിമാനവും അത്യധികം ആദരണീയമാണെന്ന് പ്രഖ്യാപിച്ചു. ജാഹിലീ ആചാരങ്ങൾ കാൽക്കീഴിലാക്കി. ജാഹിലീ പലിശകൾ നിഷിദ്ധമാക്കി. സ്ത്രീകൾക്ക് പുരുഷന്മാരോടുള്ളതും പുരുഷന്മാർക്ക് സ്ത്രീകളോടുള്ളതുമായ കടമകൾ ഉണർത്തി. അല്ലാഹുവിന്റെ ഗ്രന്ഥത്തെ മുറുകെ പിടിക്കുവാൻ ഗൗരവമായി ഉപദേശിച്ചു. അതിനെ മുറുകെ പിടിക്കുന്ന കാലമെല്ലാം അവർ വഴിപിഴക്കുകയില്ലെന്നും അറിയിച്ചു. അവസാനം ചോദിച്ചു: "എന്നെക്കുറിച്ച് നിങ്ങളോട് ചോദിക്കപ്പെടും. നിങ്ങൾ അതിന് എന്ത് മറുപടിയായിരിക്കും പറയുക?" അവർ പറഞ്ഞു: "താങ്കൾ സന്ദേശം എത്തിച്ച് തന്നുവെന്നും ഏൽപിക്കപ്പെട്ട കാര്യം നിർവഹിച്ചുവെന്നും ഞങ്ങളോട് തികഞ്ഞ ഗുണകാംക്ഷ പുലർത്തിയെന്നും ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു." തദവസരം ഒരു വിരൽ ആകാശത്തേക്കുയർത്തി, "അല്ലാഹുവേ, നീ സാക്ഷിയാകേണമേ" എന്ന് മൂന്ന് പ്രാവശ്യം ദുആ ഇരന്നു. ഇവിടെയുള്ളവർ ഇല്ലാത്തവർക്ക് സത്യസന്ദേശം എത്തിച്ചു കൊടുക്കണമെന്നും നിർദേശിച്ചു. പ്രഭാഷണം കഴിഞ്ഞയുടനെ ബിലാലി(റ)നോട് കൽപിച്ചു. അദ്ദേഹം ബാങ്കും ഇഖാമത്തും കൊടുത്തു. റസൂലുല്ലാഹി (സ) ളുഹ്ർ നമസ്കാരം രണ്ട് റക്അത്ത് നമസ്കരിച്ചു. വീണ്ടും ബാങ്കും ഇഖാമത്തും കൊടുത്തു കൊണ്ട് അസ്ർ നമസ്കാരം രണ്ട് റക്അത്ത് നമസ്കരിച്ചു. അന്ന് വെള്ളിയാഴ്ച ദിവസമായിരുന്നു.

നമസ്കാരാനന്തരം അറഫയിൽ ഒരിടത്ത് നിന്നു. ഒട്ടകത്തിന്റെ മുകളിൽ ഇരുന്നുകൊണ്ട് അസ്തമയം (മഗ്‌രിബ്) വരെ ദുആ-ദിക്റുകളിലും വിനയവണക്കങ്ങളിലും കഴിഞ്ഞു കൂടി. പാവപ്പെട്ടവർ യാചിക്കുന്നത് പോലെ കൈ നെഞ്ചിലേക്ക് ഉയർത്തിപ്പിടിച്ച് കൊണ്ട് തിരുനബി (സ) ചെയ്ത ഒരു ദുആ ഇപ്രകാരമാണ്:

اَللّٰهُمَّ اِنَّكَ تَسْمَعُ كَلَامِي وَتَرَى مَكَانِي وَتَعْلَمُ سِرِّي وَعَلَانِيَتِي لَا يُخْفَا عَلَيْكَ شَيْءٌ مِنْ أَمْرِ أَنَا الْبَائِسُ الْفَقِيرُ الْمُسْتَغِيثُ الْمُسْتَجِيرُ وَالْوَجِلُ الْمُشْفِقُ الْمُقِرُّ الْمُعْتَرِفُ بِذُنُوبِي أَسْأَلُكَ مَسْأَلَةَ الْمِسْكِينِ وَابْتَهِلُ إِلَيْكَ إِبْتِهَالَ الْمُذْنِبِ الذَّلِيلِ وَأَدْعُوكَ دُعَاءَ الْخَائِفِ الضَّرِيرِ مَنْ خَضَعَتْ لَكَ رَقَبَتُهُ وَفَاضَتْ لَكَ عَيْنَاهُ وَذَلَّ جِسْمُهُ وَرَغِمَ أَنْفُهُ لَكَ اَللّٰهُمَّ لَا تَجْعَلْنِي بِدُعَائِكَ رَبِّ شَقِيًّا وَكُنْ بِي رَؤُوفًا رَحِيمًا يَا خَيْرَ الْمَسْؤُولِينَ وَيَاخَيْرَ الْمُعْطِينَ

www.abulhasanalinadwi.org

(അല്ലാഹുവേ, നീ എന്റെ വാക്കുകൾ കേൾക്കുകയും സ്ഥാനം കാണു കയും രഹസ്യവും പരസ്യവും അറിയുകയും ചെയ്യുന്നു. എന്റെ ഒരു കാര്യവും നിന്നിൽ അവ്യക്തമല്ല. ഞാൻ പ്രയാസപ്പെടുന്നവനും നിന്നി ലേക്ക് ആവശ്യക്കാരനും സഹായം തേടുന്നവനും അഭയം പ്രാപിക്കുന്ന വനും ഭയക്കുന്നവനുമാണ്. എന്റെ പാപങ്ങൾ ഞാൻ തുറന്ന് സമ്മതി ക്കുന്നു. പാവപ്പെട്ടവൻ യാചിക്കുന്നത് പോലെ ഞാൻ നിന്നോടിരക്കന്നു. പാപി വിറയ്ക്കുന്നതുപോലെ ഞാൻ നിന്നോട് വിറയ്ക്കുന്നു. അപകടം ബാധിച്ച് ഭയന്നവൻ ദുആ ഇരക്കുന്നതുപോലെ ഞാൻ നിന്നോട് ദുആ ഇരക്കുന്നു. നിനക്ക് മുന്നിൽ പിരടി കുനിക്കുകയും നിനക്ക് വേണ്ടി കണ്ണീർ ഒലിപ്പിക്കുകയും ശരീരം കൊണ്ട് വിനയം കാണിക്കുകയും നിനക്കുവേണ്ടി നിന്ദ്യത ഏറ്റ് വാങ്ങുകയും ചെയ്തവൻ പ്രാർത്ഥിക്കുന്നതുപോലെ പ്രാർത്ഥിക്കുന്നു. അല്ലാഹുവേ, നിന്നോട് ദുആ ഇരക്കുന്നതിൽ നിന്നു എന്നെ ഭാഗ്യഹീനനാക്കരുതേ! എന്നോടു നീ കരുണയും ഔദാര്യവും കാട്ടണേ! ചോദിക്കപ്പെടുന്നവരിൽ ഉത്തമനും നൽകുന്നവരിൽ ഉന്നതനു മായ അല്ലാഹുവേ!)

ഇവിടെ വെച്ച് ഈ ആയത്ത് അവതരിച്ചു: "ഇന്ന് നിങ്ങൾക്ക് ഞാൻ നിങ്ങളുടെ മതം പൂർണമാക്കുകയും നിങ്ങളുടെ മേൽ എന്റെ അനുഗ്രഹം പൂർത്തീകരിച്ച് തരികയും ഇസ്‌ലാമിനെ നിങ്ങളുടെ മതമായി തൃപ്തിപ്പെ ടുകയും ചെയ്തിരിക്കുന്നു."[40]

സൂര്യാസ്തമയത്തിന് ശേഷം അറഫയിൽ നിന്നും മടങ്ങി. ഉസാമതു ബ്നു സൈദി (റ) നെ വാഹനത്തിന് പിന്നിൽ കയറ്റി. വളരെ സാവധാന ത്തോടെ വാഹനം നീക്കി. "ജനങ്ങളേ, അച്ചടക്കം നിലനിറുത്തുക" എന്ന് പറയുകയും ചെയ്തു. വാഹനത്തിന് മുകളിൽ വെച്ച് തൽബിയ്യത്ത് ചൊല്ലി ക്കൊണ്ടിരുന്നു. മുസ്ദലിഫയിൽ എത്തിയയ്യുടനെ ബിലാലി (റ) നോട് കൽപിച്ചു. ബാങ്കും ഇഖാമത്തും കൊടുത്തു മഗ്‌രിബും ഇശാ ഉം നമസ്ക രിച്ചു. ശേഷം കിടന്നുറങ്ങി.

പ്രഭാതം ഉദിച്ചയുടനെ സുബ്ഹ് നമസ്കരിച്ചു. ശേഷം വാഹനത്തിൽ കയറി. മശ്അറുൽ ഹറാമിൽ എത്തിയപ്പോൾ നന്നായി നേരം വെളുക്കു ന്നത് വരെ ഖിബ്‌ലയെ അഭിമുഖീകരിച്ചുകൊണ്ടു ദിക്ർ-ദുആകളിൽ മുഴുകി.

പിന്നീട് ഫദ്‌ലുബ്നു അബ്ബാസി(റ)നെ പിന്നിൽ കയറ്റി തൽബിയ്യത്ത് ചൊല്ലി നീങ്ങി. ഏഴ് കല്ലുകൾ പെറുക്കിയെടുക്കുവാൻ ഇബ്നു അബ്ബാസി (റ)നോട് കൽപിച്ചു. ബത്നുമുഹസ്സറിൽ എത്തിയപ്പോൾ വാഹനത്തെ ചലി പ്പിച്ച് ധൃതിയിലാക്കി. ആനക്കലഹക്കാർ ശിക്ഷിക്കപ്പെട്ടത് ഇവിടെയാണ്. മിനയിൽ എത്തിയ ഉടനെ ജംറത്തുൽ അഖബയിൽ പോയി വാഹനത്തിൽ ഇരുന്നു കൊണ്ട് കല്ലെറിഞ്ഞു. അതോടെ തൽബിയ്യത്ത് അവസാനിപ്പിച്ചു.

ശേഷം ആശയസംപുഷ്ടമായ ഒരു പ്രഭാഷണം നടത്തി. ദുൽഹജ്ജ് പത്തിന്റെ മഹത്വവും മക്കയുടെ ആദരണീയതയും അതിൽ വ്യക്തമാക്കി.

www.abulhasanalinadwi.org

ഖുർആൻ അനുസരിച്ച് നയിക്കുന്നവരെ വഴിപ്പെടാൻ നിർദേശിച്ചു. തന്നിൽ നിന്നും ഹജ്ജ് കർമങ്ങൾ പഠിക്കുവാൻ ജനങ്ങളെ ഉദ്ബോധിപ്പിച്ചു. പിന്നീട്, പരസ്പരം കഴുത്തറുത്ത് നിഷേധികളായിത്തീരരുതെന്നും ഉണർത്തി. ഇസ്ലാമിക സന്ദേശങ്ങൾ പ്രബോധനം നടത്തുവാൻ ആഹ്വാനം ചെയ്തു. ആ പ്രഭാഷണത്തിൽ അരുളി: "ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുക. അഞ്ച് നേരം നമസ്കരിക്കുക. റമദാനിൽ നോമ്പനുഷ്ഠിക്കുക. കൈകാര്യകർത്താക്കളെ അനുസരിക്കുക. എന്നാൽ നിങ്ങളുടെ നാഥന്റെ സ്വർഗത്തിൽ നിങ്ങൾ പ്രവേശിക്കുന്നതാണ്." തദവസരം ജനങ്ങളോട് റസൂലുല്ലാഹി (സ) വിട പറഞ്ഞു. അത് കേട്ടപ്പോൾ സഹാബത്ത് പറഞ്ഞു: ഇത് ഹജ്ജത്തുൽ വദാഅ് (വിട വാങ്ങൽ ഹജ്ജ് ) ആണ്."

പിന്നീട് മിനായിലെ മൃഗബലി നടത്തുന്ന സ്ഥലത്തേക്ക് പോയി. അറുപത്തി മൂന്ന് ഒട്ടകങ്ങളെ സ്വന്തമായി അറുത്തു. അതിൽ ബാക്കിയുണ്ടായതിനെ അറുക്കുന്നതിന് അലി (റ)യെ ഏൽപിച്ചു. അറവ് കഴിഞ്ഞപ്പോൾ തല വടിക്കുന്നയാളെ വിളിച്ച് തല വടിപ്പിച്ചു. മുടികൾ അടുത്തുണ്ടായിരുന്നവർക്ക് വിതരണം ചെയ്തു. തുടർന്ന് ഒരു വാഹനത്തിൽ മക്കയിലേക്ക് വന്നു. ഇഫാദത്തിന്റെ ത്വവാഫ് നിർവഹിച്ചു. സംസം വെള്ളം നിന്നുകൊണ്ട് പാനം ചെയ്തു. അന്ന് തന്നെ മിനായിലേക്ക് മടങ്ങി. രാത്രി മിനയിൽ താമസിച്ചു. അടുത്ത ദിവസം മധ്യാഹ്നം കഴിഞ്ഞപ്പോൾ മൂന്ന് ജംറകളിലും കല്ലെറിഞ്ഞു. അന്നും ഒരു പ്രഭാഷണം നടത്തി.

ദുൽഹജ്ജ് പതിമൂന്നിന്റെ ഏറ് പൂർത്തിയാക്കുന്നത് വരെ മിനയിൽ താമസിച്ചു. ശേഷം മക്കയിലേക്ക് വന്നു. പുലർകാലത്ത് വിടവാങ്ങൽ ത്വവാഫ് നടത്തി. തുടർന്ന് ജനങ്ങളോടൊപ്പം മദീനാ മുനവ്വറയിലേക്ക് മടങ്ങി."

മദീനയുടെയും മക്കയുടെയും ഇടയിലുള്ള ഗദീർഗു എന്ന സ്ഥലത്ത് എത്തിയപ്പോൾ നബി (സ) ഒരു പ്രഭാഷണം നടത്തി. അതിൽ അലി (റ)യുടെ മഹത്വം വിവരിച്ചുകൊണ്ട് പ്രസ്താവിച്ചു: "എന്നെ സ്നേഹിക്കുന്നവർ അലി (റ)യെയും സ്നേഹിച്ചു കൊള്ളട്ടെ! അല്ലാഹുവേ, അലിയെ സ്നേഹിക്കുന്നവരെ നീയും സ്നേഹിക്കണമേ! അലിയോട് ശത്രുത കാണിക്കുന്നവരോട് നീയും ശത്രുത പുലർത്തേണമേ!"

ദുൽഹുലൈഫയിൽ എത്തിയപ്പോൾ അവിടെ ഒരു രാത്രി താമസിച്ചു. തുടർന്ന് മദീനാമുനവ്വറയെ ദർശിച്ചപ്പോൾ മൂന്ന് പ്രാവശ്യം തക്ബീർ ചൊല്ലിക്കൊണ്ടരുളി:

لاَ اِلَهَ اِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيءٍ قَدِير، آئبونَ تَائِبُونَ عَابِدُونَ، سَاجِدُونَ، لِرَبِّنَا حَامِدُونَ صَدَقَ اللهُ وَعْدَهُ وَنَصَرَ عَبْدَهُ، وَهَزَمَ الأَحْزَابَ وَحْدَهُ

പകൽ സമയത്ത് മദീനയിൽ പ്രവേശിച്ചു.

www.abulhasanalinadwi.org

## നാല്

# ദിക്ർ-ദുആകൾ

### പ്രത്യേക സമയസന്ദർഭങ്ങളിലെ ദിക്ർ-ദുആകൾ

അല്ലാഹുവിനെക്കുറിച്ചുള്ള ധ്യാനത്തിലും സ്മരണയിലും സർവസമ്പൂർണമായ മാതൃകയായിരുന്നു റസൂലുല്ലാഹി (സ). അവിടുത്തെ നാവും മനസ്സും സദാസമയവും ഇലാഹി സ്മരണയിൽ ലയിച്ചിരുന്നു. ഉറങ്ങാനുദ്ദേശിക്കുന്ന നേരത്ത് ഇപ്രകാരം പറയുവാൻ സഹാബത്തിനെ പഠിപ്പിച്ചു:

اَللّٰهُمَّ اِنِّى اَسْلَمْتُ وَجْهِى اِلَيْكَ وَفَوَّضْتُ اَمْرِى اِلَيْكَ ، وَاَلْجَاْتُ ظَهْرِى اِلَيْكَ رَغْبَةً وَرَهْبَةً اِلَيْكَ لاَ مَلْجَاَ وَلاَ مَنْجَاَ مِنْكَ اِلاَّ اِلَيْكَ آمَنْتُ بِكِتَابِكَ الَّذِى اَنْزَلْتَ وَنَبِيِّكَ الَّذِى اَرْسَلْتَ

റസൂലുല്ലാഹി (സ) അരുളി: ഉറങ്ങാൻ നേരം ഈ വാചകം അവസാനമായി നിങ്ങൾ പറയുകയും അന്ന് രാത്രി നിങ്ങൾ മരിക്കുകയും ചെയ്താൽ പ്രകൃതിമതമായ ഇസ്ലാമിലായിരിക്കും നിങ്ങളുടെ മരണം."[1]

ഉറക്കം ഉണർന്നാൽ ഇപ്രകാരം ചൊല്ലിയിരുന്നു:

اَلْحَمْدُ لِلّٰهِ الَّذِى اَحْيَانَا بَعْدَ مَا اَمَاتَنَا وَاِلَيْهِ النُّشُورِ

(മരണത്തിന് ശേഷം ഞങ്ങളെ ജീവിപ്പിച്ച അല്ലാഹുവിന് സ്തുതി. അവനിലേക്കാണ് മടക്കം.)

രാത്രി ഇടക്ക് ഉണർന്നാൽ ഇപ്രകാരം ദുആ ഇരക്കുമായിരുന്നു:

لاَ اِلَهَ اِلاَّ اَنْتَ سُبْحَانَكَ اَللّٰهُمَّ اَسْتَغْفِرُكَ لِذَنْبِى وَاَسْئَلُكَ رَحْمَتَكَ ، اَللّٰهُمَّ زِدْنِى عِلْمًا وَلاَ تُزِغْ قَلْبِى بَعْدَ اِذْهَدَيْتَنِى وَهَبْ لِي مِنْ لَدُنْكَ رَحْمَةً اِنَّكَ اَنْتَ الْوَهَّابُ

---

www.abulhasanalinadwi.org

(അല്ലാഹുവേ, നീയല്ലാതെ ഒരാരാധ്യനുമില്ല. നീ പരിശുദ്ധനാണ്. എന്റെ പാപമോചനവും നിന്റെ കാരുണ്യവും ഞാൻ നിന്നോട് ഇരക്കുന്നു. അല്ലാഹുവേ, എനിക്ക് അറിവിൽ അഭിവൃദ്ധി നൽകണമേ. എന്നെ സന്മാർഗത്തിലാക്കിയതിന് ശേഷം നീ വഴിപിഴപ്പിക്കരുതേ. നിന്റെ ഭാഗത്ത് നിന്നും ഔദാരമായി കാരുണ്യം കനിഞ്ഞരുളേണമേ! നീ വലിയ ഔദാര്യവാനാണ്.)

ഇബ്നു അബ്ബാസ് (റ) വിവരിക്കുന്നു: "ഒരു രാത്രി ഞാൻ റസൂലുല്ലാഹി (സ)യുടെ അരികിൽ കിടക്കുകയുണ്ടായി. റസൂലുല്ലാഹി (സ) ഉണർന്നപ്പോൾ ആകാശത്തേക്ക് നോക്കുകയും ആലുഇംറാനിലെ അവസാനത്തെ ആയത്തുകൾ ഓതുകയും ചെയ്തു: "രാത്രി വിത്ർ നമസ്കാരാനന്തരം سُبْحَانَ الْمَلِكِ الْقُدُّوسْ എന്ന് മൂന്ന് പ്രാവശ്യം ചൊല്ലിയിരുന്നു. മൂന്നാമത്തേത് അല്പം നീട്ടുമായിരുന്നു.

വീട്ടിൽ നിന്നും പുറപ്പെടുമ്പോൾ പറയുമായിരുന്നു:

بِسْمِ اللهِ تَوَكَّلْتُ عَلَى اللهِ، اَللّٰهُمَّ اِنِّى اَعُوذُ بِكَ اَنْ اَضِلَّ، اَوْ اُضَلَّ اَوْ اَزِلَّ اَوْ اُزَلَّ اَوْ اَظْلِمَ اَوْ اُظْلَمَ اَوْ اَجْهَلَ اَوْ يُجْهَلَ عَلَىَّ

(അല്ലാഹുവിന്റെ നാമത്തിൽ ഞാൻ യാത്ര ആരംഭിക്കുന്നു. നിന്റെ മേൽ ഭരമേൽപിക്കുന്നു. അല്ലാഹുവേ, ഞാൻ വഴികെടുകയോ വഴികെടുത്തപ്പെടുകയോ, തെറ്റുകയോ തെറ്റിലകപ്പെടുകയോ, വിവരക്കേട് കാണിക്കുകയോ എന്നോട് വിവരക്കേട് കാണിക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നും നിന്നോട് കാവൽ ഇരക്കുന്നു.)

അബൂസഈദ് (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി(സ) അരുളി: ആരെങ്കിലും സുബ്ഹി നമസ്കാരത്തിനായി വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ താഴെപ്പറയുന്ന ദുആ ചൊല്ലിയാൽ അവനു വേണ്ടി 70000 മലക്കുകളെ നിയമിക്കുന്നതും അവർ അവന് വേണ്ടി പാപമോചനം തേടുന്നതും അവൻ നമസ്കരിച്ച് കഴിയുന്നത് വരെയും അല്ലാഹുവിന്റെ പ്രത്യേകമായ തിരുനോട്ടം അവന്റെ മേൽ ഉണ്ടാകുന്നതുമാണ്.

اَللّٰهُمَّ اِنِّى أَسْئَلُكَ بِحَقِّ السَّائِلِينَ عَلَيْكَ وَبِحَقِّ مَمْشَاىَ هٰذَا اِلَيْكَ فَاِنِّى لَمْ أَخْرُجْ بَطَرًا وَلاَ أَشَرًا وَلاَ رِيَاءً وَّ لاَ سُمْعَةً وَاِنَّمَا خَرَجْتُ اِتِّقَاءَ سَخَطِكَ وَابْتِغَاءَ مَرْضَاتِكَ أَسْئَلُكَ أَنْ تُنْقِذَنِى مِنَ النَّارِ وَأَنْ تَغْفِرَلِى ذُنُوبِى فَاِنَّهُ لاَ يَغْفِرُ الذُّنُوبَ اِلاَّ اَنْتَ

(അല്ലാഹുവേ, നിന്നോട് യാചിക്കുന്നവരെയും നിന്നിലേക്കുള്ള എന്റെ ഈ നടത്തത്തെയും മുൻനിർത്തി ഞാൻ നിന്നോട് ഇരക്കുന്നു. അഹങ്കാരവും നാശവും ലോകമാന്യതയും ഉള്ള നിലയിലല്ല ഞാൻ പുറപ്പെട്ടത്. നിന്റെ

www.abulhasanalinadwi.org

കോപത്തെ ഭയന്നും നിന്റെ പൊരുത്തത്തെ കാംക്ഷിച്ചു കൊണ്ടും ആണ് ഞാൻ പുറപ്പെട്ടിരിക്കുന്നത്. നരക ശിക്ഷയിൽ നിന്നും എന്നെ രക്ഷിക്കണമെന്നും എന്റെ പാപങ്ങൾ പൊറുത്ത് തരണമെന്നും ഞാൻ നിന്നോട് ഇരക്കുന്നു, പാപം പൊറുക്കുന്നവനായി നീയല്ലാതെ വേറാരുമില്ല.)

റസൂലുല്ലാഹി (സ) അരുളി: "നിങ്ങൾ പള്ളിയിൽ പ്രവേശിക്കുമ്പോൾ നബിയുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ട് ഇപ്രകാരം പറയുക:

اَللّٰهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ

(അല്ലാഹുവേ, നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് വേണ്ടി തുറക്കണമേ. പള്ളിയിൽ നിന്നു പുറത്തിറങ്ങുമ്പോൾ ഇപ്രകാരം പറയുക:

اَللّٰهُمَّ إِنِّي أَسْئَلُكَ مِنْ فَضْلِكَ

(അല്ലാഹുവേ, നിന്നോട് നിന്റെ ഔദാര്യത്തെ ഞാൻ ഇരക്കുന്നു.)

പ്രഭാതമാകുമ്പോൾ ഇപ്രകാരം പറഞ്ഞിരുന്നു:

اَللّٰهُمَّ بِكَ أَصْبَحْنَا وَبِكَ أَمْسَيْنَا وَبِكَ نَحْيَا وَبِكَ نَمُوتُ وَإِلَيْكَ النُّشُورُ

(അല്ലാഹുവേ, നിന്റെ ഔദാര്യം കൊണ്ട് പ്രഭാതത്തിലും പ്രദോഷത്തിലും പ്രവേശിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ മടക്കവും നിന്നിലേക്ക് തന്നെ.)

أَصْبَحْنَا وَأَصْبَحَ الْمُلْكُ لِلّٰهِ وَالْحَمْدُ لِلّٰهِ وَلَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ رَبِّ أَسْئَلُكَ خَيْرَ مَا فِي هَذَا الْيَوْمِ وَخَيْرَ مَا بَعْدَهُ ، وَأَعُوذُ بِكَ مِنْ شَرِّ هَذَا الْيَوْمِ وَشَرِّ مَا بَعْدَهُ ، رَبِّ أَعُوذُ بِكَ مِنَ الْكَسَلِ ، وَسُوءِ الْكِبَرِ ، رَبِّ أَعُوذُ بِكَ مِنْ عَذَابٍ فِي النَّارِ وَعَذَابٍ فِي الْقَبْرِ

(ഞങ്ങൾ പ്രഭാതത്തിൽ പ്രവേശിച്ചിരിക്കുന്നു. പ്രഭാതത്തിലുള്ള സർവാധികാരവും അല്ലാഹുവിനാണ്. അല്ലാഹുവിനാണ് സർവസ്തുതി. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവൻ ഏകനാണ്. അവന് പങ്കുകാർ ആരുമില്ല. അധികാരവും സ്തുതിയും അവന് തന്നെ. അവൻ എല്ലാ കാര്യങ്ങളുടെ മേലും കഴിവുള്ളവനാണ്. രക്ഷിതാവേ, ഈ ദിവസത്തിന്റെയും ഇതിന് ശേഷമുള്ള ദിവസത്തിന്റെയും മുഴുവൻ നന്മകൾ നിന്നോട് ഞാൻ ചോദിക്കുന്നു. ഈ ദിവസത്തിലെയും ഇതിന് ശേഷമുള്ള ദിവസത്തെയും മുഴുവൻ തിന്മകളെ തൊട്ടും ഞാൻ നിന്നോട് കാവൽ തേടുന്നു. അലസത, മോശമായ വാർധക്യം, നരകശിക്ഷ, ഖബ്റിലെ ശിക്ഷ

www.abulhasanalinadwi.org

ഇവകളിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു.)

വൈകുന്നേരമാകുമ്പോൾ; أَمْسَيْنَا وَأَمْسَى الْمُلْكُ لِلّٰهِ

(ഞങ്ങൾ വൈകുന്നേരത്തിൽ പ്രവേശിച്ചു. വൈകുന്നേരത്തെ സർവാധികാരങ്ങളും അല്ലാഹുവിന് തന്നെ.) എന്ന് പറഞ്ഞു കൊണ്ട് മേൽ പറഞ്ഞതു പോലെ പറയുമായിരുന്നു.

അബൂബക്ർ (റ), രാവിലെയും വൈകുന്നേരവും ചൊല്ലുവാൻ വല്ലതും പഠിപ്പിച്ച് തരണമെന്ന് അപേക്ഷിച്ചപ്പോൾ ഇപ്രകാരം പറയുവാൻ നിർദേശിച്ചു:

اَللّٰهُمَّ فَاطِرَ السَّمٰوَاتِ وَالْأَرْضِ عَالِمَ الْغَيْبِ وَالشَّهَادَةِ رَبَّ كُلِّ شَيْءٍ وَمَلِيكَهُ وَمَالِكَهُ، أَشْهَدُ أَنْ لَا إِلٰهَ إِلَّا أَنْتَ أَعُوذُ بِكَ مِنْ شَرِّ نَفْسِي، وَشَرِّ الشَّيْطَانِ وَشِرْكِهِ، وَأَنْ أَقْتَرِفَ عَلَى نَفْسِي سُوءًا أَوْ أَجُرَّهُ إِلَى مُسْلِمٍ

(അല്ലാഹുവേ, ആകാശഭൂമികളെ പടച്ചവനേ, രഹസ്യവും പരസ്യവും അറിയുന്നവനേ, എല്ലാ വസ്തുക്കളുടെയും പരിപാലകനും ഉടമയുമായുള്ളവനേ, നീയല്ലാതെ ഒരാരാധ്യനുമില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്റെ മനസ്സിന്റെ ശല്യം, പിശാചിന്റെ ശല്യം, അവന്റെ ശിർക്ക്, എനിക്കെതിരായി വല്ലതും ചെയ്യൽ, ഏതെങ്കിലും മുസ്‌ലിമിനെതിരായി വല്ലതും ചെയ്യൽ ഇവയിൽ നിന്നും നിന്നോട്.കാവൽ ഇരക്കുന്നു.)

റസൂലുല്ലാഹി (സ) അരുളി: പ്രഭാതമായാൽ ഇപ്രകാരം പറയുക:

أَصْبَحْنَا وَأَصْبَحَ الْمُلْكُ لِلّٰهِ رَبِّ الْعَالَمِينَ، اَللّٰهُمَّ إِنِّي أَسْأَلُكَ خَيْرَ هٰذَا الْيَوْمِ فَتْحَهُ وَنَصْرَهُ وَنُورَهُ وَبَرَكَتَهُ، وَهِدَايَتَهُ وَأَعُوذُ بِكَ مِنْ شَرِّ مَا فِيهِ وَشَرِّ مَا بَعْدَهُ

(ഞങ്ങൾ പ്രഭാതത്തിൽ പ്രവേശിച്ചു. പ്രഭാതത്തിലുള്ള അധികാരവും സർവലോക പരിപാലകനായ അല്ലാഹുവിന് തന്നെ. ഈ ദിവസത്തിന്റെ നന്മയും വിജയവും സഹായവും പ്രകാശവും ഐശ്വര്യവും നിന്നോട് ഇരക്കുന്നു.

വൈകുന്നേരമായാൽ أَصْبَحْنَا وَأَصْبَحَ എന്നതിന് പകരം أَمْسَيْنَا وَأَمْسَى എന്നാക്കി പറയുക.

തന്റെ പ്രിയമകൾ ഫാത്വിമ(റ)യോട് ഉപദേശിച്ചു: പ്രഭാതത്തിലും പ്രദോഷത്തിലും ഇപ്രകാരം പറയുവാൻ നിനക്ക് വല്ല പ്രയാസവുമുണ്ടോ?

يَا حَيُّ يَا قَيُّومُ، بِكَ أَسْتَغِيثُ، فَأَصْلِحْ لِي شَأْنِي وَلَا تَكِلْنِي إِلَى نَفْسِي طَرْفَةَ عَيْنٍ

www.abulhasanalinadwi.org

(എന്നെന്നും ജീവിച്ചിരിക്കുന്നവനും സർവവും നിയന്ത്രിക്കുന്നവനുമായ അല്ലാഹുവേ, ഞാൻ നിന്റെ സഹായം തേടുന്നു. എന്റെ പല കാര്യങ്ങളും നീ നന്നാക്കേണമേ. എന്നെ ഒരു നിമിഷത്തേക്ക് പോലും എന്നിലേക്ക് ഏൽപിക്കരുതേ.)

റസൂലുല്ലാഹി (സ) അരുളി: സയ്യിദുൽ ഇസ്തിഗ്ഫാർ ഇതാണ്:

اَللّٰهُمَّ اَنْتَ رَبِّى لا اِلٰهَ اِلاَّ اَنْتَ خَلَقْتَنِى وَاَنَا عَبْدُكَ وَاَنَا عَلَى عَهْدِكَ وَوَعْدِكَ سْتَطَعْتُ ، اَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ ، اَبُوءُ لَكَ بِنِعْمَتِكَ عَلَىَّ وَاَبُوءُ بِذَنْبِي نْفِرْلِي فَاِنَّهُ لاَ يَغْفِرُ الذُّنُوبَ اِلاَّ اَنْتَ.

(അല്ലാഹുവേ, നീ എന്റെ രക്ഷിതാവാണ്. നീയല്ലാതെ ഒരാരാധ്യനുമില്ല. നീ എന്നെ സൃഷ്ടിച്ചു. ഞാൻ നിന്റെ അടിമയാണ്. ഞാൻ നിന്നോട് ചെയ്ത കരാർ-വാഗ്ദാനങ്ങളുടെ മേൽ കഴിവിന്റെ പരമാവധി ഉറച്ചു നിൽക്കുന്നു. എന്റെ പ്രവർത്തനങ്ങളുടെ തിന്മയിൽ നിന്നും ഞാൻ നിന്നോട് കാവൽ ഇരക്കുന്നു. എന്റെ മേലുള്ള നിന്റെ അനുഗ്രഹങ്ങളെയും എന്റെ പാപങ്ങളെയും ഞാൻ സമ്മതിക്കുന്നു. നീ എനിക്ക് പൊറുത്ത് തരേണമേ. പൊറുക്കുന്നവൻ നീ മാത്രമാണ്.)

പുതുവസ്ത്രം ധരിക്കുമ്പോൾ ഇപ്രകാരം പറഞ്ഞിരുന്നു:

اَللّٰهُمَّ اَنْتَ كَسَوْتَنِيهِ اَسْئَلُكَ خَيْرَهُ وَخَيْرَ مَا صُنِعَ لَهُ وَاَعُوذُ بِكَ مِنْ شَرِّ مَا صُنِعَ لَهُ

(അല്ലാഹുവേ, നീയാണ് ഈ വസ്ത്രം എന്നിൽ ധരിപ്പിച്ചത്. ഇതിന്റെ നന്മയും ഇത് നിർമിച്ചതിലുള്ള ഉദ്ദേശ്യത്തിന്റെ നന്മയും ഞാൻ നിന്നോട് ഇരക്കുന്നു. ഇതിന്റെ തിൻമയിൽ നിന്നും ഇത് നിർമിച്ചതിലുള്ള ഉദ്ദേശ്യത്തിന്റെ തിൻമയിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.)

ഒരു ഹദീസിൽ വന്നിരിക്കുന്നു. റസൂലുല്ലാഹി (സ) അരുളി: വസ്ത്രം ധരിക്കുമ്പോൾ താഴെപറയുന്ന ദുആ ഇരക്കുന്നവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്:

اَلْحَمْدُ لِلّٰهِ الَّذِى كَسَانِى هٰذَا وَرَزَقَنِيهِ مِنْ غَيْرِ حَوْلٍ مِنِّى وَلاَ قُوَّةٍ

(സർവസ്തുതികളും അല്ലാഹുവിനാകുന്നു. അവൻ എന്നെ ഈ വസ്ത്രം ധരിപ്പിച്ചു. എന്നിൽ ഒരുശക്തിയും ശേഷിയും ഇല്ലാതിരുന്നിട്ടും ഇതെനിക്ക് കനിഞ്ഞരുളി.)

ഉമ്മുഖാലിദിന് ഒരു പുതുവസ്ത്രമെടുത്തപ്പോൾ റസൂലുല്ലാഹി (സ) അരുളി:

www.abulhasanalinadwi.org

اَبْلِى وَاَخْلِقِى ، ثُمَّ اَبْلِى وَاَخْلِقِى

(ധരിച്ച് പഴയതാക്കുക, ധരിച്ച് പഴയതാക്കുക.)

റസൂലുല്ലാഹി (സ) അരുളിയിരുന്നു: സ്വഭവനത്തിൽ പ്രവേശിക്കുമ്പോൾ ഇപ്രകാരം ദുആ ഇരക്കുക:

اَللّٰهُمَّ اِنِّى اَسْئَلُكَ خَيْرَ الْمَوْلِجِ وَخَيْرَ الْمَخْرَجِ ، بِسْمِ اللّٰهِ وَلَجْنَا وَعَلَى اللّٰهِ رَبِّنَا تَوَكَّلْنَا

(അല്ലാഹുവേ, വീട്ടിൽ കടക്കുന്നതിന്റെയും വീട്ടിൽ നിന്നും പുറത്തിറങ്ങുന്നതിന്റെയും നൻമ ഞാൻ നിന്നോട് അപേക്ഷിക്കുന്നു. അല്ലാഹുവിന്റെ നാമത്തിൽ ഞങ്ങൾ പ്രവേശിക്കുന്നു. ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുന്നു.)

വിസർജ്ജനസ്ഥലത്ത് പ്രവേശിക്കുന്നതിന് മുമ്പ് പറയുമായിരുന്നു:

اَللّٰهُمَّ اِنِّى اَعُوذُ بِكَ مِنَ الْخُبْثِ وَالْخَبَائِثِ

(മാലിന്യത്തിൽ നിന്നും മലിന വസ്തുക്കളിൽ നിന്നു അല്ലാഹുവിനോട് ഞാൻ അഭയം തേടുന്നു.) ചില ഹദീസുകളിൽ ഇതു കൂടിയുണ്ട്:

الرِّجْسِ النَّجِسِ الشَّيْطَانِ الرَّجِيمْ

(അഴുക്കും അശുദ്ധവുമായി ആട്ടപ്പെട്ട പിശാചിൽ നിന്നു അഭയം തേടുന്നു.)

വിസർജ്ജനസ്ഥലത്ത് നിന്നും പുറത്തിറങ്ങിയ ശേഷം മൊഴിഞ്ഞിരുന്നു:

غُفْرَانَكَ

(അല്ലാഹുവേ, നിന്റെ പാപമോചനം ഞാൻ നിന്നോടിരക്കുന്നു.)

ചില രിവായത്തുകളിൽ ഇതു കൂടിയുണ്ട്:

اَلْحَمْدُ لِلّٰهِ الَّذِى اَذْهَبَ عَنِّى الاَذٰى وَعَافَانِى

(അല്ലാഹുവിന് സ്തുതി. അവൻ എന്നിൽ നിന്നും ഉപദ്രവകരമായ വസ്തുക്കൾ ദൂരീകരിക്കുകയും എന്നിൽ സൗഖ്യം നൽകുകയും ചെയ്തു.)

റസൂലുല്ലാഹി (സ) അരുളി: വുദൂഅ് ചെയ്ത ശേഷം ആരെങ്കിലും ഇപ്രകാരം പറഞ്ഞാൽ:

اَشْهَدُ اَنْ لاَ اِلٰهَ اِلاَّ اللّٰهُ وَحْدَهُ لاَ شَرِيكَ لَهُ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

(ആരാധനയ്ക്കർഹൻ ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹു മാത്രമാണെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് (സ) അല്ലാഹുവിന്റെ അടിമയും ദൂതനുമാകുന്നു എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.)

www.abulhasanalinadwi.org

അവന് വേണ്ടി സ്വർഗത്തിന്റെ എട്ട് കവാടങ്ങൾ തുറക്കപ്പെടുന്നതാണ്. തിർമിദിയുടെ രിവായത്തിൽ ഇതിനൊപ്പം ഒരു വാചകവും കൂടിയുണ്ട്:

اَللّٰهُمَّ اجْعَلْنِى مِنَ التَّوَّابِينَ وَاجْعَلْنِى مِنَ الْمُتَطَهِّرِينَ

(അല്ലാഹുവേ, പശ്ചാത്തപിക്കുന്നവരിലും ശുദ്ധിയുള്ളവരിലും നീ എന്നെ ഉൾപ്പെടുത്തേണമേ!)

ചിലപ്പോൾ ഇപ്രകാരവും ദുആ ഇരന്നിടുന്നു:

اَللّٰهُمَّ اغْفِرْلِى ذَنْبِى وَوَسِّعْ لِى فِى دَارِى وَبَارِكْ لِى فِى رِزْقِى

(അല്ലാഹുവേ, എന്റെ പാപം പൊറുത്തു തരണമേ! എന്റെ വീട്ടിൽ എന്നിൽ വിശാലത നൽകേണമേ! എന്റെ വിഭവങ്ങളിൽ ഐശ്വര്യവും പ്രദാനം ചെയ്യേണമേ!)

ബാങ്ക് കൊടുക്കുന്നത് കേൾക്കുന്നവർ അത് പോലെ ആവർത്തിച്ച് പറയാൻ കൽപിച്ചു. എന്നാൽ 'ഹയ്യ അല' എന്ന് പറയപ്പെടുമ്പോൾ:

لَا حَوْلَ وَلَا قُوَّةَ إِلَّا بِاللّٰهِ എന്ന് പറയേണ്ടതാണ്. ബാങ്ക് വിളിച്ചു കഴിഞ്ഞാൽ ഇപ്രകാരം പറയുക:

رَضِيتُ بِاللّٰهِ رَبًّا ، وَبِالْإِسْلَامِ دِينًا وَبِمُحَمَّدٍ رَسُولًا

(അല്ലാഹുവിനെ പരിപാലകനും ഇസ്‌ലാമിനെ ജീവിതവും മുഹമ്മദ് (സ) നെ. റസൂലുമായി ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു.) തുടർന്ന് സലാത്ത് ചൊല്ലുക. ശേഷം ഈ ദുആ ഇരക്കുക:

اَللّٰهُمَّ رَبَّ هٰذِهِ الدَّعْوَةِ التَّامَّةِ وَالصَّلَاةِ الْقَائِمَةِ آتِ مُحَمَّدًا الْوَسِيلَةَ وَالْفَضِيلَةَ ، وَابْعَثْهُ مَقَامًا مَحْمُودًا الَّذِى وَعَدْتَهُ ، إِنَّكَ لَا تُخْلِفُ الْمِيعَادَ

(സമ്പൂർണമായ ഈ ക്ഷണത്തിന്റെയും സമയമായ ഈ നമസ്കാരത്തിന്റെയും ഉടമസ്ഥനായ അല്ലാഹുവേ, മുഹമ്മദ് നബി (സ)ക്ക് വസീലത്തും ഫദീലത്തും നൽകണമേ! നീ വാഗ്ദാനം ചെയ്ത മഖാമു മുഹമ്മദിൽ എത്തിക്കേണമേ! തീർച്ചയായും നീ വാഗ്ദാനം ലംഘിക്കപ്പെടില്ല.)

ആഹാരം കഴിക്കാൻ ആരംഭിക്കുമ്പോൾ ബിസ്മില്ലാഹി പറയുകയും അവസാനിക്കുമ്പോൾ ഇപ്രകാരം മൊഴിയുകയും ചെയ്തിരുന്നു:

اَلْحَمْدُ لِلّٰهِ الَّذِى أَطْعَمَنَا وَسَقَانَا وَجَعَلَنَا مِنَ الْمُسْلِمِينَ

www.abulhasanalinadwi.org

(അല്ലാഹുവിനാണ് സർവസ്തുതിയും. അവൻ നമുക്ക് ആഹാരവും പാനീയവും നൽകി. നമ്മെ മുസ്‌ലിമാക്കി.)

ആഹാര വിരി ഉയർത്തപ്പെടുമ്പോൾ പറയുമായിരുന്നു:

اَلْحَمْدُ لِلّٰهِ حَمْدًا كَثِيرًا طَيِّبًا مُبَارَكًا فِيهِ غَيْرَ مَكْفِيٍّ وَلاَ مُوَدَّعٍ وَلاَ مُسْتَغْنًى عَنْهُ رَبَّنَا عَزَّوَجَلَّ

(അധികമായ നല്ല സ്തുതി കീർത്തനങ്ങൾ അല്ലാഹുവിന് തന്നെയാകുന്നു. അവനിലേക്ക് സർവദാ നാം ആവശ്യക്കാരാണ്. അവനെ ഒരിക്കലും അവഗണിക്കാനും അവനോട് വിട പറയാനും പാടില്ല.)

സഅ്ദുബ്നു ഉബാദ (റ)യുടെ വീട്ടിൽ നിന്നു ആഹാരം കഴിച്ച ശേഷം ഇപ്രകാരം ദുആ ഇരന്നു:

اَفْطَرَ عِنْدَكُمُ الصَّائِمُونَ وَاَكَلَ طَعَامَكُمُ الاَبْرَارُ وَصَلَّتْ عَلَيْكُمُ الْمَلٰئِكَةُ

(നോമ്പുകാർ നിങ്ങളുടെ പക്കൽ വെച്ച് നോമ്പ് തുറക്കുമാറാകട്ടെ! പുണ്യവാൻമാർ നിങ്ങളുടെ ആഹാരം ഭക്ഷിക്കട്ടെ! മലക്കുകൾ നിങ്ങൾക്ക് വേണ്ടി ദുആ ഇരക്കട്ടെ.)

പുതുചന്ദ്രനെക്കാണുമ്പോൾ പറഞ്ഞിരുന്നു:

اَللّٰهُمَّ اَهِلَّهُ عَلَيْنَا بِالاَمْنِ وَالاِيمَانِ وَالسَّلاَمَةِ وَالاِسْلاَمِ رَبِّي وَرَبُّكَ اللّٰهُ

(അല്ലാഹുവേ, ഈ ചന്ദ്രനെ സമാധാനത്തോടെയും ഈമാനോടെയും രക്ഷയോടെയും ഇസ്‌ലാമിനോടെയും നമ്മുടെ മേൽ ഉദിപ്പിക്കണേ! എന്റെയും നിന്റെയും രക്ഷിതാവ് അല്ലാഹുവാകുന്നു.)

മറ്റൊരു രിവായത്തിൽ ഇത് കൂടിയുണ്ട്:

وَالتَّوْفِيقِ لِمَا تُحِبُّ وَتَرْضَى رَبَّنَا وَرَبُّكَ اللّٰهُ

(അല്ലാഹുവേ, നീ ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന കാര്യങ്ങൾ ചെയ്യാനുള്ള സൗഭാഗ്യത്തോടെയും ഉദിപ്പിക്കണേ!)

വേറൊരു രിവായത്തിൽ ഇതിന് ശേഷം ഇപ്രകാരവും കൂടിയുണ്ട്:

هِلاَلُ رُشْدٍ وَخَيْرٍ هِلاَلُ رُشْدٍ وَخَيْرٍ

(സൻമാർഗത്തിന്റെയും നൻമയുടെയും ചന്ദ്രൻ! സൻമാർഗത്തിന്റെയും നൻമയുടെയും ചന്ദ്രൻ.)

യാത്ര പുറപ്പെടാൻ എഴുന്നേൽക്കുമ്പോൾ ഈ ദുആ ഇരക്കുമായിരുന്നു:

www.abulhasanalinadwi.org

اَللّٰهُمَّ بِكَ انْتَشَرْتُ وَاِلَيْكَ تَوَجَّهْتُ وَبِكَ اعْتَصَمْتُ وَعَلَيْكَ تَوَكَّلْتُ ، اَللّٰهُمَّ اَنْتَ ثِقَتِى، وَاَنْتَ رِجَائِى، اَللّٰهُمَّ اكْفِنِى مَا اَهَمَّنِى وَمَالاَ اَهْتَمُّ لَهُ، وَمَا اَنْتَ اَعْلَمُ بِهِ مِنِّى عَزَّجَارُكَ وَجَلَّ ثَنَاؤُكَ، وَلاَ اِلٰهَ غَيْرُكَ اَللّٰهُمَّ زَوِّدْنِى التَّقْوَى، وَاغْفِرْلِى ذُنُوبِى وَوَجِّهْنِى لِلْخَيْرِ اَيْنَمَا تَوَجَّهْتُ

(അല്ലാഹുവേ, നിന്റെ നാമത്തിൽ ഞാൻ പുറപ്പെടുന്നു. നിന്നിലേക്ക് ലക്ഷ്യമിടുന്നു. നിന്നിലേക്ക് ആശ്രയിക്കുന്നു. നിന്റെ മേൽ ഭരമേൽപിക്കുന്നു. അല്ലാഹുവേ, നീയാണ് എന്റെ ആശ്രയവും പ്രതീക്ഷയും. അല്ലാഹുവേ, എന്നെ ചിന്തിപ്പിച്ചിരുന്ന കാര്യങ്ങളും, ഞാൻ ചിന്തിക്കാത്ത വിഷയങ്ങളും എന്നെക്കാൾ നിനക്കു നന്നായി അറിയാവുന്ന കാര്യങ്ങളും നീ എനിക്ക് വേണ്ടി നിർവഹിച്ചു തരേണമേ! നിന്റെ സ്നേഹിതൻ അന്തസ്സുള്ളവനാണ്. നിനക്കുള്ള സ്തുതി വളരെ കൂടുതലാണ്. നീ അല്ലാതെ ആരാധനയ്ക്കർഹൻ ആരുമില്ല. അല്ലാഹുവേ, എന്നിൽ തഖ്‌വയുടെ യാത്രാസാമഗ്രികൾ നൽകേണമേ! എന്റെ പാപങ്ങൾ പൊറുത്ത് തരേണമേ! ഞാൻ എവിടേക്ക് തിരിഞ്ഞാലും എന്നെ നൻമയിലേക്ക് തിരിക്കേണമേ!)

വാഹനത്തിൽ യാത്രയാകുമ്പോൾ മൂന്ന് പ്രാവശ്യം അല്ലാഹു അക്ബർ എന്ന് പറഞ്ഞ ശേഷം മൊഴിഞ്ഞിരുന്നു:

سُبْحَانَ الَّذِى سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ، وَاِنَّا اِلَى رَبِّنَا لَمُنْقَلِبُونَ

(ഈ വാഹനത്തെ ഞങ്ങൾക്ക് കീഴ്പ്പെടുത്തിത്തന്ന അല്ലാഹു പരമപരിശുദ്ധനാണ്. ഇതിനെ കീഴ്പെടുത്താൻ ഞങ്ങൾക്ക് യാതൊരു കഴിവുമില്ലായിരുന്നു. നാം എല്ലാവരും നമ്മുടെ രക്ഷിതാവിലേക്ക് മടങ്ങേണ്ടവരാകുന്നു.)

തുടർന്ന് ഇപ്രകാരം പറയും:

اَللّٰهُمَّ اِنِّى اَسْئَلُكَ فِى سَفَرِى هَذَا الْبِرَّ وَالتَّقْوَى وَمِنَ الْعَمَلِ مَا تَرْضَى اَللّٰهُمَّ اَنْتَ الصَّاحِبُ فِى السَّفَرِ وَالْخَلِيفَةُ فِى الاَهْلِ، اَللّٰهُمَّ اِنِّى اَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمُنْقَلَبِ، هَوِّنْ عَلَيْنَا السَّفَرَ وَاطْوِلَنَا الْبُعْدَ

(അല്ലാഹുവേ, ഈ യാത്രയിൽ നന്മ ചെയ്യാനും സൂക്ഷ്മത മുറുകെ പിടിക്കാനും നിനക്ക് പൊരുത്തമായ പ്രവൃത്തികൾ ചെയ്യാനുമുള്ള സൗഭാഗ്യം ഞങ്ങൾ നിന്നോടിരക്കുന്നു. അല്ലാഹുവേ, ഞങ്ങളുടെ യാത്രയിലെ സഹായിയും ഞങ്ങളുടെ കുടുംബത്തിന്റെ കാര്യങ്ങൾ നോക്കി നടത്തുന്നവനും നീയാണ്. യാത്രയുടെ ദുരിതങ്ങളിൽ നിന്നും മടങ്ങുമ്പോൾ മോശമായ വല്ലതും കാണുന്നതിൽ നിന്നും ഞങ്ങൾ നിന്നോട് അഭയം തേടുന്നു. ഈ

www.abulhasanalinadwi.org

യാത്രയെ ഞങ്ങൾക്ക് എളുപ്പമാക്കേണമേ! ഇതിന്റെ ദൈർഘ്യത്തെ ചുരുക്കേണമേ!)

യാത്രയിൽ നിന്നു മടങ്ങുമ്പോൾ പറഞ്ഞിരുന്നു:

آيِبُونَ تَائِبُونَ ، عَابِدُونَ ، لِرَبِّنَا حَامِدُونَ

(ഞങ്ങൾ മടങ്ങുന്നു, പശ്ചാത്തപിക്കുന്നു, ഇബാദത്ത് ചെയ്യുന്നു. ഞങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നു.)

**പൊതുവായ ദിക്റുകൾ**

സഹീഹായ ഹദീസുകളിൽ പ്രേരണകളും ശ്രേഷ്ഠതകളും അധികമായി വിവരിക്കപ്പെട്ടിട്ടുള്ള പൊതുവായ ചില ദിക്റുകൾ ഇവിടെ ഉദ്ധരിക്കുകയാണ്. ഇമാം നവവിയുടെ 'കിതാബുൽ അദ്കാർ' ബഹുമാന്യ പിതാവ് മൗലാനാ സയ്യിദ് അബ്ദുൽ ഹയ്യിൽ ഹസനിയുടെ 'തൽഖീസുൽ അഖ്ബാർ'[2] എന്നിവയാണ് ഇതിന്റെ പ്രധാന അവലംബം.

**ശ്രേഷ്ഠമായ ദിക്റുകൾ**

റസൂലുല്ലാഹി (സ) അരുളി: നാക്കിന്റെ മേൽ വളരെ ലഘുവും അല്ലാഹുവിന്റെ ത്രാസ്സിൽ ഭാരം കൂടിയതും കരുണാവാരിധിയുടെ അടുക്കൽ വളരെ പ്രിയംകരവുമായ രണ്ട് വാചകങ്ങളുണ്ട്:

سُبْحَانَ اللهِ وَبِحَمْدِهِ سُبْحَانَ اللهِ الْعَظِيمْ

സമുറതുബ്നു ജുൻദുബ് (റ) നിവേദനം ചെയ്യുണം. റസൂലുല്ലാഹി (സ) അരുളി: "നാല് വാചകങ്ങൾ അല്ലാഹുവിന് വളരെ പ്രിയംകരമാണ്. സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, ലാഇലാഹ ഇല്ലല്ലാഹ്, അല്ലാഹു അക്ബർ. ഇതിൽ ഏതുകൊണ്ട് ആരംഭിച്ചാലും കുഴപ്പമില്ല."

ഒരു ഹദീസിൽ വന്നിരിക്കുന്നു: "ശുദ്ധി ഈമാനിന്റെ പകുതിയാണ്, അൽഹംദു ലില്ലാഹ് ത്രാസിനെ നിറയ്ക്കും. സുബ്ഹാനല്ലാഹിയും അൽഹം ദുലില്ലാഹിയും ആകാശ ഭൂമികളെ നിറയ്ക്കുന്നതാണ്."

അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) അരുളി: "സുബ്ഹാനല്ലാഹി വൽഹംദുലില്ലാഹി വലാഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ എന്ന് പറയുന്നത്, സൂര്യൻ ഉദിക്കുന്ന വസ്തുക്കളെക്കാൾ (ഇഹലോകവസ്തുക്കളേക്കാൾ) എനിക്ക് പ്രിയംകരമാണ്."

അബൂ അയ്യൂബ് (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) അരുളി:

لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

എന്ന് പത്ത് പ്രാവശ്യം പറയുന്നത് ഇസ്മാഈലി(അ)ന്റെ വംശത്തിൽ നിന്നുള്ള നാല് അടിമകളെ മോചിപ്പിക്കുന്നത് പോലെയാണ്."

അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) അരുളി:

www.abulhasanalinadwi.org

لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلٰى كُلِّ شَيْءٍ قَدِيرٌ

എന്ന് ഒരു ദിവസത്തിൽ നൂറ് പ്രാവശ്യം ഒരാൾ പറഞ്ഞാൽ, പത്ത് അടിമകളെ മോചിപ്പിച്ചത് പോലെയാണ്. അവന് നൂറ് നൻമകൾ നൽകപ്പെടും. നൂറ് തിൻമകൾ മാപ്പാക്കപ്പെടും. രാവിലെ മുതൽ വൈകുന്നേരം വരെ പിശാചിന്റെ ഉപദ്രവത്തിൽ നിന്നും രക്ഷിക്കപ്പെടും. ഇതിനെക്കാൾ കൂടുതൽ ചൊല്ലിയവനൊഴികെ മറ്റൊരാളും അവന് തുല്യനാകുന്നതല്ല."

റസൂലുല്ലാഹി (സ) അരുളി: "സുബ്ഹാനല്ലാഹി വബിഹംദിഹി എന്ന് ഒരാൾ നൂറ് പ്രാവശ്യം ചൊല്ലിയാൽ, അവന്റെ പാപങ്ങൾ സമുദ്രത്തിലെ നുരയ്ക്ക് സമാനമായിരുന്നാലും പൊറുക്കപ്പെടുന്നതാണ്."

ജാബിർ (റ) നിവേദനം. റസൂലുല്ലാഹി (സ) അരുളി: ലാ ഇലാഹ ഇല്ലല്ലാഹ് എന്നതാണ് ഏറ്റവും മഹത്തരമായ ദിക്ർ.

അബൂദർറ് (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) അരുളി: നിങ്ങൾ ഓരോരുത്തരുടെയും ശരീരത്തിന്റെ മുഴുവൻ സന്ധികൾക്കും പകരമായി ഓരോ ദാനധർമം നിർബന്ധമാണ്. ഓരോ സുബ്ഹാനല്ലായും അൽഹംദുലില്ലായും ലാ ഇലാഹഇല്ലല്ലായും അല്ലാഹു അക്ബറും ദാനമാണ്. നന്മ ഉപദേശിക്കലും തിൻമ തടയലും ധർമമാണ്. പൂർവാഹ്ന നേരത്തെ രണ്ട് റക്അത്ത് നമസ്കരിക്കുന്നത് ഇതിനെല്ലാം പരിഹാരമാകുന്നതാണ്."

അബൂമൂസൽ അശ്അരി (റ) പറയുന്നു: റസൂലുല്ലാഹി (സ) ചോദിച്ചു: "സ്വർഗത്തിന്റെ ഒരു ഖജനാവ് ഞാൻ നിനക്ക് പറഞ്ഞു തരട്ടേ? ഞാൻ പറഞ്ഞു: തീർച്ചയായും. റസൂലുല്ലാഹി (സ) അരുളി: "ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാഹ്."

അബൂസഈദ് (റ) നിവേദനം ചെയ്യുണം. റസൂലുല്ലാഹി (സ) അരുളി:

رَضِيتُ بِاللّٰهِ رَبًّا وَبِالْإِسْلَامِ دِينًا وَ بِمُحَمَّدٍ صلعم رَسُولاً

എന്ന് പറയുന്നവന് സ്വർഗം നിർബന്ധമാകുന്നതാണ്."

ഇബ്നുമസ്ഊദ് (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) അരുളി: "ഇസ്റാഅ് രാത്രിയിൽ ഞാൻ ഇബ്റാഹീമി(അ)നെ കണ്ടു. അദ്ദേഹം എന്നോട് പറഞ്ഞു: താങ്കളുടെ സമുദായത്തിന് സലാം പറഞ്ഞ ശേഷം അറിയിക്കുക: സ്വർഗത്തിന്റെ മണ്ണ് വളരെ നല്ലതും വെള്ളം രുചികരവുമാണ്. എന്നാൽ, അത് ശൂന്യമായ പ്രദേശമാണ്. സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, ലാഇലാഹ ഇല്ലല്ലാഹ്, അല്ലാഹു അക്ബർ എന്നിവയാണ് അവിടത്തെ ചെടികൾ."

അംറുബ്നുൽ ആസ് (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) അരുളി: "എന്റെ മേൽ ഒരു പ്രാവശ്യം സ്വലാത്ത് ചൊല്ലുന്നവന്റെ മേൽ അല്ലാഹു പത്ത് അനുഗ്രഹങ്ങൾ ചൊരിയുന്നതാണ്."

www.abulhasanalinadwi.org

ഇബ്നുമസ്ഊദ് (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) അരുളി: "ഖിയാമത്ത് നാളിൽ ഞാനുമായി ഏറ്റവും അടുത്തവൻ എന്റെ മേൽ ഏറ്റവും കൂടുതൽ സ്വലാത്ത് ചൊല്ലിയവനാണ്."

അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) അരുളി: "എന്നെക്കുറിച്ച് പറയപ്പെടുമ്പോൾ എന്റെ മേൽ സ്വലാത്ത് ചൊല്ലാത്തവൻ നിന്ദ്യനാകട്ടെ!"

അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) അരുളി: "എന്റെ ഖബ്റിനെ ആഘോഷസ്ഥലമാക്കരുത്. എന്നാൽ, എന്റെ മേൽ സ്വലാത്ത് ചൊല്ലുക. നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളുടെ സ്വലാത്ത് എന്റെ അരികിൽ എത്തിച്ചേരുന്നതാണ്."[3]

കഅ്ബുബ്നു ഉജ്റത്ത് (റ) വിവരിക്കുന്നു: സഹാബത്ത് ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, അങ്ങയുടെ മേൽ സലാം പറയേണ്ട രീതി ഞങ്ങൾ പഠിച്ചു. എന്നാൽ, അങ്ങയുടെ മേൽ സ്വലാത്ത് ചെയ്യേണ്ടത് എപ്രകാരമാണെന്ന് പഠിപ്പിച്ചു തന്നാലും! റസൂലുല്ലാഹി (സ) അരുളി: ഇപ്രകാരം പറയുക:

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَعَلٰى اٰلِ مُحَمَّدٍ كَمَا صَلَّيْتَ عَلٰى اِبْرَاهِيمَ وَعَلٰى اٰلِ اِبْرَاهِيمَ اِنَّكَ حَمِيدٌ مَّجِيدٌ ، اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَعَلٰى اٰلِ مُحَمَّدٍ كَمَا بَارَكْتَ عَلٰى اِبْرَاهِيمَ وَعَلٰى اٰلِ اِبْرَاهِيمَ اِنَّكَ حَمِيدٌ مَّجِيد

**സാര സമ്പൂർണമായ ദുആകൾ**

ഇനി, റസൂലുല്ലാഹി (സ)യുടെ ഏതാനും ആശയ സമ്പുഷ്ടമായ ദുആകൾ, അല്ലാമാ ഇബ്നുൽ ഖയ്യിമിന്റെ 'അൽവാബിലുസ്സയ്യിബ്' എന്ന ഗ്രന്ഥത്തിൽ നിന്നുദ്ധരിക്കുന്നു.

ആഇശ (റ) നിവേദനം ചെയ്യുന്നു: റസൂലുല്ലാഹി (സ) സാരസമ്പൂർണമായ ദുആകൾ ഇഷ്ടപ്പെട്ടിരുന്നു. നീണ്ട ദുആകളിൽ നിന്നും ഒഴിഞ്ഞു മാറിയിരുന്നു. ഒരു ദുആ ഇപ്രകാരമാണ്:

اَللّٰهُمَّ اِنِّى اَسْئَلُكَ مِنَ الْخَيْرِ كُلِّهِ مَا عَلِمْتُ مِنْهُ وَمَا لَمْ أَعْلَمْ ، وَاَعُوذُ بِكَ مِنَ الشَّرِّ كُلِّهِ مَا عَلِمْتُ مِنْهُ ، وَمَالَمْ اَعْلَمْ

(അല്ലാഹുവേ, ഞാൻ അറിയുന്നതും അറിയാത്തതുമായ എല്ലാ വിധ നൻമകളും ഞാൻ നിന്നോടിരക്കുന്നു. ഞാൻ അറിയുന്നതും അറിയാത്തതുമായ സർവ വിധ നാശങ്ങളിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു.)[4]

അനസ് (റ) പ്രസ്താവിക്കുന്നു: ഞാൻ റസൂലുല്ലാഹി (സ)യോടൊപ്പം സദാ കഴിഞ്ഞിരുന്നു. തങ്ങൾ, അധികമായി ഇപ്രകാരം ദുആ ഇരക്കുമായിരുന്നു:

www.abulhasanalinadwi.org

اَللّٰهُمَّ اِنِّي اَعُوذُ بِكَ مِنَ الْهَمِّ وَالْحُزْنِ وَالْعَجْزِ وَالْكَسْلِ وَالْبُخْلِ وَالْجُبْنِ وَضَلَعَ الدَّيْنِ وَغَلَبَةِ الرِّجَالِ

(അല്ലാഹുവേ, ചിന്ത, ദുഃഖം, അശക്തി, അലസത, പിശുക്ക്, ഭീരുത്വം, കട ഭാരം, മറ്റുള്ളവരുടെ സമ്മർദം ഇവകളിൽ നിന്നും ഞാൻ നിന്നോട് കാവ ലിരക്കുന്നു.) [5]

ആഇശ (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) ഇപ്രകാരം ദുആ ചെയ്തിരുന്നു:

اَللّٰهُمَّ اِنِّي اَعُوذُ بِكَ مِنْ عَذَابِ الْقَبْرِ وَاَعُوذُ بِكَ مِنْ فِتْنَةِ الْمَسِيحِ الدَّجَّالِ، وَأَعُوذُ بِكَ مِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ، اللّٰهُمَّ اِنِّی اَعُوذُبِكَ مِنَ الْمَأْثِمِ وَالْمَغْرِمِ

(അല്ലാഹുവേ, ഖബ്ർ ശിക്ഷയിൽ നിന്നും ദജ്ജാലിന്റെ പരീക്ഷണത്തിൽ നിന്നും ജീവിത-മരണങ്ങളുടെ പരീക്ഷണത്തിൽ നിന്നും പാപത്തിൽ നിന്നും കടഭാരത്തിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു.) ഒരാൾ ചോദിച്ചു: കടഭാരത്തിൽ നിന്നും ഇത്ര കൂടുതലായി അഭയം തേടുന്നത് എന്തിനാണ്? റസൂലുല്ലാഹി (സ) അരുളി: "കടഭാരം വന്നുവീണാൽ മനു ഷ്യൻ കളവ് പറയുകയും വാഗ്ദാനം ലംഘിക്കുകയും ചെയ്യുന്നതാണ്."[6]

ഇബ്നുഉമർ (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ)യുടെ ഒരു ദുആ ഇപ്രകാരമായിരുന്നു:

اَللّٰهُمَّ اِنِّي اَعُوذُبِكَ مِنْ زَوَالِ نِعْمَتِكَ وَتَحوُّلِ عَافِيَتِكَ، وَمِنْ فَجْأَةِ نَقْمَتِكَ وَمِنْ جَمِيعِ سَخَطِكَ

(അല്ലാഹുവേ, നിന്റെ അനുഗ്രഹം അവസാനിക്കുന്നതിൽ നിന്നും നീ നൽകിയ സൗഖ്യം നീങ്ങിപ്പോകുന്നതിൽ നിന്നും നിന്റെ കോപം പെട്ടെന്ന് ഉണ്ടാകുന്നതിൽ നിന്നും നിന്റെ സർവവിധ അതൃപ്തികളിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു.)[7]

ആഇശ (റ) ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, എനിക്ക് ലൈലതുൽഖ ദ്റിൽ ഇബാദത്ത് ചെയ്യാൻ ഭാഗ്യം ലഭിച്ചാൽ ഞാൻ എന്താണ് ദുആ ഇര ക്കേണ്ടത്:

اللّٰهُمَّ اِنَّكَ عَفُوٌّ تُحِبُّ الْعَفْوَ فَاعْفُ عَنِّی

(അല്ലാഹുവേ, നീ ധാരാളം മാപ്പ് ചെയ്യുന്നവനാണ്. മാപ്പിനെ നീ ഇഷ്ട പ്പെടുന്നു. അതുകൊണ്ട്, എനിക്ക് നീ മാപ്പ് നൽകേണമേ!) [8]

ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) അരുളി:

www.abulhasanalinadwi.org

അല്ലാഹുവിന് ഏറ്റവും പ്രിയംകരമായ ദുആ, 'സൗഖ്യം' (ആഫിയത്ത്) ചോദിക്കലാണ്.[9]

അബൂമാലിക് അശ്ജഈ (റ) നിവേദനം ചെയ്യുന്നു: "ഇസ്ലാം സ്വീകരിക്കുന്നവർക്ക് റസൂലുല്ലാഹി (സ) ഈ ദുആ പഠിപ്പിച്ചിരുന്നു:

اَللّٰهُمَّ اهْدِنِي وَارْزُقْنِي وَعَافِنِي وَارْحَمْنِي

(അല്ലാഹുവേ, എനിക്ക് സന്മാർഗവും ഭക്ഷണവും സൗഖ്യവും കാരുണ്യവും കനിഞ്ഞരുളേണമേ! )[10]

ബുസ്റുബ്നു അർതാത് (റ) നിവേദനം ചെയ്യുന്നു: റസൂലുല്ലാഹി (സ) ഇപ്രകാരം ദുആ ഇരക്കുന്നതായി ഞാൻ കേട്ടു:

اَللّٰهُمَّ اَحْسِنْ عَاقِبَتَنَا فِي الأُمُورِ كُلِّهَا وَاَجِرْنَا مِنْ خِزْىِ الدُّنْيَا وَعَذَابِ الاخِرَةِ

(അല്ലാഹുവേ, സർവകാര്യങ്ങളിലും ഞങ്ങളുടെ അന്ത്യം നീ നന്നാക്കേണമേ! ഇഹലോകത്തിലെ നിന്ദ്യതയിൽ നിന്നും പരലോകത്തിലെ ശിക്ഷയിൽ നിന്നും എന്നെ കാത്ത് രക്ഷിക്കേണമേ!)[11]

അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) ഒരിക്കൽ ചോദിച്ചു: 'ആശയ ഗംഭീരമായ ഒരു ദുആ ഇരക്കാൻ നിങ്ങൾക്കാഗ്രഹമുണ്ടോ?' സഹാബത്ത് പറഞ്ഞു: 'തീർച്ചയായും.' റസൂലുല്ലാഹി (സ) അരുളി:

اَللّٰهُمَّ اَعِنَّا عَلَى ذِكْرِكَ وَشُكْرِكَ وَحُسْنِ عِبَادَتِكَ

(അല്ലാഹുവേ, നിന്റെ സ്മരണയുടെയും നിനക്കുള്ള നന്ദിയുടെയും നല്ല ഇബാദത്തിന്റെയും മേൽ ഞങ്ങൾക്ക് ശേഷിയും ആരോഗ്യവും പ്രദാനം ചെയ്യേണമേ!)[12] ഉപരിസൂചിത വാക്യം എല്ലാ നമസ്കാരത്തിനുശേഷവും പറയാൻ മുആദി(റ)നെ റസൂലുല്ലാഹി (സ) ഉപദേശിക്കുകയുണ്ടായി.[13]

റസൂലുല്ലാഹി (സ) സഹാബത്തിനെ ഇപ്രകാരവും ദുആ ഇരക്കാൻ പഠിപ്പിച്ചു:

اَللّٰهُمَّ اِنِّى اَسْئَلُكَ الطَّيِّبَاتِ وَفِعْلَ الْخَيْرَاتِ وَتَرْكَ الْمُنْكَرَاتِ وَحُبَّ الْمَسَاكِينِ، وَاَنْ تَتُوبَ عَلَيَّ وَتَغْفِرْ لِى وَتَرْحَمْنِى ، وَاِذَا اَرَدْتَ فِى خَلْقِكَ فِتْنَةً فَنَجِّنِى اِلَيْكَ مِنْهَا غَيْرَ مَفْتُونٍ اَللّٰهُمَّ وَ اَسْئَلُكَ حُبَّكَ وَحُبَّ مَنْ يُحِبُّكَ وَحُبَّ عَمَلٍ يُبَلِّغُنِى اِلَى حُبِّكَ

www.abulhasanalinadwi.org

(അല്ലാഹുവേ, ഞാൻ നിന്നോട് നല്ല വിഭവങ്ങൾ ഇരക്കുന്നു. നന്മകൾ പ്രവർത്തിക്കാനും തിൻമകൾ വർജ്ജിക്കാനും സാധുക്കളെ സ്നേഹിക്കാനുമുള്ള ഭാഗ്യവും നിന്നോട് ചോദിക്കുന്നു. എന്റെ പശ്ചാത്താപം സ്വീകരിക്കുകയും എനിക്ക് പൊറുത്തു തരികയും എന്നോട് കരുണ കാട്ടുകയും ചെയ്യണമെന്നും അപേക്ഷിക്കുന്നു. നിന്റെ സൃഷ്ടികളിൽ വല്ല പരീക്ഷണവും നീ ഉദ്ദേശിച്ചാൽ, പരീക്ഷണത്തിൽ കുടുങ്ങാത്ത നിലയിൽ ഞങ്ങളെ നിന്നിലേക്ക് രക്ഷപ്പെടുത്തേണമേ! അല്ലാഹുവേ, നിന്നെ സ്നേഹിക്കാനും നിന്നെ സ്നേഹിക്കുന്നവരെ സ്നേഹിക്കാനും നിന്റെ സ്നേഹത്തിലേക്ക് കൊണ്ടെത്തിക്കുന്ന പ്രവർത്തനങ്ങളെ സ്നേഹിക്കാനുമുള്ള സൗഭാഗ്യം ഞാൻ നിന്നോടിരക്കുന്നു)[14]

ആഇശ (റ) പ്രസ്താവിക്കുന്നു: റസൂലുല്ലാഹി (സ) ഇപ്രകാരം ദുആ ചെയ്യാൻ എന്നോട് കൽപ്പിച്ചു:

اَللّٰهُمَّ اِنِّى اَسْئَلُكَ مِنَ الْخَيْرِ كُلِّهِ عَاجِلِهِ وَآجِلِهِ وَمَا عَلِمْتُ مِنْهُ وَمَالَمْ اَعْلَمْ، وَاَعُوذُبِكَ مِنَ الشَّرِّ كُلِّهِ عَاجِلِهِ وَآجِلِهِ مَا عَلِمْتُ وَمَالَمْ اَعْلَمْ وَاَسْئَلُكَ الْجَنَّةَ وَمَا قَرَّبَ اِلَيْهَا مِنْ قَوْلٍ اَوْ عَمَلٍ وَاَعُوذُبِكَ مِنَ النَّارِ وَمَا قَرَّبَ اِلَيْهَا مِنْ قَوْلٍ اَوْ عَمَلٍ وَاَسْئَلُكَ مِنْ خَيْرِ مَا سَئَلَكَ عَبْدُكَ وَرَسُولُكَ مُحَمَّدٌ، وَاَسْئَلُكَ مَا قَضَيْتَ لِى مِنْ اَمْرٍ اَنْ تَجْعَلَ عَاقِبَتَهُ رُشْدًا

(അല്ലാഹുവേ, ഉടനെയുള്ളതും പിന്നീടുള്ളതും ഞങ്ങൾക്കറിവുള്ളതും അറിവില്ലാത്തതുമായ എല്ലാ നന്മകളും ഞാൻ നിന്നോടിരക്കുന്നു. ഉടനെയുള്ളതും പിന്നീടുള്ളതും ഞങ്ങൾക്കറിവുള്ളതും അറിവില്ലാത്തതുമായ എല്ലാ നാശങ്ങളിൽ നിന്നും നിന്നോട് കാവലിരക്കുന്നു. സ്വർഗത്തെയും അതിലേക്കടുപ്പിക്കുന്ന വാചക-കർമങ്ങളെയും ഞാൻ നിന്നോടിരക്കുന്നു. നരകത്തിൽ നിന്നും അതിലേക്കടുപ്പിക്കുന്ന വാചക-കർമങ്ങളിൽ നിന്നും ഞാൻ നിന്നോട് കാവലിരക്കുന്നു. നിന്റെ ദാസനും ദൂതനുമായ മുഹമ്മദ് (സ) നിന്നോട് ചോദിച്ചിരുന്ന നൻമകൾ ഞാൻ നിന്നോടിരക്കുന്നു. നീ എനിക്ക് വിധിക്കുന്ന സർവകാര്യങ്ങളുടെയും അന്ത്യം നല്ല നിലയിലാക്കേണമേ!)[15]

ഇബ്നുമസ്ഊദ് (റ) നിവേദനം ചെയ്യുന്നു: റസുലുല്ലാഹി (സ) ഇപ്രകാരം ദുആ ഇരന്നു:

اللّٰهُمَّ اِنَّا نَسْئَلُكَ مُوجِبَاتِ رَحْمَتِكَ، وَعَزَائِمَ مَغْفِرَتِكَ، وَالسَّلَامَةَ مِنْ كُلِّ اِثْمٍ، وَالْغَنِيمَةَ مِنْ كُلِّ بِرٍّ، وَالْفَوْزَ بِالْجَنَّةِ، وَالنَّجَاةَ مِنَ النَّارِ

(അല്ലാഹുവേ, നിന്റെ കാരുണ്യത്തിന്റെയും മാപ്പിന്റെയും മാധ്യമങ്ങളും എല്ലാ പാപങ്ങളിൽ നിന്നുള്ള സുരക്ഷയും സർവ നൻമകളുടെയും ലഭ്യതയും സ്വർഗം കൊണ്ടുള്ള വിജയവും നരകത്തിൽ നിന്നുള്ള മോചനവും ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.)[16]

www.abulhasanalinadwi.org

## അഞ്ച്

# ജിഹാദ്

### ഇസ്‌ലാമിൽ ജിഹാദിന്റെ സ്ഥാനം

അല്ലാഹുവിനെ ശരിയും സമ്പൂർണവുമായ നിലയിൽ മനസ്സിലാക്കൽ, സ്ഥിരപ്പെട്ട കാര്യങ്ങളിൽ വിശ്വസിക്കൽ, അല്ലാഹുവിന്റെ സാമീപ്യത്തിന് നിമിത്തമായ മാനസിക-ശാരീരിക-സാമ്പത്തിക ആരാധനകളിൽ മുഴുകൽ എന്നിവ ഇസ്‌ലാമിന്റെ മുഖ്യമായ അധ്യാപനങ്ങളാണ്. പക്ഷേ, ഇസ്‌ലാം അവയിൽ മാത്രം ഒതുങ്ങുന്നില്ല. ഇതല്ലാത്ത മറ്റ് പലകാര്യങ്ങളും റസൂലുല്ലാഹി (സ) പഠിപ്പിച്ചിട്ടുണ്ട്. അതിൽപ്പെട്ട പ്രധാനമായ ഒന്നത്രെ ജിഹാദ് അഥവാ അല്ലാഹുവിന്റെ പാതയിലുള്ള ത്യാഗ പരിശ്രമങ്ങൾ. അല്ലാഹു ഉണർത്തുന്നു: "അവനാണ് സന്മാർഗവും സത്യമതവുമായി തന്റെ ദൂതനെ അയച്ചവൻ. എല്ലാ മതത്തേയും അത് അതിജയിക്കുന്നതാകാൻ വേണ്ടി. ബഹുദൈവ വിശ്വാസികൾക്ക് അത് അനിഷ്ടകരമായാലും ശരി."[1]

മറ്റൊരിടത്ത് കൽപിക്കുന്നു:

"കുഴപ്പം ഇല്ലാതാവുകയും മതം മുഴുവൻ അല്ലാഹുവിന് വേണ്ടിയാവുകയും ചെയ്യുന്നത് വരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യുക. ഇനി അവർ വിരമിക്കുന്ന പക്ഷം അവർ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കണ്ടറിയുന്നവനാണ്."[2]

അല്ലാമാ ഇബ്നുൽ ഖയ്യിം എഴുതുന്നു:"ഇസ്‌ലാമിന്റെ ഉന്നത സ്ഥാനമാണ് ജിഹാദ്. ത്യാഗിവര്യൻമാർ ഇരുലോകത്തും ഉയരുന്നതാണ്. റസൂലുല്ലാഹി (സ) ഇതിന്റെ പാരമ്യം പ്രാപിക്കുകയും എല്ലാ വിഭാഗങ്ങളുമായി ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. ജിഹാദിന്റെ കടമകൾ പൂർത്തീകരിച്ച റസൂലുല്ലാഹി (സ)യുടെ മുഴുവൻ സമയവും മനസ്സ്, നാക്ക്, ശരീരം ഇവ കൊണ്ടുള്ള ജിഹാദിൽ ചെലവഴിക്കപ്പെടുകയുണ്ടായി."

www.abulhasanalinadwi.org

**ജിഹാദിന്റെ വിവിധ ഇനങ്ങൾ**

ജിഹാദ് നാല് തരമുണ്ട്. 1. സ്വന്തം മനസ്സിനോടുള്ള ജിഹാദ്. 2. പിശാചിനോടുള്ള ജിഹാദ്. 3. നിഷേധികളോടുള്ള ജിഹാദ്. 4. കപട വിശ്വാസികളോടുള്ള ജിഹാദ്. ജിഹാദിന്റെ ഈ നാല് വിഭാഗങ്ങളും പൂർത്തീകരിച്ച വ്യക്തിയാണ് അല്ലാഹുവിങ്കൽ ഏറ്റവും സമ്പൂർണൻ. റസൂലുല്ലാഹി (സ) ജിഹാദിന്റെ എല്ലാ സ്ഥാനങ്ങളും പൂർത്തീകരിച്ചു. ജിഹാദിന്റെ കടമകൾ പരിപൂർണമായി നിറവേറ്റി. നിയോഗത്തിന്റെ തുടക്കം മുതൽ വിയോഗം വരെ, ജിഹാദിന്റെ പാതയിൽ നിരന്തരം നിലനിന്നു.

**ജിഹാദ് നിയമമാക്കിയ ക്രമം**

നിയോഗത്തിന്റെ ആരംഭഘട്ടത്തിൽ, റസൂലുല്ലാഹി (സ) പ്രബോധനപ്രവർത്തനങ്ങളിൽ നിരതനായിക്കൊണ്ട് അസത്യത്തിന്റെ ശക്തികളെ നേരിട്ടു. രാവും പകലും രഹസ്യമായും പരസ്യമായും ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിച്ചു. ഈ വഴിയിൽ തിരുനബി (സ)യുടെ സഹാബത്തും ധാരാളം മർദന പീഡനങ്ങൾക്കിരയായി. എന്തിനേറെ, ആദ്യം കുറേ സഹാബികൾ എത്യോപ്യയിലേക്ക് പലായനം ചെയ്തു. ശേഷം, റസൂലുല്ലാഹി (സ)യും മുഴുവൻ സഹാബത്തും മദീനയിലേക്ക് ഹിജ്റ ചെയ്തു. മദീനയിലെത്തിയ തിരുനബി (സ)യെയും സഹാബത്തിനെയും അല്ലാഹു അൻസാരികളായ സഹാബികളിലൂടെ സഹായിച്ചു. അവരുടെ മനസ്സുകൾ പരസ്പരം കൂട്ടിയിണക്കി. സഹാബത്തു മുഴുവനും ഒത്തൊരുമിച്ച് തിരുനബി (സ)യെ പിന്തുണച്ചു. മാതാപിതാക്കൾ, മക്കൾ, ഇണകൾ ഇവരെക്കാളെല്ലാം തിരുനബി (സ)യെ സ്നേഹിച്ചു. ഇതു കണ്ട അറേബ്യൻ മുശ്രികുകളും യഹൂദികളും മുസ്ലിംകൾക്കെതിരിൽ ഒറ്റക്കെട്ടായി. അക്രമങ്ങൾ അഴിച്ചുവിട്ടു. തുടക്കത്തിൽ അല്ലാഹു മുസ്ലിംകളോട് ക്ഷമിക്കാനും സഹിക്കാനും ഉപദേശിച്ചു. അവർക്ക് ശക്തി കൈവന്നപ്പോൾ യുദ്ധത്തിന് അനുമതി നൽകി. പക്ഷേ നിർബന്ധമാക്കിയില്ല.

"യുദ്ധത്തിനിരയാകുന്നവർക്ക് അവർ മർദിതരായതിനാൽ (തിരിച്ചടിക്കാൻ) അനുവാദം നൽകപ്പെട്ടിരിക്കുന്നു. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവൻ തന്നെയാകുന്നു."[3]

കുറേ കഴിഞ്ഞപ്പോൾ ഇങ്ങോട്ട് യുദ്ധം ചെയ്യുന്നവരോട് അങ്ങോട്ടും യുദ്ധം ചെയ്യൽ നിർബന്ധമാണെന്ന് അറിയിച്ചു. "നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ പരിധി വിട്ട് പ്രവർത്തിക്കരുത്. പരിധി വിട്ട് പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല."[4]

ശേഷം, സകല നിഷേധികളോടും സമരം ചെയ്യൽ നിർബന്ധമായി പ്രഖ്യാപിച്ചു: "കുഴപ്പം ഇല്ലാതാവുകയും ദീൻ മുഴുവൻ അല്ലാഹുവിന് വേണ്ടിയാവുകയും ചെയ്യുന്നത് വരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യുക.

www.abulhasanalinadwi.org

ഇനി അവർ വിരമിക്കുന്നപക്ഷം അവർ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കണ്ടറിയുന്നവനാണ്."[5]

**ജിഹാദിന്റെ മഹത്വങ്ങളും മര്യാദകളും**

റസൂലുല്ലാഹി (സ) അരുളി: "സമുദായത്തിന്റെ പ്രയാസത്തെക്കുറിച്ച് ചിന്തയില്ലായിരുന്നെങ്കിൽ, ഞാൻ എല്ലാ സൈന്യങ്ങളുടെയും കൂട്ടത്തിൽ പോകുമായിരുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദാക്കപ്പെടാനും വീണ്ടും ജീവിപ്പിക്കപ്പെടാനും വീണ്ടും ശഹീദാക്കപ്പെടാനും വീണ്ടും ജീവിപ്പിക്കപ്പെടാനും ഞാൻ ആഗ്രഹിക്കുന്നു." മറ്റൊരിക്കൽ അരുളി: "അല്ലാഹുവിന്റെ മുന്നിൽ നിന്ന് മടികുടാതെ നമസ്കരിക്കുകയും, ഖുർആൻ പാരായണം ചെയ്യുകയും നിരന്തരം നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നവനെപ്പോലെയാണ്, ജിഹാദ് ചെയ്യുന്നവന്റെ ഉപമ."ഒരു ഹദീസിൽ വന്നിരിക്കുന്നു: "പ്രഭാതത്തിലോ പ്രദോഷത്തിലോ അല്ലാഹുവിന്റെ പാതയിൽ പുറപ്പെടുന്നത് ഇഹലോകവും അതിലെ സർവ വസ്തുക്കളെക്കാളും ഉത്തമമാണ്." വേറൊരു ഹദീസിൽ വന്നിരിക്കുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ കാലിൽ പറ്റുന്ന പൊടിപടലങ്ങൾ നരകാഗ്നിക്ക് നിഷിദ്ധമാണ്." മറ്റൊരു ഹദീസിലുണ്ട്: "അല്ലാഹുവിന്റെ പാതയിലെ പൊടിയും നരകത്തിന്റെ പുകയും സംഗമിക്കുന്നതല്ല." റസൂലുല്ലാഹി (സ) അരുളി: "അല്ലാഹുവിന്റെ മാർഗത്തിൽ ജാഗ്രതയോടെ നിലയുറപ്പിക്കൽ ഇഹലോകത്തെയും അതിലുള്ള സർവവസ്തുക്കളേക്കാളും ഉത്തമമാണ്." വേറൊരിക്കൽ അരുളി: "ജിഹാദാണ് ഇസ്‌ലാമിന്റെ ഉയർന്ന ഭാഗം." "ഒരു സഹാബി പറയുന്നു: "യുദ്ധാവസരങ്ങളിൽ, റസൂലുല്ലാഹി (സ) ശത്രുവിലേക്ക് വളരെ കൂടുതൽ അടുത്ത് നിൽക്കുമായിരുന്നു. യുദ്ധ ഘട്ടം കഠിനമാകുമ്പോൾ ഞങ്ങൾ റസൂലുല്ലാഹി (സ)യെ അവലംബിക്കുമായിരുന്നു."

യുദ്ധവേളകളിൽ സ്ത്രീകളെയും കുഞ്ഞുങ്ങളെയും ഉപദ്രവിക്കുന്നതിൽ നിന്നും തടഞ്ഞിരുന്നു. സൈന്യത്തെ അയക്കുമ്പോൾ, ഭയഭക്തി മുറുകെ പിടിക്കാൻ ഉണർത്തിയിരുന്നു. ഒരിക്കൽ ഇപ്രകാരം ഉപദേശിച്ചു: "അല്ലാഹുവിന്റെ നാമത്തിൽ, അവന്റെ പാതയിൽ പുറപ്പെട്ട്, അല്ലാഹുവിനെ നിഷേധിക്കുന്നവരോട് യുദ്ധം ചെയ്യുക. എന്നാൽ, മൃതദേഹം വികൃതമാക്കുകയും വഞ്ചനയും ചതിയും പ്രയോഗിക്കുകയും കുഞ്ഞുങ്ങളെ കൊല്ലുകയും ചെയ്യരുത്. സൈന്യങ്ങളെ യാത്ര അയയ്ക്കുമ്പോൾ മറ്റ് ഉപദേശങ്ങളോടൊപ്പം ഇപ്രകാരം ഉദ്ബോധിപ്പിച്ചിരുന്നു: "ശത്രുക്കളെ കണ്ടുമുട്ടുമ്പോൾ അവരെ മൂന്നു കാര്യങ്ങളിലേക്ക് ക്ഷണിക്കുക. അതിലേത് സ്വീകരിച്ചാലും നിങ്ങൾ അത് അംഗീകരിക്കുകയും അവരിൽ നിന്നും പിന്തിരിയുകയും ചെയ്യുക. ആദ്യമായി അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക...അതിനവർ തയ്യാറായില്ലെങ്കിൽ അവരോട് കപ്പം നൽകി സ്വന്തം നാട്ടിൽ കഴിയാൻ പറയുക. അതിനവർ തയ്യാറായില്ലെങ്കിൽ, അല്ലാഹുവിൽ

www.abulhasanalinadwi.org

ഭരമേൽപിച്ച് യുദ്ധം ചെയ്യുക." കൊള്ളയടി, മൃതദേഹം വികൃതമാക്കൽ, സമരാർജ്ജിത സ്വത്തിൽ വഞ്ചന കാണിക്കൽ എന്നിവ ശക്തമായി തടഞ്ഞിരുന്നു. ശത്രുക്കളുമായുള്ള കരാറുകൾ പരിപൂർണമായി പാലിക്കാൻ കർശനമായി കൽപിച്ചിരുന്നു. ഒരിക്കൽ അരുളി: "എല്ലാ മുസ്‌ലിംകളുടെയും കരാർ ഒരുപോലെയാണ്. (വിലപ്പെട്ടതാണ്). ഒരു സാധാരണ മുസ്‌ലിമിനും ആരോടെങ്കിലും കരാർ നടത്താൻ അനുവാദമുണ്ട്. (അതിനെ മറ്റുള്ളവർ പൊളിക്കാൻ പാടില്ല)." മറ്റൊരിക്കൽ ഉണർത്തി: "കരാർ പൊളിക്കുന്നവരുടെ മേൽ ശത്രുക്കൾ ആധിപത്യം സ്ഥാപിക്കുന്നതാണ്."[6]

റസൂലുല്ലാഹി (സ) ഇരുപത്തേഴ് യുദ്ധയാത്രകളിൽ പങ്കെടുത്തു. തിരുനബി (സ) പങ്കെടുക്കാത്ത അറുപതോളം സൈന്യങ്ങളെ യാത്ര അയയ്ക്കുകയും ചെയ്തു. ഇവയിലെല്ലാം യുദ്ധം ഉണ്ടായിട്ടില്ല. ഈ യുദ്ധങ്ങളിൽ ഒഴുകിയ രക്തത്തെക്കാൾ കുറഞ്ഞ അളവിലുള്ള രക്തം ലോകത്തെ മറ്റൊരു യുദ്ധ ചരിത്രത്തിലും കാണാൻ കഴിയില്ല. അതെ, ആയിരത്തി പതിനെട്ടു പേർ മാത്രമാണ് ഈ യുദ്ധങ്ങളിൽ എല്ലാറ്റിലും കൂടി ഇരുഭാഗത്തു നിന്നുമായി കൊല്ലപ്പെട്ടത്.[7] മറുഭാഗത്ത് ഈ കുറഞ്ഞ എണ്ണത്തിലൂടെ ഈ ലോകത്ത് സംരക്ഷിക്കപ്പെട്ട മാനവരക്തത്തിന്റെയും അഭിമാനത്തിന്റെയും ചരിത്രം ശരിയായി നിരൂപണം ചെയ്യുക പോലും അസാധ്യമാണ്. ചുരുക്കിപ്പറഞ്ഞാൽ, ഈ പോരാട്ടങ്ങളുടെ ഫലമായി അറേബ്യൻ ഉപഭൂഖണ്ഡത്തിലും പരിസരങ്ങളിലും അതിസുന്ദരമായ സമാധാനവും ശാന്തിയും നിലവിൽ വന്നു. ഇറാഖിലെ ഹീറയിൽ നിന്നും കഅ്ബയിലെത്തി തിരിച്ചു പോകുന്ന ഒരു സ്ത്രീ അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയപ്പെടേണ്ടി വരാത്ത അവസ്ഥ സംജാതമായി.

·ഇത് കൂടാതെ, അടിമകളെ ആരാധിക്കുന്നതിൽ നിന്നു ഏകനായ അല്ലാഹുവിനെ ആരാധിക്കുന്നതിലേക്കും വഴിതെറ്റിയ മതങ്ങളുടെ അക്രമത്തിൽ നിന്നും ഇസ്‌ലാമിന്റെ നീതിയിലേക്കും ഇഹലോകത്തിന്റെയും ദുരാഗ്രഹങ്ങളുടെയും ഇടുങ്ങിയ തടവറകളിൽ നിന്നും പ്രവിശാലമായ അന്തരീക്ഷത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും മാനവികതയെ നയിക്കാനുള്ള ഒരു പ്രധാന മാധ്യമവും കൂടിയാണ് ജിഹാദ്. അതുകൊണ്ടാണ് റസൂലുല്ലാഹി (സ) അരുളിയത്: "എന്റെ നിയോഗം മുതൽ ലോകാന്ത്യത്തിൽ എന്റെ സമുദായത്തിലെ അവസാന വിഭാഗം ദജ്ജാലിനോട് പട പൊരുതുന്നത് വരെ ജിഹാദ് നിലനിൽക്കുന്നതാണ്. അക്രമികളുടെ അക്രമവും നീതിമാൻമാരുടെ നീതിയും ജിഹാദിനെ അവസാനിപ്പിക്കുന്നതല്ല."[8] മറ്റൊരിക്കൽ അരുളി: "ജിഹാദിന്റെ യാതൊരു വിധ അടയാളവുമില്ലാതെ ആരെങ്കിലും അല്ലാഹുവിനെ കണ്ടു മുട്ടിയാൽ, അവന്റെ ശരീരത്തിൽ കറുത്ത പുള്ളി കാണപ്പെടുന്നതാണ്."[9] മറ്റൊരിക്കൽ പ്രസ്താവിച്ചു: "ജിഹാദ് ചെയ്യാതെയും ജിഹാദിന്റെ കാര്യം ചിന്തിക്കാതെയും ഒരാൾ മരിച്ചാൽ, അവൻ കാപട്യത്തിന്റെ ഒരു അംശത്തിലാണ് മരിച്ചിരിക്കുന്നത്."[10]

www.abulhasanalinadwi.org

ജിഹാദ്- അതിന്റെ നിയമ-നിബന്ധനകളും മര്യാദ-രീതികളും അനുസരിച്ച് നടന്നാൽ, ലോകത്ത് വലിയ നൻമകളും ഐശ്വര്യങ്ങളും വർഷിക്കുന്നതാണ്. മുഴുവൻ മാനവരാശിക്കും സൗഭാഗ്യത്തിന്റെയും അനുഗ്രഹങ്ങളുടെയും കവാടങ്ങൾ തുറക്കപ്പെടുന്നതാണ്." ഇസ്‌ലാമിക ജിഹാദിന്റെ സുവർണപരമ്പര നിലച്ചപ്പോഴെല്ലാം, തൽസ്ഥാനത്ത് സാമുദായിക-ദേശീയതകളുടെ പേരിലുള്ള ഭൗതിക-രാഷ്ട്രീയ സംഘട്ടനങ്ങളും ആഭ്യന്തര യുദ്ധങ്ങളും അരങ്ങേറി. അവയുടെ പിന്നിൽ, ഇലാഹീ പ്രീതിയുടെ ലക്ഷ്യമോ സത്യം ഉയരാനുള്ള മോഹമോ മാനവികതയെ ജാഹിലിയ്യത്ത്-താഗൂത്തുകളിൽ നിന്നും രക്ഷിച്ച് ശാശ്വത വിജയത്തിലെത്തിക്കാനുള്ള ആഗ്രഹമോ അൽപവും ഉണ്ടായിരുന്നില്ല. വേദനാജനകമായ ഇത്തരം ഒരു അവസ്ഥ പൊതുവിൽ കാണപ്പെട്ടതു മുതൽ, മുഴുവൻ ലോകത്തിനും ജിഹാദിന്റെ ഗുണഫലങ്ങൾ അന്യമായി. കൂടാതെ, മുസ്‌ലിംകൾ നിന്ദ്യതയുടെ ചളിക്കുണ്ടിൽ മറിഞ്ഞു വീണു. തങ്ങളുടെ നിലയും വിലയും സ്വയം കളഞ്ഞു കുളിച്ചു. നൂറ്റാണ്ടുകൾക്കു മുമ്പുള്ള നബവീ പ്രവചനം അക്ഷരാർത്ഥത്തിൽ പുലർന്നു:

"വിശന്നവർ ആഹാരത്തിലേക്ക് ആർത്തിയോടെ തള്ളി വീഴുന്നതുപോലെ, വിവിധ സമൂഹങ്ങൾ നിങ്ങളുടെ മേൽ അടുത്ത് തന്നെ മൽസരിച്ച് വീഴുന്നതാണ്. സഹാബത്ത് ചോദിച്ചു: ഞങ്ങൾ അപ്പോൾ എണ്ണത്തിൽ കുറവായിരിക്കുമോ? റസൂലുല്ലാഹി (സ) അരുളി: ഇല്ല, നിങ്ങൾ ധാരാളം എണ്ണം കാണും. പക്ഷേ, നിങ്ങൾ മലവെള്ളത്തിലെ ചണ്ടികളെപ്പോലെ ആയിത്തീരും. ശത്രുക്കളുടെ മനസ്സിൽ നിന്നും നിങ്ങളെക്കുറിച്ചുള്ള ഭയവും ഭീതിയും അല്ലാഹു എടുത്തു കളയും. നിങ്ങളുടെ മനസ്സിൽ 'വഹ്ൻ' ഇട്ടു തരും. ഒരാൾ ചോദിച്ചു: 'വഹ്ൻ' എന്നാൽ എന്താണ്? റസൂലുല്ലാഹി (സ) അരുളി: "ദുൻയാവിനോടുള്ള സ്നേഹം, മരണത്തോടുള്ള വെറുപ്പ്."[12]

ഒരു ഹദീസിൽ വന്നിരിക്കുന്നു: "നിങ്ങൾ പലിശ ഇടപാടുകളോടു കൂടി ക്രയവിക്രയങ്ങൾ നടത്തുകയും മാടുകളുടെ വാലിൽ പിടിക്കുകയും കൃഷിവേലകളിൽ മുഴുകുകയും ജിഹാദിനെ ഉപേക്ഷിക്കുകയും ചെയ്താൽ, അല്ലാഹു നിങ്ങളിൽ ഭയങ്കരമായ നിന്ദ്യത അടിച്ചേൽപിക്കുന്നതാണ്. നിങ്ങളുടെ ദീനിലേക്ക് നിങ്ങൾ മടങ്ങുന്നത് വരെ അല്ലാഹു അത് ഉയർത്തുന്നതല്ല."[13]

അവശ്യഘട്ടങ്ങളിലുള്ള യുദ്ധം, ജിഹാദിന്റെ ഏറ്റവും ഉയർന്നതും മഹത്തരവുമായ പ്രകാശമാണ്. എന്നാൽ അത് മാത്രമല്ല ജിഹാദ്. അല്ലാഹുവിന്റെ വാക്യം ഉയരാനും സത്യദീൻ വളരാനും നടത്തപ്പെടുന്ന എല്ലാ തരത്തിലുമുള്ള പരിശ്രമങ്ങളും ജിഹാദാണ്. ഉദാഹരണത്തിന്, ഹദീസിൽ വന്നിരിക്കുന്നു: "അക്രമിയായ ഭരണാധികാരിയുടെ മുന്നിൽ സത്യം തുറന്നു പറയലാണ് ഏറ്റവും മഹത്തരമായ ജിഹാദ്."

www.abulhasanalinadwi.org

ഇപ്രകാരം, മുസ്ലിം സഹോദരങ്ങളുടെ കാര്യത്തിൽ ചിന്തിക്കലും പരിശ്രമിക്കലും ജിഹാദാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ, ധാരാളം മുസ്ലിംകൾ അക്രമ അനീതികൾക്കും നിന്ദാ-പീഡനങ്ങൾക്കും ഇരയാകുന്നുണ്ട്. പലയിടങ്ങളിലും അവർക്ക് നേരെ മൃഗീയമായ മർദനങ്ങൾ നടക്കുന്നു. മുസ്ലിംകളാണ് എന്നത് മാത്രമാണ് അവരുടെ ഏക കുറ്റം. ഈ അവസ്ഥാന്തരീക്ഷത്തിന് മാറ്റം വരുത്താൻ കഴിവിന്റെ പരമാവധി പരിശ്രമിക്കൽ മുസ്ലിംകളുടെ പൊതുവായ ബാധ്യതയാണ്. അക്രമ-അനീതികൾ നടത്തുന്ന മഹാപാപികൾക്ക് കുറഞ്ഞ പക്ഷം നമ്മുടെ ശക്തമായ എതിർപ്പും കടുത്ത അസ്വസ്ഥതയും അറിയിക്കാനെങ്കിലും പരിശ്രമിക്കണം. കാരണം, ഒരു ഹദീസിൽ വന്നിരിക്കുന്നു: "മുസ്ലിംകൾ പരസ്പരമുള്ള കാരുണ്യത്തിലും സ്നേഹത്തിലും യോജിപ്പിലും ഒരു ശരീരം പോലെയാണ്. ശരീരത്തിന്റെ ഏതെങ്കിലും ഒരു അവയവത്തിന് പ്രയാസമുണ്ടായാൽ, മുഴുവൻ അവയവങ്ങളും ഉറക്കമില്ലായ്മയിലും പനിയിലും സഹകരിക്കുന്നതാണ്."[14] മറ്റൊരു ഹദീസിൽ വന്നിരിക്കുന്നു: "മുസ്ലിംകളുടെ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാത്തവൻ അവരിൽ പെട്ടവനല്ല തന്നെ."[15]

www.abulhasanalinadwi.org

ആറ്

# നബവീ തിരുഗുണങ്ങൾ

**മുഹമ്മദീയ നിയോഗത്തിന്റെ ലക്ഷ്യങ്ങൾ**

മുഹമ്മദീ നിയോഗത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യങ്ങളും, മഹത്തരവും അടിസ്ഥാനപരവുമായ ഫലങ്ങളും പരിശുദ്ധ ഖുർആനിന്റെ വിവിധ ആയത്തുകളിൽ വിവരിച്ചിട്ടുണ്ട്. അല്ലാഹു വിവരിക്കുന്നു: "നമ്മുടെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപ്പിച്ചു തരികയും നിങ്ങളെ സംസ്കരിക്കുകയും, നിങ്ങൾക്ക് അറിവില്ലാത്തത് നിങ്ങൾക്കറിയിച്ച് തരുകയും ചെയ്യുന്ന ഒരു ദൂതനെ നിങ്ങളുടെ കൂട്ടത്തിൽ നിന്ന് തന്നെ നിങ്ങളിലേക്ക് നാം നിയോഗിച്ചത് (വഴി നിങ്ങൾക്ക് ചെയ്ത അനുഗ്രഹം) പോലെ തന്നെയാകുന്നു ഇതും."[1]

"തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. ആ ദൂതൻ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു. അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു."[2]

പ്രവാചക പ്രബോധനങ്ങളുടെ ലക്ഷ്യങ്ങളുടെ കൂട്ടത്തിൽ സ്വഭാവ പരിഷ്കരണത്തിനും ആത്മവിശുദ്ധിക്കും വളരെ വലിയ സ്ഥാനമാണുള്ളതെന്ന് ഉപരിസൂചിത ആയത്തുകൾ വ്യക്തമാക്കുന്നു. അതിൽ പറയപ്പെട്ടിരിക്കുന്ന ഹിക്മത്ത് (ജ്ഞാനം) എന്നതിന്റെ വിവക്ഷ, ഉന്നതസ്വഭാവങ്ങളും ഇസ്‌ലാമിക മര്യാദകളും ആകുന്നു. അൽ ഇസ്റാഅ് സൂറത്തിൽ സമുന്നത സ്വഭാവങ്ങൾ വിവരിച്ചശേഷം അല്ലാഹു അറിയിക്കുന്നു: "നിന്റെ രക്ഷിതാവ് നിനക്ക് ബോധനം നൽകിയ ജ്ഞാനത്തിൽ പെട്ടതത്രെ അത്."[3]

www.abulhasanalinadwi.org

സൂറതുലുഖ്മാനിൽ, ലുഖ്മാനി(അ)ന്റെ സൽസ്വഭാവത്തെക്കുറിച്ചുള്ള അധ്യാപനങ്ങൾ വിവരിക്കുന്നതിനു മുമ്പ് പ്രസ്താവിക്കുന്നു: "ലുഖ്മാന് നാം തത്ത്വജ്ഞാനം നൽകുകയുണ്ടായി. നീ അല്ലാഹുവോട് നന്ദി കാണിക്കുക. ആർ നന്ദി കാണിച്ചാലും തന്റെ ഗുണത്തിനായി തന്നെയാണ് അവൻ നന്ദി കാണിക്കുന്നത്. വല്ലവനും നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു അനാശ്രിതനും സ്തുത്യർഹനുമാകുന്നു."[4]

അല്ലാഹുവിന്റെ പാതയിൽ, പെരുമ കാട്ടാതെ ചെലവഴിക്കുക, ചെലവഴിക്കുമ്പോൾ ദാരിദ്ര്യം ഭയക്കാതിരിക്കുക, അല്ലാഹുവിന്റെ മേൽ ഭരമേൽപിക്കുക എന്നീ ഉപദേശങ്ങൾക്ക് ശേഷം സൂറത്തുൽബഖറയിൽ ഉണർത്തുന്നു: "താനുദ്ദേശിക്കുന്നവർക്ക് അല്ലാഹു ജ്ഞാനം നൽകുന്നു. ഏതൊരുവന് ജ്ഞാനം നൽകപ്പെടുന്നുവോ അവന് (അതുവഴി) അത്യധികമായ നേട്ടമാണ് നൽകപ്പെടുന്നത്. എന്നാൽ ബുദ്ധിശാലികൾ മാത്രമേ ഉപദേശം സ്വീകരിക്കുകയുള്ളൂ."[5]

തന്റെ നിയോഗലക്ഷ്യത്തെക്കുറിച്ച് റസൂലുല്ലാഹി (സ) തന്നെ അരുളുന്നു: "സത്സ്വഭാവത്തിന്റെ സമ്പൂർണ അധ്യാപനങ്ങൾ പകർത്തിയും പഠിപ്പിച്ചും തരുന്നതിന് തന്നെയാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്."[6] റസൂലുല്ലാഹി (സ) സമുന്നത സ്വഭാവങ്ങളുടെ മകുടോദാഹരണവും സമ്പൂർണമാതൃകയുമായിരുന്നു. അല്ലാഹു പ്രഖ്യാപിക്കുന്നു: "താങ്കളുടെ സ്വഭാവം വളരെ മഹത്തരമാണ്."[7] ആഇശ സിദ്ദീഖ(റ)യോട്, റസൂലുല്ലാഹി (സ)യുടെ സ്വഭാവത്തെക്കുറിച്ച് ചോദിച്ചപ്പോൾ അവർ പ്രതിവചിച്ചു: "റസൂലുല്ലാഹി (സ)യുടെ സ്വഭാവം ഖുർആനായിരുന്നു."[8]

ചുരുക്കത്തിൽ, റസൂലുല്ലാഹി (സ)യുടെ സ്വഭാവം ആത്മാവുകളുടെ സംസ്കരണത്തിനുള്ള ഉന്നതമായ ഒരു മാധ്യമമാണ്. തിരുനബി (സ)യുടെ ശിക്ഷണ-ശീലനങ്ങളുടെ മടിത്തട്ടിൽ ഒരു ഉത്തമ തലമുറ വളർന്നുയർന്നു. അവർ സമുന്നത സ്വഭാവ ഗുണങ്ങളാൽ അലങ്കൃതരും ദുഷിച്ച സ്വഭാവ രീതികളിൽ നിന്നും മാനസിക-പൈശാചിക-ജാഹിലീ സമ്മർദങ്ങളിൽ നിന്നും സുരക്ഷിതരും ആയിരുന്നു. അവരുടെ, മഹദ് ഗുണങ്ങളെക്കുറിച്ച് ഖുർആൻ തന്നെ സാക്ഷ്യം വഹിക്കുന്നു: "അല്ലാഹുവിന്റെ റസൂലാണ് നിങ്ങൾക്കിടയിലുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. പല കാര്യങ്ങളിലും അദ്ദേഹം നിങ്ങളെ അനുസരിച്ചിരുന്നെങ്കിൽ നിങ്ങൾ വിഷമിച്ച് പോകുമായിരുന്നു. എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയംകരമാക്കിത്തീർക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവരാകുന്നു നേർമാർഗം സ്വീകരിച്ചവർ, അത് അല്ലാഹുവിങ്കൽ നിന്നുള്ള ഒരു ഔദാര്യവും അനുഗ്രഹവുമാകുന്നു. അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു."[9]

പ്രവാചകതിരുനാവ് അവരെക്കുറിച്ച് സാക്ഷ്യം രേഖപ്പെടുത്തിയത് ഇപ്രകാരമാണ്: "ഏറ്റവും നല്ല ജനങ്ങൾ എന്റെ കാലഘട്ടക്കാരാണ്."[10]

www.abulhasanalinadwi.org

മഹാനായ സഹാബി വര്യൻ ഇബ്നുമസ്ഊദ്, ചുരുങ്ങിയതെങ്കിലും ആശയഗംഭീരമായ നിലയിൽ സഹാബത്തിനെ ഇപ്രകാരം പരിചയപ്പെടുത്തുന്നു: "വിശുദ്ധമാനസരും ആഴം നിറഞ്ഞ ജ്ഞാനികളും പ്രകടനം വളരെ കുറഞ്ഞവരുമാണവർ." അതെ, ഇസ്ലാമിന്റെ വസന്തവും പ്രവാചകത്വത്തിന്റെ മാനവനിർമാണ മാതൃകയും നബവീശിക്ഷണത്തിന്റെ അമാനുഷികതയുമാണ് ബഹുമാന്യസഹാബത്ത്.

**മാനവനിർമിതിക്ക് ഒരു സർവകാല നിർമാണ ശാല**

തിരുനബി (സ) ഈ ലോകത്ത് നിന്നു വിട പറഞ്ഞതോടെ പ്രവാചക സഹവാസത്തിന്റെ സൗഭാഗ്യം നിലച്ചെങ്കിലും പരിശുദ്ധ ഖുർആനും പുണ്യ ഹദീസുകളും പ്രവാചക മഹച്ചരിതവും പ്രവാചകശിക്ഷണത്തിന്റെ വിടവ് പരിഹരിക്കാൻ തീർത്തും പര്യാപ്തമാണ്. മാനസിക-സ്വഭാവങ്ങളുടെ രോഗങ്ങൾക്കും മനസ്സിന്റെയും പിശാചിന്റെയും ചതിപ്രയോഗങ്ങൾക്കുമുള്ള ചികിത്സാമുറകളുടെ സാർവകാലികവും ആഗോളവ്യാപകവുമായ ഒരു വൈദ്യശാലയാണ് അവ.

എന്നാൽ, വിവിധ രാഷ്ട്രീയ-സാമൂഹ്യ കാരണങ്ങളും കാലപ്പഴക്കങ്ങളും കാരണമായി, അവയുടെ അടിസ്ഥാനപരമായ ശിക്ഷണ ശീലനങ്ങളുടെ ശൈലി പിന്തള്ളപ്പെട്ടു. ജനദൃഷ്ടിയിൽ സ്ഥാനമാനങ്ങൾ നേടിക്കൊടുക്കാൻ പര്യാപ്തമായ വൈജ്ഞാനിക ചർച്ചകൾ പ്രഥമ സ്ഥാനം കയ്യടക്കി. പക്ഷേ, സ്വഭാവ-ആത്മാവുകളുടെ ശുദ്ധിയുള്ള ഉത്തമ മാധ്യമമായ കാര്യങ്ങൾ ഇന്നും സുരക്ഷിതമായി തന്നെ നിലനിൽക്കുന്നുണ്ട്. അതിൽ നിന്ന് ഏതാനും കാര്യങ്ങൾ അനുവാചകസമക്ഷം സമർപ്പിക്കാൻ ഇവിടെ ശ്രമിക്കുകയാണ്.

റസൂലുല്ലാഹി (സ)യുടെ പരിശുദ്ധ ജീവിതത്തിന് രണ്ട് ഭാഗങ്ങളുണ്ട്. കർമങ്ങളാണ് ഒരു ഭാഗം. കർമങ്ങളുടെ രൂപങ്ങളും അവയുടെ ബാഹ്യമായ നിയമരീതികളും അതിൽ വിവരിക്കപ്പെട്ടിരിക്കുന്നു. നമസ്കാരത്തിലെ നിറുത്തം, ഇരുത്തം, റുകൂഅ്, സുജൂദ്, ഖുർആൻ പാരായണം, ദിക്ർ- ദുആകൾ, ദഅ്വത്ത്-ജിഹാദുകളുടെ നിയമങ്ങൾ, യുദ്ധത്തിലും സമാധാനത്തിലും ശത്രുവിനോടും മിത്രത്തോടും പാലിക്കേണ്ട നയം മുതലായവ അതിന് ഉദാഹരണമാണ്. കർമങ്ങളനുഷ്ഠിക്കുമ്പോൾ കാണപ്പെടേണ്ട ആന്തരിക അവസ്ഥകളാണ് രണ്ടാം ഭാഗം. കർമങ്ങളുടെ യഥാർത്ഥ ലക്ഷ്യവും ഇതു തന്നെയാണ്. ഉദ്ദേശ്യ ശുദ്ധി, പ്രതിഫലേഛ, സഹനം, ഭരമേൽപിക്കൽ, വിരക്തി, ധന്യത, ആത്മത്യാഗം, ധർമിഷ്ഠത, മര്യാദ, ലജ്ജ, വിനയം, താഴ്മ, ഭേദിച്ച്മടങ്ങൽ, മനസ്സ്പിടക്കൽ, എളിമത്തരത്തോടെ ദുആ ഇരക്കൽ, ഇഹലോകത്തെക്കാൾ പരലോകത്തിന് മുൻഗണന, പടച്ചവന്റെ പൊരുത്തത്തിലും തിരുകാഴ്ചയിലുമുള്ള ആശ, മധ്യമ പ്രകൃതി, അഭിരുചിയുടെ വിശുദ്ധി, സൃഷ്ടികളുടെ മേൽകാരുണ്യം, അലിവ്,

www.abulhasanalinadwi.org

ബലഹീനരോട് സഹാനുഭൂതി, നിർമലബോധം, വിശുദ്ധവികാരം, ധീരത, അല്ലാഹുവിന് വേണ്ടിയുള്ള സ്നേഹ-കോപങ്ങൾ, മാന്യതയുടെയും മനുഷ്യത്വത്തിന്റെയും അതിസൂക്ഷ്മമായ ശൈലികൾ, എതിരാളികളോട് ക്ഷമയും മാപ്പും, ബന്ധം മുറിക്കുന്നവരുമായി ബന്ധം ചേർക്കൽ, തരാത്തവർക്ക് കൊടുക്കൽ........ഇത്തരം ധാരാളം കാര്യങ്ങൾ ഇതിൽ പെട്ടതാണ്. മാതൃകകൾ കൂടാതെ ഇവ മനസ്സിലാക്കുക സാധ്യമല്ല. അതുകൊണ്ട് റസൂലുല്ലാഹി (സ)യെക്കുറിച്ച് ഏറ്റവും അടുത്തവരും തങ്ങളുടെ രഹസ്യവും പരസ്യവും നന്നായി മനസ്സിലാക്കിയവരുമായ ഏതാനും സഹാബികളുടെ വിവരണം ആദ്യമായി ഇവിടെ കൊടുക്കുന്നു. തുടർന്ന്, റസൂലുല്ലാഹി (സ)യുടെ വിശിഷ്ട സ്വഭാവങ്ങളും പതിവ്-രീതികളും ഉദ്ധരിക്കുന്നതാണ്.

**റസൂലുല്ലാഹി (സ) യെക്കുറിച്ചുള്ള സാര സമ്പൂർണമായ വിശേഷണം**

ഉമ്മുൽ മുഅ്മിനീൻ ഖദീജ (റ) യുടെ മകനായ ഹിന്ദുബ്നു അബീഹാല (റ) വിവരിക്കുന്നു:

"റസൂലുല്ലാഹി (സ) മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള വ്യാകുലതയിലും പരലോകത്ത് വരാനിരിക്കുന്ന സംഭവങ്ങളെക്കുറിച്ചുള്ള ചിന്തയിലും സദാ ലയിച്ചു കഴിഞ്ഞിരുന്നു. ദീർഘ നേരം മൗനമായിരിക്കുക പതിവായിരുന്നു. ആവശ്യത്തിനല്ലാതെ സംസാരിച്ചിരുന്നില്ല. സംഭാഷണം ആദ്യം മുതൽ അവസാനം വരെ വ്യക്തമായ രീതിയിലായിരുന്നു. (അഹങ്കാരികളെപ്പോലെ അശ്രദ്ധമായും അവഗണനയോടെയും സംസാരിച്ചിരുന്നില്ല. വളരെ നീട്ടിപ്പരത്തുകയോ വല്ലാതെ ചുരുക്കുകയോ ചെയ്യുമായിരുന്നില്ല. മയമായി പെരുമാറുകയും സംസാരിക്കുകയും ചെയ്തിരുന്നു. പരുഷതയും മാന്യതയില്ലായ്മയും കാണിച്ചിരുന്നില്ല. മറ്റാരെയെങ്കിലും നിന്ദിക്കുകയോ സ്വയം നിന്ദ്യനാകുകയോ ചെയ്തിരുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹം എത്ര ചെറുതായിരുന്നാലും അതിനെ തിരിച്ചറിയുകയും വില മതിക്കുകയും ചെയ്തിരുന്നു. അതിനെ നിസ്സാരമാക്കിയിരുന്നില്ല. ആഹാര വസ്തുക്കളെ നിസ്സാരമാക്കി കുറ്റം പറയുകയും അമിതമായ ആഗ്രഹത്തിന്റെ രീതിയിൽ വാഴ്ത്തുകയോ ചെയ്തിരുന്നില്ല. ഭൗതിക കാര്യങ്ങളിൽ ഒരിക്കലും കോപിച്ചിട്ടില്ല. എന്നാൽ, അല്ലാഹുവിന്റെ അവകാശത്തെ ആരെങ്കിലും നിന്ദിച്ചാൽ പ്രതികാരം ചെയ്യുന്നത് വരെ റസൂലുല്ലാഹി (സ) യുടെ ഗൗരവഭാവത്തെ ആർക്കും തടയാൻ കഴിഞ്ഞിരുന്നില്ല. സ്വന്തം കാര്യത്തിന് വേണ്ടി ദേഷ്യപ്പെടുകയോ പ്രതികാരം നടത്തുകയോ ചെയ്തിട്ടില്ല. ആംഗ്യം കാണിക്കുമ്പോൾ മുഴുവൻ കൈകൊണ്ട് ആംഗ്യം കാണിച്ചിരുന്നു. ആശ്ചര്യം പ്രകടിപ്പിക്കുമ്പോൾ കൈ മലർത്തുമായിരുന്നു. സംസാരിക്കുമ്പോൾ വലത് കൈയുടെ പെരുവിരൽ ഇടത് കൈവെള്ളയിൽ അമർത്തുമായിരുന്നു. അനിഷ്ടകരമായ കാര്യങ്ങളിൽ നിന്നും മുഖത്തെയും ശരീര

www.abulhasanalinadwi.org

ത്തെയും പൂർണമായി തിരിച്ചിരുന്നു. സന്തോഷ സന്ദർഭത്തിൽ താഴെ ദൃഷ്ടി പതിപ്പിച്ചിരുന്നു. ചിരിയിൽ അധികവും പുഞ്ചിരിയായിരുന്നു. തദവസരം മുൻവരി പല്ലുകൾ ആലിപ്പഴങ്ങൾ പോലെ മനോഹരവും പരിശുദ്ധവുമായി പ്രത്യക്ഷപ്പെട്ടിരുന്നു."

റസൂലുല്ലാഹി (സ)യുടെ അവസ്ഥകൾ അറിയാൻ ധാരാളം അവസരങ്ങൾ ലഭിക്കുകയും വിവരണ-ചിത്രീകരണങ്ങളിൽ അസാമാന്യ കഴിവ് നൽകപ്പെടുകയും ചെയ്ത വ്യക്തിത്വമായ അലിയ (റ) ഇപ്രകാരം വർണിക്കുന്നു:

"റസൂലുല്ലാഹി (സ) പ്രകൃതിപരമായി ദുഷിച്ച വർത്തമാനങ്ങളിൽ നിന്നും ലജ്ജയില്ലായ്മയിൽ നിന്നും വിദൂരത്തായിരുന്നു. മനഃപൂർവം അപ്രകാരം പ്രവർത്തിച്ചിരുന്നില്ല. കമ്പോളത്തിൽ ശബ്ദമുയർത്തിയിരുന്നില്ല. തിൻമയെ തിൻമ കൊണ്ടു നേരിട്ടിരുന്നില്ല. മാപ്പും ക്ഷമയും മുറുകെ പിടിച്ചിരുന്നു. അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിലൊഴികെ, ആരെയും ഉപദ്രവിച്ചിട്ടില്ല. സേവകനെയോ സ്ത്രീകളെയോ അടിച്ചിട്ടില്ല. അല്ലാഹുവിന്റെ നിയമാതിർത്തികൾ ലംഘിക്കുന്നത് വരെ ആരോടും പ്രതികാരം ചെയ്തിട്ടില്ല. അല്ലാഹുവിന്റെ മഹത്വത്തെ ആരെങ്കിലും കളങ്കപ്പെടുത്തിയാൽ മറ്റാരെക്കാളും കോപിച്ചിരുന്നു. രണ്ട് കാര്യങ്ങളിൽ ഇഷ്ടപ്പെട്ടാൽ എളുപ്പമുള്ളതിനെ തിരഞ്ഞെടുത്തിരുന്നു. ഭവനത്തിൽ സാധാരണക്കാരനെപ്പോലെ കഴിഞ്ഞിരുന്നു. വസ്ത്രം വൃത്തിയാക്കുകയും ആടിനെ കറക്കുകയും സ്വന്തം ആവശ്യങ്ങൾ സ്വയം നിർവഹിക്കുകയും ചെയ്തിരുന്നു.

അനുഗൃഹീത നാവിനെ വളരെ സൂക്ഷിച്ചിരുന്നു. അത്യാവശ്യമുള്ള കാര്യം മാത്രം സംസാരിച്ചു. ജനഹൃദയങ്ങൾ പരസ്പരം അടുപ്പിക്കാൻ പരിശ്രമിച്ചിരുന്നു. അവരെ അകറ്റിയിരുന്നില്ല. സമൂഹ-ഗോത്രങ്ങളിലെ ആദരണീയ വ്യക്തികളെ ആദരിച്ചിരുന്നു. അവരെ ഉയർന്ന സ്ഥാനങ്ങളിൽ നിയമിച്ചിരുന്നു. ജനങ്ങളുടെ കാര്യങ്ങൾ സൂക്ഷ്മതയോടെ വിലയിരുത്തിയിരുന്നു. മുഖപ്രസന്നതയും സൽസ്വഭാവവും ആരോടും ഉപേക്ഷിച്ചിരുന്നില്ല. അനുചരൻമാരുടെ അവസ്ഥകൾ നിരന്തരം മനസ്സിലാക്കിയിരുന്നു. ജനങ്ങളുടെ വിശേഷണങ്ങൾ തിരക്കിയിരുന്നു.

നല്ല കാര്യങ്ങളുടെ നൻമകൾ വിവരിക്കുകയും പ്രോത്സാഹിപ്പിക്കുകയും തിൻമയെ വിമർശിക്കുകയും നിരുൽത്സാഹപ്പെടുത്തുകയും ചെയ്തിരുന്നു. കൂട്ടത്തിലുള്ളവർ അശ്രദ്ധരും അലസരുമാകാതിരിക്കാൻ സദാ ശ്രദ്ധിച്ചിരുന്നു. എല്ലാ സന്ദർഭങ്ങൾക്കും ആവശ്യമായ കാര്യങ്ങൾ കരുതിയിരുന്നു. സത്യത്തിന്റെ വിഷയത്തിൽ വീഴ്ചയോ പരിധി ലംഘനമോ നടത്തിയിരുന്നില്ല. ജനങ്ങളുടെ പ്രശ്നങ്ങളിൽ സഹകരണവും സഹാനുഭൂതിയും ഗുണകാംക്ഷയും സൽസ്വഭാവവും സേവന സഹായങ്ങളും പുലർത്തുന്നവരെ പ്രത്യേകം അടുപ്പിച്ചിരുന്നു.

www.abulhasanalinadwi.org

നിറുത്തത്തിലും ഇരുത്തത്തിലുമെല്ലാം അല്ലാഹുവിനെ സ്മരിച്ചിരുന്നു. ഒരിടത്ത് പോകുമ്പോൾ സദസ്സ് അവസാനിക്കുന്നിടത്ത് ഇരിക്കുമായിരുന്നു. ഇതു തന്നെ മറ്റുള്ളവരോടും നിർദേശിച്ചിരുന്നു. സദസ്യരിൽ എല്ലാവരിലേക്കും പൂർണമായി ശ്രദ്ധ പതിപ്പിച്ചിരുന്നു. താനാണ് തങ്ങൾക്ക് ഏറ്റവും പ്രിയംകരനെന്ന് ഓരോരുത്തരും ധരിച്ചിരുന്നു. ആരെങ്കിലും ആവശ്യാർത്ഥം സംസാരിക്കുമ്പോൾ അദ്ദേഹം സംസാരിച്ച് പിരിയുന്നത് വരെ അത്യന്തം ക്ഷമാ-സമാധാനങ്ങളോടെ കാര്യങ്ങൾ ശ്രവിച്ചിരുന്നു. ആരെങ്കിലും സഹായാഭ്യർത്ഥന നടത്തിയാൽ, ആവശ്യം നടത്തിയോ കുറഞ്ഞപക്ഷം സ്നേഹനിർഭരമായി മറുപടി പറഞ്ഞോ മാത്രം മടക്കിയിരുന്നു. സൽസ്വഭാവം സർവജനങ്ങളോടും വിശാലമാക്കിയിരുന്നു. ജനങ്ങളോട് പിതൃതുല്യമായ സ്നേഹവാൽസല്യങ്ങൾ കാണിച്ചിരുന്നു. അവകാശങ്ങളുടെ വിഷയത്തിൽ എല്ലാവരെയും ഒരു പോലെ കണ്ടിരുന്നു.

വിജ്ഞാനം, ലജ്ജ, ക്ഷമ, സത്യസന്ധത എന്നിവ റസൂലുല്ലാഹി (സ)യുടെ സദസ്സിൽ കാണപ്പെട്ടിരുന്നു. അതിൽ ശബ്ദം ഉയർത്തപ്പെടുകയോ ആരുടെയെങ്കിലും ന്യൂനത വിവരിക്കപ്പെടുകയോ അഭിമാനത്തിന് ക്ഷതം വരുത്തുകയോ വീഴ്ചകൾ പരസ്യപ്പെടുത്തുകയോ ചെയ്യുമായിരുന്നില്ല. എല്ലാവരും അവിടെ തുല്യരായിരുന്നു. തഖ്‌വകാരണമായി മാത്രം ശ്രേഷ്ഠത നൽകപ്പെട്ടിരുന്നു. മുതിർന്നവരെ ബഹുമാനിക്കപ്പെടുകയും താഴ്ന്നവരോട് കരുണ കാട്ടുകയും ചെയ്തിരുന്നു. ആവശ്യക്കാർക്ക് മുൻഗണന നൽകിയിരുന്നു. യാത്രികരെ സേവിച്ചിരുന്നു."

അലി (റ) തുടരുന്നു: "റസൂലുല്ലാഹി (സ) സദാ സമയവും മുഖപ്രസന്നതയും ഉൻമേഷവും നിലനിറുത്തിയിരുന്നു. വളരെ മയമുള്ളവരായിരുന്നു. (വളരെ എളുപ്പത്തിൽ മാപ്പ് തരുന്നവരും വഴക്കുകൾ വർജ്ജിക്കുന്നവരും സമാധാനിയും വിനയാന്വിതനുമായിരുന്നു). കടുംപിടിത്തം നടത്തുകയോ പരുഷമായ വാചകങ്ങൾ പറയുകയോ ഒച്ചപ്പാടുണ്ടാക്കുകയോ ചീത്തവാക്കുകൾ പ്രയോഗിക്കുകയോ ന്യൂനതകൾ എടുത്തു പറയുകയോ ചെയ്തിരുന്നില്ല. ഇടുങ്ങിയ മനസ്ഥിതിയും പിശുക്കും കാണിച്ചിരുന്നില്ല. അനിഷ്ടകരമായ കാര്യങ്ങളെ അവഗണിച്ചിരുന്നു. പ്രതീക്ഷയിൽ വരുന്നവരെ നിരാശപ്പെടുത്തിയിരുന്നില്ല. മൂന്ന് കാര്യങ്ങളിൽനിന്നു സ്വയം സൂക്ഷിച്ചിരുന്നു. ഒന്ന്, വഴക്ക്. രണ്ട്, അഹന്ത. മൂന്ന്, അനാവശ്യ സംസാരം. മൂന്ന് കാര്യങ്ങളിൽ നിന്നു ജനങ്ങളെ സുരക്ഷിതരാക്കിയിരുന്നു. ഒന്ന്, മറ്റുള്ളവരെ ആക്ഷേപിക്കുക. രണ്ട്, ന്യൂനതകൾ ആരോപിക്കുക. മൂന്ന്, രഹസ്യങ്ങൾ തേടിപ്പിടിക്കുക. പ്രതിഫലം പ്രതീക്ഷിക്കപ്പെടുന്ന വിഷയങ്ങൾ മാത്രം സംസാരിച്ചിരുന്നു. റസൂലുല്ലാഹി (സ) സംസാരിക്കുമ്പോൾ, സദസ്യർ തലയിൽ പറവകൾ വന്നിരിക്കുന്നതുപോലെ അച്ചടക്കത്തോടെ ആദരപൂർവം ശ്രവിച്ചിരുന്നു. റസൂലുല്ലാഹി (സ) യുടെ സംസാരം അവസാനിച്ചതിന്

www.abulhasanalinadwi.org

ശേഷം മാത്രമേ അവർ സംസാരിച്ചിരുന്നുള്ളൂ. അവർ പരസ്പരം തർക്കിച്ചിരുന്നില്ല. അവരിലാരെങ്കിലും സംസാരിച്ചാൽ അത് അവസാനിക്കുന്നത് വരെ മറ്റുള്ളവർ ശ്രദ്ധാപൂർവം കേട്ടിരുന്നു. റസൂലുല്ലാഹി (സ) ഓരോരുത്തരുടേയും വാക്കുകൾ മതിപ്പോടെ സമാധാനപൂർവം ശ്രവിച്ചിരുന്നു. മറ്റുള്ളവരുടെ ചിരിയിലും ആശ്ചര്യങ്ങളിലും തങ്ങളും പങ്കെടുത്തിരുന്നു. വിദേശികളുടെ വകതിരിവില്ലായ്മയും പലതരം ചോദ്യങ്ങളും ക്ഷമയോടെ കേട്ടിരുന്നു. ആവശ്യക്കാരെ കണ്ടാൽ അവരെ സഹായിക്കാൻ സദാ ഉണർത്തിയിരുന്നു. മധ്യനിലയിലുള്ള പ്രശംസാ വാഴ്ത്തലുകൾ സ്വീകരിച്ചിരുന്നു. മറ്റുള്ളവരുടെ സംസാരത്തിനിടയിൽ കയറി സംസാരിക്കുകയും സംസാരം മുറിക്കുകയും ചെയ്തിരുന്നില്ല. എന്നാൽ, പരിധി ലംഘിക്കുന്നവരെ തടയുകയോ സദസ്സിൽ നിന്ന് എഴുന്നേറ്റ് പോകുകയോ ചെയ്തിരുന്നു.

അത്യധികം വിശാല മനസ്കനും സൗമ്യഭാഷ്യനും മയപ്രകൃതനും സഹകരണ-ഇടപാടുകളിൽ അത്യുദാരനും ആയിരുന്നു. ആദ്യം കാണുന്നവർ ഭയന്നിരുന്നു. സഹവസിച്ച് തിരിച്ചറിഞ്ഞാൽ, ഹൃദയംഗമമായി സ്നേഹിച്ചും പ്രേമിച്ചും പോകുമായിരുന്നു. റസൂലുല്ലാഹി (സ)യെ വർണിക്കുന്നവരുടെയെല്ലാം ചുരുക്കവാക്കിതാണ്: തങ്ങൾക്ക് മുമ്പോ ശേഷമോ തങ്ങളെപ്പോലൊരാളെയും ഞാൻ കണ്ടിട്ടില്ല. സല്ലല്ലാഹുഅലൈഹി വസല്ലം."[11]

**തിരുസ്വഭാവം ഒറ്റ നോട്ടത്തിൽ**

അനസ് (റ) വിവരിക്കുന്നു: സകല മനുഷ്യരെക്കാളും വിശാലമനസ്കനും മൃദുലപ്രകൃതനും ഉന്നത കുലജാതനുമായ റസൂലുല്ലാഹി (സ) സഹാബത്തിൽ നിന്ന് ഒരിക്കലും ഒറ്റയ്ക്ക് അകന്ന് കഴിഞ്ഞിരുന്നില്ല. അവരുമായി സദാ സഹവസിച്ചിരുന്നു. അവരോടടുക്കുകയും അവരുടെ മക്കളോട് വാത്സല്യം പുലർത്തുകയും കളിപ്പിക്കുകയും മടിയിലിരുത്തുകയും ചെയ്തിരുന്നു. അടിമ, ഉടമ, ദരിദ്രൻ, സാധു എല്ലാവരുടെയും ക്ഷണം സ്വീകരിച്ചിരുന്നു. നഗരാതിർത്തിയിലുള്ള രോഗികളെ പോലും സന്ദർശിച്ചിരുന്നു. കാരണം ബോധിപ്പിക്കുന്നവരുടെ കാരണം സ്വീകരിച്ചിരുന്നു.[12]

സഹാബത്തിന്റെ സദസ്സിൽ, മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ഒരിക്കലും കാൽ നീട്ടി ഇരുന്നിട്ടില്ല. സഹാബത്ത് കവിത ആലപിക്കുകയും ജാഹിലീ കഥകൾ പറയുകയും ചെയ്യുമ്പോൾ മിണ്ടാതിരിക്കുകയോ പുഞ്ചിരിക്കുകയോ ചെയ്യുമായിരുന്നു. അത്യന്തം മൃദുലമാനസനും സ്നേഹവൽസലനും ഔദാര്യനിധിയുമായിരുന്നു: "എന്റെ രണ്ട് മക്കളെ (ഹസൻ, ഹുസൈൻ (റ) അൻഹുമാ) വിളിക്കുക" എന്ന് പ്രിയമകൾ ഫാതിമ (റ) യോട് ഇടയ്ക്ക് പറയുമായിരുന്നു. അവർ ഓടിവരുമ്പോൾ അവരെ സ്നേഹപൂർവം സ്വീകരിച്ച് നെഞ്ചോടണച്ചിരുന്നു.[13]

www.abulhasanalinadwi.org

ഒരു പൗത്രനെ അന്ത്യശ്വാസം വലിക്കുന്ന അവസ്ഥയിൽ തിരുമടിത്തട്ടിൽ വയ്ക്കപ്പെട്ടു. അവിടുത്തെ നയനങ്ങൾ നിറഞ്ഞൊഴുകി. സഅ്ദ് (റ) ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഇതെന്താണ്?' റസൂലുല്ലാഹി (സ) അരുളി: "ഇത് കാരുണ്യമാണ്. അല്ലാഹു ഉദ്ദേശിക്കുന്നവരുടെ മനസ്സിൽ അവനിത് നിക്ഷേപിക്കുന്നു. തീർച്ചയായും കരുണയുള്ള അടിമകളുടെ മേൽ മാത്രമേ അല്ലാഹു കരുണ ചൊരിയുകയുള്ളൂ."[1]

ബദ്റിൽ നിന്നും തടവിൽ പിടിക്കപ്പെട്ട നിഷേധികളുടെ കൂട്ടത്തിൽ പിതൃവ്യൻ അബ്ബാസും ഉണ്ടായിരുന്നു. അദ്ദേഹത്തെ ചങ്ങലയിൽ ബന്ധിക്കപ്പെട്ടു. രാത്രിയിൽ റസൂലുല്ലാഹി (സ)ക്ക് അദ്ദേഹത്തിന്റെ ഞരക്കം കേട്ടപ്പോൾ ഉറക്കം വന്നില്ല. ഇതറിഞ്ഞ അൻസാരികൾ അദ്ദേഹത്തിന്റെ ചങ്ങല അഴിച്ചു. എന്നാൽ പരിഹാരമില്ലാതെ വിട്ടയയ്ക്കാൻ ആഗ്രഹം പ്രകടിപ്പിച്ചെങ്കിലും റസൂലുല്ലാഹി (സ) അത് സ്വീകരിച്ചില്ല.

• മുസ്ലിംകളുടെ മേൽ അളവറ്റ കരുണയായിരുന്നു. അവരുടെ അവസ്ഥകൾ വളരെയധികം ശ്രദ്ധിച്ചിരുന്നു. മനുഷ്യപ്രകൃതിയിൽ യാദൃച്ഛികമായി ഉണ്ടാകാറുള്ള മടിയെയും അലസതയെയും പ്രത്യേകം പരിഗണിച്ചിരുന്നതിനാൽ, ഉപദേശ പ്രഭാഷണങ്ങൾ ഇടയ്ക്കിടെ മാത്രം നടത്തിയിരുന്നു. കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ടാൽ നമസ്കാരം ചുരുക്കിയിരുന്നു. ഒരിക്കൽ അരുളി: "നീട്ടി നമസ്കാരിക്കാനാഗ്രഹിച്ചുകൊണ്ട് ഞാൻ പലപ്പോഴും കൈകെട്ടും. ഇതിനിടയിൽ, കുഞ്ഞിന്റെ കരച്ചിൽ കേൾക്കുമ്പോൾ, മാതാവിന് പ്രയാസമുണ്ടാകരുതെന്ന് കരുതി നമസ്കാരം ചുരുക്കും." മറ്റൊരിക്കൽ അരുളി: "നിങ്ങളിലാരും മറ്റൊരാളെക്കുറിച്ച് എന്നോട് പരാതി പറയരുത്. എന്റെ മനസ്സ് തീർത്തും ശുദ്ധമായ നിലയിൽ നിങ്ങളുടെ മുന്നിൽ വരാൻ ഞാൻ ആഗ്രഹിക്കുന്നു: "സമുദായത്തോട് പിതൃതുല്യമായ കാരുണ്യം കാട്ടിയിരുന്നു. റസൂലുല്ലാഹി (സ) അരുളി: "നിങ്ങൾ ഉപേക്ഷിച്ചിരിക്കുന്ന അനന്തരസ്വത്ത് അനന്തരാവകാശികൾക്കുള്ളതാണ്. നിങ്ങൾ ഉപേക്ഷിക്കുന്ന കടബാധ്യതകൾ ഞാൻ ഏറ്റെടുക്കുന്നു."

പരസ്പര വിരുദ്ധമായ തീവ്രതകളിൽ നിന്നും അകന്ന് കഴിഞ്ഞിരുന്നു. ആഇശ (റ) പ്രസ്താവിക്കുന്നു: "റസൂലുല്ലാഹി (സ) രണ്ട് കാര്യങ്ങളിലൊന്ന് തിരഞ്ഞെടുക്കുമ്പോൾ, അതിൽ ഏറ്റവും എളുപ്പമായത്, പാപമല്ലെങ്കിൽ തിരഞ്ഞെടുക്കുമായിരുന്നു. പാപമാണെങ്കിൽ അതിൽ നിന്നു ഏറ്റവും കൂടുതൽ ദൂരം പ്രാപിച്ചിരുന്നു. റസൂലുല്ലാഹി (സ) അരുളി: "അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അടയാളം അടിമയിൽ കാണാൻ അല്ലാഹു ആഗ്രഹിക്കുന്നു."

വീട്ടിൽ സാധാരണക്കാരനെപ്പോലെ കഴിഞ്ഞിരുന്നു. ആഇശ(റ) വിവരിക്കുന്നു: റസൂലുല്ലാഹി (സ) സ്വന്തം വസ്ത്രങ്ങൾ വൃത്തിയാക്കിയിരുന്നു. ആടിനെ കറന്നിരുന്നു. സ്വന്തം കാര്യങ്ങൾ സ്വയം ചെയ്തിരുന്നു. വസ്ത്ര

www.abulhasanalinadwi.org

ത്തിൽ കഷണം വയ്ക്കുമായിരുന്നു. ചെരുപ്പ് തുന്നുമായിരുന്നു. ഒരാൾ ചോദിച്ചു: "റസൂലുല്ലാഹി (സ) വീട്ടിൽ എപ്രകാരമായിരുന്നു?" ആഇശ(റ) വിവരിച്ചു: വീട്ടു ജോലികൾ ചെയ്തിരുന്നു. എന്നാൽ നമസ്കാര സമയമായാൽ ഉടൻ നമസ്കാരത്തിന് പുറത്തേക്ക് പോകുമായിരുന്നു. എല്ലാവരേക്കാളും മയമുള്ളവരും ഔദാര്യവാനുമായിരുന്നു. ചിരിക്കുകയും സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്നു." അനസ് (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) അരുളി: "കൂട്ടുകുടുംബത്തോട് നല്ല നിലയിൽ വർത്തിക്കുന്നവനാണ് നിങ്ങളിലേറ്റവും ഉത്തമൻ. ഞാൻ നിങ്ങളെല്ലാവരെക്കാളും എന്റെ കൂട്ടുകുടുംബത്തോട് നല്ല നിലയിൽ വർത്തിക്കുന്നവനാകുന്നു." അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: "റസൂലുല്ലാഹി (സ) ഒരാഹാരത്തെയും ഒരിക്കലും കുറ്റം പറഞ്ഞിട്ടില്ല. ഇഷ്ടപ്പെട്ടാൽ ഭക്ഷിക്കും. അല്ലെങ്കിൽ ഭക്ഷിക്കാതിരിക്കും."

അനസ് (റ) പ്രസ്താവിക്കുന്നു: "ഞാൻ റസൂലുല്ലാഹി (സ)ക്ക് പത്ത് വർഷം സേവനമനുഷ്ഠിച്ചിരുന്നു. ഒരിക്കലും എന്നോട് "ഛേ" എന്നു പറഞ്ഞിട്ടില്ല. എന്തിനത് ചെയ്തു എന്നും എന്തു കൊണ്ട് ചെയ്തില്ല എന്നും ചോദിച്ചിട്ടില്ല. റസൂലുല്ലാഹി (സ)ക്ക് അനിഷ്ടമാണെന്നറിയാവുന്നതിനാൽ തങ്ങളെ കാണുമ്പോൾ സഹാബത്ത് എഴുന്നേറ്റ് നിൽക്കുമായിരുന്നില്ല. റസൂലുല്ലാഹി (സ) അരുളി: "ക്രൈസ്തവർ, ഈസബ്നുമർയമി (അ)നെക്കുറിച്ച് പറഞ്ഞതു പോലെ നിങ്ങൾ എന്നെ പരിധി വിട്ട് വാഴ്ത്തിപ്പുകഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. നിങ്ങൾ എന്നെക്കുറിച്ച്, അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്ന് പറയുക. അനസ് (റ) പ്രസ്താവിക്കുന്നു: മദീനയിലെ സാധു സ്ത്രീകളിൽ ചിലർ, റസൂലുല്ലാഹി (സ) യുടെ കൈയിൽ പിടിക്കുകയും പറയേണ്ട കാര്യങ്ങൾ പറയുകയും ആഗ്രഹിക്കുന്നിടത്ത് കൊണ്ടുപോവുകയും ചെയ്തിരുന്നു." അദിയ്യുബ്നു ഹാതിം, റസൂലുല്ലാഹി (സ)യുടെ സന്നിധിയിലെത്തിയപ്പോൾ തങ്ങൾ അദ്ദേഹത്തെ വീട്ടിലേക്ക് ക്ഷണിച്ചു. അടിമ സ്ത്രീ കൊണ്ടു കൊടുത്ത തലയിണ റസൂലുല്ലാഹി (സ) മുമ്പിലെടുത്ത് വെച്ച് തറയിൽ ഇരുന്നു. അദിയ്യ്(റ) പറയുന്നു: "റസൂലുല്ലാഹി (സ) രാജാവല്ലെന്നു ഇതു കണ്ടപ്പോൾ ഞാൻ മനസ്സിലാക്കി. "റസൂലുല്ലാഹി (സ)യെ ഒരു വ്യക്തി കണ്ടപ്പോൾ അദ്ദേഹം ഭയന്ന് വിറച്ചു. ഇതു കണ്ട റസൂലുല്ലാഹി (സ) അരുളി: "ഭയപ്പെടേണ്ട, ഞാൻ രാജാവല്ല. ഉണക്ക ഇറച്ചി ഭക്ഷിച്ചിരുന്ന ഖുറൈശികളിലെ സ്ത്രീയുടെ മകനാണ് ഞാൻ."[15] റസൂലുല്ലാഹി (സ) വീട് അടിച്ച് വൃത്തിയാക്കുമായിരുന്നു. ഒട്ടകത്തെ കെട്ടുകയും തീറ്റുകയും ചെയ്തിരുന്നു. സേവകരോടൊപ്പം ഇരുന്ന് ഭക്ഷിച്ചിരുന്നു. മാവ് കുഴക്കാൻ സഹായിച്ചിരുന്നു. കമ്പോളത്തിൽ പോയി സാധനങ്ങൾ വാങ്ങിക്കൊണ്ട് വന്നിരുന്നു.

www.abulhasanalinadwi.org

അതൃപ്തികരമായ വല്ല കാര്യങ്ങളും ആരിലെങ്കിലും കണ്ടാൽ, അയാൾ ഇപ്രകാരം പ്രവർത്തിക്കുന്നത് എന്തിനാണെന്നു ചോദിക്കുകയില്ലായിരുന്നു. ഇത്തരം കാര്യങ്ങൾ പ്രവർത്തിക്കാൻ ജനങ്ങൾക്ക് എന്ത് പറ്റി എന്നിങ്ങനെ പേരെടുത്ത് പറയാതെ തെറ്റ് തിരുത്തിയിരുന്നു.

ജന്തുക്കളോടും മൃഗങ്ങളോടും കരുണ കാട്ടിയിരുന്നു. അവയോട് കാരുണ്യപൂർവം പെരുമാറാൻ കൽപിച്ചിരുന്നു. റസൂലുല്ലാഹി (സ) അരുളി: "എല്ലാ ജീവികളോടും മയത്തോടെ വർത്തിക്കാൻ അല്ലാഹു കൽപിച്ചിരുന്നു. അതുകൊണ്ട് കൊല്ലുന്നെങ്കിൽ നല്ല നിലയിൽ കൊല്ലുക. മൃഗത്തെ അറുക്കുന്നെങ്കിൽ നല്ല നിലയിൽ അറുക്കുക. അറുക്കുന്നതിന് മുമ്പ് കത്തിക്ക് മൂർച്ച കൂട്ടുകയും മൃഗത്തിന് ആശ്വാസം നൽകുകയും ചെയ്യുക." മറ്റൊരിക്കൽ അരുളി: "ഈ നിശ്ശബ്ദ ജീവികളുടെ വിഷയത്തിൽ അല്ലാഹുവിനെ ഭയപ്പെടുക. മാന്യമായി അതിന് മുകളിൽ യാത്ര ചെയ്യുക. നല്ല അവസ്ഥയിൽ അതിനെ ഭക്ഷിക്കുക."

സേവകൻ, അടിമ, വേലക്കാരൻ ഇവരോട് ഗുണം ചെയ്യാൻ ഉദ്ബോധിപ്പിച്ചിരുന്നു. ഒരിക്കൽ അരുളി: "നിങ്ങളുടെ ഭക്ഷണം അവരെ ഭക്ഷിപ്പിക്കുക. നിങ്ങളുടെ വസ്ത്രം അവരെ ധരിപ്പിക്കുക. അല്ലാഹുവിന്റെ സൃഷ്ടികളെ നിങ്ങൾ ശിക്ഷിക്കരുത്. അല്ലാഹു നിങ്ങളുടെ കീഴിൽ ആക്കിയിരിക്കുന്ന നിങ്ങളുടെ സേവകർ നിങ്ങളുടെ സഹോദരങ്ങളാണ്. കീഴിലുള്ള സഹോദരങ്ങൾക്ക് നിങ്ങളുടെ ഭക്ഷണവും വസ്ത്രവും നൽകുക. അവർക്ക് കഴിവില്ലാത്ത ജോലികൾ അവരോട് കൽപിക്കരുത്. നിർബന്ധിത സാഹചര്യത്തിൽ കൽപിക്കേണ്ടി വന്നാൽ, അവരുടെ ജോലിയിൽ നിങ്ങളും സഹകരിക്കുക." ഒരു ഗ്രാമീണൻ ചോദിച്ചു: "എന്റെ സേവകന് ഒരു ദിവസം എത്ര പ്രാവശ്യം ഞാൻ മാപ്പ് നൽകണം.?" റസൂലുല്ലാഹി (സ) അരുളി: "എഴുപത് പ്രാവശ്യം." ഒരു ഹദീസിൽ വന്നിരിക്കുന്നു: "കൂലിക്കാരന്റെ വിയർപ്പ് ഉണങ്ങുന്നതിന് മുമ്പ് തന്നെ കൂലി കൊടുക്കുക."[15]

**രൂപവും രീതിയും**

സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന വ്യക്തിത്വങ്ങളുടെ രൂപരീതികൾ മനസ്സിലാക്കാനും അനുകരിക്കാനുമുള്ള ആഗ്രഹം സ്നേഹത്തിന്റെ പ്രകൃതിപരമായ പ്രത്യേകതയാണ്. ഇപ്രകാരം ചെയ്യാൻ ശരീഅത്ത് കൽപിക്കുന്നില്ലെങ്കിലും സ്നേഹാനുരാഗത്തിന്റെ നിയമം ഒന്നു വേറെത്തന്നെയാണ്. പ്രേമഭാജനത്തിന്റെ പതിവു-രീതികളും രൂപ-ശൈലികളും ഇഷ്ടാനിഷ്ടങ്ങളും അറിയാൻ നിഷ്കളങ്ക സ്നേഹിതൻ ആഗ്രഹിക്കും. അദ്ദേഹത്തിന്റെ കിടപ്പും ഇരിപ്പും നടപ്പും ഉടുപ്പും അനുകരിക്കാൻ പരിശ്രമിക്കും.

ഈ ഒരു പ്രേരകത്തിന്റെ അടിസ്ഥാനത്തിലാണ്, ശമാഇലുന്നബവീ (തിരുനബിയുടെ രൂപവും രീതികളും) എന്ന പേരിൽ ഗതകാല മഹാത്മാ

www.abulhasanalinadwi.org

ക്കൾ മഹത്തരങ്ങളായ രചനകൾ തയ്യാറാക്കിയത്. ഇന്നും ആ പരമ്പര തുടരുന്നു. ഇമാം തിർമിദിയുടെ 'അശ്ശമാഇൽ', ഇമാം ഇബ്നുകസീറിന്റെ 'ശമാഇലുർറസൂൽ' എന്നിവ ഈ വിഷയത്തിൽ സർവ സ്വീകാര്യവും സുപ്ര സിദ്ധവുമായ രചനകളാണ്. ഇമാം തിർമിദിയുടെ ഗ്രന്ഥത്തിൽ നിന്നും ഏതാനും കാര്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു:

" റസൂലുല്ലാഹി (സ) നടക്കുമ്പോൾ താഴ്ഭാഗത്തേക്ക് ഇറങ്ങുന്നതായി തോന്നിയിരുന്നു. ആരിലേക്കെങ്കിലും ശ്രദ്ധിക്കുമ്പോൾ ശരീരം മുഴുവനും തിരിച്ച് ശ്രദ്ധിച്ചിരുന്നു. താഴ് ഭാഗത്തേക്ക് ദൃഷ്ടി പതിച്ചിരുന്നു. ആകാശ ത്തെക്കാൾ കൂടുതൽ ഭൂമിയെയാണ് നോക്കിയിരുന്നത്. സാധാരണ നോട്ടം കണ്ണിന്റെ അഗ്രം കൊണ്ടായിരുന്നു. തുറിച്ച് നോക്കിയിരുന്നില്ല. നടക്കു മ്പോൾ സഹാബാക്കളെ മുന്നിൽ നടത്തുമായിരുന്നു. കാണുന്നവരോട് ആദ്യമായി സലാം പറഞ്ഞിരുന്നു."

"തലമുടി ചെവിയെക്കാളും താഴ്ന്നും തോളിനേക്കാൾ ഉയർന്നും ഉണ്ടാ കുമായിരുന്നു. മുടി രണ്ടായി ചീകി വെച്ചു. ശിരസ്സിൽ അധികമായി എണ്ണ തേച്ചിരുന്നു. ധാരാളമായി താടി ചീകിയിരുന്നു. വുദു, ചീകൽ, ചെരുപ്പ്, വസ്ത്രധാരണം ഇവയെല്ലാം വലത്തേത് കൊണ്ട് ആരംഭിച്ചിരുന്നു. സദാ സൂക്ഷിച്ചിരുന്ന സുറുമക്കുപ്പിയിൽ നിന്നും എല്ലാ രാത്രിയിലും ഇരു നയ നങ്ങളിലും മൂന്ന് പ്രാവശ്യം വീതം സുറുമ ഇട്ടിരുന്നു. നീളക്കുപ്പായമായിരുന്നു പ്രിയംകര വേഷം. പുതിയ വസ്ത്രമോ തല പ്പാവോ പുതപ്പോ മറ്റോ ധരിക്കുമ്പോൾ അല്ലാഹു എനിക്കിത് നൽകി എന്ന് പറയുമായിരുന്നു." തുടർന്ന് ഈ ദുആ ഓതും:

اَللّٰهُمَّ لَكَ الْحَمْدُ كَمَا كَسَوْتَنِيهِ أَسْأَلُكَ خَيْرَهُ وَخَيْرَ مَا صُنِعَ لَهُ وَأَعُوذُ بِكَ مِنْ شَرِّهِ وَشَرِّ مَا صُنِعَ لَهُ

(അല്ലാഹുവേ, ഈ വസ്ത്രം ധരിപ്പിച്ചതിന് സർവസ്തുതികളും നിനക്കാണ്. ഈ വസ്ത്രത്തിന്റെ നൻമയും ഇതിന്റെ ലക്ഷ്യത്തിന്റെ മേൻമയും ഞാൻ നിന്നോടിരക്കുന്നു. ഈ വസ്ത്രത്തിന്റെ തിൻമയിൽ നിന്നും ഇത് നിർമി ക്കപ്പെട്ട ലക്ഷ്യത്തിന്റെ നാശത്തിൽ നിന്നും ഞാൻ നിന്നോട് കാവലിര ക്കുന്നു. റസൂലുല്ലാഹി (സ) അരുളി: "വെളുത്ത വസ്ത്രം തിരഞ്ഞെടു ക്കുക. ജീവിതകാലത്ത് അത് ധരിക്കുകയും മയ്യിത്തിനെ ധരിപ്പിക്കുകയും ചെയ്യുക. അതാണ് നല്ല വസ്ത്രം."

നജ്ജാശി രാജാവ്, തോലുകൊണ്ടുള്ള രണ്ട് കറുത്ത സാധാരണ കാലുറകൾ റസൂലുല്ലാഹി (സ)യ്ക്ക് സംഭാവന നൽകി. റസൂലുല്ലാഹി (സ) അത് ധരിച്ചു. വുദു ചെയ്തപ്പോൾ അതിന് മുകളിൽ തടകി. തോൽ കഷണം വയ്ക്കപ്പെട്ട പാദരക്ഷകൾ ധരിച്ചും നമസ്കരിച്ചിട്ടുണ്ട്. ഒരിക്കൽ അരുളി: "ഒരു ചെരുപ്പ് മാത്രം ധരിച്ച് നടക്കരുത്. ഒന്നുകിൽ രണ്ടും ധരി

www.abulhasanalinadwi.org

ക്കുക. അല്ലെങ്കിൽ രണ്ടും ഊരിവയ്ക്കുക." ഇടതുകൈ കൊണ്ട് ഭക്ഷിക്കുന്നതിനെയും ഒരു ചെരുപ്പ് ധരിച്ച് നടക്കുന്നതിനെയും തടയുകയുണ്ടായി. ചെരുപ്പ് ധരിക്കുമ്പോൾ വലതുകാലും ഊരുമ്പോൾ ഇടത് കാലും മുന്തിക്കാൻ നിർദേശിച്ചു. വലത് കയ്യിൽ മോതിരം ധരിച്ചിട്ടുണ്ട്. ഒരു മോതിരം നിർമിച്ചു. അതിൽ മുഹമ്മദ് എന്ന് ഒരു വരിയിലും റസൂൽ എന്ന് വേറൊരു വരിയിലും അല്ലാഹ് എന്ന് മറ്റൊരു വരിയിലും മുദ്രണം ചെയ്തിരുന്നു. വിസർജ്ജന നേരം മോതിരം ധരിച്ചിരുന്നില്ല.

മക്കാവിജയദിവസം മക്കയിൽ പ്രവേശിച്ചപ്പോൾ ഒരു കറുത്ത തലപ്പാവ് ധരിച്ചിരുന്നു. തലപ്പാവ് ധരിക്കുമ്പോൾ അതിന്റെ വാൽ തോളുകൾക്കിടയിൽ ഇട്ടിരുന്നു. ഉബൈദുബ്നുഖാലിദിൽ മുഹാരിബീ (റ) പറയുന്നു: "ഞാൻ ഒരിക്കൽ മദീനയിൽ നടക്കുകയായിരുന്നു. 'മുണ്ട് കയറ്റി ഉടുക്കുക, അതാണ് വൃത്തിയും ഭക്തിയും' എന്ന് ആരോ പിന്നിൽ നിന്നും വിളിച്ച് പറയുന്നത് കേട്ടു. തിരിഞ്ഞു നോക്കിയപ്പോൾ തിരുനബി (സ)യാണ്. ഞാൻ ചോദിച്ചു: 'ഇത് ഒരു സാധാരണ മുണ്ടല്ലേ?' (ഇതിൽ അഹങ്കാരം എങ്ങനെ ഉണ്ടാകാനാണ്?) റസൂലുല്ലാഹി (സ) ചോദിച്ചു: നിനക്ക് എന്നിൽ മാതൃകയില്ലേ?' ഞാൻ തിരുനബി (സ)യുടെ കാലുകളിലേക്ക് ശ്രദ്ധിച്ചപ്പോൾ തങ്ങളുടെ മുണ്ട് മടമ്പ് കാലിന്റെ പകുതി വരെ ഉയർത്തിയിരിക്കുന്നു!"

റസൂലുല്ലാഹി (സ) ചാരിയിരുന്നു ഭക്ഷിച്ചിരുന്നില്ല. ഒരിക്കൽ അരുളി: "ഞാൻ ചാരിയിരുന്ന് ഭക്ഷിക്കുകയില്ല." ആഹാരം കഴിച്ച് കഴിഞ്ഞാൽ മൂന്ന് പ്രാവശ്യം വിരൽ ഉറുഞ്ചിയിരുന്നു. ഉയർന്ന മേശയിലും അലങ്കാരത്തിനുള്ള ചെറുപാത്രങ്ങളിലും ഭക്ഷിച്ചിട്ടില്ല. മയമായ ചപ്പാത്തിയും ഉപയോഗിച്ചിട്ടില്ല. ഖതാദ (റ)യോട് ചോദിക്കപ്പെട്ടു: പിന്നെ ആഹാരം എന്തിൽ വെച്ചാണ് ഭക്ഷിച്ചിരുന്നത്? ഖതാദ (റ) പറഞ്ഞു: തോൽ വിരിപ്പിൽ വെച്ച്. ചുരക്ക, ഹൽവ, തേൻ, തോൾ ഭാഗത്തെ ഇറച്ചി എന്നിവ പ്രിയംകരമായിരുന്നു. ആഇശ (റ) വിവരിക്കുന്നു: "സാധാരണയായി ഇറച്ചി ഭക്ഷിക്കുമെന്നല്ല ഇതിന്റെ അർത്ഥം. വല്ലപ്പോഴും ഇറച്ചി കിട്ടുമ്പോൾ പ്രസ്തുത ഇറച്ചി ഉടനെ ദഹിക്കുമെന്നതിനാൽ അത് ഭക്ഷിക്കുമായിരുന്നു എന്നാണ് ഉദ്ദേശ്യം." പാത്രത്തിൽ മിച്ചം വരുന്ന ആഹാരം ഇഷ്ടമായിരുന്നു.

റസൂലുല്ലാഹി (സ) അരുളി: "ആഹാരം കഴിക്കുമ്പോൾ അല്ലാഹുവിന്റെ നാമം പറഞ്ഞില്ലെങ്കിൽ ആഹാരത്തിൽ പിശാചും പങ്കെടുക്കുന്നതാണ്." മറ്റൊരിക്കൽ അരുളി: "ബിസ്മില്ലാഹി പറയാൻ മറന്ന് പോയാൽ

بِسْمِ اللّٰهِ اَوَّلَهُ وَآخِرَهُ എന്ന് പറയുക."

ആഹാരത്തിന് ശേഷം ഇപ്രകാരം പറഞ്ഞിരുന്നു:

www.abulhasanalinadwi.org

اَلْحَمْدُ لِلّٰهِ الَّذِى اَطْعَمَنَا وَسَقَانَا وَجَعَلَنَا مِنَ الْمُسْلِمِينَ

(അല്ലാഹുവിനാണ് സർവസ്തുതിയും. അവൻ ഞങ്ങളെ ഭക്ഷിപ്പിച്ചു. കുടിപ്പിച്ചു. മുസ്ലിംകളാക്കി.)

ആഹാരപാത്രങ്ങളും വിരിയും ഉയർത്തപ്പെടുമ്പോൾ ഇപ്രകാരം പറഞ്ഞിരുന്നു:

اَلْحَمْدُ لِلّٰهِ حَمْدًا كَثِيرًا طَيِّبًا مُبَارَكًا فِيهِ غَيْرَ مُوَدَّعٍ وَلَا مُسْتَغْنًى عَنْهُ رَبَّنَا

(അല്ലാഹുവിന്, അനുഗൃഹീതവും അധികരിച്ചതുമായ സ്തുതി കീർത്തനങ്ങൾ. അല്ലാഹുവിൽ നിന്നു ഞങ്ങൾ ഒരിക്കലും അനാശ്രിതരല്ല.)

റസൂലുല്ലാഹി (സ) അരുളി:"ഒരു അടിമ വല്ലതും കഴിക്കുകയോ കുടിക്കുകയോ ചെയ്യുമ്പോൾ അല്ലാഹുവിനെ സ്തുതിച്ചാൽ അല്ലാഹു സന്തുഷ്ടനാകുന്നതാണ്." തണുത്ത ശുദ്ധജലമായിരുന്നു ഏറ്റം പ്രിയംകരമായ പാനീയം. പാലിനെ പുകഴ്ത്തിക്കൊണ്ട് അരുളി: ആഹാരത്തിന്റെയും പാനീയത്തിന്റെയും അംശം പാലിലുള്ളതു പോലെ മറ്റൊന്നിലുമില്ല. സംസം ജലം നിന്നുകൊണ്ടാണ് പാനം ചെയ്തത്. വെള്ളം മൂന്ന് ഇറക്കായി കുടിച്ചിരുന്നു."

ഒരു തരം സുഗന്ധം കയ്യിൽ കരുതിയിരുന്നു. അത് പുരട്ടുകയും ചെയ്തിരുന്നു. സുഗന്ധം സംഭാവനയായി നൽകപ്പെട്ടാൽ സ്വീകരിച്ചിരുന്നു. ഒരിക്കൽ അരുളി: "മൂന്ന് കാര്യങ്ങൾ മടക്കാൻ പാടില്ല. തലയിണ, എണ്ണ-സുഗന്ധങ്ങൾ, പാൽ." മറ്റൊരിക്കൽ അരുളി: "സുഗന്ധം പരത്തുന്നതോടൊപ്പം നിറം കാണപ്പെടാത്തതാണ് പുരുഷൻമാരുടെ സുഗന്ധം. സുഗന്ധം പരത്താതിരിക്കുന്നതോടൊപ്പം നിറം കാണപ്പെടുന്നതാണ് സ്ത്രീകളുടെ സുഗന്ധം."

ആഇശ (റ) വിവരിക്കുന്നു: "നിങ്ങൾ ധൃതി പിടിച്ച് തുടർച്ചയായി സംസാരിക്കുന്നത് പോലെ റസൂലുല്ലാഹി (സ) സംസാരിച്ചിരുന്നില്ല. മറിച്ച്, വളരെ വ്യക്തമായി ഓരോ വിഷയങ്ങളും വെവ്വേറെ പറഞ്ഞിരുന്നു. അടുത്തിരിക്കുന്നവർക്ക് അത് നന്നായി ഗ്രഹിക്കാമായിരുന്നു. ശ്രോതാക്കൾ ശരിക്കും മനസ്സിലാക്കുന്നതിന് വേണ്ടി ചിലപ്പോൾ ആവശ്യാനുസൃതം മൂന്ന് പ്രാവശ്യം വിഷയം ആവർത്തിച്ചിരുന്നു." അധികമായി പുഞ്ചിരി തൂകിയിരുന്നു. അബ്ദുല്ലാഹിബ്നുൽ ഹാരിസ് (റ) പ്രസ്താവിക്കുന്നു: "റസൂലുല്ലാഹി (സ) യെക്കാൾ കൂടുതൽ പുഞ്ചിരി തൂകുന്നയാളെ ഞാൻ കണ്ടിട്ടില്ല." പരിശുദ്ധ പല്ലുകൾ കാണത്തക്കവിധവും ചില വേള ചിരിച്ചിരുന്നു. ജരീറുബ്നു അബ്ദില്ലാ (റ) വിവരിക്കുന്നു: "ഞാൻ മുസ്ലിമായതിന് ശേഷം

www.abulhasanalinadwi.org

ഏത് സമയവും റസൂലുല്ലാഹി (സ)യുടെ സന്നിധിയിൽ കയറിച്ചെല്ലുമായിരുന്നു. ഒരിക്കലും എന്നെ തടഞ്ഞിട്ടില്ല. എന്നെ കാണുമ്പോഴെല്ലാം റസൂലുല്ലാഹി (സ) പുഞ്ചിരിച്ചിരുന്നു."

അനസ് (റ) പറയുന്നു: "റസൂലുല്ലാഹി (സ) ഞങ്ങളോടൊപ്പം ഇടപഴകുകയും തമാശ പറയുകയും ചെയ്യുമായിരുന്നു. എനിക്ക് ഒരു ചെറിയ സഹോദരനുണ്ടായിരുന്നു. (അബൂഉമൈർ എന്നു പേരുള്ള ഈ കുട്ടി ഒരു കുരുവിക്കുഞ്ഞിനെ കൊണ്ടു കളിക്കുമായിരുന്നു. ഒരു ദിവസം അത് ചത്തുപോയി. അബൂഉമൈർ അതിൽ വലിയ ദുഃഖിതനായിരുന്നു.) റസൂലുല്ലാഹി (സ)കാണുമ്പോഴെല്ലാം തമാശയ്ക്ക് ചോദിച്ചിരുന്നു: അബൂഉമൈറേ, നുഗൈറി (കുരുവിക്കുഞ്ഞ്)ന് എന്തു പറ്റി?" ഒരിക്കൽ സഹാബത്ത് ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, അങ്ങ് ഞങ്ങളോട് നർമം പറയാറുണ്ടല്ലോ? റസൂലുല്ലാഹി (സ) അരുളി: അതെ, പക്ഷേ, ഞാൻ ഒരിക്കലും തെറ്റായ കാര്യം പറയുകയില്ല. അബ്ദുല്ലാഹിബ്നു റവാഹ (റ)യുടെയും മറ്റു ചില കവികളുടെയും കവിതാശകലങ്ങൾ ചിലപ്പോൾ ഉദ്ധരിച്ചിരുന്നു. ഒരിക്കൽ തറഫതുബ്നുഅബ്ദിന്റെ ഒരു കവിത ഉദ്ധരിച്ചു: "നിങ്ങൾ യാതൊരു കൂലിയും നൽകാത്ത ആളുകളും ചിലപ്പോൾ നിനക്ക് വാർത്തകൾ എത്തിച്ചു തരും." മറ്റൊരിക്കൽ അരുളി: "കവികൾ പാടിയിട്ടുള്ളതിൽ ഏറ്റം സത്യമായ കവിത ലബീദിന്റെ ഈ കവിതയാണ്; 'അറിയുക, അല്ലാഹുവല്ലാത്ത ലോകവസ്തുക്കളെല്ലാം നശിക്കുന്നതാണ്." വേറൊരിക്കൽ ഒരു കല്ല് വിരലിൽ പതിഞ്ഞു രക്തം പൊടിഞ്ഞപ്പോൾ ഇപ്രകാരം കവിത ഉദ്ധരിച്ചു: "വിരലേ, രക്തം പൊടിയുകയല്ലാതെ മറ്റൊരു കുഴപ്പവും നിനക്കുണ്ടായില്ലല്ലോ? അല്ലാഹുവിന്റെ വഴിയിലാണല്ലോ ഈ പ്രയാസം ഉണ്ടായത്." ഹുനൈൻ യുദ്ധത്തിനിടയിൽ ഇപ്രകാരം പാടി: "ഞാൻ നബിയാണ്. ഇതിൽ യാതൊരു കളവുമില്ല. ഞാൻ അബ്ദുൽ മുത്തലിബിന്റെ സന്താനമാണ്."[17] മറ്റുള്ളവർക്കു പാടാൻ അനുമതി നൽകിയിരുന്നു. അത് ഇഷ്ടപ്പെടുകയും ചിലർക്ക് സമ്മാനം നൽകുകയും ചെയ്യുമായിരുന്നു. കഅ്ബുബ്നുമാലികി(റ)ന്റെ കവിത ശ്രവിക്കുകയും ഒരു പുതപ്പ് സമ്മാനമായി നൽകുകയുമുണ്ടായി. ജാബിറുബ്നുസമുറ(റ) വിവരിക്കുന്നു: "റസൂലുല്ലാഹി (സ)യുടെ നൂറിൽ പകരം സദസ്സുകളിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. ചിലപ്പോൾ സഹാബത്ത് കവിതകൾ ആലപിക്കുകയും ജാഹിലിയ്യാകാലത്തെ കഥാ-സംഭവങ്ങൾ അനുസ്മരിക്കുകയും ചെയ്തിരുന്നു. റസൂലുല്ലാഹി (സ) അതിനെ തടയാതെ നിശ്ശബ്ദമായി കേട്ടിരിക്കുമായിരുന്നു. ചിലപ്പോൾ പുഞ്ചിരി തൂകുകയും ചെയ്തിരുന്നു." ഹസ്സാനുബ്നു സാബിതി(റ)ന് മസ്ജിദിൽ ഒരു മിൻബർ സ്ഥാപിച്ചു കൊടുത്തു. അദ്ദേഹം അതിൽ നിന്നു കൊണ്ട് റസൂലുല്ലാഹി (സ)യെ പ്രശംസിച്ചും നിഷേധികളെ പ്രതിരോധിച്ചും കവിതകൾ പാടിയിരുന്നു. ഒരിക്കൽ അരുളി: "ഹസ്സാൻ ദീനിന്

www.abulhasanalinadwi.org

വേണ്ടി പ്രതിരോധമോ റസൂലുല്ലാഹിയുടെ ഭാഗത്ത് നിന്നു മറുപടിയോ പറയുന്ന കാലത്തോളം, റൂഹുൽ ഖുദ്സിനെ കൊണ്ട് അല്ലാഹു ഹസ്സാനെ സഹായിക്കുന്നതാണ്."

വിശ്രമിക്കാനുദ്ദേശിക്കുമ്പോൾ വലത് കൈ വലത് കവിളിനടിയിൽ വെച്ചു കൊണ്ട് പറയുമായിരുന്നു:

رَبِّ قِنِي عَذَابَكَ يَوْمَ تَبْعَثُ عِبَادَكَ

(രക്ഷിതാവേ, നിന്റെ ദാസൻമാരെ യാത്രയാക്കുന്ന ദിവസം, നിന്റെ ശിക്ഷ യിൽ നിന്നും എന്നെ കാത്ത് രക്ഷിക്കേണമേ!) വിരിപ്പിലേക്ക് പോകുമ്പോൾ പറയുമായിരുന്നു:

اَللّٰهُمَّ بِاسْمِكَ اَمُوتُ وَاَحْيٰى

(അല്ലാഹുവേ, നിന്റെ നാമത്തിൽ ഞാൻ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു.) ഉണരുമ്പോൾ പറഞ്ഞിരുന്നു:

اَلْحَمْدُ لِلّٰهِ الَّذِي اَحْيَانَا بَعْدَ مَا اَمَاتَنَا وَاِلَيْهِ النُّشُورُ

(അല്ലാഹുവിനാണ് സർവസ്തുതിയും. നമ്മുടെ മരണത്തിന് ശേഷം അവൻ നമുക്ക് ജീവൻ നൽകി. അവനിലേക്കാണ് മടക്കം.)

റസൂലുല്ലാഹി (സ) ഉറങ്ങിയിരുന്ന വിരിപ്പ് തോല് കൊണ്ടുള്ളതായി രുന്നു. ഈത്തപ്പന തൊലി അതിൽ നിറച്ചിരുന്നു. റസൂലുല്ലാഹി (സ) രോഗിയെ സന്ദർശിച്ചിരുന്നു. ജനാസസംസ്കരണത്തിൽ പങ്കെടുത്തിരുന്നു. അടിമയുടെ ക്ഷണം പോലും സ്വീകരിച്ചിരുന്നു. പഴകിയ ഒരു ഒട്ടകക്കട്ടി ലിലിരുന്നാണ് ഹജ്ജ് ചെയ്തത്. നാല് ദിർഹം പോലും വില വരാത്ത ഒരു തുണി അതിൽ വിരിച്ചിരുന്നു. ഒരിക്കൽ അരുളി: "ഒരു ആടിന്റെ കാൽ സംഭാവന നൽകിയാലും ഞാൻ സ്വീകരിക്കും. അത് ഭക്ഷിക്കാൻ ക്ഷണി ച്ചാൽ ഞാൻ പോവുകയും ചെയ്യും." അനിഷ്ടകരമായ കാര്യം ആരോടും നേരിട്ട് തടഞ്ഞിരുന്നില്ല. ഹദ്യ (സംഭാവന) സ്വീകരിക്കുകയും പകരം നൽകുകയും ചെയ്തിരുന്നു. മറയിൽ കഴിയുന്ന കന്യകയെക്കാൾ ലജ്ജ പുലർത്തിയിരുന്നു. അതൃപ്തി വല്ലതും ഉണ്ടായാൽ വദനത്തിൽ നിന്ന് തന്നെ തിരിച്ചറിയാൻ കഴിയുമായിരുന്നു.[18]

www.abulhasanalinadwi.org

ഏഴ്

# ആത്മസംസ്കരണം

ഏതാനും ആയത്തുകളും ഹദീസുകളുമാണ് ഈ അധ്യായത്തിലെ ഇതിവൃത്തം. ആത്മീയ രോഗങ്ങൾക്കും പിശാചിന്റെയും മനസ്സിന്റെയും വിഷമങ്ങൾക്കുമുള്ള സിദ്ധൗഷധവും ഒറ്റമൂലിയുമാണത്. ആത്മവിശുദ്ധിക്കും സ്വഭാവസംസ്കരണത്തിനും ആവശ്യമായ അടിസ്ഥാന അധ്യാപനങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. കാരണം, ഇതിൽ ഒന്നാം ഭാഗം, തത്വദീക്ഷയുള്ളവനും സർവജ്ഞനുമായ അല്ലാഹുവിന്റെ തിരുവചനങ്ങളാണ്. മനുഷ്യന്റെയും മനസ്സിന്റെയും സ്രഷ്ടാവും നിയന്താവും അല്ലാഹു തന്നെയാണ്. അല്ലാഹു അറിയിക്കുന്നു: "സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം)അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു."[1]

ഇതിന്റെ രണ്ടാം ഭാഗം പാപ സുരക്ഷിതനായ റസൂലുല്ലാഹി (സ)യുടെ പുണ്യ ഉപദേശങ്ങളാണ്. ആത്മസംസ്കരണത്തിനും കിതാബും ഹിക്മത്തും പഠിപ്പിക്കാനും റസൂലുല്ലാഹി (സ)യെയാണ് അല്ലാഹു അയച്ചത്. തങ്ങൾ തന്നെ അരുളി: "എന്റെ നാഥൻ, എന്നിൽ ശിക്ഷണം നൽകി. വളരെ നല്ല ശിക്ഷണങ്ങൾ നൽകി."[2]

നിഷ്കളങ്കത, മനക്കരുത്ത്, സത്യസന്ധത എന്നിവ മുറുകെ പിടിച്ചുകൊണ്ട് ഈ വിശുദ്ധ വചനങ്ങൾ ഒരാൾ പാരായണവും പഠനവും പരിചിന്തനവും നടത്തുകയും ഉൾക്കൊള്ളുകയും ചെയ്താൽ ആത്മവിശുദ്ധിയുടെ അനർഘ നിധി അവൻ കരസ്ഥമാക്കും. വിശുദ്ധിയുടെയും വിജയത്തിന്റെയും സമുന്നത മേഖലകളിലേക്ക് അവൻ ഉയരും. ഒരു സമൂഹം ഇവയെ അടിസ്ഥാനമായി സ്വീകരിച്ച് പകർത്തിയാൽ അവർ മാതൃകാ സമൂഹമായി മാറുന്നതാണ്.

## പരിശുദ്ധ ഖുർആൻ സൂക്തങ്ങൾ

### ഉദ്ദേശ്യ ശുദ്ധി

"കീഴ്വഴക്കം അല്ലാഹുവിന് [illegible] കൊണ്ട് ഋജുമനസ്കരായ

നിലയിൽ അവനെ ആരാധിക്കാനും നമസ്കാരം നിലനിർത്തുവാനും, സകാത്ത് നൽകാനും തന്നെയാണ് അവരോട് കൽപിക്കപ്പെട്ടിട്ടുള്ളത്. അതത്രെ വക്രതയില്ലാത്ത മതം."[3]

"അറിയുക അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം."[4]

**സത്യസന്ധമായ തൗബ**

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. എന്നാൽ നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായിച്ച് കളയുകയും താഴ്ഭാഗത്തു കൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്."[5]

**സഹനം, വിട്ടുവീഴ്ച, മാപ്പ്**

"വല്ലവനും ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അത് ദൃഢചിത്തതയോടെ ചെയ്യേണ്ട കാര്യങ്ങളിൽപ്പെട്ടതാണ്."[6]

**ധ്യാനം**

"നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളോടൊപ്പമുണ്ട്."[7]

കണ്ണുകളുടെ കള്ളനോട്ടവും ഹൃദയങ്ങൾ മറച്ചു വയ്ക്കുന്നതും അവൻ അറിയുന്നു."[8]

**ഭയഭക്തി, വാക്കും പ്രവൃത്തിയും ശരിയാക്കൽ**

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ടതുപോലെ സൂക്ഷിക്കുക."[9] "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചൊവ്വായ വാചകം പറയുകയും ചെയ്യുക."[10]

**യഖീൻ, തവക്കുൽ**

"അല്ലാഹുവിന്റെ മേലാണ് വിശ്വാസികൾ ഭരമേൽപിക്കേണ്ടത്."[11] "ഒരിക്കലും മരിക്കാതെ ജീവിച്ചിരിക്കുന്നവനെ നീ ഭരമേൽപിക്കുക."[12]

**അടിയുറപ്പ്**

"ആകയാൽ നീ കൽപിക്കപ്പെട്ടത് പോലെ നീയും നിന്നോടൊപ്പം മടങ്ങിയവരും നേരായ മാർഗത്തിൽ നിലകൊള്ളുക."[13]

"ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല, അവർ ദുഃഖിക്കേണ്ടിവരികയുമില്ല. അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. അവർ പ്രവർത്തിച്ചിരുന്നതിന്റെ പ്രതിഫലമത്രെ അത്."[14]

www.abulhasanalinadwi.org

**കിതാബും സുന്നത്തും മുറുകെപ്പിടിക്കൽ**

"ഇനി, വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക."[15] "നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്നു അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്നു നിങ്ങൾ ഒഴിഞ്ഞു നിൽക്കുക."[16]

**അല്ലാഹുവിനെയും റസൂലിനെയും സ്നേഹിക്കുക**

"സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ."[17]

"നബിയേ പറയുക, നിങ്ങളുടെ മാതാപിതാക്കളും നിങ്ങളുടെ പുത്രൻമാരും, നിങ്ങളുടെ സഹോദരങ്ങളും നിങ്ങളുടെ ഇണകളും നിങ്ങളുടെ ബന്ധുക്കളും നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിലുള്ള സമരത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ ശിക്ഷ കൊണ്ടുവരുന്നതിനെ നിങ്ങൾ കാത്തിരിക്കുക."[18]

**തഖ്‌വയിലും നൻമയിലും സഹകരണം**

"നൻമയിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങളന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു."[19]

**ഇസ്‌ലാമിക സാഹോദര്യം**

"നിശ്ചയം സത്യവിശ്വാസികൾ സഹോദരന്മാരാണ്."[20]

**വിശ്വസ്തത**

"വിശ്വസിച്ച് ഏൽപിക്കപ്പെട്ട അമാനത്തുകൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തു വീട്ടുക."[21]

**യോജിപ്പ്, രഞ്ജിപ്പ്**

"അവരുടെ രഹസ്യ ആലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. വല്ല ദാനധർമവും ചെയ്യാനോ സദാചാരം കൈക്കൊള്ളാനോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കാനോ കൽപിക്കുന്ന ആളുടെ വാക്ക് ഒഴികെ."[22]

"അല്ലാഹുവെ സൂക്ഷിക്കുകയും നിങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ നന്നാക്കിത്തീർക്കുകയും ചെയ്യുക."[23]

**വിനയം, മൃദുലത**

"സത്യവിശ്വാസികളോട് വിനയപൂർവം സഹവർത്തിക്കുക."[24] "നീ അനാഥയെ അടിച്ചമർത്തരുത്. ചോദിച്ച് വരുന്നവരെ നീ വിരട്ടി വിടുകയും ചെയ്യരുത്."[25]

www.abulhasanalinadwi.org

**നബിചര്യ അനുകരിക്കുക**

"നബിയേ പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ."[26]

**ഭയം, പ്രതീക്ഷ**

"നിങ്ങൾ എന്നെ മാത്രം ഭയപ്പെടുക."[27]

"പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചു പോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും."[28]

"നഷ്ടം പറ്റിയ ഒരു ജനവിഭാഗമല്ലാതെ അല്ലാഹുവിന്റെ തന്ത്രത്തെപ്പറ്റി നിർഭയരാകുകയില്ല."[29]

നിഷേധികളായ ജനങ്ങളല്ലാതെ അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസത്തെപ്പറ്റി നിരാശപ്പെടുകയില്ല, തീർച്ച."[30]

**വിരക്തി, തൃപ്തി**

"സ്വത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽക്കർമങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷ നൽകുന്നതും."[31] ഈ ഐഹിക ജീവിതം വിനോദവും കളിയുമല്ലാതെ മറ്റൊന്നുമല്ല. തീർച്ചയായും പരലോകം തന്നെയാണ് യഥാർത്ഥ ജീവിതം. അവർ മനസ്സിലാക്കിയിരുന്നെങ്കിൽ."[32]

**ആത്മ ത്യാഗം**

"അൻസാരികളായ സഹാബികൾ, അവർക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹത്തെക്കാൾ മറ്റുള്ളവർക്ക് പ്രാധാന്യം നൽകിയിരുന്നു."[33]

"ആഹാരത്തോട് പ്രിയമുള്ളതോട് കൂടി അഗതിക്കും അനാഥയ്ക്കും തടവുകാരന്നും അവരത് നൽകുകയും ചെയ്യുന്നു."[34]

**അഹന്ത, നാശമുണ്ടാക്കൽ**

"ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപ്പെടുത്തിക്കൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്കനുകൂലമായിരിക്കും."[35]

**സത്സ്വഭാവം, ആത്മനിയന്ത്രണം**

"കോപം ഒതുക്കിവയ്ക്കുകയും മനുഷ്യർക്ക് മാപ്പ് നൽകുകയും ചെയ്യുന്നവർക്ക് വേണ്ടി സ്വർഗം തയ്യാറാക്കപ്പെട്ടിരിക്കുന്നു. സൽക്കർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു."[36]

www.abulhasanalinadwi.org

"നീ വിട്ടുവീഴ്ച സ്വീകരിക്കുകയും സദാചാരം കൽപിക്കുകയും അവിവേകികളെ വിട്ട് തിരിഞ്ഞു കളയുകയും ചെയ്യുക."[37]

**സജ്ജന സഹവാസം**

"തങ്ങളുടെ രക്ഷിതാവിന്റെ പ്രീതി ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നവരുടെ കൂടെ നീ നിന്റെ മനസ്സിനെ അടക്കി നിർത്തുക."[38]

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും സത്യവാന്മാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക."[39]

**മുസ്ലിംകളോടുള്ള കടമകൾ**

"സത്യവിശ്വാസികളേ, ഒരു ജനവിഭാഗം മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരെക്കാൾ നല്ലവരായിരുന്നേക്കാം. ഒരു വിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളെയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരെക്കാൾ നല്ലവരായിരുന്നേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്ക് പറയരുത്. നിങ്ങൾ പരിഹാസപ്പേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും അരുത്. സത്യവിശ്വാസം കൈക്കൊണ്ടതിന് ശേഷം അധാർമികമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത! വല്ലവനും പശ്ചാത്തപിക്കാത്ത പക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ."[40] "സത്യവിശ്വാസികളേ, ഊഹത്തിൽ നിന്ന് മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ മറ്റുള്ളവരുടെ കുറ്റങ്ങൾ തേടിപ്പിടിക്കുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചു പറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചു കിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളിൽ ആരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നൽ) നിങ്ങൾ വെറുക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു."[41]

"സത്യവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും അവർ (തെറ്റായി) യാതൊന്നും ചെയ്യാതിരിക്കെ, ശല്യപ്പെടുത്തുന്നവരാരോ അവർ അപവാദവും പ്രത്യക്ഷമായ പാപവും പേറിയിരിക്കുകയാണ്."[37] "നിങ്ങൾ അപവാദം കേട്ട സമയത്ത് സത്യവിശ്വാസികളായ സ്ത്രീകളും പുരുഷന്മാരും തങ്ങളുടെ സ്വന്തം ആളുകളെപ്പറ്റി എന്തുകൊണ്ട് നല്ലത് വിചാരിക്കുകയും ഇത് വ്യക്തമായ നുണ തന്നെയാണ് എന്ന് പറയുകയും ചെയ്തില്ല?"[42]

www.abulhasanalinadwi.org

# പുണ്യ ഹദീസുകൾ

**ഉദ്ദേശ്യ ശുദ്ധിയും പ്രതിഫലേഛയും**

1. "തീർച്ചയായും മുഴുവൻ കർമങ്ങളുടെയും അടിസ്ഥാനം ഉദ്ദേശ്യങ്ങളുടെ മേലാണ്. ഉദ്ദേശിച്ച കാര്യം ഓരോരുത്തർക്കും നൽകപ്പെടുന്നതാണ്. അപ്പോൾ അല്ലാഹുവിലേക്കും റസൂലിലേക്കും ഹിജ്റ ചെയ്തവന്റെ ഹിജ്റ, അല്ലാഹുവിലേക്കും റസൂലിലേക്കും ഉള്ളതാണ്. ഭൗതിക സമ്പാദ്യത്തിനോ ഏതെങ്കിലും സ്ത്രീയെ വിവാഹം കഴിക്കുന്നതിനോ ഹിജ്റ ചെയ്തവന്റെ ഹിജ്റ, അതിനുള്ള ഹിജ്റയായി ഗണിക്കപ്പെടുന്നതാണ്."[43]

2. "സത്യവിശ്വാസത്തോടെയും പ്രതിഫലം കാംക്ഷിച്ചുകൊണ്ടും ഒരാൾ നോമ്പനുഷ്ഠിച്ചാൽ അവന്റെ കഴിഞ്ഞ പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്. സത്യവിശ്വാസത്തോടെയും പ്രതിഫലം കാംക്ഷിച്ചുകൊണ്ടും ഒരാൾ ലൈലത്തുൽ ഖദ്റിൽ നിന്ന് നമസ്കരിച്ചാൽ അവന്റെ കഴിഞ്ഞ പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്."[44]

**ഈമാനിന്റെ നിബന്ധനകൾ, യഥാർത്ഥ മുസ്ലിമിന്റെ ഗുണങ്ങൾ**

3. "നിങ്ങളുടെ മനോഛ, ഞാൻ കൊണ്ടുവന്ന ദീനിന് അനുസൃതമാകുന്നത് വരെ നിങ്ങളിലാരും മുഅ്മിനാകുന്നതല്ല."[45]

4. "നിങ്ങളുടെ പിതാവ്, മക്കൾ, സകല മനുഷ്യരെക്കാളും ഞാൻ നിങ്ങൾക്ക് പ്രിയംകരനാകുന്നത് വരെ നിങ്ങൾ മുഅ്മിനാകുന്നതല്ല."[46]

5. "നിങ്ങളുടെ വ്യക്തിത്വങ്ങളെക്കാൾ ഞാൻ നിങ്ങൾക്ക് പ്രിയംകരനാകുന്നത് വരെ നിങ്ങൾ മുഅ്മിനാകുന്നതല്ല."[47]

6. "തനിക്ക് ഇഷ്ടപ്പെടുന്നത് സഹോദരനും ഇഷ്ടപ്പെടുന്നത് വരെ നിങ്ങൾ മുഅ്മിനാകുന്നതല്ല."[48]

7. "ആരുടെ നാക്കിൽ നിന്നും കയ്യിൽ നിന്നും മറ്റ് മുസ്ലിംകൾ രക്ഷപ്പെട്ടോ, അവനാണ് മുസ്ലിം. രക്തത്തിന്റെയും സമ്പത്തിന്റെയും വിഷയത്തിൽ ആരിൽ നിന്നു ജനങ്ങൾ നിർഭയനായോ അവനാണ് മുഅ്മിൻ."[49]

8. "മനസ്സും നാവും മുസ്ലിമാകുന്നത് വരെ ഒരാളും മുസ്ലിമാകുന്നതല്ല. ഒരാളുടെ അയൽവാസി അയാളുടെ ബവാഇഖിൽ നിന്നു നിർഭയനാകുന്നത് വരെ അയാൾ മുഅ്മിനാകുന്നതല്ല. ഇബ്നുമസ്ഊദ് ചോദിച്ചു: ബവാഇഖ് എന്നാൽ എന്താണ്? റസൂലുല്ലാഹി (സ) അരുളി: അക്രമവും അനീതിയും."[50]

9. "അനാവശ്യകാര്യങ്ങൾ വർജ്ജിക്കുന്നത് ഒരാളുടെ ഇസ്ലാമിന്റെ മേൻമയിൽപ്പെട്ടതാണ്."[51]

10. "മൂന്ന് കാര്യങ്ങൾ ഈമാനിന്റെ അടയാളങ്ങളിൽപ്പെട്ടതാണ്: ഞെരുക്കം ഉള്ളതിനോടൊപ്പം ചെലവഴിക്കൽ, സലാം പ്രചരിപ്പിക്കൽ, സ്വന്തം കാര്യത്തിലും നീതി മുറുകെ പിടിക്കൽ."[52]

11. "വിശ്വസ്തതയില്ലാത്തവന് ഈമാനില്ല. കരാർ പാലിക്കാത്തവന് ദീനുമില്ല. മൂന്ന് മഹൽ ഗുണങ്ങൾ ഉള്ളവർ ഈമാനിന്റെ മാധുര്യം അനു

www.abulhasanalinadwi.org

ഭവിക്കുന്നതാണ്. അല്ലാഹുവും റസൂലും ഏറ്റവും പ്രിയംകരമായിരിക്കുക, അല്ലാഹുവിന് വേണ്ടി മാത്രം മറ്റുള്ളവരെ സ്നേഹിക്കുക, കുഫ്റിലേക്ക് മടങ്ങലിനെ, തീയിൽ എറിയപ്പെടുന്നത് പോലെ ഭയപ്പെടുക."[53]

12. "ദീൻ എന്നാൽ ഗുണകാംക്ഷയാണ്. ഞങ്ങൾ ചോദിച്ചു: ആരോടെല്ലാമാണ് ഗുണകാംക്ഷ പുലർത്തേണ്ടത്? റസൂലുല്ലാഹി (സ) അരുളി: അല്ലാഹുവിനോട്, അവന്റെ കിതാബിനോട്, അവന്റെ റസൂലിനോട്, മുസ്‌ലിം നേതാക്കളോട്, പൊതു മുസ്‌ലിംകളോട്."[54]

13. "മുനാഫിഖിന് (കപട വിശ്വാസി) മൂന്ന് അടയാളങ്ങളുണ്ട്. സംസാരിച്ചാൽ കളവ് പറയുക. വാഗ്ദാനം ചെയ്താൽ ലംഘിക്കുക. വിശ്വസിച്ച് വല്ലതും ഏൽപിച്ചാൽ വഞ്ചന കാട്ടുക." [55]

14. "ലജ്ജ ഈമാനിന്റെ ഒരു പ്രധാന ഭാഗമാണ്."[56]

15. "നിഷിദ്ധമായ കാര്യങ്ങൾ വർജ്ജിക്കുക; അല്ലാഹുവിന്റെ ഉത്തമ അടിമയായിത്തീരും. അല്ലാഹു നിങ്ങൾക്ക് വിധിച്ചതിൽ തൃപ്തിപ്പെടുക; നിങ്ങൾ ഏറ്റവും വലിയ അനാശ്രിതനാകും. അയൽവാസിക്ക് ഗുണം ചെയ്യുക; മുഅ്മിനായിത്തീരും. നിങ്ങൾക്ക് ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്കും ഇഷ്ടപ്പെടുക; യഥാർത്ഥ മുസ്‌ലിമാകുന്നതാണ്. അധികമായി ചിരിക്കരുത്; അധികരിച്ച ചിരി മനസ്സിനെ നിർജീവമാക്കുന്നതാണ്."[57]

**നബവി അധ്യാപനങ്ങളിൽ അധിഷ്ഠിതമായ ഇസ്‌ലാമിക സമൂഹം**

16. "അറിയുക: മുസ്‌ലിം മുസ്‌ലിമിന്റെ സഹോദരനാണ്. അതു കൊണ്ട്, തനിക്ക് അനുവദനീയമാകുന്ന കാര്യങ്ങൾ മാത്രമേ, മറ്റ് മുസ്‌ലിംകളോടും അനുവദനീയമാകുകയുള്ളൂ."[58]

17. "നിങ്ങൾ പരസ്പരം അസൂയ പുലർത്തരുത്. ക്രയവിക്രയങ്ങളിൽ വഞ്ചന കാട്ടരുത്. പരസ്പരം പരദൂഷണം പറയരുത്. മറ്റുള്ളവരുടെ കച്ചവടത്തിന് മീതെ കച്ചവടം ചെയ്യരുത്. അല്ലാഹുവിന്റെ ദാസൻമാരേ, നിങ്ങൾ പരസ്പരം സഹോദരങ്ങളാകുക. മുസ്‌ലിം മുസ്‌ലിമിന്റെ സഹോദരനാണ്. അവൻ സഹോദരനെ അക്രമിക്കുകയില്ല. നിസ്സഹായനായി വിടുകയില്ല. നിന്ദ്യനായി കാണുകയില്ല. തുടർന്ന് നെഞ്ചിലേക്ക് ആംഗ്യം കാണിച്ചു കൊണ്ട് മൂന്ന് പ്രാവശ്യം പറഞ്ഞു: 'തഖ്‌വ ഇവിടെയാണ്.' ഒരു മുസ്‌ലിം സഹോദരനെ നിന്ദ്യനായി കാണുന്നത്തന്നെ ഒരാളിൽ തിൻമയുള്ളതിനുള്ള തെളിവാണ്. ഒരു മുസ്‌ലിമിന്റെ രക്തവും സമ്പത്തും അഭിമാനവും മറ്റ് മുസ്‌ലിമിന്റെ മേൽ നിഷിദ്ധമാണ്."[59]

18. "തന്റെ സഹോദരനോട് മൂന്ന് ദിവസത്തിൽ കൂടുതൽ പിണങ്ങിയിരിക്കൽ, അതായത് പരസ്പരം കണ്ടു മുട്ടുമ്പോൾ രണ്ട് പേരും മുഖം തിരിച്ച് നടക്കൽ ഒരു വ്യക്തിക്കും അനുവദനീയമല്ല. സലാം പറഞ്ഞു ആരംഭിക്കുന്നവരാണ് അവരിൽ ഉത്തമൻ."[60]

19. "ഒരു മുഅ്മിൻ, മറ്റൊരു മുഅ്മിനിന്റെ കണ്ണാടിയാണ്. അവർ പരസ്പരം സഹോദരങ്ങളാണ്. ഒരാൾ മറ്റൊരാളുടെ ഭൂമി സംരക്ഷിക്കും. സഹോദരൻ ഇല്ലാത്തപ്പോൾ അയാളുടെ കാര്യങ്ങൾ നോക്കിനടത്തും."[61]

www.abulhasanalinadwi.org

20. "നോമ്പ്, നമസ്കാരം, ദാനം എന്നിവയുടെ സ്ഥാനത്തെക്കാൾ സമുന്നതമായ കാര്യം പറഞ്ഞു തരട്ടേ? സഹാബത്ത് പറഞ്ഞു: തീർച്ചയായും പറഞ്ഞു തന്നാലും! റസൂലുല്ലാഹി (സ) അരുളി: പരസ്പര ബന്ധം നന്നാക്കുക. ബന്ധങ്ങൾ നാശമാക്കിയാൽ ദീനിനെ അത് വടിച്ചു കളയും."[62]

21. "നൻമകളിൽ ഒന്നിനെയും നിന്ദ്യമായികാണരുത്. അത്, നിന്റെ സഹോദരനെ പ്രസന്ന വദനത്തോടെ കാണുന്നതായിരുന്നാലും ശരി."[63]

22. "പരസ്പരം കാരുണ്യം, സ്നേഹം, സഹാനുഭൂതി എന്നീ വിഷയങ്ങളിൽ സത്യവിശ്വാസികൾ ഒരു ശരീരത്തെപ്പോലെയാണെന്നു കാണാൻ കഴിയും. ഒരവയവത്തിന് വല്ല പ്രയാസവും ഉണ്ടായാൽ, ശരീരം മുഴുവൻ പനിയിലും ഉറക്കമില്ലായ്മയിലും പങ്കെടുക്കുന്നു."[64]

23. "സൃഷ്ടികളെല്ലാം അല്ലാഹുവിന്റെ കൂട്ടുകുടുംബമാണ്. അവന്റെ കുടുംബത്തോട് ഉപകാരപൂർവം വർത്തിക്കുന്നവനാണ് അല്ലാഹുവിങ്കൽ ഏറ്റം പ്രിയംകരൻ."[65]

24. "അയൽവാസിയെ അനന്തരാവാകശിയാക്കുമോ എന്ന് എനിക്ക് തോന്നത്തക്കവിധം ജിബ്രീൽ (അ) അയൽവാസിക്ക് ഗുണം ചെയ്യുന്നതിനെക്കുറിച്ച് എന്നെ ഉപദേശിക്കുകയുണ്ടായി."[66]

25. "കരുണ കാട്ടുന്നവരോട് കാരുണ്യവാനായ അല്ലാഹുവും കരുണ ചൊരിയുന്നതാണ്. ഭൂമിയിലുള്ളവരോട് നിങ്ങൾ കരുണ കാട്ടുക. ആകാശത്തുള്ളവൻ നിങ്ങളോട് കരുണ ചൊരിയുന്നതാണ്."[67]

**സ്വർഗപ്രവേശനത്തിന് തടസ്സമാകുന്ന നാശകരമായ സ്വഭാവ കർമങ്ങൾ:**

26. "ബന്ധുത്വത്തെ മുറിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതല്ല."[68]

27. "ഏഷണിക്കാരൻ സ്വർഗത്തിൽ കടക്കുന്നതല്ല."[69]

28. "അസൂയയെ നിങ്ങൾ സൂക്ഷിക്കുക. കാരണം, ഉണക്ക വിറകിനെ തീ നശിപ്പിക്കുന്നത് പോലെ അത് നൻമയെ നശിപ്പിക്കുന്നതാണ്."[70]

29. "ഗതകാല സമൂഹങ്ങളുടെ രോഗങ്ങളായ അസൂയയും ശത്രുതയും നിങ്ങളിലേക്ക് ഇഴഞ്ഞ് വന്നിരിക്കുന്നു. അത് വടിച്ചുകളയുന്നതാണ്. അത് മുടിയെ വടിക്കുമെന്നല്ല ഞാൻ പറയുന്നത്. മറിച്ച്, അത് ദീനിനെ വടിച്ചു കളയുന്നതാണ്."[71]

30. "ആട്ടിൻകൂട്ടത്തിലേക്ക് വിടപ്പെട്ട വിശന്നരണ്ട ചെന്നായ്ക്കൾ ആടുകളെ നശിപ്പിക്കുന്നതിനെക്കാൾ കൂടുതലായി ഒരു വ്യക്തിയുടെ സമ്പത്തിലും സ്ഥാനത്തിലുമുള്ള ആർത്തി ദീനിനെ നശിപ്പിക്കുന്നതാണ്."[72]

**സ്വഭാവശുദ്ധി, ഭയഭക്തി, ബുദ്ധിയുടെ പ്രേരണ**

31. "എന്റെ രക്ഷിതാവ് എന്നോട് ഒമ്പത് കാര്യങ്ങൾ കൽപിച്ചിരിക്കുന്നു; രഹസ്യത്തിലും പരസ്യത്തിലും അല്ലാഹുവിനെ ഭയയ്ക്കുക. തൃപ്തിയിലും കോപത്തിലും നീതിയായ കാര്യം പറയുക. ഞെരുക്കത്തിലും വിശാലതയിലും മധ്യമരീതി സ്വീകരിക്കുക. എന്നോട് ബന്ധം മുറിച്ചവനുമായി ഞാൻ ബന്ധം ചേർക്കുക. എനിക്ക് തരാത്തവർക്ക് ഞാൻ

www.abulhasanalinadwi.org

കൊടുക്കുക. എന്നോട് അക്രമം കാട്ടിയവർക്ക് ഞാൻ മാപ്പ് കൊടുക്കുക. എന്റെ നിശ്ശബ്ദത ചിന്താവിചിന്തനങ്ങൾ ആയിരിക്കണം. എന്റെ സംസാരം ദിക്ർ ആയിരിക്കണം. എന്റെ നോട്ടം ഗുണപാഠം ഉൾക്കൊള്ളാനായിരിക്കണം. ഞാൻ നൻമ ഉപദേശിച്ചുകൊണ്ടിരിക്കുക."[73]

32. "ബന്ധം ചേർക്കുന്നവനോട് അതിന് പകരമായി ബന്ധം ചേർക്കുന്നവനല്ല ബന്ധം ചേർക്കുന്നവൻ. ബന്ധം മുറിക്കപ്പെട്ടവരോട് ബന്ധം ഇണക്കുന്നവനാണ് ബന്ധം ചേർക്കുന്നവൻ."[74]

33. "സ്വഭാവം ഏറ്റവും ഉത്തമനായവനാണ് ഏറ്റവും സമ്പൂർണനായ സത്യവിശ്വാസി. നിങ്ങളുടെ ഭാര്യമാരോട് നല്ല നിലയിൽ വർത്തിക്കുന്നവരാണ് നിങ്ങളിൽ ഉത്തമർ."[75]

34. "ഒരു മുഅ്മിൻ അവന്റെ സത്സ്വഭാവം കാരണം, നിരന്തരം നമസ്കരിക്കുന്ന നോമ്പുകാരന് തത്തുല്യമായ സ്ഥാനം കരസ്ഥമാക്കുന്നതാണ്."[76]

35. "സംശയകരമായ കാര്യത്തെ ഉപേക്ഷിച്ച് സംശയരഹിതമായ കാര്യത്തെ തിരഞ്ഞെടുക്കുക."[77]

36. "നിന്റെ മനസ്സിനോട് കാര്യങ്ങളെക്കുറിച്ച് ചോദിക്കുക. നിന്റെ മനസ്സിന് സമാധാനമുണ്ടായ കാര്യമാണ് നൻമ. മനസ്സിൽ സംശയവും ഇടയാട്ടവും സംഭവിച്ച കാര്യം തിൻമയാണ്. അത് നൻമയാണെന്ന് ജനങ്ങൾ വിധി പറഞ്ഞാലും ശരി."[78]

37. "നീ എവിടെയായിരുന്നാലും അല്ലാഹുവിനെ ഭയന്ന് കഴിയുക. തിൻമ വല്ലതും ഉണ്ടായിപ്പോയാൽ, ഉടനെ നൻമ ചെയ്യുക. അത് തിൻമയെ മായ്ക്കുന്നതാണ്. ജനങ്ങളോട് സത്സ്വഭാവത്തോടെ വർത്തിക്കുക."[79]

38. "രണ്ട് കാലുകൾക്കിടയിലുള്ളതും രണ്ട് താടിയെല്ലുകൾക്കിടയിലുള്ളതുമായ വസ്തുക്കളെ സൂക്ഷിക്കുമെന്ന് എന്നോട് ഉത്തരവാദിത്വം ഏൽക്കുന്നവന്, സ്വർഗം കൊണ്ട് ഞാനും ഉത്തരവാദിത്വം ഏറ്റിരിക്കുന്നു."[80]

39. "ഭയമുള്ളവൻ രാത്രി നേരത്തെ യാത്ര തിരിക്കും. രാത്രി യാത്ര തിരിക്കുന്നവൻ ലക്ഷ്യസ്ഥാനത്തെത്തിച്ചേരും. അറിയുക: അല്ലാഹുവിന്റെ ചരക്ക് വിലപിടിച്ചതാണ്. അറിയുക: അല്ലാഹുവിന്റെ ചരക്ക് സ്വർഗമാണ്."[81]

40. "പരലോകത്തെ ചിന്താബിന്ദുവാക്കിയവന്റെ മനസ്സിനെ അല്ലാഹു ധന്യമാക്കുന്നതും അവന്റെ ചിതറിയ കാര്യങ്ങൾ ഒരുമിച്ച് ചേർക്കുന്നതും ദുൻയാവ് നിന്ദ്യതയോടെ അവനരികിൽ വന്ന് ചേരുന്നതുമാണ്. ഇഹലോകത്തെ ചിന്താകേന്ദ്രമാക്കിയവന്റെ കൺമുമ്പിൽ അല്ലാഹു ദാരിദ്ര്യത്തെ നിറുത്തുന്നതും അവന്റെ കാര്യങ്ങൾ ചിതറിത്തെറിപ്പിക്കുന്നതുമാണ്. ദുൻയാവിൽ നിന്നും അവന് വിധിക്കപ്പെട്ടത് മാത്രമേ പറിക്കുകയുമുള്ളൂ."[82]

41. "സ്വന്തം ആത്മാവിനെ വിചാരണ ചെയ്ത് നിയന്ത്രിക്കുകയും മരണാനന്തര ജീവിതത്തിന് വേണ്ടി കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവനാണ് ബുദ്ധിമാൻ. സ്വന്തം മനോഛയുടെ പിന്നാലെ നീങ്ങുകയും അല്ലാഹുവിങ്കൽ പ്രതീക്ഷയർപ്പിച്ച് കഴിയുകയും ചെയ്യുന്നവനാണ് അശക്തൻ."[83]

www.abulhasanalinadwi.org

എട്ട്

# ഇസ്‌ലാമിക സംസ്കാരം

മനുഷ്യജീവിതത്തിന്റെ അഖിലമേഖലകളെയും ഉൾക്കൊണ്ട ഒരു മതമാണ് ഇസ്‌ലാം. പ്രത്യേകമായ വിശ്വാസവീക്ഷണങ്ങളിലൂടെ മനുഷ്യജീവിതത്തെ ഒരു പ്രത്യേക മൂശയിൽ വാർത്തെടുക്കാൻ ഇസ്‌ലാം ഉദ്ദേശിക്കുന്നു. ജീവിതത്തിന്റെയും സായത്തിന്റെയും ഒരു വലിയ ഭാഗത്ത് നിറഞ്ഞു നിൽക്കുന്ന ഒരു ആരാധനാരീതിയാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇസ്‌ലാമിലെ ആരാധനകൾക്കെല്ലാം പ്രത്യേകമായ നിയമ രീതികളുണ്ട്. ശുദ്ധിയെയും പാതിവ്രത്യത്തെയും കുറിച്ചുള്ള ഇസ്‌ലാമിക സങ്കൽപം വളരെ വിശിഷ്ടമാണ്. ശുദ്ധിയെന്നാൽ വൃത്തിയാണെന്നും പാതിവ്രത്യമെന്നാൽ വലിയ പാപങ്ങളിൽ നിന്നും ഒഴിഞ്ഞുമാറലാണെന്നും ഉള്ള വീക്ഷണം ഇസ്‌ലാം അംഗീകരിക്കുന്നില്ല. പ്രത്യുത, അവയെക്കാൾ വളരെ ആഴവും പരപ്പുമുള്ള ഒരാശയമാണ് ഇസ്‌ലാം അവ രണ്ടിനും നൽകുന്നത്. ഇത്തരുണത്തിൽ, ഇസ്‌ലാമിന് അതിന്റെ തനതായ സംസ്കാരവും അതിനനുയോജ്യവും സഹായകവുമായ അന്തരീക്ഷവും ഉണ്ടായിരിക്കൽ അത്യന്താപേക്ഷിതമാണ്.

ഇസ്‌ലാമിനും അതിന്റെ അനുയായികൾക്കും പാശ്ചാത്യസംസ്കാരവുമായി ബന്ധപ്പെട്ട് പോകുക സാധ്യമല്ല. കാരണം, ചരിത്രപരമായ ചില പ്രത്യേക പ്രേരണകളുടെ പിന്നിൽ, ഒരിക്കൽ കറകളഞ്ഞ ഭൗതിക പൂജയുടെയും മറ്റൊരിക്കൽ മതസംസ്കാരങ്ങളോടുള്ള ശത്രുതയുടെയും ചുറ്റുവട്ടത്തിൽ വളർന്നുയർന്ന ഒരു സംസ്കാരമാണത്. പാശ്ചാത്യ സംസ്കാരത്തിന്റെ ചരിത്രവും പ്രകൃതിയും നന്നായി നടപ്പിലാക്കുകയും അതിന്റെ കേന്ദ്രങ്ങളിൽ താമസിക്കുകയും ചെയ്ത ഒരു തത്വജ്ഞാനിയായ ഡോക്ടർ മുഹമ്മദ് ഇഖ്ബാൽ ചെറിയ ഒരു കവിതാശകലത്തിൽ അതിനെ പരിചയപ്പെടുത്തിയത് ഇപ്രകാരമാണ്: "ഈ സംസ്കാരത്തിന്റെ ആത്മാവ് ഒരിക്കലും പരിശുദ്ധമല്ല."

**ഇസ്‌ലാമിക-പാശ്ചാത്യ സംസ്കാരങ്ങളിലെ വൈരുധ്യങ്ങൾ**

ഇസ്‌ലാമിക സംസ്കാരത്തിൽ, മുഴുവൻ ഇബാദത്തുകളും ശുദ്ധിയു

മായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ, പാശ്ചാത്യ സംസ്കാരത്തിന് കൂടി പ്പോയാൽ വൃത്തി മാത്രമേ പരിചയമുള്ളൂ. കണ്ണ്, മനസ്സ്, വിചാരം ഇവ കളെ പരിശുദ്ധമാക്കി വയ്ക്കാൻ ഇസ്‌ലാം ഉപദേശിക്കുന്നു. പാശ്ചാത്യ സംസ്കാരം ഇവയിൽ നിയമത്തിന്റെ, കൂടിയപക്ഷം നാട്ടുനടപ്പിന്റെ പരി ധികളെ മാത്രം സൂക്ഷിച്ചാൽ മതിയെന്ന് വാദിക്കുന്നു. നാട്ടുനടപ്പും മറുക ക്ഷിയും എതിർക്കാത്തപക്ഷം ഒരു പ്രവർത്തനവും തിൻമയോ അശുദ്ധമോ അല്ലെന്നും പ്രചരിപ്പിക്കുന്നു. ഇസ്‌ലാമിക സംസ്കാരം ലജ്ജയും സൗന്ദ ര്യവും മറയ്ക്കുന്നതിനെ പ്രോൽസാഹിപ്പിക്കുന്നു. ശരീഅത്ത് അനുവദിച്ച മേഖലകളിൽ മാത്രമേ സൗന്ദര്യം പ്രകടിപ്പിക്കാൻ പാടുള്ളൂ എന്ന് ശക്ത മായി ഉണർത്തുന്നു. എന്നാൽ, പാശ്ചാത്യ സംസ്കാരത്തിന് നഗ്നതയും സൗന്ദര്യവും മറയ്ക്കുന്നതിന്റെ ബാലപാഠങ്ങൾ പോലും അജ്ഞാതമാണ്. അതിന്റെ യാത്രയുടെ തുടക്കത്തിൽ തന്നെ അതിനെതിരിൽ യുദ്ധ പ്രഖ്യാ പനം നടത്തുകയുണ്ടായി. ഇസ്‌ലാമിക സംസ്കാരം പുരുഷൻമാരും സ്ത്രീകളും സ്വതന്ത്രമായി കൂടിക്കലരുന്നതിനെ എതിർക്കുന്നു. അത് തന്നെ സമൂഹത്തിന് നാശകരവും നിരവധി തിൻമകളുടെ അടിസ്ഥാനവു മായി കാണുന്നു. പാശ്ചാത്യ സംസ്കാരം അതിനെ ജീവിതത്തിന്റെ അടി സ്ഥാനവും വ്യക്തമായ ഒരു യാഥാർത്ഥ്യവുമായി മനസ്സിലാക്കുന്നു.

ഈ അടിസ്ഥാന വൈരുധ്യങ്ങൾ കൂടാതെ ചിത്രം , പട്ടി, പുരുഷൻമാർ സ്വർണവും വെള്ളിയും പട്ടും ഉപയോഗിക്കൽ, അറിവിന്റെ വിഷയത്തി ലുള്ള സൂക്ഷ്മത തുടങ്ങി നിരവധി ശാഖാപരമായ കാര്യങ്ങളിൽ രണ്ട് വീക്ഷണങ്ങളും വ്യത്യസ്തവും വിരുദ്ധവുമാണ്. എന്തെല്ലാം തരത്തിലുള്ള വൈജ്ഞാനിക വ്യാഖ്യാനങ്ങൾ നടത്തിയാലും ചിത്രങ്ങൾ നല്ലതാണെന്ന് ഇസ്‌ലാം പറയുന്നില്ല. ഇസ്‌ലാമിന്റെ സത്യദൂതൻ അതിനോട് അകൽച്ചയും വെറുപ്പും പുലർത്തിയിരുന്നു. റസൂലുല്ലാഹി (സ) അരുളി: "ചിത്രവും പട്ടിയും ഉള്ള വീടുകളിൽ മലക്കുകൾ പ്രവേശിക്കുന്നതല്ല." പാശ്ചാത്യ സംസ്കാരത്തിൽ, ചിത്രമില്ലാതെ ആഹാരത്തിന്റെ ഉരുള ഉരുട്ടുക പോലും ബുദ്ധിമുട്ടാണ്. ചുരുക്കത്തിൽ, പാശ്ചാത്യ നാഗരികതയെ തിരഞ്ഞെടു ത്താൽ, ഇസ്‌ലാമിന്റെ പ്രധാന അധ്യാപനങ്ങളായ ശുദ്ധി, പാതിവ്രത്യം, ലജ്ജ, മറ, ലാളിത്യം, മധ്യമരീതി എന്നിവയിൽ നിലയുറപ്പിക്കുക സാധ്യ മല്ല. ഈ വിഷയങ്ങളിൽ പരിശുദ്ധമായ നബിചര്യ ഉപേക്ഷിക്കേണ്ടി വരു ന്നതാണ്.

ഈ കുഴപ്പങ്ങൾ നിരന്തരമായി പാശ്ചാത്യ സംസ്കാരങ്ങൾ തിരഞ്ഞെ ടുത്താൽ മാത്രമേ ഉണ്ടാകൂ എന്നും വിചാരിക്കരുത്. താൽക്കാലികമായി ആ സംസ്കാരത്തിൽ അൽപനേരം കഴിച്ചുകൂട്ടിയാലും ഈ ദുരിതങ്ങൾ സംഭവിക്കുന്നതാണ്. പാശ്ചാത്യ ശൈലിയിൽ ക്രമീകരിക്കപ്പെട്ട ഉയർന്ന ഹോട്ടലുകളിൽ താമസിച്ചാൽ ഇക്കാര്യം ഉടനെ വ്യക്തമായി അനുഭവ പ്പെടുന്നതാണ്. ഏഷ്യയിലോ അറബ് രാഷ്ട്രങ്ങളിലോ എന്നുവേണ്ട പുണ്യ നാടുകളിലെ മുന്തിയ ഹോട്ടലുകളിലെല്ലാം ശുദ്ധീകരണവും ആരാധന

www.abulhasanalinadwi.org

കളും അനുഷ്ഠിക്കുക ദുഷ്കരമാണ്. ചില വേള ശരീഅത്തിന്റെ നിയമങ്ങൾക്ക് എതിർ പ്രവർത്തിക്കേണ്ടതായും വരും.

ഇക്കാരണത്താൽ, ഈ ഗ്രന്ഥത്തിൽ വിവരിക്കപ്പെട്ട വിശ്വാസം, ആരാധനകൾ, സുന്നത്തുകൾ, ദിക്ർ-ദുആകൾ, സ്വഭാവം മുതലായ കാര്യങ്ങൾ ജീവിതത്തിൽ പകർത്തുന്നതോടൊപ്പം മാന്യ അനുവാചകർ ഒരു കാര്യത്തിൽ കൂടി പരിശ്രമിക്കുക; അതായത് നമ്മുടെ വീടുകളിലും പരിസരത്തും ഇസ്‌ലാമിക സംസ്കാരം നിലനിൽക്കണം. സ്ത്രീ-പുരുഷ സങ്കലനം, മറയില്ലായ്മ, ചിത്രങ്ങളുടെ സ്വതന്ത്രമായ ഉപയോഗം, വിശിഷ്യാ സിനിമ, ടി.വി, ഗാനമേള, മ്യൂസിക്, പട്ടിയെ തൊടൽ, സംശയകരമായ ആഹാരപാനീയങ്ങൾ മുതലായ പാശ്ചാത്യ നാഗരികതയുടെ ചിഹ്നങ്ങളിൽ നിന്നും കഴിയുന്നത്ര അകന്ന് നിൽക്കുക. ശറഇയ്യായ പർദ്ദ, ലജ്ജ, മറ, ശുദ്ധീകരണസൗകര്യം, ജല സജ്ജീകരണം, ഖിബ്‌ല അറിയാനുള്ള വഴി, വസ്ത്രങ്ങളുടെയും ഉപഭോഗ വസ്തുക്കളുടെയും ശറഇയ്യായ ശുദ്ധി, കുട്ടികളുടെ ദീനീ വിദ്യാഭ്യാസം, അവരുടെ ദീനീ ശിക്ഷണ-ശീലനങ്ങൾ എന്നിവയിൽ തികഞ്ഞ ജാഗ്രത മുറുകെ പിടിക്കുക. ഇവ കൂടാതെ സുന്നത്തായ രീതിയിൽ ജീവിക്കുന്നത് പോകട്ടെ ഇസ്‌ലാമിലെ നിർബന്ധ ബാധ്യതകൾ പോലും നിർവഹിക്കുക പ്രയാസകരമാകുന്നതാണ്. മാത്രമല്ല, ഇതിൽ മറ്റൊരു പ്രധാന പ്രശ്നവും കൂടിയുണ്ട്. പ്രത്യേക മതവും മാർഗവും ചുറ്റുപാടുകളുമുള്ള ഒരു സമൂഹത്തെ, അതിന്റെ തനതായ സംസ്കാരത്തിൽ നിന്നും അകറ്റുന്നത് അവരുടെ ജീവൻ കളയുന്നതിനും അവരുടെ മതത്തെ ഏതാനും ആചാരങ്ങളിൽ മാത്രം ഒതുക്കുന്നതിനും ഭൂതകാലത്ത് നിന്നും മുറിച്ചു മാറ്റുന്നതിനും തുല്യമാണ്. ഇതിലൂടെ അവരുടെ അടിസ്ഥാന വിശ്വാസ-ദർശനങ്ങൾ പോലും പതുക്കെ അവരിൽ നിന്നും ഇല്ലാതാകുന്നതും ചിന്താപരവും സാംസ്കാരികവുമായ വഴികേടിൽ കുടുങ്ങുന്നതുമാണ്. അങ്ങനെ, സാമൂഹ്യജീർണതയും കുടുംബത്തകർച്ചയും സ്വഭാവനാശങ്ങളും അവർക്കിടയിൽ പ്രത്യക്ഷപ്പെടും. ലഹരിപദാർത്ഥങ്ങൾ സ്വതന്ത്രമായി ഉപയോഗിച്ചു തുടങ്ങും. പാശ്ചാത്യലോകത്ത് പാരമ്യം പ്രാപിച്ചിരിക്കുന്ന ഈ നാശങ്ങൾ, പാശ്ചാത്യരെ കണ്ണടച്ച് അനുകരിക്കുന്ന നിരവധി മുസ്‌ലിം രാഷ്ട്രങ്ങളിലും പ്രത്യക്ഷപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

www.abulhasanalinadwi.org

**ഉപസംഹാരം**

# ചില അഭിപ്രായങ്ങൾ

**ദീ**നുൽ ഇസ്‌ലാമിന്റെ വിവേചന പ്രത്യേകതകൾ, ശരിയായ ഇസ്‌ലാമിക വിശ്വാസങ്ങൾ, റസൂലുല്ലാഹി (സ) ഇബാദത്തുകൾ നിർവഹിച്ച രീതികൾ, വിവിധ പതിവുകൾ നിർവഹിക്കുമ്പോഴുള്ള നബവീ ദിക്ർ-ദുആകൾ, അല്ലാഹുവിന്റെ പാതയിലുള്ള പോരാട്ടം, ഇലാഹീ വാക്യം ഉയർത്താനുള്ള ത്യാഗ പരിശ്രമങ്ങൾ, സ്വഭാവശുദ്ധീകരണം, നബവീ തിരുഗുണങ്ങൾ, മാതൃകാ പുരുഷനെ തയ്യാറാക്കാൻ പര്യാപ്തമായ ആയത്ത്-ഹദീസുകൾ എന്നീ വിഷയങ്ങളാണ് കഴിഞ്ഞ താളുകളിൽ വിവരിക്കപ്പെട്ടത്. സ്വന്തം സംസ്കരണവും വിജയ പുരോഗതികളും നിഷ്കളങ്കമായി ആഗ്രഹിക്കുകയും ആത്മാവിന്റെ ചതിക്കുഴികളിൽ കുടുങ്ങിക്കിടക്കാതിരിക്കുകയും ഈമാൻ, ഇഹ്സാനുകളുടെ സമുന്നതസ്ഥാനങ്ങളിൽ എത്തിച്ചേരാൻ കൊതിക്കുകയും, അല്ലാഹുവിന്റെ മഹത്തായ സാമീപ്യവും തിരുനബി (സ)യുടെ സമ്പൂർണ അനുധാവനവും കരസ്ഥമാക്കാൻ തയ്യാറാവുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ തൗഫീഖുണ്ടായാൽ ഈ വിഷയങ്ങൾ വളരെ ഉപകരിക്കുന്നതാണ്. അല്ലാഹു അരുളുന്നു: "നമ്മുടെ വഴിയിൽ (നമുക്ക് വേണ്ടി) ത്യാഗ പരിശ്രമങ്ങൾ നടത്തുന്നവർക്ക് തീർച്ചയായും നമ്മുടെ വഴികൾ നാം കാണിച്ചു കൊടുക്കുന്നതാണ്. അല്ലാഹു ഗുണവാൻമാരോടൊപ്പമത്രെ!"

ഇവിടെ അനുവാചകർക്ക് ന്യായമായ ഒരു സംശയമുദിക്കാൻ സാധ്യതയുണ്ട്; ഈ ചെറു ഗ്രന്ഥത്തിൽ പറയപ്പെട്ട വിഷയങ്ങളൊന്നും പുതിയ കാര്യങ്ങളല്ല. ഓരോ മുസ്‌ലിമിന്റെയും ജീവിതഭാഗമായ പരിശുദ്ധ ഖുർആനിന്റെയും പ്രചുരപ്രചാരം നേടിയ ഹദീസ് ഗ്രന്ഥങ്ങളുടെയും താളുകളിൽ ചിതറിക്കിടക്കുന്ന കാര്യങ്ങളാണ്. മുൻഗാമികളും പിൻഗാമികളുമായ ആധികാരിക പണ്ഡിതരായ പലരും ഈ വിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്. അതിൽ പല രചനകളും ഗ്രന്ഥകാരൻ തന്നെ തുടക്കത്തിൽ അനുസ്മരിച്ചിട്ടുമുണ്ട്. ഇവ ആധുനിക അഭിരുചിക്കിണങ്ങിയ നിലയിൽ

www.abulhasanalinadwi.org

സംഗ്രഹിക്കുകയല്ലാതെ നവനൂതന അറിവുകളൊന്നും ഇതിൽ അടക്കം ചെയ്തിട്ടില്ല. അതുകൊണ്ട് ഈ വിഷയങ്ങൾ പ്രയോഗവൽക്കരിക്കാനും ഇതിന്റെ ലക്ഷ്യത്തിലെത്തിച്ചേരുന്നതിനുമുള്ള വഴിയെന്ത്? പ്രത്യേകമായ പതിവുകൾക്കനുസൃതമായി നീങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ ജീവിതത്തിൽ ഈമാനിക ഗുണങ്ങളും ഇസ്‌ലാമിക സ്വഭാവങ്ങളും ഉണ്ടാക്കിയെടുക്കാൻ എന്തു ചെയ്യണം? പ്രയോജനം അനുഭവമാക്കുകയും മനസ്സിന് സമാധാനം പകരും വിധം മാറ്റം പ്രകടമാക്കുകയും ചെയ്യാൻ എവിടെ നിന്നു തുടങ്ങണം? എന്തിനെ മുന്തിക്കണം?

മഹത്തായ ഒരു ചോദ്യവും ആഗ്രഹവുമാണിത്. ഇതിന് മറുപടിയെന്നോണം ഏതാനും അനുഭവങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുകയാണ്. മനക്കരുത്ത്, ദൃഢനിശ്ചയം, യാഥാർത്ഥ്യബോധം, ഉദ്ദേശ്യശുദ്ധി എന്നീ മഹദ് ഗുണങ്ങൾ അല്ലാഹു കനിഞ്ഞരുളിയ അനുവാചകർക്ക് ഇവ നല്ല ഫലം ചെയ്യുമെന്നാണ് പ്രതീക്ഷ.

ആദ്യമായി പറയട്ടെ, ഈ ഗ്രന്ഥത്തെ നമ്മുടെ ജീവിത പദ്ധതിയും വിശ്വാസകർമങ്ങളുടെ വഴികാട്ടിയുമായി സ്വീകരിക്കാൻ തയ്യാറാവുക. മറ്റാർക്കും പങ്കില്ലാത്ത വിശിഷ്ടമായ അറിവുകൾ നൽകപ്പെട്ട ഒരു മഹാ ഗവേഷകന്റെയോ പണ്ഡിതവര്യന്റെയോ ഗ്രന്ഥമാണ് ഇതെന്ന നിലയിലല്ല. ഇത് തീർത്തും വാസ്തവ വിരുദ്ധമാണ്. ഗ്രന്ഥകാരന് തന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് നല്ല ബോധമുണ്ട്. മുഴുവൻ മുസ്‌ലിംകളും വിശിഷ്യാ, അഹ്‌ലുസ്സുന്നതി വൽജമാഅത്ത് ഏകോപിച്ചിട്ടുള്ള അത്യാവശ്യവും അടിസ്ഥാനപരവുമായ വിഷയങ്ങൾ ഈ രചനയിൽ സമ്മേളിച്ചിട്ടുണ്ട് എന്നതിനാലാണ് അങ്ങനെ പറഞ്ഞത്. അതുകൊണ്ട്, വായനാരസത്തിനോ ഗ്രന്ഥകാരനെ അളക്കാനോ ഈ ഗ്രന്ഥം വായിക്കാതെ ഇതിലുള്ള കാര്യങ്ങൾ പഠിച്ചു പകർത്തുക.

ഇനി ചോദ്യത്തിന്റെ ഉത്തരത്തിലേക്ക് കടക്കട്ടെ. നമ്മുടെ കർമസരണിയാക്കാൻ പര്യാപ്തമായ ഏതാനും കാര്യങ്ങൾ ഇവിടെ കൊടുക്കുന്നു. ബഹുമാന്യ അനുവാചകരോടൊപ്പം ഗ്രന്ഥകാരനെയും ഉൾപ്പെടുത്തുകയാണ്. കാരണം, ഇക്കാര്യങ്ങൾ പ്രയോജനപ്പെടുത്താൻ ഗ്രന്ഥകാരനും വലിയ ആവശ്യക്കാരനാണ്.

1. അല്ലാഹുവും റസൂലും ദീനീപ്രബോധനം ആരംഭിക്കാൻ തിരഞ്ഞെടുത്ത വിഷയം കൊണ്ട് തന്നെ നമുക്കും ആരംഭിക്കാം. അതായത്, ഏറ്റവും ആദ്യമായി നാം നമ്മുടെ വിശ്വാസം ശരിയാക്കുക. വിശ്വാസത്തിൽ ഒരു തരത്തിലും നാശവും ബലഹീനതയും ഉണ്ടാക്കാൻ അനുവദിക്കാത്ത പരിശുദ്ധ ഖുർആനിന്റെ വെളിച്ചത്തിൽ, നമ്മുടെ വിശ്വാസങ്ങൾ വിലയിരുത്തുക. കാരണം, ഖുർആൻ പരിശുദ്ധമായ ഒരു കണ്ണാടിയാണ്. അതിൽ ശ്രദ്ധിച്ച് നോക്കിയാൽ ഓരോരുത്തർക്കും അവനവന്റെ രൂപം വ്യക്തമായി കാണാൻ കഴിയുന്നതാണ്. അല്ലാഹുവിന്റെ ഔദാര്യം കൊണ്ട് മാത്രം, ഖുർആനിക ബോധനങ്ങളുടെയും നബവീ അധ്യാപനങ്ങളുടെയും തീവ്ര

www.abulhasanalinadwi.org

തയിൽ നിന്നും ജീർണതയിൽ നിന്നും സുരക്ഷിതരായ അഹ്ലുസ്സുന്ന ഉലമാഇന്റെ പഠനങ്ങളുടെയും രത്നച്ചുരുക്കം ഈ ഗ്രന്ഥത്തിൽ വന്നിട്ടുണ്ട്.

2. ഇസ്‌ലാമിന്റെ നാല് ഇബാദത്തുകൾ ബാഹ്യമായും ആന്തരികമായും പൂർത്തീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. ഈ വിഷയത്തിൽ, കഴിയുന്നത്ര റസൂലുല്ലാഹി(സ)യുടെ മാതൃക സ്വീകരിക്കാൻ പരിശ്രമിക്കുക. അതിന്, പരിപൂർണ ശ്രദ്ധാ ഗൗരവങ്ങളോടുകൂടി തിരുസുന്നത്തുകൾ മനസ്സിലാക്കുക. കാരണം, റസൂലുല്ലാഹി (സ)എല്ലാ കാര്യങ്ങളിലും സമുന്നതവും സർവസമ്പൂർണവുമായ മാതൃകയാണ്. ഇബാദത്തുകളുടെ കാര്യം മാത്രമല്ല, അവിടുത്തെ മുഴുവൻ ജീവിതഭാഗങ്ങളെയും കുറിച്ച് അല്ലാഹു അറിയിക്കുന്നു: "റസൂലുല്ലാഹിയുടെ ജീവിതത്തിൽ നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട്. അതായത്, അല്ലാഹുവിന്റെ തിരുദർശനവും പരലോകജീവിതവും ആഗ്രഹിക്കുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്."

റസൂലുല്ലാഹി (സ)യെ അനുകരിക്കുന്നതിനനുസരിച്ച് നമ്മുടെ ഇബാദത്തുകൾ സമ്പൂർണവും സ്വീകാര്യവും തൃപ്തികരവും ആയിത്തീരുന്നതാണ്. ഇബാദത്തുകൾ, ഇതര ദീനീ ബാധ്യതകൾ, ദഅ്‌വത്ത്, ജിഹാദ് എന്നീ കാര്യങ്ങളെക്കുറിച്ചുള്ള ചെറുതും വലുതുമായ സുന്നത്തുകളും പതിവുകളും ഹദീസ് ഗ്രന്ഥങ്ങളിൽ സമ്പൂർണമായി ശേഖരിക്കുന്നു. റസൂലുല്ലാഹി (സ)യുടെ അതുല്യമായ ഒരു പ്രത്യേകതയാണിത്.

റസൂലുല്ലാഹി (സ)യുടെ ഇബാദത്തുകളുടെ രൂപരീതികൾ അനുസരിച്ച് ശേഷം മറ്റൊരു കാര്യത്തിൽ കൂടി നാം ശ്രദ്ധിക്കണം. പ്രസ്തുത ഇബാദത്തുകളിൽ വിശിഷ്യാ, നമസ്കാരത്തിൽ അതിന്റെ യാഥാർത്ഥ്യവും ആത്മാവും ശക്തിയും ഉണ്ടായിത്തീരണം. എന്നാൽ, സ്വഭാവ-കർമങ്ങളിലും വ്യക്തിപരവും സാമൂഹ്യവുമായ ജീവിതത്തിലും അതിന്റെ പരിണിത ഫലങ്ങൾ പ്രകടമാകും. ഇലാഹീ സാമീപ്യത്തിലും യഖീൻ-മഅ്‌രിഫത്ത്-മുഹബ്ബത്തുകളിലും വർധനവുണ്ടായിത്തീരും.

3. അല്ലാഹുവിനോടുള്ള കടമയായ വിശ്വാസം, ഇബാദത്ത് എന്നിവ കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ടത് സൃഷ്ടികളോടുള്ള കടമകളാണ്. ഇബാദത്തുകളിലെ വീഴ്ചകൾ അല്ലാഹു മാപ്പാക്കിയേക്കാം. എന്നാൽ അടിമകളോടുള്ള കടമകളിൽ വീഴ്ച വരുത്തിയാൽ അത് മാപ്പാക്കാനുള്ള അധികാരം അടിമയ്ക്ക് മാത്രമാണ്. റസൂലുല്ലാഹി (സ) അരുളി: "ഏതെങ്കിലും സഹോദരനോടുള്ള കടമകളിൽ വല്ല വീഴ്ചയും വരുത്തിയവൻ, ദീനാറും ദിർഹമും ഒന്നും ഉണ്ടാകാത്ത ദിവസത്തിന് മുമ്പ് തന്നെ അത് മാപ്പ് ചെയ്യിച്ചുകൊള്ളട്ടെ! അന്ന്, വാദിയുടെ അവകാശത്തിന് അനുസൃതമായി പ്രതിയുടെ നൻമകൾ എടുത്തു കൊടുക്കുന്നതാണ്. നൻമകൾ ഒന്നും ഇല്ലെങ്കിൽ വാദിയുടെ തിൻമകൾ പ്രതിയുടെ ചുമലിൽ ചുമത്തുന്നതാണ്." "ശഹീദിന്റെ പാപങ്ങളെല്ലാം മാപ്പാക്കപ്പെടും, കടം ഒഴികെ." ഒരിക്കൽ റസൂലുല്ലാഹി (സ) ചോദിച്ചു: "ദരിദ്രൻ ആരാണ്? സഹാബത്ത് പറഞ്ഞു:

www.abulhasanalinadwi.org

'പണവും പണ്ടവും ഇല്ലാത്തവനാണ് ദരിദ്രൻ' റസൂലുല്ലാഹി (സ) അരുളി: 'എന്റെ സമുദായത്തിലെ ദരിദ്രൻ ഒരാളാണ്. അവൻ ഖിയാമത്ത് നാളിൽ നമസ്കാരം, നോമ്പ്, സകാത്ത് മുതലായ നൻമകളുമായി വരും. എന്നാൽ അവൻ ആരെയെങ്കിലും ചീത്ത വിളിക്കുകയും മറ്റൊരാളെക്കുറിച്ച് അപവാദം പറയുകയും വേറൊരാളുടെ സമ്പത്ത് അപഹരിക്കുകയും മറ്റു ചിലരുടെ രക്തം ചിന്തുകയും വേറെ ചിലരെ മർദിക്കുകയും ചെയ്തു കാണും. ഖിയാമത്ത് നാളിൽ ഇവർക്കെല്ലാം അവന്റെ നൻമകൾ എടുത്ത് നൽകപ്പെടും. അവസാനം നൻമകൾ തീരും. പക്ഷേ, പരാതി ബാക്കിയാകും. അപ്പോൾ അവരുടെ തിൻമകൾ ഇവന്റെ മേൽ ചുമത്തപ്പെടും. പിന്നീട് നരകത്തിലേക്ക് എറിയപ്പെടും."

ഖുർആൻ ആയത്തുകൾ ശരിവയ്ക്കുന്ന സഹീഹായ ഈ ഹദീസുകളുടെ വെളിച്ചത്തിൽ നിഷ്പക്ഷവും നിഷ്കളങ്കവുമായ നിലയിൽ നമ്മുടെ കഴിഞ്ഞതും നിലവിലുള്ളതുമായ അവസ്ഥകൾ നിരൂപണം ചെയ്യുക. കടം, ക്രയവിക്രയങ്ങൾ, പങ്കായ സ്വത്തുകൾ, അനന്തരസമ്പത്ത്, അഭിമാനക്ഷതം, അപവാദം, പരദൂഷണം എന്നീ വിഷയങ്ങളിൽ വല്ല ബാധ്യതയും നമ്മുടെ മേൽ അവശേഷിക്കുന്നുണ്ടോ എന്ന് ചിന്തിക്കുക. ഉണ്ടെങ്കിൽ, ഈ ലോകത്ത് വെച്ച് തന്നെ അത് ശരിയാക്കുക. ഒന്നുകിൽ അവകാശം കൊടുത്ത് വീട്ടുക. അല്ലെങ്കിൽ പരിപൂർണ മനസ്സോടെ മാപ്പാക്കിക്കുക. പരസ്പര ബാധ്യതകളുടെ വിഷയത്തിൽ നമ്മിൽ നിന്നും വലിയ പാളിച്ചകൾ സംഭവിക്കാറുണ്ട്. അതിൽ പലതും നാം ഗൗനിക്കാതെ ഇന്നും നമ്മുടെ മേൽ അവശേഷിക്കുന്നുമുണ്ട്. ഈ പ്രശ്നം അതീവഗൗരവമുള്ളതാണെന്നും മുൻഗണന കൊടുത്ത് പരിഹരിക്കേണ്ടതാണെന്നും ഉപരിസൂചിത ഹദീസുകൾ ഉണർത്തുന്നു. ഈ അപകടത്തിൽ നിന്നും രക്ഷപ്പെടുന്നതിന് ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ പഠിക്കലും പാലിക്കലും അത്യാവശ്യമാണ്.

4. ഇവക്ക് ശേഷം, സ്വഭാവം സംസ്കരിക്കാനും ആത്മാവ് ശുദ്ധീകരിക്കാനും മനസ്സിൽ നിന്നും മാലിന്യങ്ങൾ ദൂരീകരിച്ച് നൻമകൾ കൊണ്ട് അലങ്കരിക്കാനും പരിശ്രമിക്കുക. കാരണം, നബവീ അധ്യാപനങ്ങൾ പ്രയോജനപ്പെടുത്തുകയും 'ഇലാഹീനിറം' നിറം കൊള്ളുകയും ചെയ്യുന്ന വഴിയിൽ വലിയ ഒരു മറയാണ് ദുഃസ്വഭാവങ്ങൾ. ഇതിലൂടെ മനുഷ്യൻ·മനോഛയുടെ ഇരയും പിശാചിന്റെ കളിപ്പാട്ടവുമായി മാറുന്നതാണ്. ദീനീ വിഷയത്തിൽ അപകടത്തിലും നാശത്തിലും അകപ്പെടുത്തുന്ന പ്രധാന നിമിത്തമാണിത്. അല്ലാഹു ചോദിക്കുന്നു: "സ്വന്തം മനോഛയെ ആരാധ്യവസ്തുവാക്കിയ വ്യക്തിയെ താങ്കൾ കണ്ടിട്ടുണ്ടോ"?

ഈ വിഷയത്തിൽ ഖുർആനും സുന്നത്തും ഒരു അളവുകോലായി നാം സ്വീകരിക്കുക. ആത്മ സ്വഭാവശുദ്ധീകരണത്തിൽ അവയുടെ വചനങ്ങളെ വിധികർത്താവായി സ്വീകരിക്കുക. മനുഷ്യൻ എല്ലാ വലിയ ദൂരദർശിയും സൂക്ഷ്മ ദൃക്കുമായിരുന്നാലും ശരി കണ്ണാടിയിൽ മാത്രമേ സ്വന്തം

www.abulhasanalinadwi.org

മുഖം കാണാൻ കഴിയൂ. അഹന്ത, അസൂയ, അത്യാഗ്രഹം, ദുർമോഹം, പിശുക്ക്, ഉൾപോര്, ശത്രുത, ഭൗതിക സ്നേഹം, പണപ്രേമം, സഹോദരൻമാരെ നിന്ദിക്കൽ മുതലായ തന്റെ മാനസിക രോഗങ്ങളെ തിരിച്ചറിയുകയും അതിനെ ആത്മ ശത്രുവിനെപ്പോലെ നേരിടുകയും ചെയ്യുന്നവൻ വലിയ ഭാഗ്യവാനാണ്. റബ്ബാനിയ്യായ ആലിമുകളെ കണ്ടെത്തിയവനും മഹാഭാഗ്യശാലിയാണ്. കാരണം, നമ്മുടെ രഹസ്യരോഗങ്ങൾ അവർ ഉണർത്തുകയും അതിൽ നിന്നുള്ള രക്ഷാമാർഗം ചൂണ്ടിക്കാണിക്കുകയും അതിനുള്ള ലളിതമായ കർമഫലം വരച്ചു കാണിക്കുകയും ചെയ്യും. മറുഭാഗത്ത്, അവരുടെ ആത്മീയപ്രകാശം രോഗിയുടെ അകത്തളങ്ങളിൽ പ്രവേശിക്കും. അവരുടെ മഹനീയ ഗുണങ്ങൾ ശിഷ്യരിൽ പ്രതിധ്വനിക്കും. അവരുടെ സൂക്ഷ്മ ജീവിതത്തിൽ നിന്നും നിരവധി ഗുണപാഠങ്ങൾ ലഭിക്കുന്നതുമാണ്. ഇക്കാരണത്താൽ, ആത്മ ശുദ്ധീകരണത്തിനുള്ള ഏറ്റവും എളുപ്പ ചികിൽസയായി മഹാൻമാരുമായുള്ള സഹവാസത്തെ മുൻകാല ഘട്ടത്തിൽ ഗണിക്കപ്പെട്ടിരുന്നു. വലിയ വലിയ പണ്ഡിതപടുക്കൾ റബ്ബാനികളായ ആത്മീയ ചികിത്സകരെ അന്വേഷിച്ചിരുന്നു. ചിലപ്പോൾ, ഇത്തരം മഹാത്മാക്കൾ അറിവിൽ ശിഷ്യരെക്കാൾ താഴ്ന്നവരായിരിക്കും. കാരണം, അവരുടെ സഹവാസ സദസ്സുകളിലൂടെ ലഭിക്കുന്ന കാര്യങ്ങൾ ആത്മീയ ശിക്ഷണത്തിന് വലിയ സഹായവും മനസ്സിന്റെയും പിശാചിന്റെയും കേന്ദ്രങ്ങളിൽ നിന്നു രക്ഷപ്പെടാനുള്ള മാധ്യമവുമായിരുന്നു. ഇമാം അഹ്മദുബ്നുഹമ്പലി(റ)ന്റെ മകൻ ഒരിക്കൽ പിതാവിനോട് പരാതി പറഞ്ഞു: "താങ്കളെക്കാൾ അറിവിൽ കുറഞ്ഞവരും താങ്കളുടെ ശിഷ്യന്മാരിൽ യോഗ്യരുമായ ചിലരുടെ ഉപദേശ സദസ്സുകളിൽ താങ്കൾ പങ്കെടുത്തിരുന്നത് കണ്ട് എനിക്ക് ലജ്ജ തോന്നുന്നു. ചിലപ്പോൾ ജനങ്ങൾക്കിടയിൽ ഇത് തെറ്റിദ്ധാരണ സൃഷ്ടിക്കും." മഹാനായ ഇമാം പ്രതിവചിച്ചു: "മകനേ, മനസ്സിന് പ്രയോജനമുള്ള സദസ്സിൽ മാത്രമേ മനുഷ്യൻ ഇരിക്കാറുള്ളൂ."

ഇത്തരം മഹാത്മാക്കൾ എല്ലാ കാലഘട്ടത്തിലും ഉണ്ടാകാറുണ്ടെങ്കിലും എന്തെങ്കിലും കാരണത്താൽ ഒരാൾക്കും ഈ മഹാത്മാക്കളെ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ, അദ്ദേഹം സ്വന്തം മനസ്സിന്റെ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തും. ഒരു ഉൾക്കാഴ്ചയുള്ള നിരൂപകനും നിഷ്പക്ഷനായ ചികിൽസകനുമായി മാറി മനസ്സിനെ വിലയിരുത്തി സ്വന്തം ന്യൂനതകളും രോഗങ്ങളും തിരിച്ചറിയാൻ പരിശ്രമിക്കും. അല്ലാഹു അരുളുന്നു: "തന്നെയുമല്ല മനുഷ്യൻ തനിക്കെതിരിൽ തന്നെ ഒരു തെളിവായിരിക്കും. അവൻ ഒഴിവുകൾ സമർപ്പിച്ചാലും ശരി."

ഇൻശാ അല്ലാഹ്, നാളുകളായി അതിൽ വെള്ളം കെട്ടിക്കിടന്നത് കാരണം ജീവിതമണ്ഡലങ്ങളിൽ മുഴുവൻ ദുർഗന്ധം പരത്തിക്കൊണ്ടിരിക്കുന്ന സ്വന്തം മനസ്സിലെ ആഴം നിറഞ്ഞ അഴുക്കു കുണ്ടുകളെ അദ്ദേഹത്തിന് വ്യക്തമാകും. തുടർന്ന് ഖുർആൻ-സുന്നത്തുകളുടെ വചനങ്ങളുടെയും റബ്ബാനീ ഉലമാഇന്റെ അനുഭവ-നിർദേശങ്ങളുടെയും വെളിച്ചത്തിൽ

www.abulhasanalinadwi.org

അത് ചികിത്സിക്കുക. പണ്ഡിത മഹത്തുക്കൾ ഈ വിഷയത്തിൽ ധാരാളം രചനകൾ നടത്തിയിരുന്നു. ആയിരമായിരം മുസ്‌ലിംകൾ അവ പ്രയോജനപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഉദാഹരണത്തിന്, ഇമാംഗസ്സാലീ (റ)യുടെ 'ഇഹ്‌യാഉ ഉലൂമിദ്ദീൻ' (നാശകരമായ ദുർഗുണങ്ങളെക്കുറിച്ചുള്ള വിവരണഭാഗം), അല്ലാമാ ഇബ്നുൽ ജൗസിയുടെ 'തൽബീസ് ഇബ്‌ലീസ്' (വിശിഷ്യാ, അതിന്റെ 6,8,12 അധ്യായങ്ങൾ), അല്ലാമാ ഇബ്നുൽ ഖയ്യിമിന്റെ 'ഇഗാസതുല്ലഹ്ഫാൻ' (വിശിഷ്യാ, മഖാഇദുശ്ശൈത്താൻ ബാബിലെ പതിമൂന്നാം പാഠം) 'മദാരിജുസ്സാലികീൻ,' അല്ലാമാ ഇബ്നുറജബിന്റെ 'ജാമിഉൽ ഉലൂമി വൽഹികം,' സയ്യിദ് അഹ്മദ് ശഹീദിന്റെ 'സിറാതുൽ മുസ്തഖീം', മൗലാനാ അശ്റഫ് അലിഥാനവിയുടെ 'തർബിയതുസ്സാലിക' എന്നീ രചനകളെക്കുറിച്ച് പ്രത്യേകം അഭിപ്രായപ്പെടുന്നു.

ദിക്ർ-ദുആകളുടെ ആധിക്യം, അപകടകരമായ ആത്മീയ രോഗങ്ങളുടെ നാശം നിറഞ്ഞ പരിണതികളെക്കുറിച്ചുള്ള ഭയം, സ്വന്തം ആത്മാവിനെക്കുറിച്ച് സമാധാനമില്ലായ്മ, മതിമറന്ന കാര്യങ്ങൾ, മതിമറന്നവർ, ആത്മീയ രോഗത്തിൽ കുടുങ്ങിയവർ, തിൻമകളെക്കുറിച്ചുള്ള ന്യായീകരണത്തിലും പൈശാചിക തന്ത്രങ്ങളിലും മുഴുകിയവർ മുതലായവരുടെ സഹവാസത്തിൽ നിന്നും സൂക്ഷ്മത എന്നീ കാര്യങ്ങൾ ഈ വിഷയത്തിൽ വളരെ പ്രയോജനകരമാണ്. അല്ലാഹു അരുളുന്നു: "പരമകാരുണികന്റെ സ്മരണയിൽ നിന്നും അശ്രദ്ധരായവരുടെ മേൽ ഒരു പിശാചിനെ നാം നിശ്ചയിക്കും. അവൻ അവന്റെ സുഹൃത്തായി മാറുന്നതാണ്."

വിശ്വാസശുദ്ധീകരണം, ഇബാദത്തുകളിൽ കൃത്യത, ആത്മസംസ്കരണം എന്നിവക്ക് ശേഷം നമ്മുടെ ജീവിതം മുഴുവനും രാവും പകലും, പ്രഭാതവും പ്രദോഷവും, സ്വഭാവവും ഇടപാടുകളും, പതിവുകളും ശൈലികളും കഴിയുന്നത്ര പ്രവാചക മാതൃകയിലാക്കുക. അതിന്, പ്രവാചക മഹച്ചരിതം പാരായണം ചെയ്യുന്നത് പതിവാക്കുക. അതിലെ ഗുണങ്ങൾ കഴിവിന്റെ പരമാവധി അനുകരിക്കാൻ പരിശ്രമിക്കുക. എന്നാൽ, അല്ലാഹുവിന്റെ ഈ വാഗ്ദാനത്തിന്റെ ചെറിയ ഒരംശമെങ്കിലും നമുക്കും ലഭിക്കുന്നതാണ്; "നബിയേ പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപറ്റുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്ത് തരികയും ചെയ്യുന്നതാണ്."

5. നമസ്കാരം, നോമ്പ്, സകാത്ത് എന്നീ മൂന്ന് നിർബന്ധ ബാധ്യതകളുടെ ആവശ്യമായ നിയമരീതികളും, വാജിബ്-സുന്നത്തുകളും, ശരിയും തെറ്റും, അനുവദനീയവും നിഷിദ്ധവും അറിഞ്ഞിരിക്കൽ നിർബന്ധമാണ്. വിശിഷ്യാ, നമ്മുടെ ജീവിത മാർഗമെന്നോണം തിരഞ്ഞെടുത്തിരിക്കുന്ന ക്രയവിക്രയങ്ങളെക്കുറിച്ച് മനസ്സിലാക്കൽ, അല്ലാഹുവിനെക്കുറിച്ചുള്ള ഭയവും പരലോക ചിന്തയുമുള്ള ഒരു മുസ്‌ലിമിന് അത്യന്താപേക്ഷിതമാണ്. ഇതിന് വേണ്ടി, പരിഗണനീയരും അഗാധ ജ്ഞാനികളുമായ പണ്ഡിതർ ചിന്തിച്ചിട്ടുള്ളതും അതത് കാലത്തെ ആധികാരിക പണ്ഡിതർ പ്രാമാ

www.abulhasanalinadwi.org

ണികമായി കാണുന്നതുമായ ഒരു ഫിഖ്ഹ് ഗ്രന്ഥം സദാ പാരായണം ചെയ്യേണ്ടതാണ്.

വുദൂ, മസ്ജിദ് പ്രവേശനം, ഇറക്കം, വിസർജ്ജനസ്ഥലത്തേക്ക് പോകൽ, വരൽ, ഉറക്കം, ഉണർവ്, പ്രഭാതം, പ്രദോഷം, യാത്ര, മടക്കം മുതലായ ഘട്ടങ്ങളിൽ ചൊല്ലേണ്ടതായി സഹീഹായ ഹദീസുകളിൽ വന്നിട്ടുള്ള ദുആകൾ നമ്മിൽ പലരും ചൊല്ലാറുണ്ട്. എന്നാൽ, ഇവയെക്കുറിച്ച് റസൂലുല്ലാഹി (സ) വിവരിച്ചിട്ടുള്ള മഹത്വങ്ങളും പ്രതിഫലങ്ങളും അല്ലാഹുവിങ്കലുള്ള വിലയും നിലയും പരലോകത്തെ പ്രയോജനങ്ങളും നമ്മിൽ പലരും ഗൗനിക്കാറില്ല. അശ്രദ്ധമായിട്ടോ പതിവെന്നോണമോ പുത്തൻ ശൈലിയിൽ പറഞ്ഞാൽ, ടേപ്പ് റിക്കാർഡർ മോഡലിലോ ആണ് ഇവ പറയാറുള്ളത്. എന്നാൽ, പ്രതിഫലത്തെക്കുറിച്ചുള്ള ഉറപ്പും ആഗ്രഹവും ഉണ്ടായിരിക്കൽ, നിർബന്ധവും പ്രസിദ്ധവുമായ ചില ഇബാദത്തുകളിൽ പോലും നിബന്ധനയാക്കപ്പെട്ടിട്ടുണ്ട്. റസൂലുല്ലാഹി (സ) അരുളി: "അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ ഉറപ്പിച്ചും പ്രതിഫലം ആഗ്രഹിച്ചും കൊണ്ട് ഒരാൾ റമദാനിൽ നോമ്പനുഷ്ഠിച്ചാൽ അവന്റെ മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ ഉറപ്പിച്ചും പ്രതിഫലം കാംക്ഷിച്ചും കൊണ്ട് ലൈലതുൽ ഖദ്റിൽ ഒരാൾ ഇബാദത്തുകൾ അനുഷ്ഠിച്ചാൽ അവന്റെ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്."

ഇബാദത്തു(ആരാധന)കളുടെയും ആദത്തു(പതിവ്) കളുടെയും ഇടയിൽ വേർതിരിക്കുന്ന ഈ പ്രധാന നിബന്ധനയെ പലരും ഗൗനിക്കാറില്ല. തൽഫലമായി നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് മുതലായ പ്രധാന ഇബാദത്തുകൾ അടക്കം പല ഇബാദത്തുകളും, ആത്മാവ് നഷ്ടപ്പെട്ട 'ഈമാനും ഇഹ്തിസാബും' (വിശ്വാസവും പ്രതിഫലേഛയും) ഇല്ലാത്ത വെറും രൂപവും ചടങ്ങും പതിവുമായി മാറിയിരിക്കുന്നു.

ബഹുമാന്യരായ സഹാബത്ത്, മഹാത്മാക്കൾ, റബ്ബാനീ ഉലമാക്കൾ ഇവരുടെയും പൊതുജനങ്ങളുടെയും ഇടയിലുള്ള വലിയ വ്യത്യാസവും ഇത് തന്നെ. ഓരോ കർമത്തിന്റെയും മഹത്വങ്ങൾ അവർ ഗൗനിച്ചിരുന്നു. അതിന്റെ പ്രതിഫലത്തെക്കുറിച്ചുള്ള ഈമാനും യഖീനും അവരുടെ മനസ്സിലും മസ്തിഷ്കത്തിലും പരന്നിരുന്നു. അല്ലാഹുവിങ്കൽ അതിനുള്ള വിലയെയും നിലയെയും കുറിച്ചുള്ള ആഴമേറിയ ബോധത്തോടെയും ഹൃദയാടിവാരത്തിൽ നിന്നുള്ള ആവേശത്തോടെയും അവർ അത് ചെയ്തിരുന്നു. ഉദാഹരണത്തിന്, രാവും പകലും പല പ്രാവശ്യം ചെയ്യുകയും നമ്മിൽ പലർക്കും ഒരു ചടങ്ങും യാന്ത്രിക കർമവുമായി മാറുകയും ചെയ്ത ഒന്നാണ് വുദൂഅ്. എന്നാൽ ഓരോ പ്രാവശ്യം വുദു ചെയ്യുമ്പോഴും അവരുടെ മനസ്സിൽ റസൂലുല്ലാഹി (സ)യുടെ ഈ വചനങ്ങൾ മുഴങ്ങിയിരുന്നു: "സത്യവിശ്വാസിയായ ഒരു അടിമ വുദു ചെയ്യുമ്പോൾ, മുഖം കഴുകുന്ന സന്ദർഭത്തിൽ, കണ്ണ് കൊണ്ട് നോക്കിയ പാപങ്ങൾ അവനിൽ നിന്നും പൊഴിഞ്ഞ് വീഴുന്നതാണ്. കൈ കഴുകുമ്പോൾ, കൈ കൊണ്ട് പിടിച്ച

www.abulhasanalinadwi.org

പാപങ്ങളെല്ലാം അവനിൽ നിന്നും പൊഴിഞ്ഞ് പോകുന്നതാണ്. അവസാനം, പാപങ്ങളിൽ നിന്നും പരിശുദ്ധനായ നിലയിൽ അവൻ വുദുവിൽ നിന്നും വിരമിക്കുന്നതാണ്."

നേരിൽ കാണുന്ന കാര്യങ്ങളെപ്പോലെ റസൂലുല്ലാഹി (സ) അറിയിച്ച കാര്യങ്ങൾ അവർ വിശ്വസിച്ചുറപ്പിച്ചിരുന്നു. ഓരോ കർമത്തിനും വാഗ്ദാനം ചെയ്യപ്പെട്ട പ്രതിഫലം കാംക്ഷിച്ചു കൊണ്ട് അവർ അനുഷ്ഠിച്ചിരുന്നു. സഹോദരന്മാരെ കാണുമ്പോഴുള്ള മുഖപ്രസന്നത, പുഞ്ചിരി, ക്രയവിക്രയങ്ങൾ തുടങ്ങി ജീവിതത്തിന്റെ സകല മേഖലകളിലും അവർ അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ആഗ്രഹിച്ചിരുന്നു. തൽഫലമായി അവരുടെ ആദത്തു(പതിവു)കൾ ഇബാദത്തു (ആരാധന) കളായി മാറിയിരുന്നു. നാമും നമ്മുടെ എല്ലാ കർമങ്ങളിലും ഈമാൻ-ഇഹ്തിസാബുകളുടെ മഹദ്ഗുണം ഉണ്ടാക്കിയെടുത്താൽ അവയിൽ അതിമഹത്തായ പ്രകാശ-ഐശ്വര്യങ്ങൾ അനുഭവപ്പെടുന്നതാണ്. പ്രധാന ഇബാദത്തുകളിൽ മാത്രമല്ല, അനുവദനീയ സമ്പാദ്യം, ജോലി, കച്ചവടം, കൃഷി, ഇതര തൊഴിലുകൾ മുതലായ എല്ലാ കാര്യങ്ങളിലും ഉദ്ദേശ്യശുദ്ധി മുറുകെ പിടിക്കണം. റസൂലുല്ലാഹി (സ) അരുളി: "കർമങ്ങളുടെ അടിസ്ഥാനം നിയ്യത്തുകൾ (ഉദ്ദേശ്യങ്ങൾ)ക്ക് മേലാകുന്നു. ഓരോരുത്തർക്കും അവനവൻ ഉദ്ദേശിച്ചത് ലഭിക്കും." ഈ ഹദീസ് കൊണ്ടാണ് ഇമാംബുഖാരി (റ) സമുന്നത ഹദീസ് ഗ്രന്ഥമായ 'സഹീഹുൽബുഖാരി' ആരംഭിച്ചത്. ഈ ഹദീസ് ഇസ്ലാമിന്റെ അടിസ്ഥാനതത്വങ്ങളിലൊന്നത്രെ. ഇമാം ശാഫിഈ (റ) പറയുന്നു: "വിജ്ഞാനത്തിന്റെ ഒരു ഭാഗമായ ഈ ഹദീസിൽ ഫിഖ്ഹിന്റെ എഴുപതോളം വിഷയങ്ങൾ ഉണ്ടായിരിക്കുന്നു." സകല കർമങ്ങളുടെയും സ്വീകാര്യതയുടെയും മഹിമയുടെയും അടിസ്ഥാനം അതിന്റെ പിന്നിലുള്ള പ്രേരകമായ ഉദ്ദേശ്യ ലക്ഷ്യങ്ങളാണെന്ന് ഈ ഹദീസ് പഠിപ്പിക്കുന്നു. ചെറിയ ഒരു വാചകത്തിലൂടെ ഇത്ര വലിയ കാര്യം ഉണർത്തിയത് മുഹമ്മദീ നിയോഗത്തിന്റെ അവിസ്മരണീയവും വിലപിടിച്ചതുമായ സംഭാവന തന്നെയാണ്.

ചുരുക്കത്തിൽ, ഈമാൻ ഇഹ്തിസാബുകളോടെ ചെയ്യപ്പെടുന്ന സകല പ്രവർത്തനങ്ങളും പുണ്യമാണ്. അല്ലാഹുവിന്റെ പാതയിലുള്ള പരിശ്രമം പോരാട്ടങ്ങൾ, അധികാരം, മേൽനോട്ടങ്ങൾ, ഭൗതിക അനുഗ്രഹങ്ങൾ ആസ്വദിക്കൽ, അനുവദനീയമായ ആഗ്രഹങ്ങൾ പൂർത്തീകരിക്കൽ, ഹലാലായ ജീവിതമാർഗം അന്വേഷിക്കൽ, ന്യായമായ ഉല്ലാസം നടത്തൽ, വൈവാഹിക ജീവിതസുഖം അനുഭവിക്കൽ ഇവക്കെല്ലാം ഇത് ബാധകമാണ്. ഇതിനു വിരുദ്ധമായി പടച്ചവന്റെ പൊരുത്തം കാംക്ഷിക്കാത്തതും അവനെയും ആഖിറത്തെയും മറന്നുകൊണ്ടുള്ളതുമായ സകല ഇബാദത്തുകളും ദീനീസേവനങ്ങളും, അത് സംസ്കാരമോ ഹിജ്റ-ജിഹാദുകളോ ദിക്ർ തബ്ലീഗുകളോ ആയിരുന്നാലും ശരി കേവലം ഭൗതികകാര്യമായി ഗണിക്കപ്പെടുന്നതാണ്. ഈ നിലയിൽ കർമങ്ങൾ അനുഷ്ഠിക്കുന്ന

www.abulhasanalinadwi.org

ആബിദ്, ആലിം, മുജാഹിദ്, ദാഇ, മുബല്ലിഗ് മുതലായവർക്ക് പ്രതിഫലം ലഭിക്കുകയില്ലെന്ന് മാത്രമല്ല, അവരുടെ കർമങ്ങൾ അവർക്ക് നാശത്തിനും അല്ലാഹുവിൽ നിന്നുള്ള അകൽച്ചയ്ക്കും കാരണമാകുമോ എന്നും ഭയക്കേണ്ടതാണ്.

ദീനിനും ദുൻയാവിനും ഇടയിലുണ്ടായിരുന്ന വിശാലമായ വിടവിനെ നികത്തിയത് റസൂലുല്ലാഹി (സ)യുടെ എണ്ണമറ്റ ഉപകാരങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. ഇവ രണ്ടിനെയും രണ്ടു മേഖലകളിലായി വിഭജിക്കപ്പെട്ടിരുന്നു. രണ്ടും വേർപിരിഞ്ഞു എന്നു മാത്രമല്ല രണ്ടിനുമിടയിൽ ഭയങ്കരമായ ഒരു മറ കിടന്നിരുന്നു. രണ്ടും വിരുദ്ധ ചേരികളിൽ വേർതിരിഞ്ഞു നിന്ന് പോരാടിയിരുന്നു. റസൂലുല്ലാഹി (സ) ഏകത്വത്തിന്റെയും ഐക്യത്തിന്റെയും പ്രബോധകനാണ്. തിരുനബി (സ) രണ്ട് വിഭാഗങ്ങളിൽ നിന്നും മാനവരാശിയെ പുറത്തേക്കിറക്കി ഈമാൻ-ഇഹ്തിസാബുകളുടെ ഐക്യമുന്നണിയിൽ അണിനിരത്തി. ആശയസമ്പൂർണമായ ഈ ദുആ ജനങ്ങളെ പഠിപ്പിച്ചു: "രക്ഷിതാവേ, ഇഹലോകത്തും പരലോകത്തും ഞങ്ങൾക്ക് നൻമ കനിഞ്ഞരുളേണമേ! ഞങ്ങളെ നരകശിക്ഷയിൽ നിന്ന് കാത്തു രക്ഷിക്കേണമേ!" അവിടുന്ന് പ്രഖ്യാപിച്ചു: "എന്റെ നമസ്കാരവും ഇതര ആരാധനകളും എന്റെ ജീവിതവും മരണവും എല്ലാം സർവലോക പരിപാലകനായ അല്ലാഹുവിന് വേണ്ടിയാകുന്നു."

റസൂലുല്ലാഹി (സ) പഠിപ്പിച്ചു: ഒരു സത്യവിശ്വാസിയുടെ ജീവിതം പരസ്പരവിരുദ്ധമായ കാര്യങ്ങളുടെ സമാഹാരമല്ല. മറിച്ച്, എല്ലാ കാര്യങ്ങളിലും ഒരു ഏകത്വമുണ്ട്. അഥവാ, അവയിൽ ഇബാദത്ത്-ഇഹ്തിസാബുകളുടെ ആത്മാവ് പരന്നിരിക്കും. അവയുടെ വഴികാട്ടി അല്ലാഹുവിലുള്ള വിശ്വാസവും അനുസരണയുമായിരിക്കാം. ജീവിതത്തിന്റെ സകലമേഖലകളിലും ഈ ഗുണം കാണപ്പെടുന്നതാണ്. ചുരുക്കത്തിൽ, അല്ലാഹുവിങ്കൽ നിന്നു പ്രീതിയും പ്രതിഫലവും കരസ്ഥമാക്കാനുള്ള ആഗ്രഹത്തോടെ, നബിമാർ കാണിച്ചു തന്ന മാതൃകയിൽ ചെയ്യുന്ന മുഴുവൻ കർമങ്ങളും നൻമകളുമാണ്. ഏകത്വത്തിന്റെ ദൂതനായ തിരുനബി (സ) ഭൂമുഖത്തെ മുഴുവൻ ഒരു ആരാധനാലയമാക്കി. പരസ്പരവിരുദ്ധമായ മനുഷ്യരെ ഒരേ ലക്ഷ്യത്തിലും മാർഗത്തിലും കൂട്ടിയിണക്കി. ഇസ്‌ലാമിൽ, ഭൗതികവസ്ത്രം ധരിച്ച സർവസംഗ പരിത്യാഗിയെയും രാജകൊട്ടാരത്തിലെ ഭൗതികവിരക്തനെയും വാളും തസ്ബീഹും പിടിച്ചവരെയും ഇരവുകളിൽ ഇബാദത്തുകളിലും പകലുകളിൽ പോരാട്ടങ്ങളിലും കഴിയുന്ന വ്യക്തിയെയും കാണാൻ കഴിയും. ഒന്നിനുമിടയിൽ യാതൊരു വൈരുധ്യവുമില്ല.

7. പരിശുദ്ധ ഖുർആൻ നിത്യമായി പാരായണം ചെയ്യാൻ ഒരു അളവ് നിശ്ചയിക്കുക. കഴിവിന്റെ പരമാവധി അതിൽ നിഷ്ഠ പുലർത്തുക, കടുത്ത രോഗമോ അടിയന്തര സാഹചര്യമോ ഇല്ലാതെ ഒരിക്കലും അത് മുടക്കരുത്. ഒരു ഭാഗത്തുകൂടിയും അസത്യം കലരാത്ത വിശുദ്ധ ഗ്രന്ഥമായ ഖുർ

www.abulhasanalinadwi.org

ആൻ ശരീഫിന്റെ പാരായണത്തിൽ ചെലവാകുന്ന സമയത്തെ ജീവിത ത്തിലെ ഏറ്റവും കൂടുതൽ സൗഭാഗ്യവും ഐശ്വര്യവും നിറഞ്ഞ സമയ മായി കാണുക. ഖുർആൻ പാരായണനേരം നാം അല്ലാഹുവിലേക്ക് വളരെ അടുത്തുവെന്ന് മനസ്സിലാക്കുക. 'ഏതെങ്കിലും മലയുടെ മേൽ ഖുർആൻ അവതരിച്ചിരുന്നുവെങ്കിൽ, അത് ഇലാഹീ ഭയം കാരണം അമർന്ന് പൊട്ടി പ്പോകുമായിരുന്നു' എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. ജീവനില്ലാത്ത മല യുടെ കാര്യമിതാണെങ്കിൽ, നാം സൃഷ്ടികളിൽ ശ്രേഷ്ഠരായ മനുഷ്യരും ഖുർആനിന്റെ സംബോധകരുമാണ്. മലയെക്കാളും നാം താഴാൻ പാടില്ല. മറിച്ച്, ഖുർആൻ പ്രശംസിച്ച സത്യവിശ്വാസികളിൽ പെടാൻ പരിശ്രമി ക്കണം. അല്ലാഹു അറിയിക്കുന്നു: "അവരുടെ മേൽ അല്ലാഹുവിന്റെ വച നങ്ങൾ ഓതിക്കേൾപ്പിക്കപ്പെട്ടാൽ അവരുടെ ഈമാൻ വർധിക്കുന്നതാണ്." മറ്റൊരിടത്ത് അരുളുന്നു: "അല്ലാഹു, ഉദാത്തവൃത്താന്തം അവതരിപ്പിച്ചിരി ക്കുന്നു. അതായത് ഒരു ഗ്രന്ഥം-അതിന്റെ വചനങ്ങൾ പരസ്പരം സാദൃ ശ്യമുള്ളതാണ്. അത് ആവർത്തിക്കപ്പെടുന്നതുമാണ്. തങ്ങളുടെ രക്ഷിതാ വിനെ ഭയപ്പെടുന്നവരുടെ തൊലികൾ അത് കാരണം പിടയ്ക്കുന്നു. ശേഷം അവരുടെ ശരീരവും മനസ്സും മയമായി അല്ലാഹുവിന്റെ സ്മരണയിലേക്ക് തിരിയുന്നു."

മുൻഗാമികളായ മഹാത്മാക്കൾ ഖുർആനിനെ പ്രയോജനപ്പെടുത്തു കയും അവരുടെ ജീവിതത്തിൽ അതിന്റെ പ്രതിഫലനങ്ങൾ പ്രകടമാക്കു കയും ചെയ്തതിന്റെ കാരണം, അവർ ഖുർആനിന്റെ അർത്ഥവും ആശ യവും ഗ്രഹിക്കുകയും ചിന്തിക്കുകയും ചെയ്തു എന്നത് മാത്രമല്ല. പ്രത്യുത, അല്ലാഹുവിന്റെ മഹത്വവും ഗൗരവവും അവന്റെ ഭാഷണത്തിന്റെ ഉന്നതിയും അമാനുഷികതയും സൗന്ദര്യവും രസാനുഭൂതിയും അവർ പൂർണമായി ഉൾക്കൊണ്ടതിന്റെ ഫലമായിരുന്നു.

ഈ ഗുണം ഉണ്ടാകുന്നതിന് രണ്ട് കാര്യങ്ങൾ പ്രയോജനകരമാണ്. 1. ഖുർആനിന്റെ മഹത്വങ്ങൾ, അത് പാരായണം ചെയ്യുന്നതിന്റെ മഹത്വ ങ്ങൾ, അതിലൂടെ ലഭിക്കുന്ന ഇലാഹീ സാമീപ്യം, പ്രതിഫലം, പര ലോകാനുഗ്രഹങ്ങൾ എന്നിവ മനസ്സിലാക്കുകയും മനസ്സിൽ ഉണരുകയും ഉറപ്പിക്കുകയും ചെയ്യുക. 2. സഹാബത്ത്, താബിഈൻ, ഫുഖഹാഅ്, മുഹ ദ്ദിസീൻ, റബ്ബാനീ ഉലമാഅ്, ഔലിയാഅ് എന്നീ മഹാത്മാക്കളുടെ ഖുർ ആൻ പാരായണത്തിന്റെയും ഖുർആൻ ചിന്തയുടെയും ഖുർആനോട് പുലർത്തിയ ആദരവിന്റെയും സംഭവങ്ങൾ പാരായണം ചെയ്യുക.

കഴിവിന്റെ പരമാവധി, പരിശുദ്ധ ഖുർആനുമായി നേരെ ബന്ധപ്പെ ടാനും നാം പരിശ്രമിക്കണം. അതായത്, നമ്മുടെയും അല്ലാഹുവിന്റെ കലാ മിന്റെയും ഇടയിൽ ഏതെങ്കിലും മാനുഷിക വ്യാഖ്യാനങ്ങൾ മറയിടാൻ പാടില്ല. കാരണം, മനുഷ്യരുടെ വ്യാഖ്യാനങ്ങൾ-വിശിഷ്യാ പിൽക്കാലക്കാ രായ പണ്ഡിതരുടെ വിവരണങ്ങൾ-മാത്രം നാം അവലംബിച്ചാൽ, അതും ഖുർആനും ഒന്നു പോലെ ആയിത്തീരും. അതിനെ മാറ്റിവെച്ചു കൊണ്ട്

www.abulhasanalinadwi.org

സംശുദ്ധ മനസ്സോടെ ഖുർആനിൽ നിന്നു ഒന്നും മനസ്സിലാക്കാൻ കഴിയാതെ വരും. അതിന്റെ പ്രതിബിംബവും തണലും പ്രത്യേക അഭിരുചികളും പുത്തൻ അവസ്ഥകളും, ഖുർആനിന്റെ യഥാർത്ഥ സൗന്ദര്യത്തിനും ഔന്നത്യത്തിനും അമാനുഷികതയ്ക്കും വിശുദ്ധിക്കും മറയിടും. തദ്ഫലമായി, ഖുർആൻ പാരായണം ചെയ്യുന്ന വ്യക്തി-താനറിയാതെ തന്നെ-ഖുർആനിന്റെ സൗന്ദര്യത്തിലും ഗാംഭീര്യത്തിലും ആകൃഷ്ടനാകുന്നതിന് പകരം പ്രത്യേക വ്യാഖ്യാനത്തിലോ വ്യാഖ്യാതാവിലോ ആകൃഷ്ടനായിത്തീരുന്നതാണ്.

ഖുർആനിന്റെ ചില ഒറ്റപ്പെട്ടതും പ്രയാസകരവുമായ ഭാഗങ്ങളെ വിവരിക്കുന്ന ഹദീസുകളും സഹാബാ-ഇമാമുകളുടെ വാചകങ്ങളും നൽകുന്ന വിവരണങ്ങളും ഈ പൊതു നിയമത്തിൽ നിന്നും ഒഴിവാണ്. ഇപ്രകാരം, ഖുർആൻ ആഴത്തിൽ പഠിക്കാനാഗ്രഹിക്കുന്നവർക്കും അനറബികൾക്കും പ്രയോജനപ്പെടുന്ന ഖുർആൻ പരിഭാഷകൾക്കും വ്യാഖ്യാനങ്ങൾക്കും ഈ നിയമം ബാധകമല്ല. ഖുർആൻ പാരായണ പഠനങ്ങൾ നടത്തുമ്പോൾ, അതിന്റെ രസാനുഭൂതി ഉണ്ടാക്കിയെടുക്കാൻ വിനയം, വണക്കം, ബഹുമാനം, ആദരവ്, അല്ലാഹുവിന്റെ വിശേഷണങ്ങളെക്കുറിച്ചുള്ള ബോധം എന്നിവ നിലനിറുത്താൻ പരിശ്രമിക്കേണ്ടതാണ്.

8. തിരുനബി (സ)യുമായി മാനസികബന്ധം ഉറപ്പിക്കാനും തങ്ങളോടുള്ള സ്നേഹം വർധിപ്പിക്കാനും തങ്ങളെ പരിപൂർണമായി പിൻപറ്റണമെന്ന ആഗ്രഹം പൂർത്തീകരിക്കാനും, പുണ്യഹദീസിന്റെയും നബവീ തിരുഗുണങ്ങളുടെയും മഹച്ചരിതത്തിന്റെയും വിഷയത്തിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ നിത്യമായി പാരായണം ചെയ്യേണ്ടതാണ്. സ്നേഹഭാജനത്തിന്റെ സ്മരണ സദാ അയവിറക്കലാണ് സ്നേഹത്തിന്റെ നിയമം. റസൂലുല്ലാഹി (സ)യോടുള്ള ഇശ്ഖി(സ്നേഹാനുരാഗം)ൽ നിന്നും നല്ല ഒരു ഓഹരി ലഭിച്ച പ്രവാചക പ്രേമികളുടെ അവസ്ഥകളും വാക്കുകളും കവിതകളും വായിക്കുന്നതും ഈ വിഷയത്തിൽ ഗുണകരമാണ്.

നബവീ സ്നേഹം പ്രദാനം ചെയ്യുന്ന പ്രധാനപ്പെട്ട ഒരു മാധ്യമമാണ് സ്വലാത്തിന്റെ വർധന. സ്വലാത്തിനെക്കുറിച്ച് ധാരാളം പ്രേരണകൾ വന്നിട്ടുണ്ട്. അല്ലാഹു അരുളുന്നു: "തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് സത്യവിശ്വാസികളേ, നിങ്ങളും നബിയുടെ മേൽ സ്വലാത്ത്-സലാമുകൾ ചൊല്ലുക." റസൂലുല്ലാഹി (സ) അരുളി: "എന്റെ മേൽ ഒരു പ്രാവശ്യം ഒരാൾ സ്വലാത്ത് ചൊല്ലിയാൽ, അല്ലാഹു അവന്റെ മേൽ, അതിന് പകരം പത്ത് പ്രാവശ്യം കരുണ ചൊരിയുന്നതാണ്." മറ്റൊരു ഹദീസിൽ വന്നിരിക്കുന്നു: "ഖിയാമത്തു നാളിൽ എന്നിലേക്ക് ഏറ്റവും അടുത്ത വ്യക്തി, എന്റെ മേൽ ഏറ്റവും കൂടുതൽ സ്വലാത്ത് ചൊല്ലിയവനാണ്." ഉബയ്യ് (റ) ചോദിച്ചു: "ദിക്ർ ചൊല്ലാൻ ഞാൻ നീക്കി വെച്ചിരിക്കുന്ന സമയം മുഴുവൻ അങ്ങയുടെ മേൽ സ്വലാത്ത് മാത്രം ചൊല്ലിക്കൊണ്ടിരി

www.abulhasanalinadwi.org

ക്കട്ടെ?" റസൂലുല്ലാഹി (സ) അരുളി: "അതെ, അപ്പോൾ നിന്റെ പ്രയാസങ്ങൾ ദൂരീകരിക്കപ്പെടും. പാപങ്ങൾ പൊറുക്കപ്പെടും."

9. കുറച്ച് പ്രത്യേകമായ ദിക്റുകൾ തിരഞ്ഞെടുത്ത് അത് സദാ സമയവും ചൊല്ലി നാക്ക് നനച്ചു കൊണ്ടിരിക്കുക. ഒരു സമയം നിഷ്ഠയായി കുറച്ച് ദിക്റുകൾ പതിവാക്കുക. ഇപ്രകാരം വിവിധ സമയങ്ങളെക്കുറിച്ച് വന്നിട്ടുള്ള ദിക്റുകൾ പാഠമാക്കി പകർത്തുക. ഇവയെക്കുറിച്ചുള്ള വിവരണം നാലാം അധ്യായത്തിൽ വന്നിട്ടുണ്ട്.

10. മുൻഗാമികളിൽ ധാരാളം മഹാത്മാക്കൾ കഴിഞ്ഞു കടന്നിട്ടുണ്ട്. വിശ്വാസം, റസൂലുല്ലാഹി (സ) യെ പിൻപറ്റൽ, കിതാബിലും സുന്നത്തിലുമുള്ള ഗ്രാഹ്യം, മനോഛയുടെയും പിശാചിന്റെയും കുതന്ത്രങ്ങളിൽ ജാഗ്രത, പരലോകത്തെക്കുറിച്ചും അവിടെ ഉപകരിക്കുന്ന കാര്യങ്ങളെക്കുറിച്ചുമുള്ള ചിന്ത എന്നീ വിഷയങ്ങളിൽ സമ്പൂർണത പ്രാപിച്ച ആ മഹാപുരുഷൻമാരുടെ ജീവചരിത്രങ്ങൾ പാരായണം ചെയ്തു കൊണ്ടിരിക്കുക. ഇത് വളരെ പ്രയോജനപ്രദമായ ഒരു കാര്യമാണ്. വലിയ ഹദീസ് പണ്ഡിതനും നിരൂപകനുമായ അല്ലാമാ ഇബ്നുൽ ജൗസി എഴുതുന്നു:

"ഹദീസും ഫിഖ്ഹുമായി മാത്രം ബന്ധപ്പെടൽ മനസ്സിനെ നന്നാക്കാൻ മതിയാകുന്നതല്ല എന്ന് ഞാൻ മനസ്സിലാക്കി. അവയോടൊപ്പം, മുൻഗാമികളുടെ പ്രതിഫലനാത്മകമായ സംഭവങ്ങൾ വായിക്കലും അത്യാവശ്യമാണ്. ഹലാൽ-ഹറാമുകളെക്കുറിച്ചുള്ള കേവലം അറിവ് മനസ്സിൽ മയമുണ്ടാക്കുന്നതല്ല. മഹാത്മാക്കളുടെ ചരിത്രങ്ങളിലൂടെ മനസ്സ് മയപ്പെടുന്നതാണ്. കാരണം, നിയമങ്ങളുടെ ലക്ഷ്യം അവർ കരഗതമാക്കിയിരുന്നു. ബാഹ്യരൂപത്തിൽ മാത്രമല്ല അവർ നിയമങ്ങൾ അനുസരിച്ചത്, അവയുടെ ആന്തരികസത്തയും അവർക്ക് ലഭ്യമായി. കാർമികമായ അനുഭവത്തിനും അന്വേഷണത്തിനും ശേഷമാണ് ഞാനിക്കാര്യം നിങ്ങളോട് പറയുന്നത്. ഹദീസ് വിദ്യാർത്ഥികളുടെ ശ്രദ്ധ മുഴുവൻ ഉയർന്ന സനദുകളിലേക്കും അധികരിച്ച രിവായത്തുകളിലേക്കുമാണ്. തർക്കവിഷയങ്ങളിലും എതിരാളിയെ മലർത്തിയടിക്കുന്നതിലും ഫിഖ്ഹ് പണ്ഡിതൻമാർ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ഇവയിലൂടെ മനസ്സിന് മയം വരുന്നതെങ്ങനെയാണ്. മുൻഗാമികളിൽ പെട്ട ചില മഹാൻമാർ, മറ്റ് ചില മഹാൻമാരുടെ ജീവിതാവസ്ഥകൾ കാണാൻ മാത്രം അവരുടെ അടുക്കൽ പോയിരുന്നു. കാരണം, ഇൽമിന്റെ യഥാർത്ഥ ഫലമാണ് ജീവിതാവസ്ഥകൾ. ഇക്കാര്യം നന്നായി മനസ്സിലാക്കുക. ഹദീസ്-ഫിഖ്ഹുകളുടെ പഠനത്തോടൊപ്പം മനസ്സിന് മയമുണ്ടാകാൻവേണ്ടി മുൻഗാമികളായ മഹാത്മാക്കളുടെ ജീവചരിത്രവും പാരായണം ചെയ്യുക."

തുടർന്ന് എഴുതുന്നു: "ഹസൻബസരി, സുഫ്യാനുസ്സൗരി, ഇബ്റാഹീമുബ്നുഅദ്ഹം, ബിശ്ർഹാഫി, അഹ്മദുബ്നുഹൻബൽ, മഅ്റൂഫ്കർഖി മുതലായ ഉലമാസാഹിദുകളുടെ സംഭവങ്ങളും സ്വഭാവങ്ങളും വിവരിച്ചു കൊണ്ട് ഓരോ കിതാബുകൾ രചിച്ചിട്ടുണ്ട്."

www.abulhasanalinadwi.org

ഏറ്റവും കുറഞ്ഞപക്ഷം, ആ മഹാത്മാക്കളെക്കുറിച്ച് യാതൊരു വിധ മലിന ചിന്തകളും നമ്മുടെ മനസ്സിൽ നിലനിറുത്താതിരിക്കട്ടെ. സത്യത്തിന്റെ വക്താക്കളും സംശുദ്ധമാനസരുമാണവർ. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിച്ചവരും ദീനിന്റെ സത്ത കരസ്ഥമാക്കിയവരുമാണവർ. അവരിലൂടെ നിരവധി രാജ്യങ്ങളും സമൂഹങ്ങളും ഇസ്‌ലാമിൽ പ്രവേശിച്ചു. അവരുടെ നൻമകൾ അംഗീകരിക്കുകയും അവർക്ക് വേണ്ടി ദുആ ഇരക്കുകയും അവരെ വാഴ്ത്തുകയും അവരിൽ നിന്നും സംഭവിച്ച തെറ്റ് കുറ്റങ്ങളെ അവഗണിക്കുകയും അവയ്ക്ക് നല്ല ന്യായീകരണങ്ങൾ കണ്ടെത്തുകയും ചെയ്യണം. തെറ്റ് കുറ്റങ്ങളിൽ നിന്നും ഒരു മഹാനും മനുഷ്യനും ഒഴിവല്ല. അല്ലാഹു നല്ല പിൻഗാമികളെക്കുറിച്ച് പറഞ്ഞ ഗുണം നമ്മിൽ ഉണ്ടാക്കിയെടുക്കണം. "അവർക്കു ശേഷം വന്നവർ ഇപ്രകാരം ദുആ ഇരക്കുന്നവരാണ്: "നാഥാ, ഞങ്ങൾക്കും, ഞങ്ങൾക്ക് മുമ്പ് സത്യവിശ്വാസം സ്വീകരിച്ച ഞങ്ങളുടെ സഹോദരൻമാർക്കും നീ പൊറുത്തു തരേണമേ! സത്യവിശ്വാസികളോട് പകയും അസൂയയും ഞങ്ങളുടെ മനസ്സുകളിൽ ഉണ്ടാക്കരുതേ! ഞങ്ങളുടെ രക്ഷിതാവേ, നീ വലിയ അലിവും കാരുണ്യവുമുള്ളവനാണ്."

ഈമാനിലും ഇഹ്സാനിലും മുന്നേറിയ മുൻഗാമികളെക്കുറിച്ച് വളരെ സൂക്ഷ്മത പുലർത്തണമെന്നും ഈ ആയത്ത് പഠിപ്പിക്കുന്നു. മാത്രമല്ല. സർവ്വ മുസ്‌ലിംകളെക്കുറിച്ചും എന്തെങ്കിലും തീരുമാനം പറയുമ്പോൾ തികഞ്ഞ സൂക്ഷ്മത കൈക്കൊള്ളണമെന്നാണ് ഖുർആനിക അധ്യാപനം. ആരുടെ വിഷയത്തിലും തിരക്ക് പിടിച്ച തീരുമാനം പാടില്ല. കാര്യം പകൽ വെളിച്ചം പോലെ പ്രകടമാകുകയും പരിഗണനീയമാർഗങ്ങളിലൂടെ ഉറപ്പുണ്ടാക്കുകയും ചെയ്യുന്നത് വരെ ഖണ്ഡിതമായി ഒരു കാര്യം പറയാൻ പാടില്ല. അല്ലാഹു അരുളുന്നു: "ഒരു പാപി നിങ്ങൾക്ക് ഒരു വൃത്താന്തം എത്തിച്ചു തന്നാൽ നിങ്ങൾ അതിനെ നന്നായി അന്വേഷിക്കുക. അല്ലാത്തപക്ഷം വിവരമില്ലാതെ നിങ്ങൾ ഒരു സമൂഹത്തെ ഉപദ്രവിക്കുന്നതും തദ്ഫലമായി നിങ്ങളുടെ പ്രവൃത്തിയുടെ മേൽ ദുഃഖിക്കേണ്ടിവരികയും ചെയ്യുന്നതാണ്."

11. നാം ജീവിതത്തിൽ ശ്രദ്ധിച്ച് പാലിക്കുന്ന കാര്യങ്ങളിൽ ദഅ്വത്ത്-തബ്‌ലീഗുകൾക്കു ബഹുമാന്യ നബിമാരുടെ പ്രഥമമായ നിയോഗലക്ഷ്യവും വിശുദ്ധ ഗ്രന്ഥങ്ങളുടെ അവതരണ ഉദ്ദേശ്യവും ഇതാണ്. മുസ്‌ലിം ഉമ്മത്തിന്റെ പ്രധാന ദൗത്യവും ഇത് തന്നെ. അല്ലാഹു അരുളുന്നു: "നിങ്ങൾ ജനങ്ങളുടെ നൻമയ്ക്ക് വേണ്ടി നിയോഗിക്കപ്പെട്ട ഉത്തമ സമുദായമാണ്. നിങ്ങൾ നന്മ ഉപദേശിക്കുന്നു. തിൻമയിൽ നിന്നും തടയുന്നു. അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു." മറ്റൊരിടത്ത് അറിയിക്കുന്നു: "ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും നൻമ ഉപദേശിക്കുകയും തിൻമ തടയുകയും ചെയ്യുന്ന ഒരു സംഘം നിങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്."

www.abulhasanalinadwi.org

എന്നാൽ, ഇസ്‌ലാഹ്-ദഅ്‌വത്ത്-തബ്‌ലീഗുകൾക്ക് എന്തെങ്കിലും പ്രത്യേക രൂപമോ നിർണിത മൈതാനമോ ഭേദഗതിയും മാറ്റവും പാടില്ലാത്ത കെട്ടിപ്പൂട്ടിയ പദ്ധതിയോ ഇല്ല. എങ്കിലും, നബവീ ശൈലിയോടു സാദൃശ്യമാകുന്നതിനനുസരിച്ച് പ്രവർത്തനം ഉന്നതമാകുന്നതാണ്.

നൂഹ് (അ) വിവരിക്കുന്നു: "ഞാൻ എന്റെ സമൂഹത്തെ രാവും പകലും സത്യത്തിലേക്ക് ക്ഷണിച്ചു. ശേഷം, ഞാൻ അവരോട് കാര്യങ്ങൾ രഹസ്യമായും പരസ്യമായും പറഞ്ഞു." റസൂലുല്ലാഹി (സ)യെ അല്ലാഹു ഉപദേശിക്കുന്നു: "യുക്തി ജ്ഞാനം, സദുപദേശം എന്നിവയിലൂടെ ജനങ്ങളെ രക്ഷിതാവിന്റെ പാതയിലേക്ക് ക്ഷണിക്കുക."

ഇപ്രകാരം, സാമൂഹ്യമായും രാഷ്ട്രീയമായും മുസ്‌ലിംകൾ നേരിടുന്ന അവസ്ഥകളെക്കുറിച്ച് ചിന്തിക്കലും നമ്മുടെ ഒരു ദീനീ ബാധ്യതയാണ്. അവരുടെ സന്തോഷ-ദുഃഖങ്ങളിലും, കയ്ക്കുന്നതും മധുരിക്കുന്നതുമായ സംഭവങ്ങളിലും നാമും പങ്കാളികളാകണം. നാം എവിടെയായിരുന്നാലും, മുഴുവൻ ഇസ്‌ലാമിക കുടുംബത്തോടൊപ്പം പ്രതീക്ഷകളിലും അഭിലാഷങ്ങളിലും ബോധങ്ങളിലും വികാരങ്ങളിലും സഹകരിക്കണം. റസൂലുല്ലാഹി (സ) അരുളി: "പരസ്പരമുള്ള കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും അനുകമ്പയുടെയും വിഷയത്തിൽ മുസ്‌ലിംകളുടെ ഉപമ ഒരു ശരീരം പോലെയാണ്. ഒരു അവയവത്തിന് വല്ല പ്രയാസവും നേരിട്ടാൽ, മുഴുവൻ അവയവങ്ങളും ഉറക്കമില്ലായ്മയിലും പനിയിലും അതിനോട് സഹകരിക്കുന്നു."

മുസ്‌ലിംകൾ അനുഭവിക്കുന്ന സങ്കീർണവും കൈപ്പേറിയതുമായ പ്രശ്നങ്ങൾ നമ്മെ അസ്വസ്ഥമാക്കണം. ദീനിന്റെ പേരിൽ അവർ സഹിച്ചപീഡനങ്ങളും നാശനഷ്ടങ്ങളും നമ്മുടെ ജീവിതത്തിലും പ്രതിഫലിക്കണം. നമ്മുടെ ദീനീരോഷവും ഇസ്‌ലാമിക അഭിമാനവും സദാ ഉണർന്നിരിക്കണം. ഇസ്‌ലാമിക സാഹോദര്യത്തിന്റെ കടമ കഴിയുന്നത്ര നാം നിർവഹിക്കണം.

ഇപ്രകാരം, അല്ലാഹുവിന്റെ വാക്യം ഉയർത്താനും ദീനീലക്ഷ്യങ്ങൾ നടപ്പിലാക്കാനും ശരീഅത്ത് പ്രയോഗവൽക്കരിക്കാനും ഇവയിലുള്ള തടസ്സങ്ങൾ ദൂരീകരിക്കാനും കഴിവിന്റെ പരമാവധി നാം പരിശ്രമിക്കണം. അങ്ങനെ, നമ്മുടെ ഗാംഭീര്യവും പ്രയോജനവും ഉപകാരവും ഉപദ്രവവും പ്രകടമായി തന്നെ ലോകം മനസ്സിലാക്കുന്ന നിലയിൽ നാം ഒരു ശക്തിയായി ഉരുത്തിരിയണം. അവസാനം, അല്ലാഹുവിന്റെ ഭൂമിയിൽ നമ്മുടെ പാദങ്ങൾ ഉറയ്ക്കണം. കുഴപ്പങ്ങളുടെയും നാശങ്ങളുടെയും അടിവേരുകൾ പിഴുതെറിയപ്പെടണം. ഏകനായ അല്ലാഹുവിനെ അനുസരിക്കുന്ന അവസ്ഥ സംജാതമാകണം. അതെ, "കുഫ്റിന്റെ നാശങ്ങൾ അവശേഷിക്കാതിരിക്കുകയും അല്ലാഹുവിന്റെ ദീൻ മാത്രം നിലനിൽക്കുകയും ചെയ്യുന്നത് വരെ."

www.abulhasanalinadwi.org

മനസ്സിൽ മയവും വേദനയും ഉണ്ടാക്കുകയും ഇസ്‌ലാം കൽപിക്കുന്ന ഭക്തിയുടെയും വിരക്തിയുടെയും ജീവിതം നടപ്പിലാക്കുകയും പരലോകത്ത് പ്രയോജനപ്പെടുന്ന കാര്യങ്ങളുമായി മാത്രം ബന്ധപ്പെടുകയും നീണ്ട നീണ്ട പ്രതീക്ഷാ-മോഹങ്ങൾ സൂക്ഷിക്കുകയും ചെയ്യാൻ അത്യധികം പ്രയോജനകരായ ഒരു കാര്യമാണ് അവസാനമായി കുറിക്കാനുള്ളത്. അഥവാ ജീവിതത്തിന്റെ ചുരുക്കത്തെയും ദുൻയാവിന്റെ നശ്വരതയെയും മരണത്തിന്റെ സംഭവ്യതയെയും കുറിച്ചുള്ള ചിന്ത സദാ നിലനിറുത്തുക. റസൂലുല്ലാഹി (സ) അരുളി: "എല്ലാ രസങ്ങളെയും മുറിച്ചു കളയുന്ന കാര്യത്തെ, അതായത് മരണത്തെക്കുറിച്ച് അധികമായി സ്മരിക്കുക."

മരണസ്മരണയ്ക്കായി ദിവസവും കുറച്ച് സമയം ചെലവഴിക്കേണ്ടതാണ്. കൂട്ടത്തിൽ, നല്ല അന്ത്യത്തെക്കുറിച്ചുള്ള കഠിനമായ ചിന്ത സദാ പുലർത്തുക. കാരണം, കാര്യങ്ങളുടെ പരിഗണന നല്ല അന്ത്യത്തിലാണ്. ദീനിലുള്ള ദൃഢചിത്തതയിലും അല്ലാഹുവിങ്കലുള്ള സമുന്നത സ്ഥാനത്തിലും ജനങ്ങൾക്കിടയിലുള്ള സ്വീകാര്യതയിലും അത്ഭുതകരമായ ജീവിതത്തിലും പ്രസിദ്ധരായ ഔലിയാ-ആരിഫുകളെല്ലാം നല്ല അന്ത്യത്തെയും ഈമാനിലുള്ള മരണത്തെയും കുറിച്ച് വളരെയധികം ചിന്തിച്ചിരുന്നു. അവരുടെ ചിന്തയുടെ കേന്ദ്രബിന്ദുവും കർമങ്ങളുടെ പ്രധാന പ്രേരകവും ഇതുതന്നെയായിരുന്നു. തങ്ങളുടെ സൽപ്രവർത്തനങ്ങളിലോ ജനങ്ങളുടെ സദ്ഭാവനകളിലോ അവർ ഒരിക്കലും അഹങ്കരിച്ചില്ല. സ്വന്തം ത്യാഗപരിശ്രമങ്ങളെ അവർ അവലംബിച്ചതുമില്ല. ഈ ഹദീസിനെ അവർ സദാ അനുസ്മരിച്ചിരുന്നു:

അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സല്ലല്ലാഹു അലൈഹിവസല്ലം) അരുളി: "നിങ്ങളിലാരെയും അവന്റെ പ്രവർത്തനം രക്ഷപ്പെടുത്തുന്നതല്ല." സഹാബത്ത് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, അങ്ങയെയും രക്ഷപ്പെടുത്തുകയില്ലയോ?" റസൂലുല്ലാഹി (സ) അരുളി: "അതെ, എന്നെയും എന്റെ കർമം രക്ഷപ്പെടുത്തുന്നതല്ല. അല്ലാഹു, അവന്റെ കരുണ കൊണ്ട് എന്നെ പൊതിഞ്ഞാലൊഴികെ. അതുകൊണ്ട്, ശരിയായ നിലയിൽ പ്രയാണം ചെയ്യുക. അടുത്തടുത്ത് നിൽക്കുക. പ്രഭാതത്തിലും പ്രദോഷത്തിലും അൽപം രാത്രിയിലും സഞ്ചരിക്കുക. മധ്യമ സഞ്ചാരം, മധ്യമസഞ്ചാരം മാത്രം തിരഞ്ഞെടുക്കുക. എന്നാൽ, നിങ്ങൾ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നതാണ്."

നല്ല പരിസമാപ്തിയെക്കുറിച്ചുള്ള ചിന്തയും ശ്രദ്ധയും ഉണർത്തുന്ന ഈ ഹദീസ്, ഈ രചനയുടെ സുന്ദരസമാപനത്തിന് തീർത്തും ഉപയുക്തമാണ്. അല്ലാഹുവാണ് ശരിയിലേക്കും നൻമയിലേക്കും നയിക്കുന്നവൻ. എല്ലാവരുടെയും എല്ലാറ്റിന്റെയും മടക്കവും അവനിലേക്ക് തന്നെ."

www.abulhasanalinadwi.org

# സൂചിക

അധ്യായം I

1. അൽ മാഇൗദ: 3
2. അന്നജ്മ്: 3-4
3. ഇന്നത്തെ നാശനഷ്ടങ്ങൾ നിറഞ്ഞ അവസ്ഥകൾ കണ്ട് മനം മടുത്ത പലരിലും ഒരു പുതിയ പ്രവണത കാണപ്പെട്ടു വരുന്നു. ആരെങ്കിലും മാറ്റത്തിന്റെ മുദ്രാവാക്യം മുഴക്കുകയോ ഏതെങ്കിലും വൻശക്തിയെ വെല്ലുവിളിക്കുകയോ ചെയ്താൽ അയാളുടെ വിശ്വാസ വീക്ഷണങ്ങളിലെ സകല വളവുകളെയും അവഗണിക്കും. മാത്രമല്ല അവരുടെ വിശ്വാസ വീക്ഷണത്തെക്കുറിച്ച് അന്വേഷിക്കുന്നവരെ ആക്ഷേപിക്കുകയും അക്രമിയുടെ സഹായിയായി ചിത്രീകരിക്കുകയും ചെയ്യുന്നതാണ്. ഈ ചിന്താഗതിക്ക് ഇസ്ലാമിക പ്രകൃതിയുമായി ഒരു ബന്ധവുമില്ല.
4. അൽ മുംതഹിന: 4
5. അൽ കാഫിറൂൻ
6. മുസ്ലിം
7. മുസ്ലിം
8. മുസ്ലിം
9. സാദുൽ മആദ് 1/302
   ഇബ്നുകസീർ 2/150
10. അൽ അൻകബൂത്ത്: 14
11. നൂഹ്: 5
12. നൂഹ്: 8,9
13. ഹൂദ്: 40
14. അസ്സ്വാഫ്ഫാത്ത്: 78,79,80,81
15. അൽ ഖസ്വസ്: 83
16. അന്നൂർ: 55
17. അൽ അൻഫാൽ: 39
18. അൽ ഹജ്ജ്: 41
19. ആലുഇംറാൻ: 139
20. അശ്ശുഅറാഅ്: 88,89
21. അസ്സ്വാഫ്ഫാത്ത്: 84
22. അൽഫുർഖാൻ: 43
23. ബുഖാരി, മുസ്ലിം
24. അൽ ഹിജ്ർ: 94

www.abulhasanalinadwi.org

25. അൽ മാഇദ: 67
26. അൽ ഖലം: 9
27. സാദുൽമആദ്: 1/458-459
28. ഇബ്നു ഹിശാം 1/446
29. മുസ്ലിം
30. ഫത്ഹുൽ ബുൽദാൻ -142
ഇബ്നുഖൽദൂൻ 2/281
31. ഇബ്റാഹീം: 4
32. അവയുടെ മനഃശാസ്ത്രപരവും സാഹിത്യപരവും ആശയപരവുമായ വിവരണത്തിന് ഗ്രന്ഥകാരന്റെ 'റവാഇഅ് മിൻഅദബിദ്ദഅ്വഃ' കാണുക.
33. അന്നഹ്ൽ: 125
34. ആലുഇംറാൻ: 159
35. ബുഖാരി
36. വിവരണത്തിന് ഇമാം ശാഹ് വലിയുല്ലാഹിദ്ദഹ്‌ലവിയുടെ 'ഹുജ്ജത്തുല്ലാഹിൽ ബാലിഗ'യിലെ ബാബുത്തയ്സീർ പഠിക്കുക.
37. അൽ അൻആം: 89
38. തിർമിദി
39. ബുഖാരി
40. വിവരണത്തിന് വിനീതന്റെ 'അസ്സിറാഅ് ബൈനൽ ഈമാൻ വൽ മാദ്ദിയ' നോക്കുക.
41. യൂസുഫ്: 40
42. അശ്ശൂറാ: 21
43. ഉദാഹരണത്തിന് സൂറഃ അൽഹശ്റിലെ അവസാന ആയത്തുകൾ പാരായണം ചെയ്യുക.
44. ആലു ഇംറാൻ: 31
45. ഹൂദ്: 113
46. അൽ ബഖറ 138
47. വിവരണത്തിന് 'അന്നുബുവ്വഃ വൽ അൻബിയാ ഫീ ദൗഇൽ ഖുർആൻ' നോക്കുക.
48. ബുഖാരി, മുസ്ലിം
49. അഹ്മദ്
50. അൽ ഫത്ഹ്: 9
51. ഇബ്നുഹിശാം: 2/172
52. ഇബ്നുഹിശാം
53. ബുഖാരി
54. അൽ ഇസാബഃ
55. അൽ അഹ്സാബ്: 40
56. അൽ മാഇദ: 3

www.abulhasanalinadwi.org

57. ബുഖാരി- ഉമറി(റ)ന്റെ മറുപടിയുടെ ആശയമിതാണ്: അതായത്, ഞങ്ങൾക്ക് പുതിയ ഒരു ആഘോഷത്തിലേക്ക് ആവശ്യമില്ല. കാരണം, അത് തന്നെ ഒരു പെരുന്നാൾ ദിവസമായിരുന്നു. ഇതര മതങ്ങളെപ്പോലെ വലിയ സംഭവങ്ങളുടെ ഓർമക്കായി പെരുന്നാൾ ആഘോഷിക്കുന്ന പ്രവണത ഇസ്ലാമിലില്ല.
58. വിശദവിവരണത്തിന് Encyclopedia of Religion and Ethics 8/ 588 നോക്കുക.
59. Islam or True Christianity P. 128
60. അൽ ഹിജ്ർ: 9
61. അൽ ഖിയാമ: 17-19
62. വിവരണത്തിന് ഗ്രന്ഥകാരന്റെ 'രിജാലുൽ ഫിക്രി വദ്ദഅ്വ' പാരായണം ചെയ്യുക.
63. വിവരണത്തിന് ലേഖകന്റെ 'ദൗറത്തുൽ ഹദീസ് ഫീ തക്മീനിൽ മുനാഖിൽ ഇസ്ലാമി സിയാനതിഹീ' എന്ന കൃതി കാണുക.

**അധ്യായം രണ്ട്**

1. അൽ അൻ ആം: 75
2. അൽ അൻ ആം: 80
3. അൽ അഹ്സാബ്: 22
4. അന്നൂർ: 40
5. ബൈഹഖി
6. എല്ലാ മതങ്ങളും ദൈവത്തിലേക്ക് എത്തിച്ചേരാനുള്ള വഴികളാണെന്ന 'സർവമത സത്യവാദത്തെ' ഈ വാചകം ഖണ്ഡിക്കുന്നു.
7. കിതാബ്, സുന്നത്ത്, ഇജ്മാഅ് എന്നിവയിലൂടെ സ്ഥിരപ്പെട്ട ഖണ്ഡിതമായ ഇസ്ലാമിക തത്വങ്ങളെ അംഗീകരിക്കുന്നവരാണ് അഹ്ലുൽ ഖിബ്ല കൊണ്ടുള്ള വിവക്ഷ. അതിലേതെങ്കിലുമൊന്ന് നിഷേധിക്കുന്നവർ എത്ര വലിയ സൽക്കർമിയായിരുന്നാലും ശരി, അഹ്ലുൽ ഖിബ്ലയിൽപ്പെടുന്നതല്ല. ഖണ്ഡിതമായ കാര്യങ്ങൾ വിശ്വാസപരമാണെങ്കിൽ അത് വിശ്വസിക്കലും, കർമപരമാണെങ്കിൽ അത് പ്രവർത്തിക്കലും നിർബന്ധമാണ്. പുനരുത്ഥാനം, അല്ലാഹുവിന്റെ വിശാലമായ അറിവ്, നമസ്കാരം, നോമ്പ് ഇവയെല്ലാം അതിൽപ്പെടും. ഇപ്രകാരം സത്യനിഷേധത്തിന്റെ അടയാളങ്ങൾ സ്വീകരിച്ചവനും അഹ്ലുൽ ഖിബ്ലയല്ല. വിഗ്രഹത്തെ പ്രണമിക്കലും ശറഈ വിധിവിലക്കുകളെ പരിഹസിക്കലും ഇതിന് ഉദാഹരണമാണ്.
8. രിസാലതുത്തൗഹീദ്-അല്ലാമാ മുഹമ്മദ് ഇസ്മാഈൽ ശഹീദ്, പുറം 20.
9. ഹുജ്ജത്തുല്ലാഹിൽ ബാലിഗ 1/59
10. അത്തൗബ: 31

www.abulhasanalinadwi.org

11. രിസാലതുത്തൗഹീദ്-അല്ലാമാ മുഹമ്മദ് ഇസ്മാഈൽ ശഹീദ്, അറബി വിവർത്തനം: ലേഖകൻ.
12. ഹുജ്ജത്തുല്ലാഹിൽ ബാലിഗ-ഇമാം ശാഹ് വലിയുല്ലാഹി ദ്ദഹ്ലവി.
13. അൽ അൻബിയാഅ്: 25
14. അൽ അഅ്റാഫ്, ഹൂദ് എന്നീ സൂറത്തുകൾ പാരായണം ചെയ്യുക.
15. സുഖ്റുഫ്: 28
16. ഇബ്നുൽ മാജിശൂൻ
17. അൽ മുൽക്: 14
18. അൽ ഹജ്ജ്: 8
19. ബുഖാരി-മുസ്ലിം
20. അബൂദാവൂദ്, അഹ്മദ്
21. അഹ്മദ്
22. അത്തൗബ: 34
23. അൽ അഹ്സാബ്: 23

## അധ്യായം മൂന്ന്

1. അദ്ദാരിയാത്ത്: 56
2. അസ്സജദ: 16, അൽ ഫുർഖാൻ: 64, ആലുഇംറാൻ:17, അഹ്സാബ്: 35 -42, അൽ കഹ്ഫ്: 28, അൽ അൻആം: 56 എന്നീ ആയത്തുകളും ഹദീസ് ഗ്രന്ഥങ്ങളിലെ ഇബാദത്തുകളുടെ അധ്യായങ്ങളും നോക്കുക.
3. അൽ ഹജ്ജ്: 41
4. അൽ മുദ്ദസിർ: 42-47
5. അൽ ഖിയാമ: 31-33
6. അർറൂം: 31
7. ബുഖാരി
8. അൽ ബഖറ: 1-3
9. അൽ ഹിജ്ർ: 99
10. വിവരണത്തിന് ഗ്രന്ഥ കർത്താവിന്റെ 'അർകാനെ അർബഅഃ' എന്ന ഗ്രന്ഥം നോക്കുക.
11. അൽ അൻകബൂ1. ത്ത്: 45
12. നസഈ
13. അബൂദാവൂദ്
14. അബൂദാവൂദ്
15. ബുഖാരി, മുസ്ലിം
16. ബുഖാരി
17. അല്ലാമാ ഇബ്നുൽ ഖയ്യിമിന്റെ 'സാദുൽ മആദാ'ണ് ഇതിന്റെ മുഖ്യ

www.abulhasanalinadwi.org

അവലംബം. വ്യത്യസ്ത ഹദീസുകളുടെ അടിസ്ഥാനത്തിൽ ഫുഖഹാ ഇന്നിടയിലുണ്ടായ ഭിന്നതകൾ ഇവിടെ ഉദ്ധരിക്കുന്നതല്ല.

18. ബുഖാരി
19. ജമാഅത്ത് നമസ്കാരത്തിലെ ഈ പ്രാധാന്യം പുരുഷന്മാർക്ക് മാത്രമാണ് എന്നുള്ള കാര്യം ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. മുസ്ലിം സ്ത്രീകളെ സംബന്ധിച്ചിടത്തോളം വീട്ടിലെ നമസ്കാരമാണ് അവർക്ക് ഉത്തമം. ഇബ്നുഉമർ (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ) അരുളി: "സ്ത്രീകൾ വീട്ടിൽ എവിടെയെങ്കിലും നമസ്കരിക്കുന്നതിനെക്കാൾ ഉത്തമം വീടിന്റെ മുറിയിൽ നമസ്കരിക്കലാണ്. മറ്റു മുറികളിൽ നമസ്കരിക്കുന്നതിനെക്കാൾ നല്ലത് സ്വകാര്യമുറിയിൽ നമസ്കരിക്കലാണ്." (അബൂദാവൂദ്)
20. വിവരണത്തിന് 'സാദുൽ മആദ്' ഒന്നാം ഭാഗം നോക്കുക.
21. ബുഖാരി
22. തിർമിദി
23. ബുഖാരി
24. ബുഖാരി
25. അബൂദാവൂദ്
26. ബറാഅത്ത്
27. ബുഖാരി, മുസ്ലിം
28. മുസ്ലിം
29. ബുഖാരി, മുസ്ലിം
30. അബൂദാവൂദ്
31. ബുഖാരി
32. വിവരണത്തിന് ഹദീസ് വ്യാഖ്യാനങ്ങളും ഫിഖ്ഹ് ഗ്രന്ഥങ്ങളും നോക്കുക.
33. നസാഈ
34. മുസ്ലിം
35. സാദുൽ മആദ് 1/158-176, സംഗ്രഹം ചില കൂട്ടിച്ചേർക്കലോടെ
36. അൽബഖറ: 125
37. അൽ മാഇദ
38. സാദുൽ മആദ്

**അധ്യായം നാല്**

1. മുസ്ലിം
2. 'തഹ്ദീബുൽ അഖ്ലാഖ്' എന്നതാണ് ഇതിന്റെ പുതിയനാമം. അറബ് രാഷ്ട്രങ്ങളിൽ പല പതിപ്പുകൾ ഇറങ്ങിക്കഴിഞ്ഞ ഈ ഗ്രന്ഥം നദ്വത്തുൽ ഉലമായിലെ സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

www.abulhasanalinadwi.org

3. സ്വലാത്തിനെക്കുറിച്ചുള്ള ഹദീസുകളും പ്രത്യേകതകളും അറിയുന്ന തിന് അല്ലാമാ ഇബ്നുൽഖയ്യിമിന്റെ 'ജിലാഉൽ അഫ്ഹാ ഫിസ്സലാത്തി വസ്സലാമി അലാ ഖൈരിൽ അനാം,' ശൈഖുൽ ഹദീസ് മൗലാനാ മുഹ മ്മദ് സകരിയ്യായുടെ 'സ്വലാത്തിന്റെ മഹത്വങ്ങൾ' എന്നീ രചനകൾ വായിക്കുക.
4. അഹ്മദ്, നസാഈ
5. ബുഖാരി, മുസ്ലിം
6. ബുഖാരി, മുസ്ലിം
7. മുസ്ലിം
8. തിർമിദി
9. ഹാകിം
10. മുസ്ലിം
11. അഹ്മദ്
12. ഹാകിം
13. തിർമിദി
14. ഹാകിം
15. ഹാകിം
16. ഹാകിം. നബവീ ദുആകളുടെ തത്വജ്ഞാനങ്ങൾ മനസ്സിലാക്കാൻ വിനീ തന്റെ 'സീറതെ മുഹമ്മദീ-ദുആഓൻ കെ അയിനേമേം' എന്ന കൃതി നോക്കുക.

**അധ്യായം അഞ്ച്**

1. അത്തൗബ: 33, അസ്സ്വഫ്ഫ്: 9
2. അൽ അൻഫാൽ: 39
3. അൽ ഹജ്ജ്: 39
4. അൽ ബഖറ: 190
5. അൽ അൻഫാൽ: 39
6. സാദുൽ മആദ് 292-326 സംഗ്രഹം ചില കൂട്ടിച്ചേർക്കലുകളോടെ.
7. അല്ലാമാ സുലൈമാൻ മൻസൂർപൂരി, ആഴവും പരപ്പുമുള്ള പഠനങ്ങ ൾക്ക് ശേഷം 'റഹ്മതുൻലിൽ ആലമീൻ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെ ടുത്തിയതാണിത്.
8. ജാമിഉൽ കബീർ
9. തിർമിദി
10. അബൂദാവൂദ്
11. വിവരണത്തിന് ഇമാം സയ്യിദ് അഹ്മദ് ശഹീദിന്റെ 'സിറാതുൽ മുസ്തഖീം' രണ്ടാം അധ്യായം, നാലാം പാഠം നോക്കുക.
12. അബൂദാവൂദ്

www.abulhasanalinadwi.org

ക്രി. 1982 ആഗസ്തിലും സെപ്റ്റംബറിലും ബൈറൂത്തിൽ നടന്ന ദുരന്തം ഇതിനൊരു മാതൃകയാണ്. യഹൂദ-ക്രൈസ്തവർ, ഫലസ്തീനികളെ കൂട്ടക്കൊല ചെയ്തു. വന്യമൃഗങ്ങൾ പോലും ലജ്ജിക്കുന്ന പൈശാചികതയാണ് അവർ കാട്ടിക്കൂട്ടിയത്. എന്നാൽ അതിന് മുന്നിൽ നിശ്ശബ്ദരായി നിൽക്കാൻ മാത്രമേ മുസ്ലിം ലോകത്തിനും അറബ് ഭരണകൂടങ്ങൾക്കും സാധിച്ചുള്ളൂ. ഉൾക്കാഴ്ചയുള്ളവർക്ക് ഇതിൽ വലിയ ഗുണപാഠമുണ്ട്.

13. അബൂദാവൂദ്
14. മുസ്ലിം
15. ബൈഹഖീ-ശുഅബുൽ ഈമാൻ

**അധ്യായം ആറ്**

1. അൽ ബഖറ: 151
2. ആലു ഇംറാൻ: 164
3. അൽ ഇസ്റാഅ്: 39
4. ലുഖ്മാൻ
5. അൽ ബഖറ: 269
6. മുവത്വ-മാലിക്
7. അൽ ഖലം: 9
8. മുസ്ലിം
9. അൽ ഹുജുറാത്ത്: 7-8
10. ബുഖാരി
11. ശമാഇലുത്തിർമിദി
12. അബൂനുഐം-ഹിൽയ
13. തിർമിദി
14. ബുഖാരി
15. ഇബ്നുമാജ
16. ഗ്രന്ഥകാരന്റെ 'അസ്സീറത്തുന്നബവിയ്യ'യിൽ നിന്നു സംഗ്രഹിച്ച നിവേദനങ്ങളാണിവ-പുറം 366-384. ഹദീസിന്റെ പ്രധാന ഗ്രന്ഥങ്ങളാണ് ഇവയുടെ അവലംബം. ഇവയുടെ ഉദ്ധരണികൾക്ക് 'അസ്സീറത്തുന്നബവിയ്യ' നോക്കുക.
17. റസൂലുല്ലാഹി (സ) കവിയല്ല എന്ന ഖുർആനിലുള്ളതിനെതിരല്ല ഈ കവിതാ ശകലങ്ങൾ. കാരണം, ഇവ ഒന്നുകിൽ മറ്റുള്ളവരുടെ കവിത ഉദ്ധരിക്കലാണ്. അല്ലെങ്കിൽ അവിചാരിതമായി കവിതാ രൂപത്തിലുള്ള വാചകങ്ങൾ ഉണ്ടായതാണ്.
18. ഇമാം തിർമിദിയുടെ 'അശ്ശമാഇൽ' ആണ് ഈ അധ്യായത്തിന്റെ പ്രധാന അവലംബം. വാചകങ്ങളുടെ അർത്ഥവും ആശയവും ഉദ്ധരിക്കാൻ ഒ

www.abulhasanalinadwi.org

ശെഖുൽ ഹദീസ് മൗലാനാ മുഹമ്മദ് സകരിയ്യാ കാന്ധലവി മുഹാജിർ മദനിയുടെ 'ഫലസാഇലുന്നബവിയ്യ' പ്രയോജനപ്പെടുത്തുകയുണ്ടായി. മഹാനവർകൾ ഹി. 1402-ൽ റജബ് മാസം മദീനാ മുനവ്വറയിൽ വഫാത്തായ ഉടനെയാണ് ഈ അധ്യായം തയ്യാറാക്കിയത്. മഹാന്റെ മേൽ വിശാലമായ അനുഗ്രഹം കനിഞ്ഞരുളട്ടെ. (ആമീൻ)

## അധ്യായം ഏഴ്

1. അൽ മുൽക്: 14
2. അൽ ബയ്യിന
3. അസ്സുമർ
4. അത്തഹ്രീം: 8
5. അശ്ശൂറാ: 43
6. അൽ ഹദീദ്: 4
7. ഗാഫിർ: 19
8. ആലുഇംറാൻ: 102
9. അൽ അഹ്സാബ്: 70
10. ഇബ്റാഹീം: 11
11. അൽ ഫുർഖാൻ: 58
12. ഹൂദ്: 112
13. അൽ അഹ്ഖാഫ്: 13-14
14. അന്നിസാഅ്: 59
15. അൽ ഹശ്ർ: 7
16. അൽ ബഖറ: 165
17. അത്തൗബ: 124
18. അൽ മാഇദ: 2
19. അൽ ഹുജുറാത്ത്: 10
20. അന്നിസാഅ്: 58
21. അന്നിസാഅ്: 114
22. അൽ അൻഫാൽ: 1
23. അൽ ഹിജ്ർ: 88
24. അദ്ദുഹാ: 9,10
25. ആലു ഇംറാൻ: 31
26. അൽ ബഖറ: 40
27. അസ്സുമർ: 53
28. അൽ അഅ്റാഫ്: 99
29. യൂസുഫ്: 87

www.abulhasanalinadwi.org

30. അൽ കഹ്ഫ്: 46
31. അൽ അൻകബൂത്ത്: 64
32. അൽ ഹശ്ർ: 9
33. അദ്ദഹ്ർ: 8
34. അൽ ഖസസ്: 83
35. ആലുഇംറാൻ: 134
36. അൽ അഅ്റാഫ്: 199
37. അൽ കഹ്ഫ്: 28
38. അത്തൗബ: 119
39. അൽ ഹുജുറാത്ത്: 11
40. അൽ ഹുജുറാത്ത്: 12
41. അൽ അഹ്സാബ്: 58
42. അന്നൂർ: 12
43. ബുഖാരി, മുസ്ലിം
44. ബുഖാരി
45. തിർമിദി
46. ബുഖാരി
47. അഹ്മദ്
48. ബുഖാരി, മുസ്ലിം
49. തിർമിദി
50. അഹ്മദ്
51. മാലിക്, അഹ്മദ്
52. ബസ്സാർ
53. ബുഖാരി, മുസ്ലിം
54. മുസ്ലിം
55. ബുഖാരി, മുസ്ലിം
56. ബുഖാരി, മുസ്ലിം
57. തിർമിദി
58. തിർമിദി
59. മുസ്ലിം
60. ബുഖാരി
61. അബൂദാവൂദ്
62. അബൂദാവൂദ്
63. മുസ്ലിം
64. ബുഖാരി, മുസ്ലിം
65. ബൈഹഖി

www.abulhasanalinadwi.org

66. ബുഖാരി, മുസ്ലിം
67. തിർമിദി
68. ബുഖാരി, മുസ്ലിം
69. ബുഖാരി, മുസ്ലിം
70. അബൂദാവൂദ്
71. തിർമിദി, അഹ്മദ്
72. തിർമിദി, അഹ്മദ്
73. റസീൻ
74. ബുഖാരി, അബൂദാവൂദ്
75. തിർമിദി
76. അബൂദാവൂദ്
77. അഹ്മദ്, ദാരിമി
78. അഹ്മദ്, ദാരിമി
79. അഹ്മദ്, തിർമിദി, ദാരിമി
80. ബുഖാരി, തിർമിദി
81. തിർമിദി
82. തിർമിദി
83. തിർമിദി

**അധ്യായം എട്ട്**

1. ബുഖാരി
2. ഇതിന്റെ അനുകരണമെന്നോണം അറബ് നാടുകളിലും ഫോട്ടോയുടെ ഫിത്ന കത്തിക്കയറുകയാണ്. അതിന്റെ നാശങ്ങൾ പ്രകടമാകുകയും ചെയ്തു കൊണ്ടിരിക്കുന്നു.

www.abulhasanalinadwi.org